ബദർ
വീക്കിലി ഖാദിയാൻ
The weekly
BADAR Qadian
Malayalam

# ജിഹാദിന്റെ യാഥാർഥ്യം

## ആഗോള സമാധാനത്തിന്റെ അംബാസഡർ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്- സിന്ദാബാദ്

ബദ്ർ വീക്കിലിയുടെ ഈ പ്രത്യേക പതിപ്പ് നമ്മുടെ പ്രിയപ്പെട്ട ഇമാം സയ്യിദുനാ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹ്, വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദിന്റെ "ഗവർന്മെന്റ് അഗ്രേസി ഔർ ജിഹാദ് "എന്ന ഗ്രന്ഥത്തിന്റെ വെളിച്ചത്തിൽ ജിഹാദിന്റെ യാഥാർഥ്യം" എന്ന ശീർഷകത്തിൽ പ്രസിദ്ധീകരിക്കാൻ സമ്മതം നല്കിയിരിക്കുകയാണ്. ഹുദൂറിന്റെ ഈ വാത്സല്യത്തിനും സ്നേഹത്തിനും ഞങ്ങൾ അതിരറ്റ നന്ദിയുള്ളവരാണ്. മനസ്സിന്റെ ആഴങ്ങളിൽനിന്നുകൊണ്ടു ഞങ്ങൾ പ്രാർഥിക്കുന്നു: *അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബിറൂഹിൽഖുദുസ് വ ബാരിക് ലനാ ഫീ ഉംരിഹീ വ അംരിഹീ.*

മൂന്നു തരത്തിലുള്ള ജിഹാദ് വിവരിക്കപ്പെടാറുണ്ട്. 1. ജിഹാദ് അസ്ഗർ(ഏറ്റവും ചെറിയ ജിഹാദ്). അതായത് വാളുകൊണ്ടുള്ള ജിഹാദ്. 2. ജിഹാദ് അക്ബർ(ഏറ്റവും വലിയ ജിഹാദ്) അതായത് ആത്മാവ് ശുദ്ധീകരിക്കുന്നതിനുള്ള ജിഹാദ്. 3. ജിഹാദ് കബീർ(വലിയ ജിഹാദ്) അതായത് ഇസ്ലാമിക പ്രബോധനത്തിന്റെ ജിഹാദ്. ജിഹാദെ അക്ബർ അഥവാ ഏറ്റവും വലിയ ജിഹാദ് ആത്മാവിനെ ശുദ്ധീകരിക്കുന്ന ജിഹാദാണ്. ആ ജിഹാദ് കൂടാതുള്ള മറ്റു രണ്ടു ജിഹാദിന്റേയും വഴി സന്തോഷകരമായ നിലയിൽ താണ്ടപ്പെടുകയില്ല. ഇക്കാലത്ത് ജിഹാദെ അസ്വ്ഗർ അതായത് ഏറ്റവും ചെറിയ ജിഹാദ്- വാളുകൊണ്ടും തോക്കുകൊണ്ടുമുള്ള ജിഹാദ് നിറുത്തലാക്കപ്പെട്ടിരിക്കുകയാണ്. എങ്കിലും ഈ ജിഹാദ് അനുവദനീയമായിരുന്നപ്പോൾ ജിഹാദെ അക്ബർ അതായത് ഇസ്ലാമിക പ്രബോധനത്തിന്റെ ജിഹാദ്, ഈ രണ്ടു ജിഹാദും ആദരണീയരായ സ്വഹാബാക്കൾ രിള്വാനുല്ലാഹി അലയ്ഹിം അജ്മയീൻ വളരെ നല്ല രീതിയിൽ ചെയ്തിരുന്നു. അതിന്റെ ഏറ്റവും വലിയ കാരണം ഇത് ജിഹാദെ അക്ബറിന്റെ അതുല്യമായ കുതിരപ്പടയാളിയായിരുന്നു എന്നതാണ്. അതിനാൽ ഏറ്റവും വലിയ ജിഹാദ് ആത്മാവിനെ ശുദ്ധീകരിക്കുന്ന ജിഹാദാണ്. അത് എല്ലാ സമയവും ഏത് അവസ്ഥകളിലും ചെയ്യാവുന്നതാണ്. എന്നാൽ, വാളെടുത്തുള്ള ജിഹാദ് ഇപ്പോൾ നിറുത്തൽ ചെയ്യപ്പെട്ടിരിക്കുകയാണ്. കേവലം പ്രത്യേകമായ അവസ്ഥകൾക്ക് വിധേയമായി അനുവദനീയമാകാവുന്നതാണ്.

അല്ലാഹു നമുക്ക് ഇക്കാലഘട്ടത്തിലെ മസീഹും മൗഊദും മഹ്ദിയെ മഅ്ഹൂദുമായ ഇമാം സയ്യിദുനാ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)യെ വിശ്വസിക്കാൻ തൗഫീഖ് പ്രദാനം ചെയ്തിരിക്കുന്നുവെന്നത് നമ്മുടെ ഏറ്റവും വലിയ ഭാഗ്യമാണ്. ഈ സമ്മാനത്തിന്നെതിരിൽ ലോകത്തുള്ള മറ്റെല്ലാ സമ്മാനങ്ങളും പാഴാണ്. ഇതിന്റെ ഫലമായി പിന്നീട് അല്ലാഹു ഖിലാഫത്ത് എന്ന നിഅ്മത്തുകൊണ്ടും നമ്മെ അനുഗ്രഹിച്ചു. ഇതുമുഖേന അല്ലാഹു ലോകത്തിന് ഐക്യത്തിന്റേയും യോജിപ്പിന്റേയും അങ്ങേയറ്റം മനോഹരമായ ദൃശ്യങ്ങളും കാണിച്ചുകൊണ്ടിരിക്കുന്നു. ഒരു കൈയുടെ സൂചനകൊണ്ട് എഴുന്നേല്ക്കുകയും അതേ കൈയുടെ സൂചനകൊണ്ട് ഇരിക്കുകയും ചെയ്യുന്ന ജമാഅത്താണെന്നതിൽ നമുക്ക് അഭിമാനമുണ്ട്.

അഹ്മദിയ്യാ ജമാഅത്ത് ഇപ്പോൾ ലോകം മുഴുവൻ ജിഹാദെ കബീർ അതായത് പ്രബോധനപരമായ ജിഹാദിൽ വ്യാപൃതരാണ്. അവർ ഇസ്ലാമിന്റെ മനോഹരവും ഹൃദയാവർജകവുമായ അധ്യാപനത്തെ ലോകത്തിന്റെ മുമ്പിൽ അവതരിപ്പിക്കുന്നതിനോടൊപ്പം ഇസ്ലാമിനെ കുറിമാനമാക്കിക്കൊണ്ട് ജിഹാദിന്റെ പേരിൽ ഉന്നയിക്കപ്പെടുന്ന ആക്ഷേപങ്ങളുടേയും തെറ്റു ധാരണകളുടേയും കറുത്തപാട് കഴുകിക്കളഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്നു. അതായത് ഇസ്ലാം ലോകത്തിന്റെ അറ്റങ്ങളോളം വ്യാപിച്ചത് അതിന്റെ സ്നേഹത്തിന്റേയും സമാധാനത്തിന്റേയും അധ്യാപനം കാരണത്താലാണെന്നും വാളിന്റെ ശക്തിയാൽ ബലാൽക്കാരമായിട്ടല്ലെന്നും പറഞ്ഞുകൊണ്ടിരിക്കുന്നു.

ഈ അവസരത്തിൽ ഇസ്ലാമിന്റെ ശരിയായ മുഖം ലോകത്തിന്റെ മുമ്പിൽ അവതരിപ്പിക്കുന്നതിലും ആഗോള സമാധാന സംസ്ഥാപനത്തെ സംബന്ധിച്ച് നിരന്തരം കഠിനമായി പരിശ്രമിക്കുന്നതിലും ഫലപ്രദമായ ഉദ്യമങ്ങളിലും സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസിന്(അയ്യദഹുല്ലാഹ്) മുഴുലോകത്തും വ്യക്തവും പ്രത്യേകവുമായ ഒരു സ്ഥാനമുണ്ടെന്നാണ് നാം പ്രത്യേകമായ നിലയിൽ പറയാനാഗ്രഹിക്കുന്നത്. അദ്ദേഹം ആഗോള സമാധാന സംസ്ഥാപനം എന്ന വിഷയത്തിൽ നൂറുക്കണക്കിന് ലക്ച്ചറുകൾ നല്കി. ആ പ്രസംഗങ്ങളിൽ അദ്ദേഹം ആഗോള സമാധാന സംസ്ഥാപനത്തിന് ശക്തി ചെലുത്തിയെന്നു മാത്രമല്ല വിശുദ്ധ ഖുർആനും തിരുഹദീഥും നബി(സ)തിരുമേനിയുടെ ജീവിതമാതൃകകൊണ്ടും ഇസ്ലാം ലോക സമാധാന സംസ്ഥാപനത്തിന്റെ ഏറ്റവും വലിയ ധ്വജവാഹകരാണെന്നും സ്ഥാപിക്കുകയുണ്ടായി. അതിന് ഭീകരവാദവുമായി വിദൂരബന്ധംപോലുമില്ല. ഇസ്ലാമിന്റെ യഥാർഥ ചിത്രം ലോകത്തിന്റെ മുമ്പിൽ അവതരിപ്പിക്കുന്നതിലും ഇസ്ലാമിന്റെ തിരുമുഖത്തുനിന്ന് ജിഹാദിന്റേയും ഭീകരവാദത്തിന്റേയും ആക്ഷേപത്തിന്റെ കല മായിക്കുന്നതിലും ഹുദൂർ തിരുമനസ്സിന് വേറിട്ടൊരു ഉദാത്തമായ

ശേഷം പേജ് 13ൽ

# ഉള്ളടക്കം

**"ജിഹാദിന്റെ യാഥാർഥ്യം;"**
(ഹദ്റത്ത് അഹ്മദി(അ)ന്റെ 'ഗവന്മെന്റ് അഗ്രേസി ഔർ ജിഹാദ്'
എന്ന ഗ്രന്ഥത്തിന്റെ വെളിച്ചത്തിൽ)

**ബദ്ർ സ്പെഷ്യൽ പതിപ്പിന്**
**അമീറുൽ മുഅ്മിനീന്റെ സന്ദേശം**

**ജിഹാദ്;**

**വിശുദ്ധ ഖുർആന്റെ**
**പരിശുദ്ധ അധ്യാപനങ്ങൾ**

**നബി(സ)തിരുമേനിയുടെ**
**വിശുദ്ധ പാഠങ്ങൾ**

**വാഗ്ദത്ത മസീഹ്(അ)ന്റെ**
**ഉപദേശങ്ങൾ**

**ഖലീഫത്തുൽ മസീഹ് അവ്വൽ(റ)ന്റെ**
**ഉപദേശങ്ങൾ**

**ഖലീഫത്തുൽ മസീഹ് ഥാനീ(റ)ന്റെ**
**ഉപദേശങ്ങൾ**

**ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്)ന്റെ**
**ഉപദേശങ്ങൾ**

**ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)ന്റെ**
**ഉപദേശങ്ങൾ**

**ഖലീഫത്തുൽ മസീഹ് ഖാമിസ്(അയ്യദഹു)ന്റെ**
**ഉപദേശങ്ങൾ**

**യഥാർഥവും അനശ്വരവുമായ**
**ആഗോള സമാധാന സംസ്ഥാപനം**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹ്

**ബ്രിട്ടീഷ് ഭരണകൂടത്തിനെതിരെ സായുധ ജിഹാദ്**
**ചെയ്യാത്തതിന്റെ കാരണങ്ങൾ**
ഹദ്റത്ത് മൗലാനാ ജലാലുദ്ദീൻ സാഹിബ് ശംസ്(റ)

**ജിഹാദിന്റെ യാഥാർഥ്യം ഖുർആന്റെ വെളിച്ചത്തിൽ**
നസ്വീർ അഹ്മദ് ആരിഫ് നള്വാറത്ത് ഇസ്ലാഹ് വ ഇർശാദ് മർക്കസിയ്യ

**ജിഹാദിന്റെ യഥാർഥ പൊരുൾ-**
**നബി(സ)യുടെ ജീവിതത്തിന്റെ വെളിച്ചത്തിൽ**
ഫലാഹുദ്ദീൻ ഖമർ, മുറബ്ബിയെ സിൽസില
നള്വാറത്ത് ഉൽയ ജനൂബി ഹിന്ദ്

**ജിഹാദിന്റെ വികല വീക്ഷണവും**
**അതിന്റെ ദുഷ്പരിണാമവും പ്രതിവിധിയും**
മുഹമ്മദ് ശരീഫ് കൗഥർ, ഉസ്താദ് ജാമിഅ അഹ്മദിയ്യ

# മതകാര്യത്തിൽ അല്ലാഹുവിന്റെ വഴിയിൽ നിങ്ങളുമായി യുദ്ധം ചെയ്യുന്നവരോട് നിങ്ങളും യുദ്ധം ചെയ്യുക. അതിക്രമം ചെയ്യരുത്. തീർച്ചയായും അല്ലാഹു അതിക്രമം ചെയ്യുന്നവരെ ഇഷ്ടപ്പെടുന്നില്ല.

**(അല്ലാഹുവിന്റെ കല്പന)**

## അല്ലാഹുവിന്റെ വഴിയിൽ ജിഹാദ് ചെയ്യുന്നതിനുള്ള കല്പന.

۞ وَجَاهِدُوْا فِي اللّٰهِ حَقَّ جِهَادِهٖ (الحج:79)

അല്ലാഹുവിന്റെ മാർഗത്തിൽ അധ്വാനിക്കേണ്ട മുറപ്രകാരം നിങ്ങൾ അത്യധ്വാനം ചെയ്യുവിൻ (22:74).

## ജിഹാദിന്റെ യാഥാർഥ്യം

۞ وَالَّذِيْنَ جَاهَدُوْا فِيْنَا لَنَهْدِيَنَّهُمْ سُبُلَنَا ۚ وَاِنَّ اللّٰهَ لَمَعَ الْمُحْسِنِيْنَ (العنكبوت:70)

നമ്മുടെ കാര്യത്തിൽ പരിശ്രമിക്കുന്നവരാരോ അവരെ തീർച്ചയായും നാം നമ്മുടെ മാർഗങ്ങളിൽ നയിക്കുന്നതാണ്. അല്ലാഹു നിശ്ചയമായും സദ്വൃത്തരുടെ കൂടെയാകുന്നു (29:70)

## ജിഹാദിന്റെ തരങ്ങൾ (ഖുർആൻകൊണ്ടുള്ള ജിഹാദ്)

۞ فَلَا تُطِعِ الْكٰفِرِيْنَ وَجَاهِدْهُمْ بِهٖ جِهَادًا كَبِيْرًا (الفرقان:53)

അതിനാൽ നീ അവിശ്വാസികളെ അനുസരിക്കരുത്. അതുകൊണ്ട് (വിശുദ്ധഖുർആൻകൊണ്ട്) അവരുമായി വലിയ സമരം നടത്തുക (25:53)

## ധനംകൊണ്ടുള്ള ജിഹാദ്

۞ اِنَّ الَّذِيْنَ اٰمَنُوْا وَهَاجَرُوْا وَجٰهَدُوْا بِاَمْوَالِهِمْ وَاَنْفُسِهِمْ فِيْ سَبِيْلِ اللّٰهِ وَالَّذِيْنَ اٰوَوْا وَّنَصَرُوْٓا اُولٰٓئِكَ بَعْضُهُمْ اَوْلِيَآءُ بَعْضٍ (الانفال:73)

തീർച്ചയായും വിശ്വസിക്കുകയും സ്വദേശം വെടിയുകയും തങ്ങളുടെ ധനവും ജീവനുംകൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ അത്യധ്വാനം ചെയ്യുകയും (ഹിജ്റത്ത് ചെയ്ത് വന്നവർക്ക്) അഭയം നല്കുകയും അവരെ സഹായിക്കുകയും ചെയ്തവരാരോ, അക്കൂട്ടർ പരസ്പരം മിത്രങ്ങളാകുന്നു. (8:73)

## വാളുകൊണ്ടുള്ള ജിഹാദ്: മതപരമായ സ്വാതന്ത്ര്യവും ആരാധനാലയങ്ങളുടെ സംരക്ഷണവും.

۞ اُذِنَ لِلَّذِيْنَ يُقٰتَلُوْنَ بِاَنَّهُمْ ظُلِمُوْا ۚ وَاِنَّ اللّٰهَ عَلٰى نَصْرِهِمْ لَقَدِيْرُ ۝ الَّذِيْنَ اُخْرِجُوْا مِنْ دِيَارِهِمْ بِغَيْرِ حَقٍّ اِلَّآ اَنْ يَّقُوْلُوْا رَبُّنَا اللّٰهُ ۚ وَلَوْلَا دَفْعُ اللّٰهِ النَّاسَ بَعْضَهُمْ بِبَعْضٍ لَّهُدِّمَتْ صَوَامِعُ وَبِيَعٌ وَّصَلَوٰتٌ وَّمَسٰجِدُ يُذْكَرُ فِيْهَا اسْمُ اللّٰهِ كَثِيْرًا ۚ وَلَيَنْصُرَنَّ اللّٰهُ مَنْ يَّنْصُرُهٗ ۚ اِنَّ اللّٰهَ لَقَوِيٌّ عَزِيْزٌ ۝ (الحج:40-41)

യുദ്ധം ചെയ്യപ്പെടുന്നവർക്ക് (തിരിച്ചും യുദ്ധം ചെയ്യാൻ) അനുമതി നല്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ, അവർ അക്രമിക്കപ്പെട്ടിരിക്കുകയാണ്. തീർച്ചയായും അല്ലാഹു അവരെ സഹായിക്കുവാൻ കഴിവുള്ളവനാകുന്നു. ഞങ്ങളുടെ നാഥൻ അല്ലാഹുവാണ് എന്നവർ പറയുന്നതൊഴിച്ച് (മറ്റൊരു കാരണവും കൂടാതെ) അന്യായമായി തങ്ങളുടെ ഭവനങ്ങളിൽനിന്ന് ബഹിഷ്കരിക്കപ്പെട്ടവരാണ് അവർ. മനുഷ്യരിൽ ചിലർക്ക് മറ്റു ചിലരിൽനിന്നുള്ള അക്രമത്തിൽനിന്ന് സ്വയം രക്ഷിക്കുന്നതിന് അല്ലാഹു അനുമതി നല്കിയില്ലായിരുന്നുവെങ്കിൽ സന്യാസിമഠങ്ങളും ക്രിസ്തീയ ദേവാലയങ്ങളും ജൂതപള്ളികളും അല്ലാഹുവിന്റെ നാമം ധാരാളമായി സ്മരിക്കപ്പെടുന്ന മുസ്‌ലിം മസ്ജിദുകളും എല്ലാം തകർക്കപ്പെടുമായിരുന്നു. തന്നെ സഹായിക്കുന്നവരെ അല്ലാഹു സഹായിക്കുകതന്നെ ചെയ്യും. തീർച്ചയായും അല്ലാഹു മഹാശക്തനും പ്രതാപവാനുമാകുന്നു. (22:40 - 41).

## മതകാര്യത്തിൽ ഒരു ബലപ്രയോഗവുമില്ല

۞ لَآ اِكْرَاهَ فِي الدِّيْنِ ۙ قَدْ تَّبَيَّنَ الرُّشْدُ مِنَ الْغَيِّ ۚ فَمَنْ يَّكْفُرْ بِالطَّاغُوْتِ وَيُؤْمِنْۢ بِاللّٰهِ فَقَدِ اسْتَمْسَكَ بِالْعُرْوَةِ الْوُثْقٰى ۗ لَا انْفِصَامَ لَهَا ۗ وَاللّٰهُ سَمِيْعٌ عَلِيْمٌ ۝ (البقرة:257)

മതത്തിൽ ഒരുവിധത്തിലുള്ള ബലപ്രയോഗവുമില്ല. തീർച്ചയായും സന്മാർഗം ദുർമാർഗത്തിൽനിന്ന് വ്യതിരിക്തമായിരിക്കുന്നു. അതിനാൽ ആര് ദുഷ്ശക്തികളെ നിരാകരിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ തീർച്ചയായും അവർ ഏറ്റവും ഉറപ്പുള്ള കൈപ്പിടിയിലാണ് പിടിച്ചിരിക്കുന്നത്. അതൊരിക്കലും മുറിഞ്ഞുപോകുകയില്ല. അല്ലാഹു എല്ലാം കേൾക്കുന്നവനും നല്ലവണ്ണം അറിയുന്നവനുമാകുന്നു (2:257)

## ഇഷ്ടമുള്ളവർ വിശ്വസിക്കട്ടെ. ഇഷ്ടമില്ലാത്തവർ അവിശ്വസിക്കട്ടെ.

۞ وَقُلِ الْحَقُّ مِنْ رَّبِّكُمْ ۖ فَمَنْ شَآءَ فَلْيُؤْمِنْ وَّمَنْ شَآءَ فَلْيَكْفُرْ (الكهف:30)

നീ പറയുക. ഇത് നിങ്ങളുടെ നാഥനിൽനിന്നുള്ള സത്യമാണ്. അതുകൊണ്ട് ഏതൊരാൾ ഉദ്ദേശിക്കുന്നുവോ അവൻ വിശ്വസിക്കട്ടെ. ഏതൊരാൾ ഉദ്ദേശിക്കുന്നുവോ അവൻ അവിശ്വസിക്കട്ടെ (18:30)

## അല്ലാഹുവിന്റെ വഴിയിൽ യുദ്ധം ചെയ്യുവിൻ; അതിർ ലംഘിക്കരുത്.

۞ وَقَاتِلُوْا فِيْ سَبِيْلِ اللّٰهِ الَّذِيْنَ يُقَاتِلُوْنَكُمْ وَلَا تَعْتَدُوْا ۚ اِنَّ اللّٰهَ لَا يُحِبُّ الْمُعْتَدِيْنَ (البقرة:191)

നിങ്ങളോട് യുദ്ധം ചെയ്യുന്നവരുമായി അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങളും യുദ്ധം ചെയ്യുക. എന്നാൽ, നിങ്ങൾ അതിക്രമം ചെയ്യരുത്. അല്ലാഹു അതിക്രമികളെ ഇഷ്ടപ്പെടുകയില്ലതന്നെ (2:191)

## യുദ്ധത്തിൽ ഒരുതരത്തിലുള്ള അതിക്രമവും അനുവദനീയമല്ല.

۞ وَاقْتُلُوْهُمْ حَيْثُ ثَقِفْتُمُوْهُمْ وَاَخْرِجُوْهُمْ مِّنْ حَيْثُ اَخْرَجُوْكُمْ وَالْفِتْنَةُ اَشَدُّ مِنَ الْقَتْلِ ۚ وَلَا تُقٰتِلُوْهُمْ عِنْدَ الْمَسْجِدِ الْحَرَامِ حَتّٰى يُقٰتِلُوْكُمْ فِيْهِ ۚ فَاِنْ قٰتَلُوْكُمْ فَاقْتُلُوْهُمْ ۗ كَذٰلِكَ جَزَآءُ الْكٰفِرِيْنَ ۝ فَاِنِ انْتَهَوْا فَاِنَّ اللّٰهَ غَفُوْرٌ رَّحِيْمٌ ۝ (البقرة:191-192)

അവരെ (നിങ്ങളോട് യുദ്ധം ചെയ്യുന്നവരെ) നിങ്ങൾ കണ്ടുമുട്ടുന്നിടത്തുവെച്ച് വധിക്കുക. അവർ നിങ്ങളെ ബഹിഷ്കരിച്ചിടത്തുനിന്ന് അവരെ നിങ്ങളും ബഹിഷ്കരിക്കുക. 'ഫിത്ന കൊലയെക്കാൾ കഠിനമത്രെ.' മസ്ജിദുൽ ഹറാമിന്റെ സമീപത്തുവെച്ച് അവർ നിങ്ങളോടു യുദ്ധം ചെയ്യുന്നത് (ആരംഭിക്കുന്നതു)വരെ നിങ്ങൾ അവരോടു യുദ്ധം ചെയ്യരുത്. (അവിടെവച്ച്) അവർ നിങ്ങളോടു യുദ്ധം ചെയ്യുന്നുവെങ്കിൽ നിങ്ങൾ അവരെ വധിക്കുക. ഇങ്ങനെതന്നെയാണ് (അക്രമികളായ) ഈ അവിശ്വാസികൾക്കുള്ള ശിക്ഷ. ഇനി അവർ വിരമിക്കുന്നുവെങ്കിൽ അല്ലാഹു സർവ്വഥാ പൊറുത്തുകൊടുക്കുന്നവനും കരുണാമയനുമാകുന്നു (2:192 - 193)

## യുദ്ധത്തിന്റെ ഉദ്ദേശ്യം മതസ്വാതന്ത്ര്യത്തിന്റെ സംസ്ഥാപനം

۞ وَقٰتِلُوْهُمْ حَتّٰى لَا تَكُوْنَ فِتْنَةٌ وَّيَكُوْنَ الدِّيْنُ لِلّٰهِ ۚ فَاِنِ انْتَهَوْا فَلَا عُدْوَانَ اِلَّا عَلَى الظّٰلِمِيْنَ (البقرة:194)

ഫിത്ന ഇല്ലാതാകുകയും മതം (സ്വീകരിക്കുന്നത്) അല്ലാഹുവിനുവേണ്ടിയുള്ളതാവുകയും ചെയ്യുന്നതുവരെ നിങ്ങൾ അവരോടു യുദ്ധം ചെയ്യുക. എന്നാൽ, അവർ വിരമിക്കുകയാണെങ്കിൽ, അക്രമികൾ അല്ലാത്തവരുടെ മേൽ ഒരു കൈയേറ്റവും വിഹിതമല്ല (2:194)


ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) പറയുന്നു: *വ ഖാത്തിലൂഹും* എന്നതിൽ ജനങ്ങളെ മതപരിത്യാഗിയാക്കാൻ നിർബന്ധിക്കുന്നവരോട് യുദ്ധം ചെയ്യുക എന്ന കല്പനയാണ്. ആരാണോ വാളിന്റെ ശക്തികൊണ്ട് മതപരിത്യാഗിയാക്കാൻ നിർബന്ധിക്കുന്നത് അവരോട് പ്രതിരോധയുദ്ധം ചെയ്യുന്നത് അനുവദനീയമാണ്; അവർ പിൻവാങ്ങുന്നതുവരെ!

### യുദ്ധത്തിൽ ശത്രുവിനോടു നീതി പുലർത്തണം

۞ يٰۤاَيُّهَا الَّذِيۡنَ اٰمَنُوۡا كُوۡنُوۡا قَوّٰمِيۡنَ لِلّٰهِ شُهَدَآءَ بِالۡقِسۡطِ ۡ وَلَا يَجۡرِمَنَّكُمۡ شَنَاٰنُ قَوۡمٍ عَلٰٓى اَلَّا تَعۡدِلُوۡا ؕ اِعۡدِلُوۡا ۚ هُوَ اَقۡرَبُ لِلتَّقۡوٰى ۡ وَاتَّقُوا اللّٰهَ ؕ اِنَّ اللّٰهَ خَبِيۡرٌۢ بِمَا تَعۡمَلُوۡنَ (المائدہ:9)

വിശ്വസിച്ചവരേ! നിങ്ങൾ നീതിക്കു സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിനുവേണ്ടി നിലകൊള്ളുക. ഒരു സമുദായത്തിന്റെ വിരോധം അവരോടു നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ (എപ്പോഴും) നീതിപാലിക്കുക. അത് ദൈവഭക്തിയുമായി ഏറ്റവും അടുത്തതാണ്. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ കുറിച്ച് സൂക്ഷ്മമായി അറിവുള്ളവനാണ് (5:9).

## ബയ്ത്തുൽ ഫിക്ർ



മസ്ജിദ് മുബാറക്കിന്റെ വടക്കുവശത്ത് മസ്ജിദിനോടു ചേർന്നിട്ടുള്ള മുറിക്കാണ് ബയ്ത്തുൽ ഫിക്ർ എന്നു പറയുന്നത്. ഈ മുറിയുടെ ജനൽ മസ്ജിദ് മുബാറക്കിന്റെ പഴയഭാഗത്തേക്കാണ് തുറക്കപ്പെടുന്നത്. ഈ മുറിയുടെ വീതി പത്തടിയും നീളം പതിമൂന്ന് മീറ്ററുമാണ്. ഇവിടെവെച്ചാണ് വാഗ്ദത്ത മഹ്ദി മസീഹ്(അ) തുടക്കത്തിൽ ഗ്രന്ഥരചന നടത്തിയിരുന്നത്. ബറാഹീനെ അഹ്മദിയ്യ എന്ന വിശ്വപ്രസിദ്ധകൃതി ഇവിടെവെച്ചാണ് രചിച്ചത്. ഈ മുറി നമസ്കാരത്തിനും ദുആയ്ക്കും വേണ്ടി എപ്പോഴും തുറന്നിട്ടിരിക്കുന്നു.

## നമ്മുടെ ജൽസാ സാലാന

### ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഖലീഫത്തുൽ മസീഹ് ഥാനി(റ)

'എല്ലാ വർഷവും നടത്തിവരുന്ന ഒന്നാണ് ജൽസ. കമ്മിറ്റികൾ മറ്റു കമ്മിറ്റികളുടെ ചട്ടങ്ങളിൽനിന്നും നിയമങ്ങളിൽനിന്നും ഫലമെടുക്കുന്നതുപോലെ, സമ്മേളനംപോലുള്ള മറ്റേതെങ്കിലും കാര്യങ്ങളിൽനിന്ന് ഫലമെടുത്ത് നമ്മളും അതിനെ പ്രയോജനപ്പെടുത്തേണ്ടതാണ്. മറ്റൊരു കമ്മിറ്റിയോടോ സമ്മേളനത്തോടോ ഒരുതരത്തിലും നമ്മുടെ ഈ സമ്മേളനത്തെ സാദൃശ്യപ്പെടുത്താൻ ഒക്കുകയില്ല. സംഘടനകളും സമാജങ്ങളും ലോകത്ത് ഒരുപാടുണ്ട്. പക്ഷേ, അവ മനുഷ്യനിർമിതമായതുകൊണ്ട് അവയോട് നമ്മുടെ സമ്മേളനത്തെ ഉപമിക്കാൻ പറ്റുകയില്ല. അല്ലാഹുവിന്റെ പ്രവൃത്തിയും അവൻ സ്ഥാപിച്ചതുമായ ഒരു കാര്യത്തിനുവേണ്ടിയാണ് നാം ഉദാഹരണം തേടുന്നത്. ജനങ്ങൾ പല സ്ഥലത്തും ഒത്തുചേരുന്നു. ഉത്സവം കൊണ്ടാടുന്നു. സമ്മേളനങ്ങൾ നടത്തുന്നു. എന്നാൽ, നാം ഉത്സവങ്ങളിൽ പങ്കെടുക്കാനല്ല ഒന്നിച്ചുചേരുന്നത്. തമാശകൾ കാണുക എന്നതല്ല നമ്മുടെ ലക്ഷ്യം. ജനങ്ങൾ തമാശകൾ കാണുന്നതിനുവേണ്ടിയാണ് ഒത്തുചേരുന്നത്. വലിയ വലിയ സാധനസാമഗ്രികൾ കൊണ്ടുവരുന്നു. വാണിജ്യം സജീവമാകുന്നു. അതിനുവേണ്ടിയുമല്ല നാം ഒന്നിച്ചുചേരുന്നത്. ഈ പരിതഃസ്ഥിതിയിൽ നാമെങ്ങനെയാണ് നിയമങ്ങളും ചട്ടങ്ങളും ഉണ്ടാക്കേണ്ടത്. ഏതൊരു കാര്യത്തിനോടാണ് നാം സമ്മേളനത്തെ ഉദാഹരിക്കേണ്ടത്. നമ്മുടെ സമ്മേളനത്തെ സാദൃശ്യപ്പെടുത്താൻ പറ്റിയ ഒരേയൊരു കാര്യമേ ലോകത്തുള്ളൂ. അത് ഹജ്ജാണ്. ഹജ്ജ് ഏതെങ്കിലും ഉത്സവമല്ല. പ്രദർശനവുമല്ല. ഏതെങ്കിലും സംഘടനയുടെ സമ്മേളനവുമല്ല. അത് അല്ലാഹു നിശ്ചയിച്ചിട്ടുള്ള കാര്യമാണ്. അത് ദീനിനുവേണ്ടി സ്ഥാപിക്കപ്പെട്ടതാണ്. അല്ലാഹുവിന്റെ നബിമാർ മുഖേനയാണ് അത് സ്ഥാപിതമായത്. അതുകൊണ്ട് ഹജ്ജിന് എന്തെന്തെല്ലാം നിയമങ്ങളും ചട്ടങ്ങളുമുണ്ടോ അതിൽനിന്ന് നാം ഫലമെടുക്കേണ്ടതാണ്. ഞാനോതിയ വചനത്തിൽ ഹജ്ജിന് പാലിക്കേണ്ട കല്പനകളാണുള്ളത്. (2:198)

അല്ലാഹു പറയുന്നു: ഹജ്ജ് സുപരിചിതങ്ങളായ മാസങ്ങളാകുന്നു. (ശവ്വാൽ, ദുൽഖഅ്ദ്, ദുൽഹജ്ജ്, മുഴുവൻ മാസമോ അല്ലെങ്കിൽ പത്ത് ദിവസമോ) അതിനാൽ ആ മാസങ്ങളിൽ ആരെങ്കിലും ഹജ്ജ് ചെയ്യുമെന്ന് ഉറച്ചുകഴിഞ്ഞാൽ അയാൾ ഹജ്ജിൽ ---ഫുസൂഖോ ജിദാലോ ചെയ്യരുത്. ഇതയാൾക്ക് അനുവദനീയമല്ല. ഹജ്ജിൽ 'റഫസോ ഫുസൂഖോ ജിദാലോ' ചെയ്യരുതെന്ന് ഹജ്ജിനുപോകുന്ന ഓരോരുത്തരോടും അല്ലാഹു പറയുന്നു.

എന്താണ് റഫസ്? സംയോഗത്തിനാണ് 'റഫസ്' എന്നു പറയുന്നത്. ഹജ്ജിൽ ഇത് വിരോധമാണ്. പക്ഷേ, ഇതിന് മറ്റു അർഥങ്ങളുണ്ട്. ആ അർഥങ്ങൾ ഇവിടെ നല്ലവണ്ണം യോജിക്കുന്നുമുണ്ട്. ചീത്ത സംസാരം, തെറി വിളിക്കുക, അസഭ്യകാര്യങ്ങൾ വിവരിക്കുക, അശ്ലീലകഥകൾ കേൾപ്പിക്കുക, നിരർഥവും അനാവശ്യവുമായ വർത്തമാനം, ഇതിന് പഞ്ചാബിയിൽ പറയുന്നത് 'ഗപ്പേ മാർനാ' എന്നാണ്. അതായത് വിടുവായത്തം പറയുക. ആരെങ്കിലും ഹജ്ജിനു പോകുകയാണെങ്കിൽ അയാൾ ഒരുതരത്തിലുള്ള ചീത്ത

ശേഷം പേജ് 33ൽ


## മഹ്ദി ഇമാമിന്റെ പ്രസ്താവം

'ഇസ്ലാം യഥാർഥമായ ഈശ്വരീയജ്ഞാനം പ്രദാനം ചെയ്യുന്നു. ഇതുമുഖേന മനുഷ്യന്റെ പാപപങ്കിലമായ ജീവിതത്തിനുമേൽ മരണം വന്നെത്തുന്നു.'

(മൽഫൂദാത്ത് വാള്യം 4 പേജ് 344)

**ജൽസസാലാന ഖാദിയാൻ 2019**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

*ത്വാലിബെ ദുആ:*
**C.N.Shajhan Ahmadiyya Jama'ath**
**Kavaratti(Lakshadweep)**

## മഹ്ദി ഇമാമിന്റെ പ്രസ്താവം

'ഇസ്ലാമിന്റെ സംരക്ഷണത്തിനും സത്യസന്ധത പ്രകടിപ്പിക്കുന്നതിനും വേണ്ടിയുള്ള ഒന്നാമത്തെ വശം നിങ്ങൾ സത്യവാന്മാരായ മുസ്‌ലിമീങ്ങളുടെ മാതൃകയായി കാണിക്കുക എന്നതാണ്.'

(മൽഫൂദാത്ത് വാള്യം 4 പേജ് 615)

**ജൽസസാലാന ഖാദിയാൻ 2019**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

*ത്വാലിബെ ദുആ:*
**Members of Ahmadiyya Jama'ath**
**Kochi(Kerala State)**

## അല്ലയോ ജനങ്ങളേ! ശത്രുക്കളോട് യുദ്ധം ചെയ്യാനാഗ്രഹിക്കരുത്. അല്ലാഹുവിനോട് നന്മയ്ക്കും സൗഖ്യത്തിനും ദുആ ഇരക്കുക. പക്ഷേ, നിങ്ങൾക്ക് ശത്രുക്കളുമായി യുദ്ധം ചെയ്യേണ്ടിവന്നാൽ സഹനം പ്രകടിപ്പിക്കുക.

**(നബി(സ) തിരുമേനിയുടെ കല്പന)**

### നബി(സ) തിരുമേനി ഒരിക്കലും ആരേയും വധിച്ചിട്ടില്ല.

۞ عَنْ عَائِشَةَ رَضِيَ اللّٰهُ عَنْهَا قَالَتْ مَا ضَرَبَ رَسُولُ اللّٰهِ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ شَيْئًا قَطُّ بِيَدِهِ وَلَا امْرَأَةً وَلَا خَادِمًا إِلَّا أَنْ يُجَاهِدَ فِي سَبِيلِ اللّٰهِ وَمَا نِيلَ مِنْهُ شَيْءٌ قَطُّ فَيَنْتَقِمَ مِنْ صَاحِبِهِ إِلَّا أَنْ يُنْتَهَكَ شَيْءٌ مِنْ مَحَارِمِ اللّٰهِ فَيَنْتَقِمَ لِلّٰهِ عَزَّ وَجَلَّ۔

ഹദ്റത്ത് ആഇശ(റ) വിവരിക്കുന്നു. നബി(സ)തിരുമേനി ഒരിക്കലും ആരേയും വധിച്ചിട്ടില്ല; ഒരു സ്ത്രീയേയും ഒരു സേവകനേയും. എന്നാൽ, അല്ലാഹുവിന്റെ വഴിയിൽ അവിടന്ന് നല്ലവണ്ണം യുദ്ധം ചെയ്തു. നബി(സ) തിരുമേനിയെ ആരെങ്കിലും ദ്രോഹിച്ചിട്ടുണ്ടെങ്കിലും അവിടന്ന് ഒരിക്കലും അയാളോട് പകരം വീട്ടിയിട്ടില്ല. എന്നാൽ, അല്ലാഹുവിന്റെ ആദരണീയമായ സ്ഥലത്തെ ആരെങ്കിലും നിന്ദിക്കുകയോ അശുദ്ധമാക്കുകയോ ചെയ്താൽ അവിടന്ന് അല്ലാഹുവിനുവേണ്ടി പകരംവീട്ടുമായിരുന്നു.

### ഏതു കർമമാണ് അല്ലാഹുവിന് കൂടുതൽ ഇഷ്ടം

۞ عَنْ عَبْدِ اللّٰهِ بْنِ مَسْعُودٍ رَضِيَ اللّٰهُ عَنْهُ قَالَ سَأَلْتُ النَّبِيَّ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ : أَيُّ الْعَمَلِ أَحَبُّ إِلَى اللّٰهِ تَعَالَى؟ قَالَ: اَلصَّلٰوةُ عَلَى وَقْتِهَا : قُلْتُ ثُمَّ أَيٌّ؟ قَالَ: بِرُّ الْوَالِدَيْنِ، قُلْتُ : ثُمَّ أَيٌّ؟ قَالَ: اَلْجِهَادُ فِي سَبِيلِ اللّٰهِ۔

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ) വിവരിക്കുന്നു. ഞാൻ നബി(സ) തിരുമേനിയോടു ചോദിച്ചു. ഏത് കർമമാണ് അല്ലാഹുവിന് കൂടുതൽ ഇഷ്ടപ്പെട്ടത്. അവിടന്ന് പറഞ്ഞു: സയമത്ത് നമസ്കരിക്കുക. ഞാൻ ചോദിച്ചു: അതിനുശേഷം? അവിടന്ന് പറഞ്ഞു. മാതാപിതാക്കളോടു നല്ലരീതിയിൽ പെരുമാറുക. പിന്നീട് ഞാൻ ചോദിച്ചു. അതിനുശേഷം? അവിടന്ന് പറഞ്ഞു: അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് ചെയ്യുക. അതായത് അല്ലാഹുവിന്റെ മതം പ്രചരിപ്പിക്കുന്നതിനുവേണ്ടി പൂർണമായും ശ്രമിക്കുക.

### സ്വന്തം ധനംകൊണ്ടും ജീവൻകൊണ്ടും നാവുകൊണ്ടും ജിഹാദ് ചെയ്യുക.

۞ عَنْ أَنَسٍ رَضِيَ اللّٰهُ عَنْهُ أَنَّ النَّبِيَّ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ قَالَ : جَاهِدُوا الْمُشْرِكِينَ بِأَمْوَالِكُمْ وَأَنْفُسِكُمْ وَأَلْسِنَتِكُمْ۔

ഹദ്റത്ത് അനസ്(റ) വിവരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു: 'അന്യാരാധകരോടു നിങ്ങളുടെ ധനംകൊണ്ടും ജീവൻകൊണ്ടും നാവുകൊണ്ടും ജിഹാദ് ചെയ്യുക.

۞ عَنْ مُعَاذٍ رَضِيَ اللّٰهُ عَنْهُ قَالَ: قَالَ رَسُولُ اللّٰهِ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ : اَلْغَزْوُ غَزْوَانِ فَأَمَّا مَنِ ابْتَغَى وَجْهَ اللّٰهِ وَأَطَاعَ الْإِمَامَ وَأَنْفَقَ الْكَرِيمَةَ وَيَاسَرَ الشَّرِيكَ وَاجْتَنَبَ الْفَسَادَ فَإِنَّ نَوْمَهُ وَنَبْهَهُ أَجْرٌ كُلُّهُ وَأَمَّا مَنْ غَزَا فَخْرًا وَرِيَاءً وَسُمْعَةً وَعَصَى الْإِمَامَ وَأَفْسَدَ فِي الْأَرْضِ فَإِنَّهُ لَمْ يَرْجِعْ بِالْكَفَافِ۔

ഹദ്റത്ത് മുആദ്(റ) വിവരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു: ഗസ്വയിലും ജിഹാദിലും രണ്ടുതരത്തിലുള്ള ആളുകൾ പങ്കെടുക്കുന്നു. ഒന്ന് അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി ജിഹാദ് ചെയ്യുന്നവൻ. അവൻ ഇമാമിനെ അനുസരിക്കുന്നു. തന്റെ നല്ല ധനം അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കുന്നു. തന്റെ കൂട്ടുകാരനോടു മയമായി പെരുമാറുന്നു. ഫിത്നയിൽനിന്നും ഫസാദിൽനിന്നും രക്ഷപ്പെട്ടിരിക്കുന്നു. അത്തരം വ്യക്തിക്ക് ഉറങ്ങുമ്പോഴും ഉണർന്നിരിക്കുമ്പോഴും പുണ്യം ലഭിക്കുന്നു. രണ്ടാമത്തെയാൾ അഭിമാനത്തിനും പേരുകാണിക്കുന്നതിനുംവേണ്ടി ജിഹാദിൽ പങ്കെടുക്കുന്നവനാണ്. ഇമാമിനെ ധിക്കരിക്കുന്നു. ഭൂമിയിൽ ഫിത്നയും ഫസാദും പരത്തുന്നു. അത്തരം വ്യക്തി നിർഭാഗ്യനും പരാജിതനുമാണ്. ഒന്നും കരസ്ഥമാക്കുകയില്ല.

### ജനങ്ങളേ! ശത്രുവിനോട് ഏറ്റുമുട്ടാൻ ആഗ്രഹിക്കരുത്

۞ عَنْ عَبْدِ اللّٰهِ بْنِ أَوْفَى رَضِيَ اللّٰهُ عَنْهُمَا أَنَّ رَسُولَ اللّٰهِ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ فِي بَعْضِ أَيَّامِهِ الَّتِي لَقِيَ فِيهَا الْعَدُوَّ يَنْتَظِرُ حَتَّى إِذَا مَالَتِ الشَّمْسُ قَامَ فِيهِمْ فَقَالَ : يَا أَيُّهَا النَّاسُ لَا تَتَمَنَّوْا لِقَاءَ الْعَدُوِّ ، وَاسْأَلُوا اللّٰهَ الْعَافِيَةَ ، فَإِذَا لَقِيتُمُوهُمْ فَاصْبِرُوا ، وَاعْلَمُوا أَنَّ الْجَنَّةَ تَحْتَ ظِلَالِ السُّيُوفِ. ثُمَّ قَالَ النَّبِيُّ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ : اَللّٰهُمَّ مُنْزِلَ الْكِتَابِ وَمُجْرِيَ السَّحَابِ ، وَهَازِمَ الْأَحْزَابِ اهْزِمْهُمْ وَانْصُرْنَا عَلَيْهِمْ ۔

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഔഫാ(റ) വിവരിക്കുന്നു. നബി(സ)തിരുമേനിയ്ക്ക് ഒരു ശത്രുവിനോടു യുദ്ധം ചെയ്യേണ്ടിവന്ന ദിനങ്ങളിൽ സൂര്യൻ അസ്തമിക്കാൻ കാത്തുനിന്നു. പിന്നീട് അവിടന്ന് എഴുന്നേറ്റുനിന്നു. ഉപദേശമെന്ന നിലയിൽ പറഞ്ഞു. ജനങ്ങളേ! ശത്രുവിനോടു ഏറ്റുമുട്ടാൻ ആഗ്രഹിക്കരുത്. അല്ലാഹുവിനോടു നന്മയ്ക്കും സൗഖ്യത്തിനും ദുആ ചെയ്യുക. പക്ഷേ, നിങ്ങൾക്ക് ശത്രുക്കളുമായി പോരാടേണ്ടിവരികതന്നെ ചെയ്താൽ സഹനം പ്രകടിപ്പിക്കുക. സ്വർഗം വാളുകളുടെ തണലിലാണെന്ന് മനസ്സിലാക്കുകയും ചെയ്യുക. പിന്നീട് നബി(സ)തിരുമേനി ദുആ ചെയ്തു. അല്ലാഹുവേ നീ ഗ്രന്ഥം ഇറക്കുന്നവനാണ്. കാർമേഘങ്ങളെ ചലിപ്പിക്കുന്നവനാണ്. ശത്രുക്കളുടെ കൂട്ടായ്മകളെ തകർക്കുന്നവനാണ്. അതുകൊണ്ട് ഈ ശത്രുവിനെ പരാജയപ്പെടുത്തിയാലും. അവർക്കെതിരിൽ ഞങ്ങളെ സഹായിച്ചാലും.

### ഏറ്റവും വലിയ ജിഹാദ് അക്രമിയായ രാജാവിന്റെ മുമ്പിൽ നീതിയുടെ കാര്യം സംസാരിക്കുക എന്നതാണ്.

۞ عَنْ أَبِي سَعِيدِ نِالْخُدْرِيِّ رَضِيَ اللّٰهُ عَنْهُ عَنِ النَّبِيِّ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ قَالَ: أَفْضَلُ الْجِهَادِ كَلِمَةُ عَدْلٍ عِنْدَ سُلْطَانٍ جَائِرٍ۔

ഹദ്റത്ത് അബൂ സഈദ് ഖുദ്രി(റ) വിവരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു: ഏറ്റവും ഉത്തമമായ ജിഹാദ് അക്രമിയായ രാജാവിന്റെ മുമ്പിൽ സത്യത്തിന്റേയും നീതിയുടേയും കാര്യം പറയലാണ്.'

۞ عَنِ ابْنِ مَسْعُودٍ رَضِيَ اللّٰهُ عَنْهُ أَنَّ رَسُولَ اللّٰهِ صَلَّى اللّٰهُ عَلَيْهِ قَالَ: مَا مِنْ نَبِيٍّ بَعَثَهُ اللّٰهُ فِي أُمَّةٍ قَبْلِي إِلَّا كَانَ لَهُ مِنْ أُمَّتِهِ حَوَارِيُّونَ وَأَصْحَابٌ يَأْخُذُونَ بِسُنَّتِهِ وَيَقْتَدُونَ بِأَمْرِهِ ثُمَّ إِنَّهَا تَخْلُفُ مِنْ بَعْدِهِمْ خُلُوفٌ يَقُولُونَ مَا لَا يَفْعَلُونَ وَيَفْعَلُونَ مَا لَا يُؤْمَرُونَ فَمَنْ جَاهَدَهُمْ بِيَدِهِ فَهُوَ مُؤْمِنٌ وَمَنْ جَاهَدَهُمْ بِلِسَانِهِ فَهُوَ مُؤْمِنٌ وَمَنْ جَاهَدَهُمْ بِقَلْبِهِ فَهُوَ مُؤْمِنٌ وَلَيْسَ وَرَاءَ ذٰلِكَ مِنَ الْإِيمَانِ حَبَّةُ خَرْدَلٍ۔

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ) പറയുന്നു. നബി(സ) തിരുമേനി പറഞ്ഞു: എനിക്ക് മുമ്പേ അല്ലാഹു എത്രത്തോളം നബിമാരെ അയച്ചുവോ അവർക്ക് അവരുടെ മാർഗമനുസരിച്ച് പ്രവർത്തിക്കുന്ന കുറച്ച് ആത്മാർഥരായ കൂട്ടുകാരെ കിട്ടി; അവരെ പരിപൂർണമായും പിൻപറ്റിയിരുന്നു. പിന്നീട് അവരുടെ വഫാത്തിനുശേഷം കുറേ ധിക്കാരികൾ ജനിച്ചു. അവർ സ്വയം ചെയ്യാത്ത കാര്യങ്ങൾ പറയുമായിരുന്നു. അവരോട് കല്പിക്കപ്പെടാത്തത് ചെയ്യുമായിരുന്നു. അവരുമായി ആരാണോ കൈകൊണ്ട് ജിഹാദ് ചെയ്യുന്നത് അവർ ശരിയായ മുഅ്മിനാണ്. ആരാണോ അവരോട് തങ്ങളുടെ നാവുകൊണ്ട് ജിഹാദ് ചെയ്യുന്നത് അവരും മുഅ്മിനാണ്. ആരാണോ അവരോട് സ്വന്തം മനസ്സുകൊണ്ട് ജിഹാദ് ചെയ്യുന്നത് അതായത് മനസ്സുകൊണ്ട് വെറുത്താൽ അവരും മുഅ്മിനാണ്. അതിനുശേഷം ഈമാനിൽനിന്ന് അണുവിനു സമാനംപോലും ബാക്കിയാകുകയില്ല.

### സത്യവിശ്വാസി ചിലപ്പോൾ വാളുകൊണ്ട് ജിഹാദ് ചെയ്യുന്നു ; ചിലപ്പോൾ നാവുകൊണ്ടും.

۞ عَنْ كَعْبِ بْنِ مَالِكٍ رَضِيَ اللّٰهُ عَنْهُ أَنَّهُ قَالَ لِلنَّبِيِّ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ إِنَّ اللّٰهَ تَعَالَى قَدْ أَنْزَلَ فِي الشِّعْرِ مَا أَنْزَلَ ، فَقَالَ النَّبِيُّ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ : إِنَّ الْمُؤْمِنَ يُجَاهِدُ بِسَيْفِهِ وَلِسَانِهِ وَالَّذِي نَفْسِي بِيَدِهِ لَكَأَنَّمَا تَرْمُونَهُمْ بِهِ نَضْحَ النَّبْلِ۔ (مشكوٰة، باب البيان والشعر)

ഹദ്റത്ത് കഅ്ബ് ബിൻ മാലിക്(റ) വിവരിക്കുന്നു. ഞാൻ നബി(സ) തിരുമേനിയോടു ചോദിച്ചു: ഹുദൂർ! കവിതയേയും കവിമാരേയും കുറിച്ച് എന്തൊന്നാണോ അല്ലാഹു ഇറക്കിയത് അതിന്റെ അറിവ് ഹുദൂറിന് ഉണ്ടല്ലോ. (പിന്നീട് ഞാനെങ്ങനെ കവിതയിലൂടെ സത്യനിഷേധികളെ പരിഹസിച്ചെഴു

**ബലപ്രയോഗത്താൽ ദീൻ പ്രചരിപ്പിക്കുന്നതിന് ഇസ്‌ലാം വാളെടുത്തു എന്നുള്ള ആക്ഷേപം അടിസ്ഥാനരഹിതവും ലജ്ജാവഹവുമാണ്.**

**ഖുർആനും ഹദീഥുകളും വിശ്വാസ്യങ്ങളായ ഇസ്‌ലാമികചരിത്രരേഖകളും നിഷ്പക്ഷമായി പഠിച്ചിട്ടില്ലാത്തവരാണ് ഇത്തരം ആരോപണങ്ങൾ ഉന്നയിച്ചിട്ടുള്ളത്. അവർ പച്ചക്കള്ളങ്ങൾ തോന്നിയപോലെ കൂട്ടിക്കലർത്തിക്കൊണ്ട് തെറ്റായ ആരോപണങ്ങൾ തൊടുത്തുവിട്ടു.**

**(സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ)**

“മതകാര്യത്തിൽ ബലപ്രയോഗത്തെ ഇസ്‌ലാം ഒരിക്കലും അനുകൂലിച്ചിട്ടില്ല. വിശുദ്ധഖുർആനും ഹദീഥുകളും ചരിത്രരേഖകളും സൂക്ഷ്മമായി പരിശോധിക്കുകയും കഴിയുന്നിടത്തോളം ശ്രദ്ധാപൂർവ്വം പഠിക്കുകയും ചെയ്യുകയാണെങ്കിൽ, മതധർമം പരത്താനായി ഇസ്‌ലാം വാൾ ചുഴറ്റിയെന്ന ആരോപണം തികച്ചും അടിസ്ഥാനരഹിതമാണെന്നു മനസ്സിലാക്കാൻ പ്രയാസമുണ്ടാകുകയില്ല. ഖുർആനും ഹദീഥുകളും വിശ്വാസ്യങ്ങളായ ഇസ്‌ലാമിക ചരിത്രരേഖകളും നിഷ്പക്ഷമായി പഠിച്ചിട്ടില്ലാത്തവരാണ് ഇത്തരം ആരോപണങ്ങൾ ഉന്നയിച്ചിട്ടുള്ളത്. അവർ പച്ചക്കള്ളങ്ങൾ തോന്നിയപോലെ കൂട്ടിക്കലർത്തിക്കൊണ്ട് തെറ്റായ ആരോപണങ്ങൾ തൊടുത്തുവിട്ടു. എന്നാൽ, ഈ ആരോപണങ്ങളിൽ സത്യമുണ്ടോ എന്നറിയാൻ ആത്മാർഥമായി ആഗ്രഹിക്കുന്നവരുടെ ദാഹവും വിശപ്പും അകറ്റാനുള്ള സമയമടുത്തിരിക്കുന്നു എന്ന് എനിക്കറിയാം. ഖുർആൻ എന്ന വിശുദ്ധഗ്രന്ഥം ലാഇക്റാഹ ഫിദ്ദീൻ മതത്തിൽ ബലാൽക്കാരമില്ല അതായത് മതത്തിൽ പ്രവേശിക്കുന്ന കാര്യത്തിൽ ഒരു ബലപ്രയോഗവും പാടില്ല– എന്ന് വ്യക്തമായ മാർഗനിർദ്ദേശം നൽകിയിരിക്കെ, ആ ഇസ്‌ലാം മതധർമത്തെപ്പറ്റി ബലപ്രയോഗത്തിന്റെ മതമെന്ന് പറയാമോ? പരിശുദ്ധ മക്കയിൽ പതിമൂന്നുകൊല്ലക്കാലം തിന്മയെ തിന്മ കൊണ്ട് നേരിടരുതെന്നും ക്ഷമയും സഹനവും കൈക്കൊള്ളണമെന്നും തന്റെ സഖാക്കളോടും സ്നേഹിതരോടും രാവും പകലുമായി ഉപദേശിച്ചു കൊണ്ടിരുന്നിട്ടുള്ള ഒരു വന്ദ്യാത്മാവിന്റെ പേരിൽ ബലപ്രയോഗം നടത്തിയതായുള്ള ആരോപണം ഉന്നയിക്കാവുന്നതെങ്ങനെ? എന്നാൽ, ശത്രുക്കളുടെ അത്യാചാരങ്ങൾ അതിരുകടന്നപ്പോൾ ഇസ്‌ലാം ധർമത്തെ വേരോടെ നശിപ്പിക്കാനായി സകലശക്തികളും ഒന്നിച്ചു ചേർന്നു ശ്രമിച്ചപ്പോൾ, വാളുയർത്തിയവൻ വാളാൽ നശിക്കണം എന്ന നിർബന്ധത്തിൽ ദൈവത്തിന്റെ അഭിമാനബോധം തിളച്ചുമറിയുകയാണുണ്ടായത്. ഖുർആൻ ഒരിക്കലും ബലപ്രയോഗത്തിന്റെ പാഠം നൽകിയിട്ടില്ല. ബലപ്രയോഗത്തിന്റെ പാഠം നൽകിയിരുന്നെങ്കിൽ നമ്മുടെ നബിനായകർ(സ)തിരുമേനിയുടെ തിരുസഖാക്കൾ പരീക്ഷാഘട്ടങ്ങളിൽ ആത്മാർഥതയുള്ള സത്യവിശ്വാസികളെപ്പോലെ ആർജവം കാണിക്കാൻ പ്രാപ്തരായിത്തീരുമായിരുന്നില്ല. നമ്മുടെ നബിനായകർ(സ)തിരുമേനിയുടെയും സ്വഹാബാക്കളുടെയും ആത്മാർഥത ഇവിടെ എടുത്തു പറയേണ്ടതായുണ്ടോ? അവരുടെ സത്യസന്ധതയുടെയും ആത്മാർഥതയുടെയും മാതൃകകൾ മറ്റൊരു സമുദായത്തിലും തുല്യത കാണാൻ കഴിയാത്ത തരത്തിലുള്ളതത്രെ. ഖഡ്ഗങ്ങൾക്ക് കീഴിലും അവർ തങ്ങളുടെ ആത്മാർഥതയും സത്യസന്ധതയും കൈയൊഴിച്ചില്ല. സുദീപ്തമായ ഹൃദയത്തിൽ നിന്നും മനസ്സിൽനിന്നും മാത്രമല്ലാതെ പ്രത്യക്ഷപ്പെടുമാറില്ലാത്ത സത്യസന്ധതയും ആത്മാർഥതയും അവർ പരിശുദ്ധനബിയുടെ സാന്നിധ്യത്തിൽ പ്രദർശിപ്പിച്ചു. ചുരുക്കത്തിൽ, ഇസ്‌ലാമിൽ ബലപ്രയോഗത്തിനു ഒരു സ്ഥാനവുമില്ല.

**“മൂന്നു തരത്തിലുള്ള യുദ്ധത്തിന് മാത്രമെ ഇസ്‌ലാം അനുവാദം നൽകുന്നുള്ളൂ.**

1. **പ്രതിരോധകം**–എന്നുവെച്ചാൽ, ആത്മരക്ഷയ്ക്കുവേണ്ടിയുള്ള യുദ്ധം.
2. **പ്രതിക്രിയാപരം**–എന്നുവെച്ചാൽ, ചോരക്ക് ചോര എന്ന നിലയിൽ ശിക്ഷാരൂപത്തിലുള്ള യുദ്ധം.
3. **പ്രമോചനപരം**–എന്നുവെച്ചാൽ, ഇസ്‌ലാമിനെ ആശ്ലേഷിക്കുന്നവരെ നിഗ്രഹിക്കുന്ന ഭീകരമർദക ഭരണാധികാരികളിൽനിന്നു മോചനം പ്രാപിക്കാനുള്ള സ്വാതന്ത്ര്യസമരം.

“ആരെയെങ്കിലും ബലംപ്രയോഗിച്ചും കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയും മാർഗം കൂട്ടാനുള്ള നിർദേശംതന്നെ ഇസ്‌ലാമിൽ ഇല്ലാത്ത നിലയ്ക്ക് രക്തദാഹി മഹ്ദിയുടെയും രക്തദാഹി മസീഹിന്റെയും ആവിർഭാവത്തെ കുറിച്ചുള്ള പ്രതീക്ഷ നിരർഥകമാണെന്ന് വ്യക്തമാണല്ലോ. ഖുർആന്റെ അധ്യാപനങ്ങൾക്ക് വിപരീതമായി ജനങ്ങളെ മുസ്‌ലിംകളാക്കാൻ വാളുപയോഗിക്കുന്ന ഒരാൾ പ്രത്യക്ഷപ്പെടുകയെന്നത് ഒരിക്കലും സംഭവ്യമല്ല. ഇത് മനസ്സിലാക്കാൻ പ്രയാസമുള്ള കാര്യമോ മനുഷ്യന്റെ ധാരണാശക്തിക്കതീതമായിട്ടുള്ള പ്രശ്നമോ അല്ല. സ്വാർഥതാല്പര്യങ്ങൾ കാരണം, വിഡ്ഢികൾ ഒരുപക്ഷേ അങ്ങനെയെല്ലാം വിശ്വസിച്ചെന്നുവരാം, മഹ്ദി ഇമാം യുദ്ധം ചെയ്ത് തങ്ങൾക്ക് വഹിക്കാൻ കഴിയാത്തത്ര മുതലുകൾ നേടിക്കൊടുക്കുമെന്നാവും ഈ മൗലവിമാർ പുലർത്തിപ്പോരുന്ന ധാരണ! ഇക്കാലത്തെ മൗലവിമാരെല്ലാം ദരിദ്രരാണല്ലോ! അവരെല്ലാം മഹ്ദി ഇമാമിന്റെ വരവും കാത്തിരിപ്പാണ്. തങ്ങളുടെ സ്വാർഥപരമായ ആഗ്രഹങ്ങളെല്ലാം മഹ്ദി വെളിപ്പെടുന്നതോടെ നിറവേറ്റപ്പെടുമെന്ന വിചാരത്തിൽ പാവങ്ങൾ രാവും പകലും തള്ളിനീക്കുന്നു. ആകയാൽ, ഇത്തരമൊരു മഹ്ദിയിൽ വിശ്വാസം കൊള്ളാത്ത ആൾക്കെതിരെ അവർ അണിനിരക്കുന്നതിൽ അത്ഭുതമില്ല. അത്തരമൊരാളെ അവർ കാഫിറെന്നു മുദ്രകുത്തി ഇസ്‌ലാമിക വൃത്തത്തിൽ നിന്ന് പുറന്തള്ളാനൊരുങ്ങുന്നു. ഈ കൂട്ടരുടെ കണ്ണിൽ ഞാനും ഒരു കാഫിറായിത്തീർന്നിരിക്കുന്നു. അതെ, ഇക്കാരണത്താൽ തന്നെ. എന്തെന്നാൽ, ഞാൻ രക്തദാഹി മഹ്ദിയിലും ചോരക്കൊതിയൻ മസീഹിലും വിശ്വസിക്കുന്നില്ല. അല്ലാ ഞാൻ അത്തരം നിരർഥ ആശയങ്ങളെ വെറുക്കുകയും അവജ്ഞയോടെ തള്ളിക്കളയുകയും ചെയ്യുന്നു. അവരുടെ ഭാവനയിലുള്ള ഇത്തരം മഹ്ദിയിലും ഇത്തരം മസീഹിലും വിശ്വസിക്കാത്തതിനാണ് അവരെന്നെ കാഫിറാക്കിയിരിക്കുന്നത്. എന്നു മാത്രമല്ല, ദൈവത്തിൽനിന്നുള്ള വ്യക്തമായ വെളിപാടനുസരിച്ച് ബൈബിളിലും ഖുർആനിലും ഹദീഥുകളിലും സുവിശേഷം അറിയിക്കപ്പെട്ട സത്യമഹ്ദിയും വാഗ്ദത്തം ചെയ്യപ്പെട്ട സത്യമസീഹും ഞാൻ തന്നെയാണെന്ന് ഞാൻ പരസ്യമായി പ്രഖ്യാപിച്ചിട്ടുള്ളതും എന്നെ കാഫിറാക്കിയതിനുള്ള കാരണംതന്നെ. എന്നാൽ, മഹ്ദീ മസീഹാണെന്ന് വാദിക്കുന്ന എനിക്ക് വാളോ തോക്കോ നൽകപ്പെട്ടിട്ടില്ല. വിനയത്തോടും സൗമ്യതയിലും ജനങ്ങളെ ദൈവത്തിങ്കലേക്ക് വിളിക്കാനാണ് ഞാൻ ആജ്ഞാപിക്കപ്പെട്ടിട്ടുള്ളത്. ആ ദൈവമാകട്ടെ, നിത്യനും മാറ്റമില്ലാത്തവനും പരമപരിശുദ്ധനും പരമ

തും) ഇതുകേട്ട് നബി(സ) തിരുമേനി പറഞ്ഞു. മുഅ്മിൻ ചിലപ്പോൾ വാളുകൊണ്ട് ജിഹാദ് ചെയ്യുന്നു; ചിലപ്പോൾ നാവുകൊണ്ടും. ഏതൊരുവന്റെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവനാണ! ഇപ്പോൾ (പരിഹാസ മാർഗത്തിലൂടെ ഈ കവിതകൾ) ഒരുവിധത്തിൽ പറഞ്ഞാൽ അവരെ അമ്പുകൾകൊണ്ട് അരിച്ചെടുത്തുകൊണ്ടിരിക്കുകയാണ്.

## കലാമുൽ ഇമാം:–

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:**
**“ഏഷ്യയിലേയും യൂറോപ്പിലേയും അമേരിക്കയിലേയും മനസ്സുകളിൽ മലക്കുകളുടെ സൈന്യം ആകാശത്തു നിന്നിറങ്ങുന്നത് നിങ്ങൾ കാണുന്ന കാലം വിദൂരമല്ല, പ്രത്യുത വളരെ അടുത്താണ്.”**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama’ath Calicut (Kerala)**

**ഉപദേശനം ഹദ്റത്ത് അമീറുൽ മുഅ്മിനീൻ**

‘നമ്മളിൽ ഓരോരുത്തരും സ്വന്തം ആത്മാവിന്റെ ദൗർബല്യങ്ങൾ നോക്കേണ്ടത് നിർബന്ധമാണെന്ന പോലെ സമൂഹം എന്ന നിലയിലും സ്വന്തം ദൗർബല്യങ്ങൾ നോക്കേണ്ടതും അത് അടയാളപ്പെടുത്തേണ്ടതും പിന്നെ അവയ്ക്ക് ചികിത്സ നടത്തുകയും ഉപേക്ഷിക്കുകയും ചെയ്യേണ്ടതും നിർബന്ധമാണ്.’ (ജുമുഅ ഖുത്ബ 13-2-2015)

**ജൽസസാലാന ഖാദിയാൻ 2019**
**എല്ലാ ജമാഅത്തംഗങ്ങൾക്കും ആശംസകളോടെ......**

*ത്വാലിബെ ദുആ:*
**Members of Majlis Khudhamul Ahmadiyya kakanad(Kerala State)**

ജ്ഞാനിയും പരമകാരുണികനും പരമനീതിമാനുമായ സത്യദൈവമാകുന്നു." (മസീഹ് ഹിന്ദുസ്ഥാൻ മെ, റൂഹാനീ ഖസാഇൻ വാല്യം 15 പേജ് 11)

"ക്രിസ്ത്യാനികൾ ചെയ്യുന്നതുപോലെ ഒരു എളിയ മനുഷ്യനെ ദൈവം എന്നു വിളിക്കുന്നത് ഒരു വലിയ തെറ്റാണെങ്കിലും വഹ്ഹാബികൾ എന്നുകൂടി വിളിക്കപ്പെടുന്ന അഹ്‌ലെ ഹദീഥ് കക്ഷിക്കാർ ഉൾപ്പെടെ ഇസ്‌ലാമിന്റെ അനുയായികളിൽ ചിലർ രക്തക്കൊതിയനായ മഹ്ദിയേയും മസീഹിനേയും പറ്റി പുലർത്തി വന്നിരുന്ന വിശ്വാസങ്ങൾ അവരുടെ ധാർമികതയെ വളരെയേറെ ദോഷകരമായി ബാധിച്ചിരിക്കുകയാണ്. അവയുടെ ദുസ്സാധ്യനങ്ങൾ കാരണം മറ്റുള്ളവരുമായുള്ള അവരുടെ ഇടപാടുകൾതന്നെ, വിശ്വസ്തതയിലും സദ്ഭാവനയിലും ഊന്നിക്കൊണ്ടുള്ളതല്ലാതായിരിക്കുന്നു. അവർക്ക് ഒരു അമുസ്‌ലിം ഗവർമ്മെന്റിനോട് ആത്മാർഥമായും പൂർണമായും കൂറുപുലർത്താൻ സാധിക്കുന്നതുമല്ല. അമുസ്‌ലിമീങ്ങളെല്ലാം ഉടൻ മുസ്‌ലിമായിത്തീരണമെന്നും അല്ലാത്തപക്ഷം അവരെയെല്ലാം വധിച്ചുകളയുമെന്നുമുള്ള ഭീഷണിയും നിർബന്ധവും നിലനിൽക്കുന്നിടത്തോളം അതുതന്നെ അങ്ങേയറ്റത്തെ വിമർശനത്തിനു വിധേയമായിരിക്കുന്നതാണെന്നു ബുദ്ധിയുള്ള ഏതൊരാളും സമ്മതിക്കും. ഒരു മതധർമത്തിന്റെ സത്യവും സൗന്ദര്യവും ഗ്രഹിച്ചറിയുന്നതിന് മുമ്പേ, ഒരാൾ ആ മതം സ്വീകരിക്കാൻ നിർബന്ധിക്കപ്പെടുന്നതും വധഭീഷണിക്കിരയാക്കപ്പെടുന്നതും അങ്ങേയറ്റം പ്രതിഷേധാർഹമാണെന്നു മനസ്സാക്ഷിയുള്ള ആരും സമ്മതിക്കുന്നതാണ്. ആ മതധർമത്തിന്റെ വളർച്ചയ്ക്കു പകരം അതിന്റെ ശത്രുക്കൾക്ക് അതിൽ തെറ്റുകാണാൻ അവസരം സൃഷ്ടിക്കുകയാണ് ചെയ്യുക എന്ന് പറയേണ്ടതില്ലല്ലോ. ഇത്തരം സിദ്ധാന്തങ്ങളുടെ ഒടുപുലർച്ച മനുഷ്യഹൃദയങ്ങളിൽനിന്ന് ആർദ്രതയും ദയ, നീതിനിഷ്ഠ തുടങ്ങിയ അത്യുന്നതങ്ങളായ മാനുഷിക സദ്ഗുണങ്ങളും അപ്രത്യക്ഷമാവുകയും പകരം പകയും ശത്രുതയും വളരുകയും ചെയ്യുമെന്നുള്ളതാണ്. പിന്നെ അവശേഷിക്കുന്നതു മൃഗീയവിചാരങ്ങൾ മാത്രം. അതോടെ എല്ലാ ഗുണങ്ങളും തുടച്ചുനീക്കപ്പെടും. ഇത്തരം ഉപദേശങ്ങൾ ഒരിക്കലും ദൈവത്തിൽനിന്നുള്ളതായിരിക്കാൻ സാധ്യമല്ലെന്നു മനസ്സിലാക്കേണ്ടതാണ്. ദൈവം എല്ലാ ന്യായവിധികളും പൂർത്തിയാക്കിയ ശേഷമല്ലാതെ ശിക്ഷയിറക്കുന്നവനല്ല." (മസീഹ് ഹിന്ദുസ്ഥാൻ മെ, റൂഹാനീ ഖസാഇൻ വാല്യം 15 പേജ് 07)

**ഇക്കാലത്ത് ആഭ്യന്തരമായ യുദ്ധത്തിന്റെ മാതൃകകൾ കാണിക്കുക എന്നതാണുദ്ദേശ്യം**

"നമ്മൾ ജീവിച്ചിരിക്കുന്ന ഇക്കാലഘട്ടത്തിൽ ബാഹ്യമായ യുദ്ധത്തിന്റെ ആവശ്യമോ അനിവാര്യതയോ ഇല്ല. പ്രത്യുത ഈ അവസാന നാളുകളിൽ ആഭ്യന്തരമായ യുദ്ധത്തിന്റെ മാതൃകകൾ കാണിക്കുക എന്നതാണ് ഉദ്ദേശ്യം. ആത്മീയമായ പോരാട്ടാണ് മുന്നിലുളളത്. കാരണം ഈ നേരത്ത് ആഭ്യന്തരമായ മതപരിത്യാഗത്തിനും മതനിരാസത്തിനുമുള്ള പ്രചാരണത്തിനുവേണ്ടി വലിയ വലിയ വസ്തുക്കളും ആയുധങ്ങളുമാണ് ഉണ്ടാക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് അതിനെ നേരിടേണ്ടതിന് അതേ തരത്തിലുള്ള ആയുധങ്ങളുടെ ആവശ്യമാണുളളത്. കാരണം ഇക്കാലം സമാധാനത്തിന്റേയും ശാന്തിയുടേതുമാണ്. നമുക്ക് എല്ലാ വിധത്തിലുമുള്ള സന്തോഷവും ശാന്തിയും കരസ്ഥമാണ്. സ്വതന്ത്രമായി ഓരോ മനുഷ്യനും തന്റെ മതം പ്രചരിപ്പിക്കാനും പ്രബോധിക്കാനും കല്പനകൾ പാലിക്കാനും കഴിയുന്നതാണ്. ഇസ്‌ലാമാണെങ്കിൽ ശാന്തിയെ സത്യമായി പിന്തുണയ്ക്കുന്നു. എന്നല്ല യഥാർഥത്തിൽ സമാധാനവും ശാന്തിയും സൗഹാർദവും പ്രചരിപ്പിക്കുന്നതുതന്നെ ഇസ്‌ലാമാണ്. അപ്പോൾ ശാന്തിയിലും സമാധാനത്തിലുമുള്ള ഇക്കാലം ആ ആദ്യമാതൃക കാണിക്കാൻ ഇഷ്ടപ്പെടുന്നതെങ്ങനെ? അതിനാ ൽ ഇക്കാലത്ത് അതേ രണ്ടാമത്തെ മാതൃക അതായത് ആത്മീയമായ മുജാഹദ (ജിഹാദ് ചെയ്യൽ) യാണ് ഉദ്ദേശ്യം. ഫാർസിയിലെ ചൊല്ലാണ്, അലുവ ഒരിക്കൽ തിന്നത് മതിയായതാണ്.

**വർത്തമാനകാലത്തെ ജിഹാദ്**

"മറ്റൊരു കാര്യവുമുണ്ട്. മറ്റൊരു കാര്യവും പരിഗണിച്ചാണ് ഈ ആദ്യത്തെ മാതൃക കാണിക്കപ്പെട്ടത്. അതായത് അക്കാലത്ത് ധീരത പ്രകടിപ്പിക്കുക എന്നതായിരുന്നു ലക്ഷ്യം. അത് അക്കാലത്തെ ലോകത്ത് ഏറ്റവുമധികം വാഴ്ത്തപ്പെട്ടതും പ്രിയങ്കരവുമായ ഗുണമായി മനസ്സിലാക്കപ്പെട്ടിരുന്നു. ഇക്കാലത്ത് യുദ്ധം എന്നത് ഒരു കലയായി മാറിയിരിക്കുന്നു. ദൂരത്തിരുന്നുകൊണ്ടും ഒരു മനുഷ്യന് പീരങ്കികളും തുപ്പാക്കികളും ഉപയോഗിച്ച് ആക്രമിക്കാൻ കഴിയും. അക്കാലത്ത് സത്യസന്ധനായ ധീരൻ വാളുകൾക്കുമുമ്പിൽ നെഞ്ചുവിരിച്ച് നില്ക്കുന്നവനായിരുന്നു. ഇക്കാലത്തെ യുദ്ധവിദ്യ ഭീരുക്കളെ മറച്ചു വെക്കലാണ്. ഇപ്പോൾ ധീരതയ്ക്ക് പണിയൊന്നുമില്ല. പ്രത്യുത ആധുനികമായ ആയുധങ്ങൾ തുപ്പാക്കികൾ തുടങ്ങിയവ കൈവശമുളളവന് അതു പ്രയോഗിക്കാനും വിജയിക്കാനും കഴിയും. ആ യുദ്ധത്തിന്റെ ലക്ഷ്യവും ഉദ്ദേശ്യവും മുഅ്മിനീംകളിലെ മറഞ്ഞു കിടന്ന ധീരതയുടെ ബീജം പ്രകടിപ്പിക്കുകയായിരുന്നു. അല്ലാഹു ആഗ്രഹിച്ചതുപോലെ അല്ലാഹു അത് നല്ലവണ്ണം ലോകത്ത് പ്രകടിപ്പിച്ചു. ഇപ്പോൾ അതിന്റെ ആവശ്യമില്ല. കാരണം ഇപ്പോൾ യുദ്ധം കലയുടേയും മർദനത്തിന്റേയും വഞ്ചനുടേയും രൂപം പ്രാപിച്ചിരിക്കുന്നു. പുതിയ പുതിയ യുദ്ധായുധങ്ങളും സങ്കീർണമായ കലകളും ഈ വിലപിടിച്ചതും അഭിമാനാർഹവുമായ കഴിവിനെ ഉന്മൂലനം ചെയ്തിരിക്കുകയാണ്. ആരംഭകാലത്തെ ഇസ്‌ലാമിൽ പ്രതിരോധയുദ്ധങ്ങളും ശാരീരികമായ യുദ്ധങ്ങളും ചെയ്യേണ്ടതിന്റെ ആവശ്യമുണ്ടായത് ഇസ്‌ലാമിലേക്ക് ആളുകളെ ക്ഷണിക്കുന്നതിനുളള മറുപടി പ്രമാണങ്ങൾ കൊണ്ടോ തെളിവുകൾകൊണ്ടോ അല്ല നല്കിയിരുന്നത്. മറിച്ച് വാളുകൊണ്ടായിരുന്നു. അതുകൊണ്ടാണ് അതിന് വാളുകൊണ്ട് മറുപടി നല്കേണ്ടിവന്നത്. പക്ഷേ, ഇപ്പോൾ വാളുകൊണ്ടുള്ള മറുപടിയല്ല. മറിച്ച് തൂലികകൊണ്ടും തെളിവുകൾകൊണ്ടുമാണ് തെറ്റുധാരണകൾ പരത്തുന്നത്. അതുകൊണ്ടാണ് ഇക്കാലത്ത് വാളുകൊണ്ടുള്ള പ്രവൃത്തി തൂലികകൊണ്ട് എടുക്കണമെന്ന് അല്ലാഹു ഇച്ഛിച്ചത്; എഴുത്തുമുഖേന പോരാടി എതിരാളികളെ പരാജയപ്പെടുത്തുക. അതുകൊണ്ട് ഇപ്പോൾ ഒരു തരത്തിലുള്ള ബലാൽക്കാരങ്ങളുമില്ല, തൂലികയ്ക്കുള്ള മറുപടി, തൂലികകൊണ്ടു കൊടുക്കാൻ ശ്രമിക്കുക. (ഫാർസിയുടെ അർഥം:) നീ ജനങ്ങളുടെ സ്ഥാനങ്ങൾ പരിഗണിക്കുന്നില്ലെങ്കിൽ നീ മതമില്ലാത്തനാണ്.

**ഇക്കാലത്ത് തൂലികയുടെ ആവശ്യമാണ്**

"ഇക്കാലത്ത് വാളിന്റെ ആവശ്യമല്ല മറിച്ച് തൂലികയുടെ ആവശ്യമാണെന്ന് തീർച്ചയായും മനസ്സിലാക്കിക്കൊള്ളുക. നമ്മുടെ എതിരാളികൾ ഇസ്‌ലാമിനുമേൽ സംശയങ്ങളുണ്ടാക്കുകയും വിവിധ തന്ത്രങ്ങളിലൂടേയും വഞ്ചനയിലൂടേയും അല്ലാഹുവിന്റെ സത്യമായ ദീനിനുമേൽ ആക്രമണം നടത്താൻ ആഗ്രഹിക്കുകയും ചെയ്തു. അപ്പോൾ ഞാൻ തൂലികായുധം അണിഞ്ഞ് ഈ ശാസ്ത്രത്തിന്റേയും വിദ്യാഭ്യാസ പുരോഗതിയുടേയും മത്സര രംഗത്തിറങ്ങുകയും ഇസ്‌ലാമിന്റെ ആത്മീയമായ ധീരതയുടേയും ആന്തരികമായ കഴിവിന്റേയും അമാനുഷികത കാണിക്കുകയും ചെയ്യാൻ അവൻ എന്റെ ശ്രദ്ധ ക്ഷണിച്ചു. ഈ രംഗത്ത് എനിക്ക് ഇറങ്ങാൻ കഴിയുമായിരുന്നുവോ? ഇത് അല്ലാഹുവിന്റെ മാത്രം കൃപാവരമാണ്. അവന്റെ അതിരറ്റ സഹായമാണ്. എന്നെപ്പോലുള്ള കഴിവില്ലാത്ത മനുഷ്യന്റെ കൈയാൽ ഈ ദീനിന്റെ അഭിമാനം പ്രകടമാകണമെന്ന് അവൻ ആഗ്രഹിക്കുന്നു. ഞാൻ ഒരു നേരത്ത് ഇസ്‌ലാമിനുമേൽ എതിരാളികൾ ഉന്നയിച്ചിട്ടുള്ള ആക്ഷേപങ്ങളും ആക്രമണങ്ങളും എണ്ണി നോക്കിയിരുന്നു. അതിന്റെ എണ്ണം ഇപ്പോൾ ഞാൻ വിചാരിക്കുന്നത് ഏകദേശം മൂവായിരം ഉണ്ടെന്നാണ്. ഇപ്പോൾ അതിനെക്കാൾ കൂടിയിട്ടുണ്ടാകുമെന്ന് ഞാൻ കരുതുന്നു. ഇസ്‌ലാമുണ്ടായത് ഇത്തരം ബലഹീനമായ കാര്യങ്ങളിലാണെന്നും മൂവായിരം ആക്ഷേപത്തിന് അത് പാത്രമാകാമെന്നും ആരും കരുതരുത്. അങ്ങനെ ഒരിക്കലുമല്ല. ആ ആക്ഷേപങ്ങൾ വിവേകമില്ലാത്തവരുടേയും അജ്ഞരുടേയും ദൃഷ്ടിയിലുള്ള ആക്ഷേപങ്ങളാണ്. എന്നാൽ, ഞാൻ നിങ്ങളോടു സത്യമായും പറയുന്നു, ഞാൻ ഈ ആക്ഷേപങ്ങൾ എണ്ണിക്കണക്കാക്കിയപ്പോൾ ഈ ആക്ഷേപങ്ങൾക്കു കീഴിൽ വാസ്തവത്തിൽ ധാരാളം അമൂല്യമായി സത്യസാക്ഷ്യങ്ങളും ഉണ്ടെന്ന കാര്യവും ചിന്തിച്ചു. ഉൾക്കാഴ്ചയില്ലാത്ത കാരണത്താൽ അത് അവർക്ക് കാണാൻ കഴിഞ്ഞില്ല. യഥാർഥത്തിൽ ഇത് അല്ലാഹുവിന്റെ യുക്തിപരമായപ്രവൃത്തിയാണ്. അവിടെ അന്ധനായ ആക്ഷേപകൻ വന്ന് കുരുങ്ങിപ്പോയി. അവിടെയാണ് യാഥാർഥ്യങ്ങളുടേയും ഈശ്വരജ്ഞാനത്തിന്റേയും രഹസ്യമായ ഖജനാവ് വെച്ചിട്ടുള്ളത്."(മൽഫൂദാത്ത് വാല്യം 1, പേജ് 49-51, 2018 ഖാദിയാൻ പതിപ്പ്)

## ഹദ്റത്ത് അമ്മാജാൻ(റ) താമസിച്ച സ്ഥലം

ബയ്ത്തുൽ ഫിക്റിനോടു ചേർന്ന് വടക്കുവശത്ത് കാണുന്ന അല്പം നീളംകൂടിയ മുറിയാണിത്. ഇതിന്റെ നീളം 23 അടിയും വീതി 12 അടിയുമാണ്. ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) ഇതിനെക്കുറിച്ച് പറയുന്നു. "ബയ്ത്തുദ്ദുആയുടെ കിഴക്കുവശത്തുള്ള മുറിയും ചരിത്രപ്രാധാന്യമുള്ളതും പുണ്യം നിറഞ്ഞതുമാണ്. ഹദ്റത്ത് മഹ്ദി മസീഹ്(അ) തന്റെ അവസാനനിമിഷങ്ങൾ ചെലവഴിച്ചത് ഇവിടെയാണ്. പിന്നീട് ഹദ്റത്ത് അമ്മാജാൻ ഇവിടെയായിരുന്നു താമസിച്ചിരുന്നത്. ഇവിടെവെച്ച് ഹദ്റത്ത് മഹ്ദി മസീഹ്(അ)ന് പല ഇൽഹാമുകളും ഉണ്ടായിട്ടുണ്ട്. ഇത് ബയ്ത്തുൽ ഫിക്റിന്റെ തന്നെ ഭാഗമാണെന്നാണ് ഹദ്റത്ത് അമ്മാജാൻ(റ) പറയാറുണ്ടായിരുന്നത്. ഇവിടെവെച്ചും ദുആ ചെയ്യാവുന്നതാണ്.

# സത്യവിശ്വാസി, സത്യനിഷേധിയുടെ ഫിത്നയിൽ ആകാത്തുതുവരെയാണ് ജിഹാദും അനുവദനീയമാകുന്നത്. വിശ്വസിച്ചുകഴിഞ്ഞിട്ടുള്ളവർക്ക് അവരുടെ ആരാധന ഒരു ഭയവും കൂടാതെ നിർവഹിക്കാൻ കഴിയണം

## (സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ))

**ജനങ്ങളെ പിടിച്ച് മുസ്‌ലിമാക്കുന്നതിനല്ല; സമാധാനം സ്ഥാപിക്കുന്നതിനുവേണ്ടിയാണ് അല്ലാഹു പ്രവാചകന്മാരെ അയക്കുന്നത്.**

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ അല്ലാഹമ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ) ബഖറ എന്ന അധ്യായത്തിലെ 194-ാമത്തെ വചനം വിശദീകരിച്ചുകൊണ്ടു പറയുന്നു: *വ ഖാത്തിലൂഹും ഹത്താ ലാ തക്കൂന ഫിത്ന ത്തുൻ വ്വ യക്കൂനദ്ദീനു ലില്ലാഹ്* ഈ പ്രശ്നം നല്ലവണ്ണം ഓർമിക്കേണ്ടതാണ്. മതങ്ങളെ അസാധുവാക്കുക എന്നത് അല്ലാഹു ആഗ്രഹിക്കുന്നില്ല. പ്രത്യുത വിശുദ്ധഖുർആനിൽ എഴുതിയിരിക്കുന്നത് അല്ലാഹു ആഗ്രഹിച്ചിരുന്നെങ്കിൽ മുഴുലോകത്തെയും ഒരൊറ്റ മതത്തിൽ നിലനിറുത്താമായിരുന്നുവെന്നാണ്. *ഫലൗ ശാഅ ലഹദാക്കും അജ്മയീൻ*(6:150) അവൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ നിങ്ങളെയെല്ലാവരേയും അവൻ (നിർബന്ധപൂർവ്വം) നേർവഴിയിലാക്കുമായിരുന്നു. മറ്റൊരു സ്ഥലത്ത് പറഞ്ഞു. *വലൗ ലാ ദഫ്ഉല്ലാഹിന്നാസ ബഅ്ളഹും ബിബഅ്ളിൻ ല്ല ഹുദ്ദിമത്ത് സ്വാ വാമിഉ വബിയഉൻ വ്വ സ്വലവാത്തുൻ വ്വ മസാജിദു* (22:41) മനുഷ്യരിൽ ചിലർക്ക് ചിലരിൽനിന്നുള്ള അക്രമത്തിൽനിന്ന് സ്വയം രക്ഷിക്കുന്നതിന് അല്ലാഹു അനുമതി നല്കിയില്ലായിരുന്നുവെങ്കിൽ ക്രിസ്ത്യാനികളുടേയും മുസ്‌ലിമീങ്ങളുടേയും അഗ്നി ആരാധകരുടേയും യഹൂദികളുടേയും ആരാധനാലയങ്ങൾ എല്ലാം തകർക്കപ്പെടുമായിരുന്നു. ഇതിൽനിന്ന് മനസ്സിലാകുന്നത് മതങ്ങളുടെ ഭിന്നതകൾ അല്ലാഹുവിന്റെ ഇച്ഛയ്ക്ക് വിധേയമാണെന്നാണ്. അല്ലാഹു പ്രവാചകന്മാരെ അയക്കുന്നത് സമാധാനം സ്ഥാപിക്കാൻ വേണ്ടിയാണ്; ജനങ്ങളെ പിടിച്ച് മുസ്‌ലിമാക്കുന്നതിനല്ല. പ്രത്യുത അവൻ *ലാഇക്റാഹ ഫിദ്ദീൻ*(2:257) അനുസരിച്ചാണ് നടക്കുന്നത്. കാരണം മനുഷ്യൻ മനസുകൊണ്ട് വിശ്വാസിയാകാത്തിടത്തോളം അല്ലാഹുവിന്റെ പക്കൽ മുഅ്മിൻ ആകുകയില്ല. അവന്റെ വിശ്വാസത്തിന്റെ അടയാളങ്ങൾ അവന്റെ ബാഹ്യമായ പ്രവൃത്തികളിലും ഉണ്ടാകേണ്ടതാണ്; ആർക്കും അതിനെ തടയാൻ കഴിയരുത്.

സത്യവിശ്വാസി, സത്യനിഷേധിയുടെ ഫിത്നയിൽ ആകാത്തതു വരെയാണ് ജിഹാദും അനുവദനീയമാകുന്നത്. വിശ്വസിച്ചുകഴിഞ്ഞിട്ടുള്ളവർക്ക് അവരുടെ ആരാധന ഒരു ഭയവും തടസവുംകൂടാതെ നിർവഹിക്കാൻ കഴിയണം;അവർ കപടതയോടെ പ്രവർത്തിക്കാൻ നിർബന്ധിതരാകരുത്. പ്രത്യുത *യക്കൂനദ്ദീനു ലില്ലാഹി.* മതം സ്വീകരിക്കുന്നത് അല്ലാഹുവിനു വേണ്ടിയായിരിക്കണം. ഫിത്ന ഇല്ലാതാവണം. (ഹഖാഇഖുൽ ഖുർആൻ വാല്യം 1, പേജ് 327)

ഹജ്ജ് അധ്യായത്തിലെ 39-40 വചനത്തിന് നല്കിയ വിശദീകരണത്തിൽ പറയുന്നു: *ഇന്നല്ലാഹ യുദാഫിഉ അനില്ലദീന ആമനൂ ഇന്നല്ലാഹ ലാ യുഹിബ്ബു കുല്ല ഖവ്വാനിൻ കഫൂറിൻ* (22:39)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) പറയുന്നു: *ഇന്നല്ലാഹ യുദാഫിഉ അനില്ലദീന ആമനൂ അല്ലാഹു* എല്ലാ വസ്തുക്കൾക്കും പരിധി നിശ്ചയിച്ചിരിക്കുന്നു. ഈ പരിധിയിൽ നിന്ന് ഏതെങ്കിലും കാര്യം അതിരു കടക്കാൻ തുടങ്ങുമ്പോൾ അതിനെ പ്രതിരോധിക്കുന്നതിനുള്ള വസ്തു സൃഷ്ടിക്കുന്നു. അങ്ങനെ സത്യനിഷേധം വർധിച്ചപ്പോൾ ഹദ്റത്ത് മുഹമ്മദ്(സ) റസൂലുല്ലായേയും അദ്ദേഹത്തിന്റെ ജമാഅത്തിനേയും സൃഷ്ടിച്ചു. കാരണം അവൻ സത്യനിഷേധപരമായ കാര്യങ്ങൾ ഇഷ്ടപ്പെടുന്നില്ല. മുഴുവൻ മനുഷ്യരേയും മുസ്‌ലിമാക്കുന്ന മഹ്ദി വരുമെന്ന ചിന്ത വ്യർഥമാണ്. ആ വരുന്നയാൾ മുഹമ്മദ് റസൂലല്ലായേക്കാൾ പവിത്രശക്തി ഉൾക്കൊള്ളുന്ന ആളായിരിക്കുമോ? അയാൾ വിശുദ്ധഖുർആനേക്കാൾ ഉന്നതമായ ഗ്രന്ഥം കൊണ്ടുവരുമോ? എല്ലാ കാര്യങ്ങളേയും ഒരു പരിധിയ്ക്കുള്ളിൽ നിറുത്താനാണ് അല്ലാഹു ആഗ്രഹിക്കുന്നത്.

അതുപോലെ പറയുന്നു: *ഉദിന ലില്ലദീന യുഖാത്തിലൂന ബിഅന്നഹും ളുലിമൂ വ ഇന്നല്ലാഹ അലാ നസ്രിഹിം ലഖദീർ*(22:40). യുദ്ധം ചെയ്യപ്പെടുന്നവർക്ക് (തിരിച്ചും യുദ്ധം ചെയ്യാൻ) അനുമതി നല്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ, അവർ ആക്രമിക്കപ്പെട്ടിരിക്കുകയാണ്. തീർച്ചയായും അല്ലാഹു അവരെ സഹായിക്കാൻ കഴിവുള്ളവനാകുന്നു. ഇസ്‌ലാമിന്റെ രണ്ടുതരത്തിലുള്ള വിജയവും അല്ലാഹു കാണിക്കാനാഗ്രഹിക്കുന്നു. ഇസ്‌ലാമിനെ ഉന്മൂലനം ചെയ്യുന്നതിന് ശത്രുക്കൾ ഇസ്‌ലാമിന്റെ മേൽ വാളെടുത്ത ഒരു കാലമുണ്ടായിരുന്നു. മുസ്‌ലിമീങ്ങളെ കൊല്ലാൻ തുടങ്ങി. അപ്പോൾ ഇസ്‌ലാം മുസ്‌ലിമീങ്ങളെ അനുസരണക്കേടിൽനിന്ന് തടഞ്ഞു; ഒഴികഴിവ് ഒന്നും പറയരുത്. ഈ രാജ്യത്തുനിന്ന് പുറത്തുപോകുക. അവിടെ ബുദ്ധിമുട്ടുണ്ടായിരുന്നു. അതുകൊണ്ട് മഹനീയമായ മക്കരാജ്യം ഉപേക്ഷിച്ചു; അതിൽ ശത്രുക്കൾ ക്ഷമ കാണിച്ചില്ല. അവർ പിന്തുടർന്നു. അപ്പോൾ അവസാനം ഇസ്‌ലാം വാളെടുക്കുകയും വിജയിക്കുകയും ചെയ്തു.

ഇക്കാലത്ത് 14-ാം നൂറ്റാണ്ടിൽ കേവലം പ്രമാണപരമായ ആയുധങ്ങൾകൊണ്ട് ഇസ്‌ലാമുമായുള്ള യുദ്ധം തുടങ്ങിയിരിക്കുകയാണ്. ഒരു ജനതയും മതത്തിന്റെ പേരിൽ ഒരു മുസ്‌ലിമിന്റേയുംമേൽ ആയുധമെടുത്ത് പ്രവർത്തിക്കുന്നില്ല. അതുകൊണ്ട് ഇസ്‌ലാമും തെളിമയാർന്ന പ്രമാണങ്ങളും പ്രകാശിക്കുന്ന യുക്തിജ്ഞാനങ്ങളും വ്യക്തമായ തെളിവുകളുംകൊണ്ട് അതിനെ നേരിടാൻ തുടങ്ങി!

ബിംബാരാധകരായ ജനതകൾ ഇസ്‌ലാമിന്നെതിരിൽ പരാജയപ്പെട്ട് ബിംബാരാധനയുടെ വാദങ്ങളിൽനിന്ന് പിൻവാങ്ങുന്നു. തികച്ചും ഈ പ്രശ്നത്തിൽ രഞ്ജിപ്പുണ്ടാകുന്നു. കാരണം ഇന്ത്യയിൽ കുറച്ച് ബ്രഹ്മസമാജക്കാരായി. കുറച്ച് ആര്യസമാജക്കാരായി. ഇവിടെ യൂറോപ്പിലും അമേരിക്കയിലും യൂണിറ്റേറിയലിന്റെയും ഫ്രീ തിങ്കേഴ്സിന്റെയും സമുദ്രം തിരയടിച്ചുകൊണ്ടിരിക്കുന്നു. എത്ര നന്നായി. ഹദ്റത്ത് മസീഹ്(അ)ന്റെ ദൈവത്വം ഇല്ലാതായിക്കൊണ്ടിരിക്കുന്നു. സൃഷ്ടികൾ ഇസ്‌ലാമിന്റെ പവിത്രമായ മതത്തിൽ വന്നുകൊണ്ടിരിക്കുന്നു.

ലോകത്തിലെ നന്മയുണ്ടല്ലോ! അതിനും കുറച്ചു ബുദ്ധിമുട്ടുകളുമുണ്ട്. സുഖത്തോടൊപ്പം ദുഃഖം. ദുഃഖത്തോടൊപ്പം സുഖം. അവസാനം പിറഞ്ഞതിന്റെ ഉദാഹരണം പ്രസവവേദനയും പിന്നീട് ആൺകുട്ടിയുടെ ജനനവുമാണ്.

ആദരണീയരായ സ്വഹാബ മഹത്തായ മക്കയിൽ കഠിനമായ ബുദ്ധിമുട്ടുകളിലായിരുന്നു. 1. ചിലയാളുകളെ ഒരു കാല് ഒരു ഒട്ടകത്തോടും മറുകാല് മറ്റൊരു ഒട്ടകത്തോടും കെട്ടി വിപരീത ദിശയിലേക്ക് പായിച്ച് പിളർത്തിയിരുന്നു. 2. ചില സ്ത്രീകളുടെ രഹസ്യസ്ഥലങ്ങളിൽ കുന്തം കൊണ്ട് കുത്തുകയും കഴുത്തിലൂടെ പുറത്തെടുക്കുകയും ചെയ്തു. 3. മൂന്നുവർഷം ബനൂഹാശിമിന് ധാന്യം എത്തിക്കുന്നത് തടഞ്ഞു. 4. ചില സ്വഹാബത്തിനെ ചുട്ടുപൊള്ളുന്ന കല്ലിൽ കിടത്തി. എന്നാൽ, അവർ വലിയ ക്ഷമയോടും സ്ഥൈര്യത്തോടും തന്റേടത്തോടും കൂടി ആ എല്ലാ ബുദ്ധിമുട്ടുകളും സഹിച്ചു.

മുഹർറമാസത്തിൽ ഇമാം ഹുസയ്നു നേരിട്ട ബുദ്ധിമുട്ടുകളെ കുറിച്ച് പറയുന്നു. എന്നാൽ, സ്വഹാബാക്കൾ എന്തെന്തെല്ലാം ബുദ്ധിമുട്ടുകളാണോ വഹിച്ചത് അത് അവയെക്കാൾ ചില നേരത്ത് കടുപ്പമുള്ളതായിരുന്നു. അതിനാൽ ഈ സഹനത്തിന്റെ ഫലമായാണ് ജിഹാദിന് സമ്മതം നല്കപ്പെട്ടത്. നബി(സ)തിരുമേനി സൈന്യവും കാത്തിരുന്നു എന്ന ചിന്ത തെറ്റാണ്. *ലാ തുക്കല്ലഫു ഇല്ലാനഫ്സക്ക*(4:85) -നിന്റേതല്ലാത്ത(മറ്റാരുടെയും കാര്യത്തിന്) നിന്നെ ഉത്തരവാദപ്പെടുത്തുന്നില്ല - എന്നതിന്റെ കല്പനയും ഹുനയ്ൻ യുദ്ധത്തിൽ എല്ലാവരും ഓടിയപ്പോൾ നിന്നതും അതിനുള്ള തെളിവാണ്. വാൾകൊണ്ടാണ് ഇസ്‌ലാം പരന്നതെന്ന പ്രചാരണം കളവാണ്.

മറ്റൊരു ഔദാര്യം ഇസ്‌ലാം ചെയ്തു. അത് എന്റെ അഭിപ്രായത്തിൽ ലോകത്തിലെ ഒരു റിഫോർമറും പരിഷ്കർത്താവും ചിന്തിക്കാത്തതാണ്. അതിതാണ് *ഇന്നല്ലാഹ യുദാഫിഉ അനില്ലദീന ആമനൂ ഇന്നല്ലാഹ ലാ യുഹിബ്ബു ഖവ്വാനിൻ കുഫൂർ...... ലഹുദ്ദിമത്ത് സ്വവാമിഉ വബിയഉൻ വ്വസ്വലവാത്തുൻ വ്വ മസാജിദു യുദ്കറു ഫീഹസ്മുല്ലാഹി കഥീറാ* നാം ചില നേരങ്ങളിൽ സ്വയം സംരക്ഷണത്തിനുള്ള കല്പന നല്കുന്നു. അതുകൊണ്ടുള്ള ഉദ്ദേശ്യം അങ്ങനെ ചെയ്തില്ലെങ്കിൽ ധരംശാലകളുംയഹൂദികളുടെ ആരാധനാലയങ്ങളും നശിപ്പിക്കപ്പെടുന്നതാണ്. അത് തകർക്കപ്പെടണമെന്ന് നാം ആഗ്രഹിക്കുന്നില്ല. ഈ സുവർണമായ വസ്തുത ലോകത്തിലെ ഏതെങ്കിലും മതത്തിൽ കാണുന്നുണ്ടോ?

ഈ വാക്യം ഇഞ്ചീലിലുണ്ടായിരുന്നെങ്കിൽ ക്രിസ്ത്യാനികൾ തങ്ങളുടെ എതിരാളികളോടു പെരുമാറിയത് ഉണ്ടാകുമായിരുന്നില്ല. മിത്തോളജി പഠിക്കുക. എന്നാൽ, നിങ്ങൾക്ക് മനസ്സിലാകും ക്രിസ്ത്യാനികൾക്കു മുമ്പേ എത്രത്തോളം ആരാധനാലയങ്ങൾ ഉണ്ടായിരുന്നുവെന്ന്. ഇന്ന് അവയുടെ പേരോ അടയാളങ്ങളോ ഇല്ല. ഉദാഹരണത്തിന് പഡാമോളിലെ മഹത്തായൊരു അമ്പലമുണ്ടായിരുന്നു. ഇവിടെ സിക്കന്ദർ അഅ്ളം നടന്ന് ഹജ്ജ് ചെയ്യാൻ വരാറുണ്ടായിരുന്നു. എന്നാൽ, ആ അമ്പലം എവിടെയാണെന്ന് ആർക്കും പറയാൻ കഴിയില്ല.

ഇങ്ങനെയുള്ള കുടുസായ ചിന്താഗതിയും പിടിവാശിയും പക്ഷപാതിത്വവും നിർബന്ധബു

ശേഷം പേജ് 36ൽ

**ദൈവഗ്രന്ഥത്തിന്റെ സഹായത്താൽ ജനങ്ങളെ ദീനിലേക്ക് ക്ഷണിക്കുക. നമ്മുടെ ആയുധം വിശുദ്ധ ഖുർആൻതന്നെയാണ്. ഈ ഖുർആനിക വാൾ കൈയിലേന്തി ജിഹാദു ചെയ്യാൻ പുറപ്പെടുക.**

**(സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ))**

**നമ്മുടെ ആയുധം വിശുദ്ധഖുർആൻ തന്നെയാണ്.**

സയ്യിദുനാ അൽമുസ്‌ലിഹ് മൗഊദ് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഖലീഫത്തുൽ മസീഹ് ഥാനി(റ) *ഉദ്ഉ ഇലാ സബീലി റബ്ബിക്ക ബിൽഹിക്മത്തി* എന്നതിനെ വ്യാഖ്യാനിച്ചുകൊണ്ട് പറയുന്നു.

"നുബുവ്വത്തിന്റെ അർഥങ്ങളുടെ അടിസ്ഥാനത്തിൽ ഇതിന്റെ ഉദ്ദേശ്യം വിശുദ്ധഖുർആൻ സ്വയം നല്കിയിട്ടുള്ള തെളിവുകൾ അവതരിപ്പിച്ചുകൊണ്ട് ദൈവികവചനങ്ങളുടെ സഹായത്താൽ ജനങ്ങളെ മതത്തിലേക്ക് ക്ഷണിക്കുക എന്നാണ്. സ്വന്തം കൈയിൽനിന്ന് അനാവശ്യ കാര്യം ഇടരുത്. വാഹ്! ഈ പോയന്റ് മുസ്‌ലിമീങ്ങൾ മനസ്സിലാക്കിയിരുന്നെങ്കിൽ യഹൂദിയ്യത്തിനേയും ഈസായിയെത്തിനേയും വിഴുങ്ങിക്കളയുമായിരുന്നു. നമ്മുടെ ആയുധം വിശുദ്ധഖുർആൻ തന്നെയാണ്. അതിനെ കുറിച്ച് അല്ലാഹു പറഞ്ഞു. *വ ജാഹിദുഹും ബിഹി* ഈ ഖുർആനിക വാളുമെടുത്ത് ലോകത്തിനോടു ജിഹാദ് ചെയ്യാൻ പുറപ്പെടുക. എന്നാൽ, അഹോ കഷ്ടം ഇന്ന് ലോകത്തിലെ എല്ലാ വസ്തുക്കളും മുസ്‌ലിമീങ്ങളുടെ കൈയിലുണ്ട്. ഇല്ലാത്തത് വാളുമായി എഴുന്നേറ്റു നില്ക്കാൻ പറഞ്ഞ കല്പന മാത്രം.' *(തഫ്സീറെ കബീർ, വാള്യം 4, പേജ് 273)*

**ഫലാ തഅ്ജൽ അലയ്ഹിം എന്നതിൽ ജിഹാദിന്റെ പ്രശ്നം തികച്ചും വ്യക്തമാക്കപ്പെട്ടിരിക്കുന്നു.**

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) *ഫലാ തഅ്ജൽ അലയ്ഹിം ഇന്നമാ നഉദ്ദുലഹും അദ്ദാ* അതിനാൽ അവർക്കെതിരിൽ നീ ധിറുതിയിൽ ഒന്നും ചെയ്യരുത്. തീർച്ചയായും അവർക്കു വേണ്ടി നാം (നാശത്തിന്റെ നാളുകൾ) എണ്ണിക്കണക്കാക്കുകയാണ് ചെയ്യുന്നത്. (19:85)

നോക്കൂ! ഈ സ്ഥലത്ത് ജിഹാദിനെ സംബന്ധിച്ച് എത്രമാത്രം വ്യക്തവും സുപ്രധാനവുമായ നിർദേശമാണ് നല്കപ്പെട്ടിരിക്കുന്നത്. അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ ഹദ്റത്ത് മസീഹ് മൗഊദ്(അ) വർത്തമാനകാലത്ത് ജിഹാദിനെ സംബന്ധിച്ച് അവതരിപ്പിച്ച മഹത്തായ വീക്ഷണത്തെ എങ്ങനെയാണ് പിന്തുണച്ചിരിക്കുന്നത്.

ഈ ആയത്തിൽ അല്ലാഹു പറഞ്ഞു, ഒരുകാലം വരാൻ പോകുകയാണ്; മുസ്‌ലിംകളുടെ ഒരു വിഭാഗം ഇസ്‌ലാമിന്റെ അഭിവൃദ്ധി ഈ സത്യനിഷേധികളുമായി യുദ്ധം ചെയ്യുന്നതിലൂടെയും സാധ്യമാകൂ എന്ന് പറയും; അവരെ വാളിന്റെ ശക്തികൊണ്ട് ഇല്ലായ്മ ചെയ്യാൻ ശ്രമിക്കുക എന്ന്! എന്നാൽ, അവരുടെ ഈ തീരുമാനം തികച്ചും തെറ്റായിരിക്കും. അവർക്കെതിരിൽ എടുത്തുചാടി പ്രവർത്തിക്കാതിരിക്കുക എന്നതായിരിക്കും ശരിയായ വഴി. അവരുടെ ആക്രമണങ്ങളെ ക്ഷമയോടുകൂടി സഹിക്കുക; വെറും ആത്മീയമായ ഉപായങ്ങൾ സ്വീകരിക്കുക. അതായത് ഇസ്‌ലാമിക പ്രബോധനവും ദുആകളും തുടങ്ങിയവ. ഹദ്റത്ത് മസീഹ് മൗഊദ്(അ) ലോകത്തെ പരിഷ്കരിക്കുന്നതിനുവേണ്ടി അല്ലാഹുവിൽനിന്ന് അയക്കപ്പെട്ട ആളാണ്. അദ്ദേഹം ജനങ്ങളുടെ മുമ്പിൽ വിളംബരം ചെയ്തു:

*യെ ഹുക്കും സുൻ കെ ഭി ജോ ലഡായി കൊ ജായേഗാ*
*വൊ കാഫിറോൻ സെ സഖ്ത് ഹസീമത്ത് ഉഠായേഗാ.*

അവിടന്ന് പറഞ്ഞു: മുസ്‌ലിമീങ്ങളുടെ പക്കൽ ഒരുതരത്തിലുള്ള ശക്തിയില്ലെന്നിരിക്കെ വാളെടുത്തുള്ള യുദ്ധം അവർക്കെങ്ങനെ നിർബന്ധമാകാനാണ്. ആ സമയം വരുമ്പോൾ അല്ലാഹു ഏതുരീതിയിലാണോ ആഗ്രഹിക്കുന്നത് മുസ്‌ലിമീങ്ങൾക്ക് അവരെ നേരിടാനുള്ള ശക്തി പ്രദാനം ചെയ്യുന്നതായിരിക്കും. എന്തായാലും അദ്ദേഹം ജിഹാദിനെ സംബന്ധിച്ച് മുസ്‌ലിമീങ്ങളുടെ നിലവിലുള്ള ചിന്താഗതിയെ ഖണ്ഡിച്ചു. ഈ യാഥാർഥ്യമാണ് *ലാ തഅ്ജൽ* എന്നതിൽ വിവരിക്കപ്പെട്ടിരിക്കുന്നത്.

യഥാർഥകാര്യം എന്താണെന്നാൽ ക്രിസ്ത്യാനികൾക്കുണ്ടാകുന്ന ഏതൊരു അഭിവൃദ്ധികളെ കുറിച്ചാണോ പറയപ്പെട്ടിരിക്കുന്നത് അത് ഭാവികാലത്ത് ഉണ്ടാകുമായിരുന്നതാണ്. എന്നല്ല ഹദീഥുകളിലും വിശുദ്ധഖുർആനിലും അവ അവസാനകാലവുമായി ബന്ധപ്പെടുത്തപ്പെട്ടിരിക്കുന്നു. അതിനാൽ *ലാ തഅ്ജൽ* എന്നതിന്റെ ഉദ്ദേശ്യം നബി(സ)തിരുമേനിയല്ല പ്രത്യുത വരുംകാലത്തെ മുസ്‌ലിമീങ്ങളാണ്. അവർ ഒരുകാലത്ത് ക്രിസ്ത്യാനികളുടെ അഭിവൃദ്ധികണ്ട് അവരോടു യുദ്ധം ചെയ്യാനുള്ള താൽപര്യത്തിൽ അകപ്പെടുമെന്ന് പറയപ്പെട്ടിരിക്കുന്നു. ഏതൊരു കാലത്താണോ ക്രൈസ്തവമതം മുസ്‌ലിമീങ്ങളെ വേട്ടയാടിയിരുന്നത് അവർക്ക് അവരുമായി പോരാടാനുള്ള ശക്തി ഉണ്ടായിരുന്നു എന്നത് അത്ഭുതം ഉളവാക്കുന്നതാണ്. ആ സമയംവരെ മുസ്‌ലി മീങ്ങൾ അവരിൽനിന്ന് അശ്രദ്ധരായിരുന്നു. ക്രൈസ്തവമതം ലോകത്ത് വ്യാപിച്ചപ്പോൾ അവർക്ക് ജിഹാദിനെകുറിച്ച് ഓർമ്മവന്നു. വാസ്തവത്തിൽ ആ സമയത്ത് ദൈവേച്ഛ *നഉദ്ദുലഹു അദ്ദാ* പ്രകടമായി കഴിഞ്ഞിരുന്നു. അതറിഞ്ഞശേഷം മുസ്‌ലിമീങ്ങൾ ചെയ്യേണ്ടിയിരുന്നത് കഴിഞ്ഞുകടന്ന അശ്രദ്ധയിൽ ഇസ്തിഗ്ഫാർ ചെയ്യുകയും ഭാവിയിൽ അവരുടെ ഫിത്നയിൽനിന്ന് മുസ്‌ലിമീങ്ങളെ രക്ഷപ്പെടുത്താൻ ദുആ ചെയ്യുകയും ചെയ്യുകയുമായിരുന്നു. എന്നിട്ട് ഖുർആൻകൊണ്ടുള്ള ജിഹാദ് തുടരണമായിരുന്നു; കഴിഞ്ഞകാല അശ്രദ്ധ അകലുന്നതിന്. വിശുദ്ധഖുർആന്റെ അനുഗ്രഹം കൊണ്ട് ക്രൈസ്തവമതത്തിന്റെ ശക്തി ശിഥിലമാകുമായിരുന്നു. പക്ഷേ, അവർ വാളെടുത്തുള്ള ജിഹാദ് അനവസരത്തിൽ പ്രകടിപ്പിച്ച് ക്രിസ്ത്യാനികൾക്ക് ഇസ്‌ലാമിന്നെതിരിൽ പ്രചാരണത്തിനുള്ള അവസരം നല്കി. അതിൽ ആകർഷിതരായി ആയിരക്കണക്കിന് മുസ്‌ലിമീങ്ങൾ ക്രിസ്ത്യാനികളായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* ഈ പോരായ്മയിലേക്ക് ശ്രദ്ധിച്ച ഒരേയൊരു വ്യക്തി ഹദ്റത്ത് മസീഹ് മൗഊദ്(അ) മാത്രമായിരുന്നു. എന്നാൽ. ഇക്കാരണത്താൽ അദ്ദേഹത്തിനുമേൽ കുഫ്ർ ഫത്വ പതിക്കപ്പെട്ടു. ഈ വ്യക്തി ഇസ്‌ലാമിക അഭിവൃദ്ധിയുടെ ശത്രുവാണെന്ന് പറയപ്പെട്ടു. വാസ്തവത്തിൽ ഇസ്‌ലാമികാഭിവൃദ്ധിയ്ക്കുള്ള ഒരേയൊരു മാർഗം ഇക്കാലത്ത് ഇസ്‌ലാമിന്റെ ശരിയായ അധ്യാപനങ്ങളുടെ പ്രചാരണമായിരുന്നു; ക്രിസ്ത്യാനികളിൽനിന്നുള്ള ഒരുഭാഗത്തെ ജയിച്ചടക്കുന്നതിനും ബാക്കിയുള്ളവരുടെ മനസ്സിൽ നിന്ന് തെറ്റായ ധാരണകൾ അകറ്റുന്നതിനും. എന്നാൽ, വ്യസനകരമെന്നു പറയട്ടെ ഈ സേവനം കാരണത്താൽ അദ്ദേഹത്തെ മുസ്‌ലിമീങ്ങൾ എത്രമാത്രം തെറിവിളിച്ചെന്നാൽ, ഒരുപക്ഷേ ഒരു ദൈവനിയോഗിതനും ഇത്രയധികം ഈ അളവിൽ തെറി കിട്ടിയിട്ടുണ്ടാകില്ല. ഈ അക്രമത്തിന്റെ പ്രതികാരം ഖിയാമത്തുന്നാൾ ഞങ്ങൾ മുഹമ്മദു റസൂലുല്ലാഹി(സ) മുഖേന വീട്ടുന്നതായിരിക്കും. ആ മഹാത്മാവ് സ്വയം ഈ അക്രമികളുടെമേൽ വെറുപ്പ് പ്രകടിപ്പിക്കുന്നതായിരിക്കും; ഞങ്ങളുടെ മനസ്സുകളിൽ സമാധാനത്തിന്റെ മരുന്നു വെച്ചുകെട്ടുകയും ചെയ്യും. ഇൻശാഅല്ലാഹ്... എന്തായാലും *ഫലാ തഅ്ജൽ അലയ്ഹിം* എന്നതിൽ ജിഹാദിന്റെ പ്രവർത്തനത്തെ തികച്ചും വ്യക്തമാക്കപ്പെട്ടിരിക്കുന്നു. അല്ലാഹു പറഞ്ഞു: "നാം അവർക്കുവേണ്ടി ഒരു സമയം നിർണയിച്ചുവെച്ചിരിക്കുന്നു. നാം അവരുടെ നാശത്തിന്റെ നിമിഷങ്ങൾ എണ്ണിക്കൊണ്ടിരിക്കുകയാണ്. ആ നേരം വരുമ്പോൾ നാം സ്വയം പിടിക്കുന്നതായിരിക്കും.'' *(തഫ്സീർ കബീർ, വാള്യം 5, പേജ് 365)*

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) *ഫലാ തുതിയിൽ കാഫിരീന വ ജാഹിദ്ഹും ബിഹീ ജിഹാദൻ കബീറാ* എന്നതിന്റെ വ്യാഖ്യാനത്തിൽ പറയുന്നു. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: *ജാഹിദ്ഹും ബിഹീ ജിഹാദൻ കബീറാ* (25:5) ഏ മുഹമ്മദു റസൂലുല്ലാഹ്! നിനക്ക് യുദ്ധം ചെയ്യേണ്ടതായി വരും. പക്ഷേ, ആയുധങ്ങൾ നിന്റെ ജീവിതത്തിന്റെ ലക്ഷ്യമായിരിക്കുകയില്ല. പ്രത്യുത, നിന്റെ ജീവിതത്തിലെ ജോലികളുടെ വളരെ ചെറിയൊരു ഭാഗമായിരിക്കും. നിന്റെ ജീവിതത്തിന്റെ ലക്ഷ്യം വിശുദ്ധഖുർആൻ കൊണ്ട് നിന്റെ ജനതയോടു യുദ്ധംചെയ്യുക എന്നതാണ്. ഈ യുദ്ധമായിരിക്കും വലിയ യുദ്ധം. വാളെടുത്തു യുദ്ധം അതിന്നെതിരിൽ ചെറുതായിരിക്കും.

ഇനി നോക്കൂ! ഈ പ്രവചനം എത്ര പ്രൗഢിയോടെയാണ് പുലർന്നത്. മക്കക്കാർക്ക് ഈ അറേബ്യൻ ഗോത്രങ്ങളോട് നിസംശയം യുദ്ധം ചെയ്യേണ്ടിവന്നിട്ടുണ്ട്. പക്ഷേ, ആ ഗോത്രങ്ങളും ചെറുതായിരുന്നു. അതിന്റെ ഫലവും ചെറുതായിരുന്നു. പക്ഷേ, ഖുർആൻ മുഖേന ആ മഹാത്മാവിന് ചെയ്യേണ്ടിവന്ന യുദ്ധം അറേബ്യക്കാരോടും ഇറാൻകാരോടും നടന്നു. പിന്നീട് മുഴുവൻ ലോകത്തോടും ആ യുദ്ധം നടന്നു. ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നു. ഈ യുദ്ധത്തിന്റെ ഫലം പുറത്തുവരുന്ന ദിവസം മുഴുലോകത്തിന്റേയും മനസ്സ് ഇസ്‌ലാമിനുള്ള വിജയമായിത്തീരുന്നതായിരിക്കും. മുഹമ്മദ് റസൂലുല്ലാഹിയുടെ രാജാധിപത്യം മൈതാനങ്ങളേയും സമുദ്രങ്ങളേയും കുതിച്ചുചാടി ലോകത്തിന്റെ അറ്റങ്ങൾ വരെ എത്തുന്നതായിരിക്കും. ഇതിനെതിരിൽ ബാഹ്യമായ യുദ്ധങ്ങളുടെ ഫലം വളരെ ചെറുതായിരിക്കും. എന്നാൽ, അത്ഭുതമാണ്! ഈ പരസ്യമായ ഖുർആൻ വചനങ്ങൾ ഉണ്ടായിട്ടും പാശ്ചാത്യജനത ഇപ്പോഴും ആക്ഷേപം ഉന്നയിച്ചുകൊണ്ടിരിക്കുന്നത് മുഹമ്മദ് റസൂലുല്ലാ

ശേഷം പേജ് 35ൽ

# സർവ്വശക്തിയോടും സർവകഴിവോടും സർവയോഗ്യതയോടുംകൂടി അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് ചെയ്യുക.

## (സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്))

### സർവ്വശക്തിയോടും സർവകഴിവോടും സർവയോഗ്യതയോടുംകൂടി അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് ചെയ്യുക.

ഇബ്റാഹീമിന്റെ ദുആകളും മുൻവേദഗ്രന്ഥങ്ങളിൽ കാണുന്ന പ്രവചനങ്ങളുമനുസരിച്ച് അല്ലാഹു നബി(സ)തിരുമേനി മുഖേന ഒരു മുസ്‌ലിം സമുദായത്തെ സ്ഥാപിച്ചു. വിശുദ്ധഖുർആനിലെ ഹജ്ജ് എന്ന അധ്യായത്തിൽ പറയുന്നു:

وَجَاهِدُوْا فِي اللّٰهِ حَقَّ جِهَادِهٖ هُوَ اجْتَبٰكُمْ وَمَا جَعَلَ عَلَيْكُمْ فِي الدِّيْنِ مِنْ حَرَجٍ
مِلَّةَ اَبِيْكُمْ اِبْرَاهِيْمَ هُوَ سَمّٰكُمُ الْمُسْلِمِيْنَ مِنْ قَبْلُ وَفِيْ هٰذَا لِيَكُوْنَ الرَّسُوْلُ
شَهِيْدًا عَلَيْكُمْ وَتَكُوْنُوْا شُهَدَآءَ عَلَى النَّاسِ فَاَقِيْمُوا الصَّلٰوةَ وَاٰتُوا الزَّكٰوةَ
وَاعْتَصِمُوْا بِاللّٰهِ هُوَ مَوْلٰكُمْ فَنِعْمَ الْمَوْلٰى وَنِعْمَ النَّصِيْرُ (سورة الحج:79)

ഇവിടെ അല്ലാഹു ഇങ്ങനെ പറയുന്നു: “നിങ്ങളുടെ സർവശക്തിയോടും സർവകഴിവോടും സർവയോഗ്യതയോടുംകൂടി അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് ചെയ്യുക. ഈ പരിശ്രമത്തേയും ജിഹാദിനേയും അതിന്റെ പാരമ്യതയിലെത്തിക്കുക. (ഹഖ്ഖ ജിഹാദിഹീ) അതിന്റെ കടമ പൂർത്തിയാക്കുക. കാരണം അവൻ നിങ്ങളെ ഇഷ്ടപ്പെട്ടവരാക്കിയിരിക്കുന്നു. നിങ്ങൾക്ക് മാഹാത്മ്യം പ്രദാനം ചെയ്തിരിക്കുന്നു. സമ്പൂർണമതം നിങ്ങൾക്ക് നല്കിയിരിക്കുന്നു. ഉത്തമമായ കല്പനകൾ നിങ്ങൾക്കുവേണ്ടി ഇറക്കിയിരിക്കുന്നു. ആ കല്പനയെ പിൻപറ്റുന്നതിനുവേണ്ടി ഏതൊരു ശക്തികളുടേയും കഴിവുകളുടേയും ആവശ്യമുണ്ടായിരുന്നുവോ അതും നിങ്ങൾക്കൊപ്പം തന്നിരിക്കുന്നു. അതിനാൽ ഈ കല്പനകൾ പിൻപറ്റുന്നതുകൊണ്ട് നിങ്ങളിൽ ഒരു ഭാരവുമുണ്ടാകുകയില്ല. നിങ്ങളുടെ പിതാവായ ഇബ്റാഹീമിന്റെ മതം! നിങ്ങൾക്ക് അല്ലാഹു അൽ മുസ്‌ലിമീൻ എന്ന് പേരു നല്കിയിരിക്കുന്നു. മുസ്‌ലിം സമുദായം എന്ന് നിശ്ചയിച്ചിരിക്കുന്നു. നിങ്ങളെ സംബന്ധിച്ച് ഈ നാമം മുൻവേദഗ്രന്ഥങ്ങളിലും ഉപയോഗിച്ചിട്ടുണ്ട്. വിശുദ്ധഖുർആനും നിങ്ങളെ ഉമ്മത്തൻ, മുസ്‌ലിമത്തൻ, അൽമുസ്‌ലിമീൻ എന്നീ നാമങ്ങളിൽ സ്മരിക്കുന്നു. ഒരു മുസ്‌ലിം സമുദായം ലോകത്ത് സ്ഥാപിക്കണമെന്ന് ഹദ്റത്ത് ഇബ്റാഹീം(അ) ചെയ്ത പ്രാർഥനകളുടെ ഫലമാണ് ഈ നാമം. (ആ ദൈവദൂതന്മാരിൽ ശ്രേഷ്ഠന്റെ നിയമനത്തോടൊപ്പം) അദ്ദേഹത്തിന്റെ സന്താനങ്ങളും മുസ്‌ലിം സമുദായത്തിൽ ഉൾപെടണം. അതിനാൽ കഅ്ബ മന്ദിരത്തിന്റെ ഉദ്ദേശ്യങ്ങളുമായി ബന്ധംവെക്കുന്ന വചനങ്ങളിൽ *വ മിൻ ദുർറിയ്യത്തിനാ ഉമ്മത്തൻ മുസ്‌ലിമത്തൻല്ലക്ക* എന്ന ദുആയുമുണ്ടായിരുന്നു. വിശുദ്ധഖുർആൻ ഹജ്ജ് എന്ന ഈ ആയത്തിൽ വാദിക്കുന്നത്, ആ ദുആ സ്വീകരിക്കപ്പെട്ടു എന്നാണ്. മുൻവേദഗ്രന്ഥങ്ങളിൽ നല്കപ്പെട്ടിരുന്ന പ്രവചനങ്ങൾ പുലരുന്ന സമയം വന്നിരിക്കുന്നു; നബി(സ)തിരുമേനി നിയോഗിതനായിക്കഴിഞ്ഞിരിക്കുന്നു. മുസ്‌ലിം സമുദായം സ്ഥാപിക്കപ്പെട്ടു. ഇതു സ്ഥാപിതമായത് മനുഷ്യന്റെ ഉള്ളിൽ നിക്ഷേപിക്കപ്പെട്ടിരിക്കുന്ന ആത്മീയവും ധാർമികവുമായിട്ടുള്ള ശക്തികളുടേയും കഴിവുകളുടേയും യോഗ്യതകളുടേയും വെളിപ്പെടലിന്റെ സമയം വന്നിരിക്കുന്നുവെന്നാണ്. മനുഷ്യൻ തന്റെ രക്ഷിതാവിന്റെ വഴിയിൽ തന്റെ ശക്തികളെ എങ്ങനെ ചെലവഴിക്കുന്നുവെന്നും തന്റെ യോഗ്യതകളെ അവൻ എങ്ങനെ സമ്പൂർണതയിൽ എത്തിക്കുന്നുവെന്നും ഇനി ലോകം കാണുന്നതായിരിക്കും.” (ഖുത്ബാത്തെ നാസിർ, വാല്യം 1, പേജ് 732, ജുമുഅ ഖുത്ബ 9.6.1967)

ലോകം മുഴുവനുമുള്ള ആറ്റംബോംബും ഹൈഡ്രജൻബോംബും കൂടിചേർന്നാലും ഒരു മനസ്സിൽ മാറ്റം ഉണ്ടാക്കാൻ കഴിയില്ല.

ഇക്കാലത്ത് അല്ലാഹു മൂന്നാം ഖിലാഫത്തു മുഖേന തെളിവുകളോടുകൂടി ദൈവികാടയാളങ്ങളോടുകൂടി ഇസ്‌ലാമിന്റെ വിജയത്തിനുള്ള കൂടുതൽക്കൂടുതൽ സാഹചര്യം ഉണ്ടാക്കിക്കൊണ്ടുപോകുകയാണ്, പോകുന്നതുമായിരിക്കും; അവസാനം ഇസ്‌ലാമിക വിജയം കരസ്ഥമാകുന്നതിനും മുഴുവൻ മനുഷ്യകുലവും ഇസ്‌ലാമിൽ പ്രവേശിച്ച് നബി(സ) തിരുമേനിയിൽ അനുരക്തരാകുന്നതിനും വേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ) നിയമിതനായി. ഈ വിജയം കരസ്ഥമാക്കുന്നതിന് വാളെടുത്തുള്ള യുദ്ധമല്ല. എന്തുകൊണ്ടെന്നാൽ, ഇസ്‌ലാമിന്നെതിരിൽ വാളുകൾ ഉറയിൽനിന്ന് എടുക്കപ്പെടുന്നില്ല. മതത്തെ നശിപ്പിക്കാൻ ആറ്റംബോംബും ഉപയോഗിക്കുന്നില്ല. ശത്രുജനതയെ നശിപ്പിക്കുന്നതിന് ആറ്റംബോംബ് ഉപയോഗിക്കുന്നുണ്ട്. ഉണ്ടാകേണ്ടതും ഇതുതന്നെയായിരുന്നു. കാരണം അതിന്റെ നാശത്തിന്റെ സ്വാധീനം ശരീരങ്ങളിലാണ്. പക്ഷേ, മതത്തിന്നെതിരിൽ, ആറ്റംബോബ് ഉപയോഗിക്കപ്പെടുന്നില്ല. ഉപയോഗിക്കാൻ കഴിയുകയുമില്ല. എന്തുകൊണ്ടെന്നാൽ മുഴുലോകത്തുമുള്ള ആറ്റംബോബുകളും ഹൈഡ്രജൻബോംബുകളും കൂടിച്ചേർന്നാലും ഒരു മനസ്സിൽ ഒരു മാറ്റവും ഉണ്ടാക്കാൻ കഴിയുകയില്ലെന്ന് ഞാൻ യൂറോപ്യരോടു പറഞ്ഞതുപോലെ നിങ്ങളും പറഞ്ഞു. ലക്ഷക്കണക്കിന് കോടിക്കണക്കിന് ആളുകളെ നശിപ്പിക്കാൻ കഴിയും. അതിൽ ഒരു സംശയവുമില്ല. പക്ഷേ, ഒരു മനസ്സിന് മാറ്റമുണ്ടാക്കാൻ അതിനു സാധിക്കുകയില്ല. മനസ്സിൽ മാറ്റമുണ്ടാകുന്നത് അല്ലാഹുവിന്റെ ഫള്ൽ(കൃപ)കൊണ്ടാണ്. ആ ഫള്ലിൽ അല്ലാഹു നമ്മോടൊപ്പം ചേർന്നിരിക്കും. നമ്മൾ അവനെ സ്തുതിക്കുന്നു. എന്നാൽ, അത് നമുക്ക് വേണ്ടുംവിധം ചെയ്യാൻ കഴിയില്ല. നമ്മൾ വിനീതരായ ദാസരാണ്; അത്രമാത്രം ഉപഹാരമാണ് അവൻ നമ്മളിൽ ചെയ്തുകൊണ്ടിരിക്കുന്നത്.’ (ഖുത്ബാത്തെ നാസിർ വാല്യം 3, പേജ് 24, ജുമുഅ ഖുത്ബ 31-7-1970)

### ആത്മാവിന്റെ സംസ്കരണവും വിശുദ്ധ ഖുർആന്റെ പ്രകാശങ്ങളും മുഖേന സാത്താനിക അന്ധകാരങ്ങൾക്കെതിരെയുള്ള ജിഹാദ് പരസ്പരപൂരകമാണ്.

ജിഹാദ് മൂന്നുതരത്തിലാണ്. ആദ്യത്തെ ജിഹാദ് അടിസ്ഥാനപരമായ നിലയിൽ ദോഷപ്രവണമായ ആത്മാവിന്നെതിരിലുള്ള ജിഹാദാണ്. അതായത് മാനുഷികമായ പ്രകൃതിക്കും ദൈവപ്രീതിക്കും എതിരിലുള്ള ആഗ്രഹങ്ങളോടുള്ള പോരാട്ടം. അവയെ അടിച്ചമർത്തണം. അതിന്റെ ആകർഷണം തള്ളിക്കളയണം. അതിനെക്കാളുപരി അതിന്റെ കഴിവിന്റെ വൃത്തത്തിനുള്ളിൽ ഉയർച്ചയുടെ അങ്ങേയറ്റത്തെ അവസ്ഥയിലെത്തിച്ച് അല്ലാഹുവിന്റെ അങ്ങേയറ്റത്തെ സ്നേഹം കരസ്ഥമാക്കുക. ഇത് അടിസ്ഥാനപരമായ ജിഹാദാണ്. ഇതിനെ ജിഹാദെ അക്ബർ എന്നു പറയുന്നു. ഇവിടെനിന്നാണ് ജിഹാദിന്റെ അടിസ്ഥാന തുടക്കമുണ്ടാകുന്നത്. അതിന്റെമീതെയാണ് മറ്റു ജിഹാദിന്റെ കെട്ടിടം ഉയർത്തപ്പെടുന്നത്. ആത്മാവുമായി വിജയകരമായ ജിഹാദ് ചെയ്യുന്നില്ലെങ്കിൽ മറ്റു രണ്ട് ജിഹാദും ബുദ്ധിപരമായി അസംഭാവ്യമാണ്. അതിനാൽ ശരീരേച്ഛയ്ക്കെതിരിലുള്ള മനുഷ്യന്റെ ജിഹാദ്, അതായത് സാത്താനിക ദുർബോധനങ്ങൾക്കും സാത്താൻ ഉണ്ടാക്കിയിട്ടുള്ള ആഗ്രഹങ്ങൾക്കും മോഹങ്ങൾക്കും എതിരെയുള്ള ജിഹാദിന്റെ വിജയത്തിലും ആത്മാവിന്റെ പരിഷ്കരണത്തിലുമാണ് മറ്റു രണ്ട് ജിഹാദിന്റെ വിജയം നിലകൊള്ളുന്നത്. കാരണം ഏറ്റവും വലിയ ജിഹാദ് ഇതുതന്നെയാണ്. മറ്റു രണ്ട് ജിഹാദും അതിന്റെ അടിസ്ഥാനത്തിലാണ് എഴുന്നേല്ക്കുന്നത്. അതുകൊണ്ട് ഈ അടിസ്ഥാനപരമായ ജിഹാദ് വിജയിക്കുന്നില്ലെങ്കിൽ മറ്റു രണ്ട് ജിഹാദും അസംഭാവ്യമാണ്. അതുകൊണ്ട് ഏറ്റവുമാദ്യം ആത്മാവിന്റെ സംസ്കരണം അനിവാര്യമാണ്.

രണ്ടാമത്തെ ജിഹാദ് വിശുദ്ധഖുർആന്റേയും അതിന്റെ പ്രചാരണത്തിന്റേയും ജിഹാദാണ്. അതിന് ജിഹാദെ കബീർ എന്നു പറയുന്നു. ഇത് ജിഹാദെ അക്ബർ അതായത് ആത്മാവിനോടുള്ള ജിഹാദിൽനിന്നാണ് പൊന്തിവരുന്നത്. അവയ്ക്ക് പരസ്പരം അഗാധബന്ധവുമുണ്ട്. കാരണം ശരീരേച്ഛയ്ക്ക് എതിരായിട്ടുള്ള ജിഹാദ് ഖുർആനികാധ്യാപനങ്ങളും ഖുർആനിക പ്രകാശങ്ങളും കൂടാതെ സംഭാവ്യമല്ല. എങ്കിലും ശരീരേച്ഛയ്ക്ക് എതിരിലുള്ള ജിഹാദിന്റെ ബന്ധം എന്തായാലും പ്രധാനമാണ്. ഇല്ലെങ്കിൽ സ്വയം കർമം ചെയ്യാതെ മറ്റുള്ളവരെ ഉപദേശിക്കുന്നുവെന്ന് സമ്മതിക്കേണ്ടിവരും. അതുകൊണ്ട് വിശുദ്ധഖുർആന്റെ മാർഗദർശനമനുസരിച്ച് ശരീരേച്ഛയ്ക്കു എതിരിലുള്ള ജിഹാദ് അതായത് ആത്മാവിന്റെ സംസ്കരണവും വിശുദ്ധഖുർആന്റെ പ്രകാശങ്ങൾ മുഖേന സാത്താനിക അന്ധകാരങ്ങൾക്കെതിരെയുള്ള ജിഹാദും പരസ്പരപൂരകങ്ങളാണ്. മാനുഷികമായ ആഗ്രഹങ്ങളും സാത്താനികമായ ദുർബോധനങ്ങളും മനുഷ്യാത്മാവിനെ പരിധിയ്ക്കുള്ളിലെടുക്കാൻ ശ്രമിക്കുന്നു. അതിനും അതിനെ സൃഷ്ടിച്ച റബ്ബിനുമിടയിൽ അകലമുണ്ടാക്കാൻ ശ്രമിക്കുമ്പോൾ അവയിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി അതായത് ആത്മാവിന്റെ പരിഷ്കരണത്തിന് മനുഷ്യൻ വിശുദ്ധഖുർആനെ മാർഗമാക്കുന്നു. പിന്നീട് ഖുർആനിക പ്രകാശങ്ങൾ പ്രചരിപ്പിക്കുക എന്നത് ഖുർആനിക പ്രകാശങ്ങൾ മുഖേനയെ സാധ്യമാകുകയുള്ളൂ.

**മുഹമ്മദെ ഹസ്ത് ബുർഹാനെ മുഹമ്മദ്** എന്നു പറയപ്പെടുന്നതുപോലെ.

ഇപ്രകാരംതന്നെ (അല്ലാഹു ആഗ്രഹിക്കുന്നതുപോലെ) ഖുർആനിക പ്രകാശങ്ങളുടെ പ്രചാരണവും വിശുദ്ധഖുർആന്റെ ഭരണം സ്ഥാപിക്കലും ഖുർആനിക പ്രകാശങ്ങൾ കൂടാതെ അസംഭാവ്യമാണെന്നതും ഒരു യാഥാർഥ്യമാ

ശേഷം പേജ് 12ൽ

# സ്വന്തം രക്ഷിതാവിലേക്ക് മനുഷ്യകുലത്തെ ക്ഷണിക്കുക എന്നത് യഥാർഥവും ഒന്നാമത്തേതും അതിശ്രേഷ്ഠവുമായ ജിഹാദാണ്

**(സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്))**

## ഇസ്‌ലാമിനെ മുഴുവൻ മതത്തിന്റേയും മേൽ വിജയിപ്പിക്കുക എന്നതിന്റെ യാഥാർത്ഥ്യം

മുഴുവൻ മതങ്ങളുടെമേലും വിജയിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഇസ്‌ലാം സൃഷ്ടിക്കപ്പെട്ടിട്ടുള്ളതെന്ന് പറയുമ്പോൾ അതിന്റെ ഉദ്ദേശ്യം വാളുകൾ കൈയിലെടുത്ത് ലോകത്തിലെ എല്ലാ നിഷേധികളുടേയും കഴുത്തുവെട്ടി നടക്കുക എന്ന ഉദ്ദേശ്യമൊരിക്കലുമല്ല; അംഗീകരിക്കുകയും തലകുനിക്കുകയും ചെയ്യുന്നവർക്ക് സമാധാന സന്ദേശം നല്കുകയും മറ്റുള്ളവർക്കെല്ലാം കുഴപ്പത്തിന്റേയും യുദ്ധത്തിന്റേയും സന്ദേശം കൊടുക്കുകയും ചെയ്യുന്നവരാകുക എന്നതല്ല. ഇത് ബുദ്ധിപരമായ കാര്യമല്ല. പ്രാവർത്തികമായി ലോകത്ത് അങ്ങനെ നടക്കുകയുമില്ല. ഒരിക്കലും ഉണ്ടായിട്ടുമില്ല. അതുകൊണ്ട് അഹ്മദിയ്യാ ജമാഅത്ത് ഈ അടിസ്ഥാനപരമായ കാര്യം മുന്നിൽവെക്കേണ്ടതാണ്; നമ്മൾ പോരാട്ടത്തിന്റേയും ജിഹാദിന്റേയും എല്ലാ മനുഷ്യരുടേയുംമേൽ ഇസ്‌ലാമിനെ വിജയിപ്പിക്കുന്നതിന്റേയും കാര്യം പറയുമ്പോൾ, വിശുദ്ധഖുർആന്റേയും മുഹമ്മദ് മുസ്തഫാ(സ)യുടേയും സാങ്കേതികാർഥത്തിൽ സംസാരിക്കുമ്പോൾ ലോകത്തിന്റെ സാങ്കേതികാർഥവുമായി അതിന് ഒരു ബന്ധവുമുണ്ടാകുകയില്ല. ഇക്കാരണത്താലാണ് ഇന്നത്തെ പരീക്ഷണകാലത്ത് ഇക്കാര്യങ്ങൾ മനസ്സിലാക്കാത്ത മുസ്‌ലിമീങ്ങൾ- മനസ്സിലാക്കാനൊട്ടു അവർക്ക് കഴിയുകയുമില്ല, കാരണം അവരെ നയിക്കുന്നവർ തെറ്റായ അധ്യാപനമാണ് നല്കുന്നത്- ഓരോയിടത്തും തങ്ങളെ സ്വയം പ്രയാസങ്ങളിൽ അകപ്പെട്ടിരിക്കുന്നതായി കാണുന്നത്. നിത്യേന അവരുടെ അവസ്ഥ മോശമായിക്കൊണ്ടിരിക്കുന്നു. വിവിധ രാജ്യങ്ങളിൽ ദുർബലരായ ന്യൂനപക്ഷങ്ങൾക്കും ഇസ്‌ലാമികാധ്യാപനങ്ങൾ തെറ്റായി അവതരിപ്പിക്കുന്നതിന്റെ ഫലമായി തങ്ങളുടെ പ്രതികരണത്തെ ശരിയായ വഴിയിൽ നിറുത്തുവാൻ കഴിയുന്നില്ല. അവരെ തെറ്റായ വഴിയിൽ നടത്തുന്നു; അവിടെ നേരായ മാർഗത്തിൽ നടക്കുക എന്നത് അവർക്ക് സാധ്യവുമല്ല. അതിന്റെ ഫലമായി കഠിനമായ നഷ്ടം വഹിക്കുകയും ഇസ്‌ലാമിന്റെ കൂടുതൽ ചീത്തപ്പേരിന് നിമിത്തരായിത്തീരുകയും ചെയ്യുന്നു.' (ഖുത്ബാത്തെ ത്വാഹിർ വാള്യം 10, പേജ് 56. ജുമുഅ ഖുത്ബ 25-1-1991)

## മൂന്ന് വീക്ഷണത്തിന്റെ ഫലമായാണ് ഇസ്‌ലാമിന്റെ ചിത്രം വികലമായി അവതരിപ്പിക്കപ്പെടുന്നത്.

ഇസ്‌ലാമിനോടു കൂറില്ലായ്മയുടെ കല്പന ഉൾക്കൊള്ളുന്ന അങ്ങേയറ്റം ഭയാനകമായ കാര്യങ്ങളാണ് ആഗോള ഇസ്‌ലാമിൽ നടപ്പിലുള്ളത്. ഇസ്‌ലാമിന്റെ നീതിപരമായ അധ്യാപനത്തെ മനസ്സിലാക്കുന്നതിനും സ്വീകരിക്കുന്നതിനും പകരം ഇസ്‌ലാമിനെ ലോകത്തിന്റെ മുമ്പിൽ നീതിയുമായി വിദൂരബന്ധംപോലും ഇല്ലാത്ത മതമെന്ന തരത്തിലാണ് അവതരിപ്പിക്കപ്പെടുന്നത്. ഇതിൽ ഏറ്റവും വലിയ കുറ്റം മുല്ലാമാരുടേതും രാഷ്ട്രീയക്കാരുടേതുമാണ്. ഈ ഇരുവരുടേയും യോജിപ്പ് ഇസ്‌ലാമിന്റെ നീതിവ്യവസ്ഥിതിയെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇസ്‌ലാമിന്റേതെന്നു പറഞ്ഞ് മൂന്നു സിദ്ധാന്തമാണ് അവതരിപ്പിക്കപ്പെടുന്നത്. ഇതിന്റെ ഫലമായി പുറംലോകത്ത് ഇസ്‌ലാമിന്റെ ചിത്രം അക്രമപരമായ നിലയിൽ വികലമാക്കി അവതരിപ്പിച്ചുകൊണ്ടിരിക്കുന്നു. എല്ലാ ഓരോ ഇസ്‌ലാമിക രാജ്യത്തുനിന്നും സമാധാനം ഉയർന്നുപൊയ്ക്കൊണ്ടിരിക്കുന്നു.

ആദ്യത്തെ സിദ്ധാന്തം വാളെടുത്തുള്ള ഉപയോഗമാണ്. ഇത് പ്രചരിപ്പിക്കുന്നത് അനുവദനീയമാണെന്ന് മാത്രമല്ല നിർബന്ധവുമാണത്രെ. വാളിന്റെ ശക്തിയാൽ സിദ്ധാന്തങ്ങൾ മാറ്റുന്നതിന്റെ പേരാണ് ഇസ്‌ലാമിക ജിഹാദ്. പക്ഷേ, അതിനോടൊപ്പം ഇങ്ങനെയും പറയുന്നുണ്ട്, ഈ അവകാശം മുസ്‌ലിമീങ്ങൾക്ക് മാത്രമുള്ളതാണ്. ഏതെങ്കിലും മുസ്‌ലിമിന്റെ സിദ്ധാന്തത്തെ ബലം പ്രയോഗിച്ച് മാറ്റാൻ ക്രിസ്ത്യാനികൾക്കോ യഹൂദർക്കോ, ഹിന്ദുക്കൾക്കോ, ബുദ്ധമതക്കാർക്കോ അവകാശമില്ലത്രെ! പക്ഷേ, അല്ലാഹു ഈ അവകാശം മുഴുവനും മുസ്‌ലിമീങ്ങളെ മാത്രം ചുമതലപ്പെടുത്തിയിരിക്കുന്നുവത്രെ! എത്രമാത്രം അനീതിപരവും അജ്ഞതാപരവുമായ ചിത്രമാണിത്. അതിനെ ഇസ്‌ലാമിന്റെ പേരിൽ മുഴുലോകത്തും പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു!

ഇതിന്റെ രണ്ടാമത്തെ ഭാഗം ഏതെങ്കിലും അമുസ്‌ലിം, മുസ്‌ലിമായാൽ അവന് വധശിക്ഷ വിധിക്കാൻ ആർക്കും അവകാശമില്ല. മുഴുലോകത്തും ആർക്കുവേണമെങ്കിലും തന്റെ മതം ഉപേക്ഷിച്ച് ഇസ്‌ലാമിൽ പ്രവേശിച്ചുകൊണ്ടിരിക്കാം. ലോകത്തുള്ള ഒരു മതത്തിനും അയാൾക്ക് വധശിക്ഷ വിധിക്കാൻ അവകാശമില്ല. പക്ഷേ, ഏതെങ്കിലും മുസ്‌ലിം മറ്റു മതം സ്വീകരിച്ചാൽ അയാളെ ഗളച്ഛേദം ചെയ്യാൻ എല്ലാ മുസ്‌ലിമീങ്ങൾക്കും അവകാശമുണ്ട്. ഇതാണ് ഇസ്‌ലാമിന്റെ രണ്ടാമത്തെ നീതിപരമായ അടിസ്ഥാന നിയമം! അത് ഇസ്‌ലാമിന്റെ ധ്വജവാഹകർ എന്നു പറയുന്നവർ അല്ലാഹുവിന്റേയും ഖുർആന്റേയും പേരിൽ ലോകത്തിന്റെ മുമ്പിൽ അവതരിപ്പിക്കുന്നു.

മൂന്നാമത്തെ അടിസ്ഥാനപരമായ നിയമം മുസ്‌ലിം ഭരണകൂടങ്ങളുടെ നിർബന്ധകടമയാണ്. ഇസ്‌ലാമിക ശരീഅത്തിനെ ബലാൽക്കാരമായി ഇസ്‌ലാമിൽ വിശ്വസിക്കാത്തവരുടെമേൽ അടിച്ചേൽപിക്കുക എന്നത്. പക്ഷേ, തങ്ങളുടേതായ മതനിയമങ്ങൾ മുസ്‌ലിമീങ്ങളുടെമേൽ നടപ്പിലാക്കാൻ മറ്റു മതക്കാർക്ക് അവകാശമില്ല. ഈ സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ യഹൂദികൾക്കും മുസ്‌ലിമീങ്ങളോട് ത്വാൽമൂദിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ വെച്ചു പെരുമാറാൻ അവകാശമില്ല. മനുസ്മൃതിയിൽ പറഞ്ഞിട്ടുള്ളതുപോലെ മുസ്‌ലിമീങ്ങളോടു പെരുമാറാൻ ഹിന്ദുക്കൾക്കും അവകാശമില്ല. അതിനാൽ ഈ മൂന്നാമത്തെ നിയമവും നീതിപരമാണത്രെ!!! ഇത് കേവലം ഉദാഹരണമാണ്. പക്ഷേ, യഥാർഥത്തിൽ നിങ്ങൾ കൂടുതൽ പരിശോധിക്കുകയാണെങ്കിൽ ധാരാളം മറ്റു കാര്യങ്ങളും ഇന്നത്തെ മൗലവിമാർ സമർപിച്ചിട്ടുള്ള ചിത്രം ഇസ്‌ലാമിന്റേയും വിശുദ്ധഖുർആന്റേയും വ്യക്തവും ഖണ്ഡിതവുമായ നീതിപരമായ അടിസ്ഥാനകാര്യത്തിന് വിരുദ്ധമാണെന്ന് കാണാം; അതിനെ ഖണ്ഡിക്കുന്നതാണ്. ഇന്ന് ലോകത്ത് ഇസ്‌ലാമിന്നെതിരിൽ ഏറ്റവുമധികം ഉപയോഗിക്കപ്പെടുന്ന ആയുധം ഈ മൂന്നു അടിസ്ഥാനപരമായ സിദ്ധാന്തമാണ്. ഇവയുടെ ഫാക്ടറികൾ മുസ്‌ലിം രാജ്യങ്ങളിൽ സ്ഥാപിച്ചിരിക്കുന്നു. യഹൂദികൾ ഏറ്റവുമധികം വിജയത്തോടുകൂടി ഈ മൂന്ന് ഇസ്‌ലാമിക നിയമങ്ങളെ അതായത് നഊദുബില്ലാഹ് മിൻ ദാലിക്ക് ഇസ്‌ലാമിക നിയമങ്ങളെ മൗലവിമാർ ഉണ്ടാക്കിയിട്ടുള്ള നിയമങ്ങൾ എന്നു പറയണം, പാശ്ചാത്യലോകത്തും മറ്റു ലോകത്തും അവതരിപ്പിക്കുന്നു. അവർ ചോദിക്കുന്നത് ഇക്കൂട്ടരിൽനിന്ന് നിങ്ങൾക്ക് എങ്ങനെ സമാധാനം ലഭിക്കുമെന്നാണ്. ഇക്കൂട്ടരിൽനിന്ന് നമുക്ക് എങ്ങനെ സമാധാനം ലഭിക്കാനാണ്. അവരുടെ നീതിയുടെ ചിത്രം തന്നെ, ന്യായത്തിന്റെ ചിത്രംതന്നെ ഭ്രാന്തന്മാരുടേതുപോലുള്ളതാണ്. അവയുടെ ഉള്ളിൽ ബുദ്ധിയുടെ കലർപ്പുപോലും കാണുന്നില്ല. മുസ്‌ലിമീങ്ങൾക്കും അന്യർക്കുമുള്ള എല്ലാ അവകാശങ്ങളും മുസ്‌ലിമീങ്ങൾക്കു മാത്രമാണത്രെ! അന്യർക്കെല്ലാം ആ അവകാശങ്ങൾ നിഷേധിക്കപ്പെട്ടിരിക്കുന്നു. നഊദുബില്ലാഹ് മിൻദാലിക്ക് ഇതാണ് ഖുർആനിക നിയമമാണെങ്കിൽ തീർച്ചയായും മുഴുവൻ ലോകവും ഇതിനെ വെറുക്കുന്നതായിരിക്കും. മുസ്‌ലിമീങ്ങൾ ആഗോള സമാധാനത്തിന് കടുത്ത ഭീഷണിയായിരിക്കും.

മറ്റൊരു അത്ഭുതകരമായ കാര്യം ജിഹാദിന്റെ വാദം ഉന്നയിക്കുന്നുണ്ട്. വിളംബരവും ചെയ്യുന്നുണ്ട്. അതിനോടൊപ്പം മുല്ലമാരുടെ ഈ മൂന്ന് നിയമവും അംഗീകരിക്കുന്നുണ്ട്. ഇത് രാഷ്ട്രീയക്കാരുടെ രണ്ടാമത്തെ കുറ്റകൃത്യമാണ്. ഇസ്‌ലാമിന്റെ നീതി വ്യവസ്ഥിതി മുല്ലമാർ പറയുന്ന ഇത്തരത്തിലുള്ള യുദ്ധം-ജിഹാദ് ചെയ്യാൻ ഉപദേശിക്കുന്നില്ല. ദേശീയമായ എന്തെങ്കിലും ഭീഷണിയുണ്ടാകുകയും രാഷ്ട്രീയമായി യുദ്ധം മുന്നിലുണ്ടാവുകയും ചെയ്താൽ അവരുടെ സഹശബ്ദം ആയിക്കൊണ്ട് പൊതുജനത്തെ ജിഹാദിന്റെ പേരിൽ വിളിക്കാൻ മുല്ലമാരോട് പറയുന്നു. ഇതിന്റെ ഫലമായി ലോകം ആ ജനതകളെ കൂടുതൽ വെറുക്കാൻ തുടങ്ങുന്നു. അവരുടെ രാഷ്ട്രീയക്കാർ ബാഹ്യമായി പറയുന്നത് വാളിന്റെശക്തികൊണ്ട് വീക്ഷണങ്ങൾ പ്രചരിപ്പിക്കുകയോ എല്ലാ കലഹങ്ങളിലും അല്ലാഹുവിന്റെ പേരെടുക്കുകയോ ചെയ്യുക എന്നത് ഒരിക്കലും ഇസ്‌ലാമിക ജിഹാദല്ലെന്നാണ്. എന്നാൽ, ആവശ്യം വരുമ്പോൾ എപ്പോഴും ആ ചിത്രത്തെ ആശ്രയിക്കുകയും ചെയ്യുന്നു. ആവർത്തിച്ചാവർത്തിച്ച് എല്ലായിടത്തും ഇതാണ് നടക്കുന്നത്; നടന്നുവരുകയും ചെയ്യുന്നു.' (ഖുത്ബാത്തെ ത്വാഹിർ, വാള്യം 10, പേജ് 178, ജുമുഅ ഖുത്ബ 1-3-1991)

യഥാർഥവും ഒന്നാമത്തേതും അതിശ്രേഷ്ഠവുമായ ജിഹാദ് തങ്ങളുടെ നാഥനിലേക്ക് മനുഷ്യകുലത്തെ വിളിക്കുക എന്നതാണ്. *ഉദ്ഉ ഇലാ സബീലി റബ്ബിക്ക ബിൽഹിക്മത്തി വൽമൗയിളത്തിൽ ഹസനത്തി വ ജാദിൽഹും ബില്ലത്തീ ഹിയ അഹ്സനു. ഇന്ന റബ്ബക്ക ഹുവ അഅ്‌ലമു ബിമൻ ളല്ല അൻ സബീലിഹീ വഹുവ അഅ്‌ലമു ബിൽ മുഹ്തദീൻ* (16:126)

ഞാൻ ഓതിയ ആയത്തിൽ അല്ലാഹുവിന്റെ

## മതത്തിന്റെമേൽ ആക്രമണം നടത്തുന്നവർക്കെതിരെ മാത്രമാണ് ജിഹാദ്. ബാക്കി യുദ്ധങ്ങൾ രാഷ്ട്രീയപരവും ദേശീയപരവുമായ യുദ്ധങ്ങൾ എന്നു പറയപ്പെടുന്നു.

### (സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്))

“അല്ലാഹു മതപരമായ യുദ്ധത്തിൽ പീഢിതരേയും സത്യത്തിൽ നിലകൊള്ളുന്നവരേയും തീർച്ചയായും സഹായിക്കുന്നു. നബി(സ) തിരുമേനിയുടെ ജീവിത കാലത്ത് അക്രമങ്ങൾ എത്രമാത്രമാണ് നടന്നുകൊണ്ടിരുന്നതെന്നാൽ മർദിതാവസ്ഥയുടെ അങ്ങേയറ്റമായിരുന്നു. മുസ്‌ലിമീങ്ങളുടെ മക്കയിലുണ്ടായിരുന്ന ദുർബലാവസ്ഥ എപ്പോഴും പ്രകടമായിക്കൊണ്ടിരുന്നു. മതപരമായ യുദ്ധങ്ങൾ ഹിജ്റത്തിനു ശേഷം ആരോടെങ്കിലും ചെയ്തിട്ടുണ്ടായിരുന്നെങ്കിൽ അത് മുസ്‌ലിമീങ്ങളോടായിരുന്നു. അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് താൻ പ്രബലനും പ്രതാപവാനുമാണെന്നതിന് തെളിവുകൾ നല്കി. നിരാലംബരും എണ്ണത്തിൽ വളരെ കുറഞ്ഞവരും അനുഭവപരിചയമില്ലാത്തവരുമായിരുന്നിട്ടും “ഇനി നിങ്ങൾ യുദ്ധം ചെയ്യാൻ’ മുസ്‌ലിമീങ്ങളോടു കല്പിച്ചു. അങ്ങനെ അവരെ സഹായിക്കുകയും ചെയ്തു. മുസ്‌ലിമീങ്ങളെ സഹായിക്കാൻ മലക്കുകളെ അയച്ചു. ഇതിൽനിന്ന് അല്ലാഹു യുദ്ധം ചെയ്യാനുള്ള അനുവാദം പ്രതിരോധമെന്ന നിലയിലാണ് നല്കിയതെന്നും മനസ്സിലായി. അത് സമാധാനം സ്ഥാപിക്കുന്നതിനാണ് നല്കിയത്. മതത്തിനുമേൽ ആക്രമണം നടത്തുന്നവർക്കെതിരെ മാത്രമാണ് വാളെടുത്തുള്ള ജിഹാദ്. മറ്റു നടക്കുന്ന യുദ്ധങ്ങൾ മുസ്‌ലിം രാഷ്ട്രത്തോടു ചെയ്യുകയാണെങ്കിലും മുസ്‌ലിമീങ്ങളും അമുസ്‌ലിമീങ്ങളും തമ്മിലാണെങ്കിലും രാഷ്ട്രീയപരവും ദേശീയവുമായ യുദ്ധങ്ങളാണെന്നാണ് പറയുക. ഇപ്പോൾ നടക്കുന്ന യുദ്ധങ്ങൾ രാഷ്ട്രീയപരവും ദേശീയപരവുമായ യുദ്ധങ്ങളാണ്;ജിഹാദല്ല.

പിന്നീട് അല്ലാഹു താൻ ശക്തനാണെന്ന് വിളംബരം ചെയ്തുകൊണ്ട് ഇങ്ങനെ പറഞ്ഞു: “മതത്തിനുമേൽ ആക്രമണം നടത്തുന്നവർക്കെതിരിൽ ഞാൻ മതവിശ്വാസികളെ സഹായിക്കുന്നതായിരിക്കും. കാരണം ഇപ്പോൾ അവസാനത്തേതും തികവുറ്റതുമായ മതം അല്ലാഹുവിന്റെ വിളംബരം അനുസരിച്ച് ഇസ്‌ലാമാണ്. അതുകൊണ്ട് അല്ലാഹു മുസ്‌ലിമീങ്ങളെ സഹായിക്കുമെന്ന് വാഗ്ദാനം ചെയ്തു. *ഇന്നല്ലാഹ ലഖവിയ്യുൻ അസീസ്*(58:22) തീർച്ചയായും അല്ലാഹു പ്രബലനും പ്രതാപവാനുമാണ് എന്നു പറഞ്ഞുകൊണ്ട് മുസ്‌ലിമീങ്ങൾക്കെതിരെ മതപരമായ യുദ്ധമുണ്ടായാൽ ഞാൻ സഹായിക്കുന്നതായിരിക്കുമെന്ന് തുറന്നു പറഞ്ഞു. ഇക്കാലത്തു നടക്കുന്ന ആക്രമണങ്ങളിലും കുഴപ്പങ്ങളിലും യുദ്ധങ്ങളിലും വിജയം കരസ്ഥമാക്കുന്നതിനുപകരം മുസ്‌ലിമീങ്ങൾ നിന്ദിതരായിക്കൊണ്ടിരിക്കുകയാണ്. അത് തെളിയിക്കുന്നത് ഇത് ജിഹാദല്ലെന്നാണ്. അല്ലാഹുവിന്റെ ദൃഷ്ടിയിൽ ഇത് മതപരമായ യുദ്ധമല്ല. അക്കാരണത്താൽ ഇവർക്ക് അല്ലാഹുവിന്റെ സഹായവുമില്ല.’(ഖുത്ബാത്തെ മസ്‌റൂർ വാള്യം 7 പേജ് 478, ജുമുഅ ഖുത്ബ 9–10–2009)

“കഴിഞ്ഞദിവസം ഇവിടത്തെ പത്രത്തിലെ ഒരു കോളമെഴുത്തുകാരനും ഇപ്രകാരംതന്നെ ഒരു ആസ്ത്രേലിയൻ രാഷ്ട്രീയനേതാവും ഇസ്‌ലാമികാധ്യാപനങ്ങളിലുള്ള ജിഹാദിന്റേയും മറ്റു കല്പനകളുടേയും ഫലമായിട്ടാണ് മുസ്‌ലിമീങ്ങൾ തീവ്രവാദികളാകുന്നതെന്ന് പറഞ്ഞിരുന്നു. ഇസ്‌ലാമിക കല്പനകളെക്കുറിച്ച് കഴിഞ്ഞദിവസം യു.കെ.(UK)യിലേയും ഭരണകക്ഷിയിൽപ്പെട്ട ഒരു രാഷ്ട്രീയനേതാവും ഇസ്‌ലാമിൽ അല്പസ്വല്പം തീവ്രവാദപരമായ കല്പനകളും ബലംപ്രയോഗിക്കാനുള്ള നിർദേശങ്ങളും ഉള്ളതുകൊണ്ടാണ് മുസ്‌ലിമീങ്ങൾക്ക് തീവ്രവാദത്തിലേക്ക് ചായ്‌വുള്ളതെന്നും പറഞ്ഞിരുന്നു. ഇപ്പോൾ ഇസ്‌ലാമിന്റെ പേരിൽ ഇറാഖിലും ശാമിലും തീവ്രവാദഗ്രൂപ്പ് കുറച്ചുപ്രദേശം കീഴടക്കി തങ്ങളുടെ ഭരണം സ്ഥാപിച്ചിരിക്കുകയാണ്. അവർ പാശ്ചാത്യ രാജ്യങ്ങൾക്കും മുന്നറിയിപ്പ് നല്കിയിരിക്കുന്നുവെന്നു മാത്രമല്ല ചിലയിടങ്ങളിൽ അക്രമപരമായ ആക്രമണം നടത്തി നിരപരാധികളെ വധിക്കുകയും ചെയ്തു....ഇക്കാര്യം പൊതുജനങ്ങളെ ഭയപ്പെടുത്തിയതോടൊപ്പം ചില രാഷ്ട്രനേതാക്കന്മാർക്ക് അജ്ഞതകൊണ്ടോ ഇസ്‌ലാം വിരുദ്ധ ചിന്താഗതികൾകൊണ്ടോ ഇസ്‌ലാമിന്നെതിരിൽ പറയാനുള്ള അവസരവും കൊടുത്തു. പറയുന്നവരും എഴുതുന്നവരും ഇങ്ങനേയും എഴുതുകയും പറയുകയും ചെയ്യുന്നുണ്ട്: മറ്റു മതങ്ങളുടെ അധ്യാപനങ്ങളിലും കടുത്ത നിലപാടുണ്ടെന്നത് ശരിതന്നെ. ചില കല്പനകളുണ്ട്. പക്ഷേ, അവയിൽ വിശ്വസിക്കുന്നവർ ഇപ്പോൾ അതനുസരിച്ച് പ്രവർത്തിക്കാറില്ല. അല്ലെങ്കിൽ അവസ്ഥകൾക്കനുസരിച്ച് ഭേദഗതികൾ വരുത്തിയിരിക്കുന്നു. കാലത്തിന്റെ ആവശ്യമനുസരിച്ച് ആ അധ്യാപനങ്ങളെ തിരുത്തിയിരിക്കുന്നു. അതുകൊണ്ട് വിശുദ്ധഖുർആനിലും ഇക്കാലത്തിനനുസരിച്ച് അതിന്റെ കല്പനകൾ വാർത്തെടുക്കേണ്ട ആവശ്യമുണ്ടെന്നാണ് അവർ സമ്മർദം ചെലുത്തുന്നത്......ചില മുസ്‌ലിം സംഘടനകളുടെ ഇസ്‌ലാമിന്റെ പേരിലുള്ള തെറ്റായ പ്രവർത്തനം കൊണ്ട് അതിന് ദുഷ്പേരുണ്ടായിട്ടുണ്ടെന്ന് ഞങ്ങൾ അംഗീകരിക്കുന്നു. പക്ഷേ അതിന് വിശുദ്ധഖുർആനെ പഴിക്കുന്നതും അത് പാരമ്യതയിലെത്തിച്ച് കൊണ്ടുനടക്കുന്നതും ഇസ്‌ലാമിന്നെതിരിൽ മനസ്സുകളിൽവെച്ചു പുലർത്തുന്ന വെറുപ്പിന്റേയും വിദ്വേഷത്തിന്റേയും പ്രകടനമാണ്. അതിന്റെ ഒരു തികഞ്ഞ പ്രകടനമാണ് ഈയിടെയായി അമേരിക്കയിലെ ഒരു പ്രസിഡണ്ട് സ്ഥാനാർഥിയുടെ(ഡൊണാൾഡ് ട്രംപ്–വിവ:) ഇസ്‌ലാമിനും മുസ്‌ലിമീങ്ങൾക്കുമെതിരെയുള്ള സംസാരം.

എന്തായാലും ഇസ്‌ലാമിനെ സംബന്ധിച്ച് എന്തുവേണമെങ്കിലും ഇവർ പറഞ്ഞുകൊള്ളട്ടെ, പക്ഷേ, ഇസ്‌ലാമിന്റെ സുന്ദരമായ അധ്യാപനങ്ങളെ നേരിടാൻ ഒരു മതാധ്യാപനങ്ങൾക്കും സാധ്യമല്ല. അവർ ഉണ്ടാക്കിവെച്ചിട്ടുള്ള നിയമങ്ങൾക്കും കഴിയുകയില്ല.......കഴിഞ്ഞദിവസം ഇവിടെ ബ്രിട്ടീഷ് പാർലമെന്റിൽ ഗ്ലാസ്ഗോയിലെ ഒരു എം.പി(MP) ഇസ്‌ലാമിന്റെ യാഥാർഥ്യത്തെ സംബന്ധിച്ച് അഹ്മദിയ്യാ ജമാഅത്തിനെ ഉദ്ധരിച്ചുകൊണ്ട് പറഞ്ഞു: “ഇസ്‌ലാമിന്റെ ശാന്തിയുടേയും സമാധാനത്തിന്റേയും അധ്യാപനമനുസരിച്ച് പ്രവർത്തിക്കുന്നത് അഹ്മദിമുസ്‌ലിമീങ്ങളാണ്. ഗ്ലാസ്ഗോയിൽ അവർ സംഘടിപ്പിച്ച പീസ് സിമ്പോസിയത്തിൽ ഞാനും പങ്കെടുത്തിരുന്നു.” അവർ ഒരുപാട് പ്രശംസിച്ചു പറഞ്ഞിരുന്നു. അത് കേട്ട് അവിടെ ഇരുന്ന വിദേശകാര്യമന്ത്രി, ഹോം സെക്രട്ടറിയും പറഞ്ഞു: “അഹ്മദി സമർപിക്കുന്ന ഇസ്‌ലാം തീവ്രവാദികൾ കാണിക്കുന്ന ഇസ്‌ലാമിന് തികച്ചും വിരുദ്ധമാണ്. യഥാർഥത്തിൽ അഹ്മദി സമാധാനപ്രിയരായ പൗരരാണ്. യാഥാർഥ്യമെന്താണെന്നുവെച്ചാൽ അഹ്മദി പുതിയ അധ്യാപനങ്ങളൊന്നും സമർപിക്കുന്നില്ല. മറിച്ച്, വിശുദ്ധഖുർആന്റെ അധ്യാപനങ്ങൾ തന്നെയാണ് സമർപിക്കുന്നത്.” ഇങ്ങനെയൊരു സംഭവമുണ്ടായിട്ട് അതിനെ ഉടനെ പ്രയോജനപ്പെടുത്താതെ മിണ്ടാതിരുന്നാൽ കുറച്ചുകഴിയുമ്പോൾ ജനങ്ങൾ അത് മറക്കുകയും അങ്ങനെയൊരു സംഭവം ബ്രിട്ടീഷു പാർലമെന്റിലുണ്ടായിരുന്നുവെന്ന് പറഞ്ഞ് അത് അവസാനിക്കുകയും ചെയ്യും. ഇസ്‌ലാമിന്റെ അധ്യാപനമെന്താണെന്നുള്ളത് എപ്പോഴും നമ്മൾ ആർദ്രമാക്കിവെക്കേണ്ട ആവശ്യമുണ്ട്. മാധ്യമങ്ങൾ ഒരുവട്ടം വാർത്ത നല്കി. നമ്മൾ അതോടെ നിശബ്ദരുമായി. ഭീകരാക്രമണമുണ്ടായി കുറെ കഴിഞ്ഞാൽ ജനങ്ങൾ നിശ്ശബ്ദരാകും. ജനങ്ങൾ നിശബ്ദരായെന്ന് പറഞ്ഞ് ഒരിക്കൽ പത്രവാർത്തയും വന്നിരുന്നു. പക്ഷേ, ഭീകരാക്രമണത്തിന്റെ എന്തെങ്കിലും സംഭവമുണ്ടായാലും ഇല്ലെങ്കിലും അതുദ്ധരിച്ചുകൊണ്ട് പത്രങ്ങളിൽ വലിയ ശീർഷകങ്ങൾ കൊടുക്കാറുണ്ട്. അതിനെ തുടർന്ന് ഇസ്‌ലാം വിരുദ്ധർക്ക് ഇസ്‌ലാമിന്നെതിരിൽ തുടരെത്തുടരെ സംസാരിക്കാൻ അവസരങ്ങൾ കിട്ടുന്നു.

---

വഴിയിൽ ഈ ജിഹാദിന്റെ വിഷയം വിവരിച്ചിരിക്കുന്നു. അത് യഥാർഥവും ഒന്നാമത്തേതും അതിശ്രേഷ്ഠവുമായ ജിഹാദാകുന്നു. അതായത് സ്വന്തം രക്ഷിതാവിലേക്ക് മാനവകുലത്തെ ക്ഷണിക്കുക. ഈ ജിഹാദ് എങ്ങനെയായിരിക്കും ചെയ്യപ്പെടുക. ഏതു ആയുധങ്ങൾ കൊണ്ടായിരിക്കും ഈ യുദ്ധം ചെയ്യുക? അത് സംബന്ധിച്ച് ഈ വിശുദ്ധവചനം പറയുന്നു: *ഉദ്ഉ ഇലാ സബീലി റബ്ബിക്ക* നിന്റെ റബ്ബിന്റെ വഴിയിലേക്ക് മനുഷ്യകുലത്തെ യുക്തിയോടുകൂടി വിളിക്കുക. വാളോ കുന്തമോ കൊണ്ടല്ല വഴക്കു പറഞ്ഞും കലഹിച്ചുമല്ല. ഭീഷണിപ്പെടുത്തിയല്ല. പ്രത്യുത യുക്തിയോടുകൂടി. *വൽമൗയിളത്തിൽ ഹസനത്തി.* നല്ല ഉപദേശം മുഖേന. മനസുകളെ തന്നിലേക്ക് ആകർഷിച്ചെടുക്കുംവിധമുള്ള നല്ല ഉപദേശം മുഖേന. *വ ജാദിൽഹും ബില്ലത്തി ഹിയ അഹ്സൻ.* അവസാനം ഇനി യുദ്ധം ചെയ്യേണ്ടി വന്നാൽത്തന്നെ ഏറ്റവും ഉത്തമമായ രീതിയിൽ പോരാടുക; ഏറ്റവും നല്ല തെളിവുകൾ സ്വീകരിക്കുക. ഏറ്റവും നല്ലരീതിയിൽ അതായത് ഹൃദയത്തെ ആകർഷിക്കുന്നരീതിയിൽ തെളിവുകൾ അവതരിപ്പിക്കുക. കാരണം ഉദ്ദേശ്യം മനസ്സിനെ കീഴ്പ്പെടുത്തുക എന്നതാണ്. ആളുകളെ പരാജയപ്പെടുത്തലല്ല. അതിനാൽ ഇതാണ് ആ ഒന്നാമത്തേ തും യഥാർഘവുമായ ജിഹാദ്. ഇതലേക്കാണ് വിശുദ്ധ ഖുർആൻ എല്ലാ സത്യവിശ്വാസികളേ യും വിളിക്കുന്നത്. ജിഹാദിന്റെ രീതികളെക്കുറിച്ച് വ്യക്തമായ നിലയിൽ അറിയിക്കുന്നു. ഈ ജിഹാദിൽ ഉപയോഗിക്കപ്പെടുന്ന ആയുധത്തെക്കുറിച്ചും വിവരിച്ചിരിക്കുന്നു.” (ഖുത്ബാത്തെ ത്വാഹിർ, വാള്യം 10, പേജ് 869, ജുമുഅ ഖുത്ബ 8–11–1991)

കഴിഞ്ഞ ദിവസങ്ങളിൽ ഞാൻ ജപ്പാനിലായിരുന്നു. അവിടേയും വിദ്യാസമ്പന്നരായ ആളുകൾ ഇത് പ്രകടിപ്പിച്ചിരുന്നു. എന്നല്ല, ഒരു പാതിരിയും പറഞ്ഞു: "നിങ്ങൾ വിശുദ്ധഖുർആന്റെ വെളിച്ചത്തിൽ വിവരിക്കുന്ന ഇസ്‌ലാമിനെക്കുറിച്ച് അറിയേണ്ടത് ജപ്പാനിക ൾക്ക് വളരെ ആവശ്യമാണ്. എന്നല്ല ലോകത്തിനു തന്നെയും ആവശ്യമുണ്ട്.' അദ്ദേഹം പറഞ്ഞു: "പക്ഷേ, താങ്കൾ സംസാരിക്കുന്ന ഈ ഫംഗ്ഷനിൽ മാത്രം ഇത് പരിമിതപ്പെടുത്താതിരിക്കുമ്പോഴാണ് അതിന് ഫലമുണ്ടാകുന്നത്......അതിനാൽ ഓരോ അഹ്മദിക്കും വളരെ വലിയ ഉത്തരവാദിത്വമാണുള്ളത്. ദീനിന്റെ വ്യക്തിഗതമായ വിശേഷഗുണങ്ങളെ അവതരിപ്പിക്കുന്നതിന് വിശുദ്ധഖുർആന്റെ ജ്ഞാനം കരസ്ഥമാക്കുക. പിന്നീട് സ്വന്തം സൽമാതൃക സ്ഥാപിച്ച് ലോകത്തെ നമ്മളിലേക്ക് വലിച്ചടുപ്പിക്കണം. ഈ ജ്ഞാനവും കർമവും മുഖേന ഇക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദാസത്വത്തിൽ വന്നുകൊണ്ട് വിശുദ്ധഖുർആന്റേയും ഇസ്‌ലാമിന്റെയും സംരക്ഷണപ്രക്രിയയിൽ നമുക്ക് പങ്കാളികളാകാൻ കഴിയും. ലോകത്ത് യഥാർഥ സമാധാനം സ്ഥാപിക്കണമെങ്കിൽ വിശുദ്ധഖുർആൻ മുഖേന മാത്രമേ അത് സാധിക്കുകയുള്ളൂവെന്ന് ലോകത്തോട് പറയാൻ കഴിയും......ഇസ്‌ലാമിന്റെ അധ്യാപനം മൈത്രീബന്ധത്തിന് കൈനീട്ടുന്ന അധ്യാപനമാണ്. ശാന്തിയും സമാധാനവും സ്ഥാപിക്കുന്നതിനുള്ള അധ്യാപനമാണ്. ശാന്തിയുടേയും സ്നേഹത്തിന്റേയും സന്ദേശം നല്കുന്ന അധ്യാപനമാണ്. ചില മുസ്‌ലിം സംഘടനകൾ ഇതനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ അതവരുടെ ദൗർഭാഗ്യമാണ്. വിശുദ്ധഖുർആൻ യഥാർഥ വാക്കുകളിൽ അവരുടെ കൈയിലുണ്ട്. പക്ഷേ, അവർ പ്രവർത്തിക്കുന്നില്ലെന്നുമാത്രം! വിശുദ്ധഖുർആന്റെ അധ്യാപനങ്ങളെ അതിന്റെ കല്പനകളെ അവർ കാത്തുസംരക്ഷിക്കേണ്ടതായിരുന്നു. പക്ഷേ അവർ സംരക്ഷിക്കുന്നില്ല. അതിന്റെ സംരക്ഷണം ഹദ്റത്ത് മസീഹ് മൗഊദും(അ) ആ മഹാത്മാവിന്റെ ജമാഅത്തുമാണ് ചെയ്യേണ്ടത്. "നിങ്ങളുടെ സമാധാനവും ശാന്തിയും അപകടത്തിലുള്ളത് ഇസ്‌ലാമിനെക്കൊണ്ടല്ല മറിച്ച് ഇസ്‌ലാമികവിരുദ്ധം പ്രവർത്തിക്കുന്നവരെക്കൊണ്ടാണ്' എന്ന് നമ്മൾ നമ്മുടെ അറിവും കർമവും കൊണ്ട് ലോകത്തിന് പറഞ്ഞുകൊടുക്കണം. .......ഇസ്‌ലാമിന് ദുഷ്പേരുണ്ടാക്കുന്ന ഇക്കൂട്ടർ കളവും കറ്റുകെട്ടും കൊണ്ടാണ് പ്രവർത്തിക്കുന്നത്. അവരുടെ ഈ കളവും കറ്റുകെട്ടുമാണ് യഥാർഥത്തിൽ ലോകസമാധാനത്തിന് ഭീഷണി. ഇക്കൂട്ടർ തങ്ങളുടെ സ്വാർഥലാഭത്തിനും ലോകത്ത് തങ്ങളുടെ ഭൂമിശാസ്ത്രപരവും രാഷ്ട്രീയപരവുമായ ഉന്നതി കരസ്ഥമാക്കുന്നതിനുംവേണ്ടി കുഴപ്പമുണ്ടാക്കുകയാണ്. മുസ്‌ലിം രാഷ്ട്രങ്ങൾ ഉണ്ടാക്കുന്ന കുഴപ്പങ്ങളിലും ചില വൻരാഷ്ട്രങ്ങൾക്ക് പങ്കുണ്ട്. ഇപ്പോൾ വിവിധ പാശ്ചാത്യമാധ്യമങ്ങൾ -സ്വയം അവരുടെതന്നെ ആളുകൾ മുസ്‌ലിമീങ്ങളിലെ തീവ്രവാദ സംഘടനകൾ തങ്ങളുടെതന്നെ സൃഷ്ടികളാണെന്ന് പറയാൻ തുടങ്ങിയിരിക്കുന്നു. അത് തങ്ങൾ ഇറാഖിലെ യുദ്ധത്തിനുശേഷം അല്ലെങ്കിൽ സിറിയയുടെ അവസ്ഥകൾക്കുശേഷം സൃഷ്ടിച്ചതാണെന്ന് പറയുന്നു. ഇക്കാര്യത്തിൽനിന്ന് ഞാൻ മുസ്‌ലിമീങ്ങളേയും ഇസ്‌ലാമിന്റെ പേരിൽ മുസ്‌ലിം എന്നു പറഞ്ഞുകൊണ്ട് ഭീകരപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരേയും ഇസ്‌ലാമിന്റെ അധ്യാപനങ്ങളെ തെറ്റായി പ്രകടിപ്പിക്കുന്നവരേയും മുക്തരാക്കുന്നില്ല. പക്ഷേ, ഈ അഗ്നിയെ ജ്വലിപ്പിക്കുന്നതിൽ വൻശക്തികൾക്ക് എന്തായാലും പങ്കുണ്ട്. നീതിയോടുകൂടി പ്രവർത്തിക്കാത്തതിന്റെ കാരണത്താലാണ് ഇതെല്ലാം ഉണ്ടായിക്കൊണ്ടിരിക്കുന്നത്.'(ഖുത്ബ ജുമുഅ 11-12-2015, ബദ്ർ വീക്കിലി7,14 ജനുവരി 2016)

★★★

പേജ് 9ൽ നിന്ന്

ണ്. സ്വന്തം ആത്മാവിൽ ഈ പ്രകാശങ്ങൾ ആകർഷിച്ചെടുത്താൽ പിന്നെ അതേ പ്രകാശങ്ങളുമായി ലോകത്തിന്റെ പരിഷ്കരണത്തിന് വെളിയിൽ പോകേണ്ടതും ഖുർആൻ പ്രചരിപ്പിക്കേണ്ടതുമാണ്. ഇത് രണ്ടാമത്തെ തരത്തിലുള്ള ജിഹാദാണ്. അതായത് മാനുഷികമായ ആത്മാവിന്റെ പരിഷ്കരണം ഖുർആനിക പ്രകാശങ്ങൾകൊണ്ട്!

മൂന്നാമത്തെ തരത്തിലുള്ള ജിഹാദ്, ശയ്ത്വാൻ അവന്റെ വാൾ ഉറയിൽ നിന്നെടുക്കുമ്പോഴാണ്. ഭൗതികവും ഭൗതികമായ ശക്തിയോടുംകൂടി ആത്മീയമായ മൂല്യങ്ങളെ ഉന്മൂലനം ചെയ്യാൻ ശ്രമിക്കുമ്പോൾ ആ വാളിനെ ദൈവസഹായത്താലും ദുആകൾ മുഖേനയും അല്ലാഹുവിന്റെ ആഗ്രഹം ആകർഷിച്ചെടുത്ത് തകർക്കുകയും പരാജയപ്പെടുത്തുകയും ചെയ്യുക. ഇത് ഏറ്റവും ചെറിയ ജിഹാദാണ്. അതുകൊണ്ടാണ് ഇതിനെ ജിഹാദെ അസ്ഗർ എന്നു പറഞ്ഞത്.

അതിനാൽ അല്ലാഹു നമുക്ക് ജിഹാദ് ചെയ്യാൻ കല്പന തന്നു. ഇതു നമ്മുടേയും നമ്മുടെ സമൂഹത്തിന്റേയും ജീവിതത്തെ വലയം ചെയ്തിരിക്കുകയാണ്. ജിഹാദിന്റെ ഈ കല്പന കാരണത്താൽ അല്ലാഹു നമ്മോടു ശ്രമിക്കുകയും അധ്വാനിക്കുകയും ചെയ്യുക എന്നു മാത്രമല്ല പറഞ്ഞത്. പ്രത്യുത അവൻ നമ്മളോടു ഇങ്ങനേയും പറഞ്ഞു: "അങ്ങേയറ്റം പരിശ്രമിക്കുക. അങ്ങേയറ്റം കഠിനാധ്വാനം ചെയ്യുക. ആരുടെയെങ്കിലും ശ്രമവും അധ്വാനവും അതിന്റെ പാരമത്യതയിലെത്തുന്നില്ലെങ്കിൽ, അവന്റെ ജിഹാദ് ഒരു ജിഹാദല്ല. നമ്മുടെ എല്ലാ ഓരോ കർമവും നമ്മുടെ പരിശ്രമത്തിന്റേയും അധ്വാനത്തിന്റേയും അടിസ്ഥാനത്തിൽ അതിന്റെ പാരമ്യതയിലെത്തുന്നുവെങ്കിൽ അത് ഇസ്‌ലാമിൽ വന്ന് ജിഹാദായിത്തീരാം. അതായത് ദൈവപ്രീതി കരസ്ഥമാക്കാനുള്ള മാർഗമായിത്തീരാം. പക്ഷേ, നമ്മുടെ ഏതു കർമവും അലസതയും അശ്രദ്ധയും ഉൾക്കൊള്ളുന്നതാണെങ്കിൽ, അല്ലെങ്കിൽ അതിൽ ഒന്നിനേയും വകവെക്കാതെയുള്ള ഘടകങ്ങൾ കാണുന്നുവെങ്കിൽ നമ്മോടു അധ്വാനിക്കുക എന്ന കല്പന മാത്രമല്ല പ്രത്യുത അധ്വാനത്തെ പാരമ്യതയിലെത്തിക്കാനുള്ള കല്പനയാണ് നല്കിയിട്ടുള്ളതെന്ന കാര്യം മനസ്സിലുണ്ടാകുന്നില്ലെങ്കിൽ അത് ഇസ്‌ലാമിക ജിഹാദായിരിക്കുകയില്ല.' (ഖുത്ബാത്തെ നാസിർ, വാള്യം 4, പേജ് 295, ജുമുഅ ഖുത്ബ 21-7-1972)

**ശഹ്നശീൻ**

ഇത് ബിഹിശ്തി മഖ്ബറയിൽ തന്നെയുള്ള ഒരു സ്ഥലമാണ്. ആദ്യകാലത്ത് ഹദ്റത്ത് മഹ്ദി മസീഹ്(അ) സ്വഹാബാക്കളുമൊത്ത് ഇവിടെ വരുമ്പോൾ ഇവിടെയുണ്ടായിരുന്ന ഒരു വൃക്ഷത്തിന്റെകീഴിലാണ് ഇരിക്കാറുണ്ടായിരുന്നത്. വിജ്ഞാനസദസ്സ് നടന്നിരുന്ന സ്ഥലമാണിത്. 1972-ലാണ് ഒരു കെട്ടിടത്തിന്റെ രൂപത്തിൽ ഇത് നിർമിച്ചത്.

**ജനാസാ ഗാഹ്**

1908 മെയ് 27-ാം തിയതി ഹദ്റത്ത് അല്ലാമ ഹക്കീം നൂറുദ്ദീൻ സാഹിബ് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)ന്റെ നേതൃത്വത്തിൽ ഹദ്റത്ത് മഹ്ദീ മസീഹ്(അ)ന്റെ ജനാസ നമസ്കരിച്ച പരമപ്രാധാന്യമുള്ള സ്ഥലമാണ് ഈ ജനാസാ ഗാഹ്.


## മഹ്ദി ഇമാമിന്റെ പ്രസ്താവം

'അല്ലാഹുവിന്റെ കൃപയും ഉദാരതയും
കൂടാതെ ജീവിക്കാൻ കഴിയുകയില്ലെന്നത്
ഒരിക്കലും മറക്കാതിരിക്കുക.'
(മൽഫൂദാത്ത് വാള്യം 4 പേജ് 616)

**ജൽസസാലാന ഖാദിയാൻ 2019**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

*ത്വാലിബെ ദുആ:*
**C.K.Mansoor,Ahmadiyya Jama'ath**
**Pathapiriyam(Kerala State)**

## മഹ്ദി ഇമാമിന്റെ പ്രസ്താവം

'എന്തെങ്കിലും ദുഃഖമോ നാശമോ വന്നുഭവിച്ചാൽ
ഉടനെ നമസ്കാരത്തിന് എഴുന്നേറ്റു നില്ക്കുക.
ഈ കുറിപ്പടി എപ്പോഴും ഓർമ വെക്കുകയും
അതിൽനിന്ന് ഫലമെടുക്കുകയും ചെയ്യുക.'
(മൽഫൂദാത്ത് വാള്യം 5 പേജ് 96)

**ജൽസസാലാന ഖാദിയാൻ 2019**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

*ത്വാലിബെ ദുആ:*
**Members Of Ahmadiyya Jama'ath**
**Karulai(Kerala State)**

പേജ് 1 ൽ നിന്ന്

സ്ഥാനമുണ്ട്. ഈ വിഷയത്തിൽ ലോകത്തിലെ വിവിധ പാർലമെന്റുകളിലും പ്രസിദ്ധമായ സ്ഥാപനങ്ങളിലും അദ്ദേഹം പ്രസംഗങ്ങൾ നടത്തി. 2007 ഒക്ടോബർ 22 ന് അദ്ദേഹം ബ്രിട്ടീഷ് പാർലമെന്റ് ദി ഹൗസ് ഓഫ് കോമൺ ലണ്ടനിൽ പ്രസംഗിച്ചു. രണ്ടാമത്തെ പ്രാവശ്യം അതേ പാർലമെന്റിൽ അദ്ദേഹം 2013 ജൂൺ 11 നും പ്രസംഗിച്ചു. അമേരിക്കയിലെ ക്യാപിറ്റൽ ഹില്ലിൽ 2012 ജൂൺ 27 നും ജർമനിയിലെ മിലിട്ടറി ഹെഡ്കോർട്ടറിൽ 2012 മെയ് 30 നും യൂറോപ്യൻ പാർലമെന്റിൽ (ബ്രസിൽസ് ബെൽജിയം)2012 ഡിസംബർ 4 നും ന്യൂസിലാന്റ് പാർലമെന്റിൽ 2013 നവംബർ 4 നും ഹോളണ്ടിലെ നാഷണൽ പാർലമെന്റിൽ 2015 ഒക്ടോബർ 6 നും കനഡിയൻ പാർലമെന്റിൽ(പാർലമെന്റ് ഹിൽ) 2016 ഒക്ടോബർ 17 നും അദ്ദേഹം പ്രസംഗിച്ചു കഴിഞ്ഞിട്ടുണ്ട്. ലോകത്തെ ആ പ്രസിദ്ധങ്ങളായ കേന്ദ്രങ്ങളിൽ ഇസ്‌ലാമികാധ്യാപനങ്ങളുടെ അതിശ്രേഷ്ഠത വിവരിക്കുക എന്നത് വളരെയധികം ധൈര്യവും തന്റേടവും വേണ്ടുന്ന ജോലിയാണ്. ഇത് അല്ലാഹുവിന്റെ ഖലീഫയ്ക്കു മാത്രമെ ചെയ്യാൻ കഴിയുകയുള്ളൂ.

ഇപ്പോൾ വർത്തമാനകാല പര്യടനാവസരത്തിൽ(ഫ്രാൻസ്, ഹോളണ്ട്, ബെൽജിയം)2019 ഒക്ടോബർ 8 ന് ഫ്രാൻസിലെ യുനെസ്കോയുടെ കെട്ടിടത്തിൽ അവിടന്ന് പ്രസംഗിച്ചു. ഇതിൽ അദ്ദേഹം ഇസ്‌ലാമികാധ്യാപനങ്ങൾ വിവരിച്ചു. ലോകത്ത് വൈജ്ഞാനിക ശാസ്ത്രരംഗങ്ങളുടെ അഭിവൃദ്ധിയിൽ മുസ്‌ലിമീങ്ങൾക്ക് എത്രവലിയ പങ്കാണ് ഉണ്ടായിരുന്നതെന്ന് അവിടന്ന് പറഞ്ഞു. അനുവാചകരോടു പറയട്ടെ, യുനെസ്കോ യു.എന്നിന്റെ ഒരു സ്ഥാപനമാണ്. അത് സയൻസിന്റേയും കൽച്ചറിന്റേയും തിളക്കത്തിനു വേണ്ടി സ്ഥാപിക്കപ്പെട്ടതാണ്. അവരുടെ പ്രവർത്തനങ്ങളിൽ മാധ്യമസ്വാതന്ത്ര്യം ദാരിദ്രനിർമാർജനം അനന്തരാവകാശ സംരക്ഷണം തുടങ്ങിയ ജോലികൾ ഉൾപ്പെടുന്നു.

2019 ഒക്ടോബർ 22 ന് അവിടന്ന് ജർമനിയുടെ തലസ്ഥാനമായ ബർലിനിൽ "ഇസ്‌ലാം ആന്റ് യൂറോപ്പ്"എന്ന വിഷയത്തെ അധികരിച്ച് സംസാരിച്ചു. ഈ പരിപാടിയിൽ ദേശീയ അസംബ്ലിയിലെ 27 അംഗങ്ങളും വിദേശകാര്യ ഓഫീസിന്റെ പ്രതിനിധികളും പ്രൊഫസർമാരും യു.എസ്സിന്റേയും ഫ്രാൻസിന്റേയും എമ്പസികളുടെ പൊളിറ്റിക്കൽ ഓഫീസർമാരും വിവിധ സർക്കാരുകളുടെ പ്രതിനിധികളും വിവിധ മതങ്ങളുടേയും ചർച്ചുകളുടേയും കമ്മ്യൂണിറ്റികളുടേയും പ്രതിനിധികളും പ്രസ് ആന്റ് മീഡിയാ പ്രതിനിധികളും ആംനിസ്റ്റി ഇന്റർ നാഷണലിന്റെ പ്രതിനിധികളും പങ്കെടുത്തിരുന്നു. ഹുദൂർ ഹോളണ്ടിൽ ആഗതരായപ്പോൾ ഹോളണ്ട് പത്രമായ ഒൺസ് അൽമെയ്ർ (Ons Almere)2019 സെപ്റ്റംബർ 25 ബുധനാഴ്ച മുഖപേജിൽ തലക്കെട്ടുകൊടുത്തത് 'സമാധാനത്തിന്റെ ഖലീഫ ഹോളണ്ടിൽ ആഗതരായിരിക്കുന്നു' എന്നായിരുന്നു.

ഇങ്ങനെ വാർത്തയും കൊടുത്തു: 'ഖലീഫത്തുൽ മസീഹ് മുഴുലോകത്തും മാനുഷികമായ അനുകമ്പയും ദൈവസൃഷ്ടികൾക്ക് സേവനവും ചെയ്തുവരുന്നു. സമാധാനവും മതസഹിഷ്ണുതയും പ്രചരിപ്പിക്കുന്നു. കാലത്തിന്റെ ഖലീഫ ലോകത്തെ മറ്റു പാർലമെന്റുകൾക്ക് പുറമെ ഡച്ചു പാർലമെന്റിലും പ്രസംഗിച്ചു.'

കാലത്തിന്റെ ആവശ്യവും അവസ്ഥകളുടെ തേട്ടവുമനുസരിച്ച് അദ്ദേഹത്തിന് ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് അല്ലാഹുവിന്റെ കൃപയും കരുണയും കൊണ്ട് ഏതൊരു ജോലി ചെയ്യുന്നതിന് തൗഫീഖ് കിട്ടിയോ അതിൽ അദ്ദേഹത്തിന്റെ വളരെ വ്യക്തവും ഉയർന്നതുമായ സ്ഥാനമുണ്ട്. ഇക്കാരണത്താലാണ് നമ്മൾ നമ്മുടെ ഗ്രന്ഥങ്ങളിലും മാസികകളിലും പത്രങ്ങളിലും അദ്ദേഹത്തെ 'സമാധാനത്തിന്റെ അംബാസഡർ' എന്നെഴുതിയിരുന്നത് മറ്റുള്ളവരും അത് പരസ്യമായി പ്രകടിപ്പിക്കാൻ തുടങ്ങിയിരിക്കുന്നു. ലോകത്ത് സമാധാനവും രഞ്ജിപ്പും പ്രചരിപ്പിക്കുന്നതിൽ ഈ വ്യക്തിക്ക് ആരും മറുപടിയായില്ല. കഴിഞ്ഞ അമേരിക്കൻ പര്യടനാവസരത്തിൽ 2018 ഒക്ടോബർ 21 ന് ഹുദൂറിന് വിമാനമാർഗം വാഷിംഗ്ടണിൽനിന്ന് ഹ്യൂസ്റ്റണിൽ പോകേണ്ടിയിരുന്നു. 12.45ന് ഹുദൂർ എയർപോർട്ടിലെത്തി. യുണൈറ്റഡ് എയർലൈനിന്റെ സീനിയർ സ്റ്റാഫ് ഹുദൂറിനെ വരവേറ്റു. ഹുദൂർ സ്പെഷ്യൽ ലോഞ്ചിലേക്ക് പോയി. രണ്ടുമണിക്ക് വിമാനത്തിൽ ലോർഡിംഗ് നടന്നു. 2.35 ന് യുണൈറ്റഡ് എയർലൈനിന്റെ പറക്കൽ 484 വാഷിംഗ്ടണിലെ ഡല്ലസ് എയർപോർട്ടിൽനിന്ന് ഹ്യൂസ്റ്റണിലെ ജോർജ് ബുശ് ഇന്റർ നാഷണൽ എയർപോർട്ടിലേക്ക് യാത്ര പുറപ്പെട്ടു. വിമാനം പുറപ്പെട്ട് കുറച്ചു കഴിഞ്ഞപ്പോൾ പൈലറ്റ് ക്യാബിനിൽനിന്ന് വിളംബരം വന്നു:

"ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് നമ്മുടെ വിമാനത്തിൽ യാത്ര ചെയ്തുകൊണ്ടിരിക്കുന്നു. നമ്മൾ അദ്ദേഹത്തെ സ്വാഗതം ചെയ്യുന്നു. ഹുദൂർ സമാധാനത്തിന്റെ ഒരു ആഗോള അംബാസഡറാണ്(World Ambassador of Peace).ലോകത്ത് മതസ്വാതന്ത്ര്യത്തിനും സഹിഷ്ണുതയ്ക്കും സമാധാന സംസ്ഥാപനത്തിനും വേണ്ടി പ്രയത്നിക്കുന്നു."(ബദ്ർ 31-1-2019, പേജ് 10, കോളം 1)

ലോകത്തെ വിവിധ പാർലമെന്റുകളിൽ ഇസ്‌ലാമിന്റെ സമാധനപ്രദമായ അധ്യാപനത്തിൽ ഹുദൂർ നല്കിയ പ്രസംഗങ്ങളിൽനിന്ന് അദ്ദേഹത്തിന്റെ ചില ഉപദേശനിർദേശങ്ങളും അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ ശ്രോതാക്കളിലുണ്ടാക്കിയ പ്രതികരണങ്ങളും താഴെ സമർപ്പിക്കുകയാണ്.

2008 ഒക്ടോബർ 22ന് ഹുദൂർ ബ്രിട്ടീഷ് പാർലമെന്റിൽ പ്രസംഗിച്ചു. ഇരു സഭകളിൽനിന്നുവന്ന 30 ലധികം അംഗങ്ങൾ പാർലമെന്റിനേയും ലോകം മുഴുവൻ പ്രതിനിധാനം ചെയ്യുന്ന എമ്പസികളുടേയും ബുദ്ധിമതികളുമായി ബന്ധം വെക്കുന്നവരുടേയും പ്രധാനപ്പെട്ട വ്യക്തിത്വങ്ങൾ ഹുദൂറിന്റെ പ്രസംഗം ശ്രവിക്കാൻ കൂടിയിരുന്നു.

**പ്രസംഗം:**

ഹുദൂർ പറഞ്ഞു: ഞങ്ങളുടെ ജീവിതത്തിന്റെ ഏകവും ഉന്നതവുമായ ഉദ്ദേശ്യം ഞങ്ങൾക്ക് ലോകത്തിനു മുമ്പിൽ നബി(സ) തിരുമേനിയുടെ പരിശുദ്ധമായ ജീവിതമാതൃകയും ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനവും അവതരിപ്പിക്കുക എന്നതാണ്.' ഹുദൂർ പറഞ്ഞു: 'സമൂഹത്തിൽ സമാധാനം സ്ഥാപിക്കുന്നതിനുള്ള ഇസ്‌ലാമികാധ്യാപനം ഇതാണ്. നീതിയിൽ ഒരിക്കലും ചുവട് പിന്നോട്ടുവെക്കരുത്. എത്രത്തോളമെന്നാൽ ശത്രുവിനോടും നീതി കാണിക്കുക. ഇസ്‌ലാമിന്റെ പ്രാരംഭ ചരിത്രം പ്രകടിപ്പിക്കുന്നത് ഈ അധ്യാപനമനുസരിച്ച് നടന്നുകൊണ്ട് നീതിയുടെ എല്ലാ തേട്ടങ്ങളുമനുസരിച്ച് പൂർണമായും കർമം ചെയ്യപ്പെട്ടു എന്നാണ്. ചരിത്രം സാക്ഷിയാണ്. നബി(സ) തിരുമേനി മക്കാവിജയത്തിനുശേഷം ഖണ്ഡിതമായ ഒരു പ്രതികാരവും അവരോട് ചെയ്തിരുന്നില്ല; അവരാണെങ്കിൽ മുസ്‌ലിമീങ്ങളെ കഠിനമായ അക്രമങ്ങൾക്ക് കുറിമാനമാക്കിയിരുന്നു. ഇതു മാത്രമല്ല, അവിടന്ന് അവർക്ക് മാപ്പുകൊടുത്തു. എന്നല്ല, അവരവരുടെ മതങ്ങളിൽ ഉറച്ചുനില്ക്കാൻ അവർക്ക് അനുവാദവും നല്കി.

**പ്രതികരണങ്ങൾ:**

സെക്രട്ടറി ഓഫ് സ്റ്റേറ്റ് ലോക്കൽ ഗവൺമെന്റ് ഫോർ കമ്മ്യൂണിറ്റി ആദരണീയ ഹേസൽ ബ്ലയേഴ്സ് സാഹിബ പറഞ്ഞു. ഞാൻ അങ്ങേയറ്റം സത്യസന്ധതയോടുകൂടി പറയുകയാണ് ഞാൻ ഈ പ്രസംഗം എന്നെ വല്ലാതെ ആകർഷിക്കുന്നതായി കണ്ടു. ഇത്തരത്തിലുള്ള പ്രഭാഷണങ്ങൾ രാഷ്ട്രീയക്കാർ വളരെ വിരളമായേ ചെയ്യാറുള്ളൂ. ഇത്തരം ആകർഷണീയമായ പ്രസംഗം വളരെ കുറച്ചേ കേൾക്കാറുള്ളൂ.

അമേരിക്കയിലെ ക്യാപിറ്റൽ ഹില്ലിൽ (Capitol Hill) ഹുദൂറിന്റെ പ്രഭാഷണം 2012 ജൂൺ 27ന് ബുധനാഴ്ചയായിരുന്നു. ഹുദൂർ ഉള്ളിൽ പ്രവേശിച്ചുടനെ എല്ലാ അതിഥികളും ആദരബഹുമാനങ്ങളോടെ എഴുന്നേറ്റുനിന്നു. ഹുദൂർ സ്റ്റേജിൽ ഉപവിഷ്ഠനായി. അതിഥികളിൽ 29 സെനറ്റേർസിനും കോൺഗ്രസ്മാനും പുറമെ അവരുടെ സ്റ്റാഫ് മെമ്പേഴ്സ്, വിദേശകാര്യമന്ത്രാലയത്തിലെ ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റേറ്റിന്റെ പ്രതിനിധികൾ, വൈറ്റ് ഹൗസു (White House)മായി ബന്ധമുള്ള പ്രതിനിധികൾ പെന്റഗണിലെ പ്രതിരോധമന്ത്രാലയത്തിന്റെ പ്രതിനിധികൾ, തിങ്ക് താങ്ക്സ്(think tanks). N G Osസിന്റെയും ഹ്യൂമൺ റൈറ്റ്സിന്റേയും സ്ഥാപനങ്ങളുടെ പ്രതിനിധികൾ, കോളേജുകളിലേയും യൂണിവേഴ്സിറ്റികളിലേയും പ്രൊഫസർമാർ, വിവിധ രാജ്യങ്ങളിലെ അംബാസഡർമാരും പ്രതിനിധികളും പട്ടാള ഉദ്യോഗസ്ഥന്മാരും പങ്കെടുത്തിരുന്നു. ഈ അതിഥികളുടെ എണ്ണം 110ൽ അധികമായിരുന്നു. ഹുദൂറിന്റെ പ്രസംഗത്തിനു മുമ്പേ കോൺഗ്രസ്സിന്റെ ഭാഗത്തുനിന്ന് പാസാക്കപ്പെട്ട പ്രമേയത്തിന്റെ കുറച്ചുഭാഗം ഇങ്ങനെയാണ്.

★ ലോകത്ത് സമാധാന സ്ഥാപനം, ന്യായം, നീതി, മനുഷ്യാവകാശങ്ങളുടെ സ്ഥാപനം, ജനാധിപത്യം മതപരമായ സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള അങ്ങയുടെ പരിശ്രമങ്ങളെ അംഗീകരിക്കുന്നു.

★ സമാധാന സംസ്ഥാപനത്തിനുവേണ്ടി പ്രഭാഷണങ്ങളിലൂടെയും പ്രസംഗങ്ങളിലൂടെയും ഗ്രന്ഥരചനയിലൂടെയും വ്യക്തിഗതമായ കൂടിക്കാഴ്ചകളിലൂടെയും മാനവസേവയ്ക്കുവേണ്ടി അഹ്മദി മൂല്യങ്ങൾ ഉയർത്തിപിടിച്ചുകൊണ്ട് ആഗോള മനുഷ്യാവകാശ സ്ഥാപനത്തിനും സമാധാനവും നീതിയുമുള്ള സമൂഹത്തിനും സൊസൈറ്റിയുടെ സ്ഥാപനത്തിനും വേണ്ടി എല്ലാ സമയവും ശ്രമിക്കുന്ന മുസ്‌ലിമീങ്ങളുടെ ഒരു തെളിമയാർന്ന ലീഡറാണ് ഖലീഫത്തുൽ മസീഹ് എന്ന് ഈ പ്രമേയം അംഗീകരിക്കുന്നു.

★ ഹുദൂർ നടത്തുന്ന ലോകത്തിലെ വിവിധ രാജ്യങ്ങളിലെ പര്യടനത്തിൽ രാജ്യങ്ങളിലെ പ്രസിഡന്റുമാരേയും പ്രധാനമന്ത്രിമാരേയും രാജ്യത്തിലെ അംബാസിഡർമാരേയും മറ്റു പാർലിമെന്റംഗങ്ങളേയും കാണുകയും, അവരിൽ മാനവസേവയുടെ വികാരങ്ങൾ വ്യക്തമാക്കുകയും, മനുഷ്യകുലത്തിന്റെ സേവനത്തിന് കർമപരമായ ചുവട് ഉയർത്തുകയും ചെയ്യുന്നുവെന്നും ഈ പ്രമേയം അംഗീകരിക്കുന്നു.

★ അതിനാൽ കോൺഗ്രസ് ഈ പ്രമേയം പാസാക്കുകയാണ്, അത് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബിനെ വാഷിംഗ്ടൺ ഡിസിയിൽ സ്വാഗതം ചെയ്യുന്നു. സമാധാനസ്ഥാപനത്തിനും നീതിസ്ഥാപനത്തിനും വേണ്ടിയുള്ള അങ്ങയുടെ പരിശ്രമങ്ങളും അംഗീകരിക്കുന്നു. അങ്ങ് അങ്ങയുടെ ജമാഅത്തിനെ അവർക്കുമേൽ കഠിനമായ അക്രമങ്ങളും പെർസിക്യൂഷനും (Persecution)ഉണ്ടായിട്ടും അവരോട് സമാധാനത്തോടെ ഇരിക്കാനും ക്ഷമിക്കാനും ഉപദേശിക്കുന്നുവെന്നതും അംഗീകരിക്കുന്നു.

**പ്രസംഗം:** 'എല്ലാ ജനതയും തുല്യാവകാശങ്ങളുമായാണ് ജന്മം കൊള്ളുന്നതെന്ന് വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നു. തന്റെ ഒടുവിലത്തെ പ്രഭാഷണത്തിൽ മുഹമ്മദ് നബി(സ) ഒരറബിക്ക് അനറബിയുടെ മേലോ ഒരനറബിക്ക് അറബിയുടെ മേലോ പ്രത്യേകമായ ഒരു മേന്മയുമില്ലെന്ന് പ്രഖ്യാപിക്കുകയുണ്ടായി. ഒരു വെള്ളക്കാരന് കാപ്പിരിയുടെ മേലോ ഒരു കറുത്ത വർഗ്ഗക്കാരന് വെളുത്ത വർഗ്ഗക്കാരന്റെ മേലോ ഒരു തരത്തിലുള്ള മേന്മയും അവകാശപ്പെടാനില്ലെന്ന് അദ്ദേഹം പഠിപ്പിച്ചു. ഇസ്‌ലാമികാധ്യാപനമനുസരിച്ച് എല്ലാ ദേശവാസികളും സമന്മാരാകുന്നു. ഒരു പക്ഷപാതവും പ്രത്യേക പരിഗണനയും കൂടാതെ എല്ലാവർക്കുമുള്ളതാണ് മനുഷ്യാവകാശങ്ങൾ. ഇസ്‌ലാം നമ്മെ എല്ലാ കാര്യങ്ങളിലും നിബന്ധനകളൊന്നും കൂടാതെ നീതിയുടേയും തുല്യ അവകാശത്തിന്റേയും അധ്യാപനം നല്കുന്നു.ഇങ്ങനെയുള്ള എല്ലാ അസമത്വങ്ങളും ഇസ്‌ലാം നിരാകരിക്കുന്നു. അതു കേവല നീതിയും സമത്വവുമാണ് പ്രഖ്യാപിക്കുന്നത്. അഞ്ചാം അധ്യായം മൂന്നാം വചനത്തിൽ വിശുദ്ധ ഖുർആൻ ഇതു സംബന്ധിച്ചുള്ള നിർദേശം നൽകുന്നു. ശത്രുതയും വിദ്വേഷവും വെച്ചു പുലർത്തുന്നവർക്കു നേരെയും നീതിയും സമത്വസമീപനവും കൈക്കൊള്ളാനാണീ വചനം ആവശ്യപ്പെടുന്നത്. ആർ എവിടെ വെച്ചു നന്മയിലേക്ക് നിങ്ങളെ ക്ഷണിക്കുന്നുവോ അപ്പോൾ അവിടെ വെച്ച് തന്നെ ആ ക്ഷണം നിങ്ങൾ സ്വീകരിക്കുക എന്ന മഹത്തായ പാഠമാണിത് നൽകുന്നത്. അതേപോലെ ആർ എവിടെ വെച്ചു നിങ്ങളെ തിന്മയിലേക്കും അന്യായ കൃത്യങ്ങളിലേക്കും പ്രേരിപ്പിക്കുന്നുവോ അതിനെ അപ്പോൾ തന്നെ നിരസിക്കുക എന്ന കൽപ്പനയുമാണുള്ളത്.

ഇസ്‌ലാം വിഭാവന ചെയ്യുന്ന നീതിയുടെ നിലവാരമെന്താണ്? വിശുദ്ധ ഖുർആൻ നാലാം അധ്യായം 136-ാം വചനം ആവശ്യപ്പെടുന്നത് നീതിയും സത്യവും സംരക്ഷിക്കാൻ നിങ്ങൾ നിങ്ങൾക്കു തന്നെ എതിരായും നിങ്ങൾ സ്നേഹിക്കുന്നവർക്കെതിരായും സ്വന്തം മാതാപിതാക്കൾക്കെതിരായും നിലകൊള്ളേണ്ടി വന്നാൽ പോലും അങ്ങനെ ചെയ്യാൻ ഒട്ടും മടിക്കരുതെന്നാണ്. പ്രബലരായ സമ്പന്ന രാഷ്ട്രങ്ങൾ പാവപ്പെട്ട ദുർബ്ബല രാഷ്ട്രങ്ങളുടെ അവകാശങ്ങൾ ഹനിച്ചു കൊണ്ട് സ്വാർഥ താൽപര്യ സംരക്ഷണം നടത്തരുത്. അന്യായമായ പെരുമാറ്റവും അരുത്. ദുർബ്ബല രാഷ്ട്രങ്ങൾ അവസരം ലഭിക്കുമ്പോൾ സമ്പന്ന വൻകിട രാഷ്ട്രങ്ങൾക്കെതിരെ നീക്കങ്ങൾ നടത്തുകയുമരുത്. പകരം ഇരുവിഭാഗവും നീതിന്യായ തത്ത്വങ്ങൾ ദീക്ഷിച്ചു കൊ

ണ്ടു പ്രവർത്തിക്കേണ്ടതാകുന്നു. രാഷ്ട്രങ്ങൾ തമ്മിലുള്ള സൗഹൃദം നിലനിറുത്താൻ ഇത് അനുപേക്ഷണീയമത്രേ.

ഇസ്‌ലാം സമാധാനത്തിനായുള്ള വിവിധ മാർഗങ്ങളിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു. കേവല നീതിയാണ് അതിന്റെ അടിസ്ഥാന തത്ത്വം. സത്യത്തിൽ അധിഷ്ഠിതമാണ് അതിന്റെ സാക്ഷ്യങ്ങൾ. മറ്റുള്ളവരുടെ സമ്പത്തിലേക്കും ആസ്തികളിലേക്കും ദൃഷ്ടികൾ പായിച്ച് അസ്വസ്ഥരാകാതിരിക്കാൻ ഇസ്‌ലാം നമ്മോട് ആവശ്യപ്പെടുന്നു. വികസിത രാജ്യങ്ങൾ നിക്ഷിപ്ത താൽപര്യങ്ങൾ മാറ്റിവെച്ചുകൊണ്ട് പാവപ്പെട്ട അവികസിത രാഷ്ട്രങ്ങളെ സഹായിക്കാൻ നിസ്സ്വാർഥമായും സത്യസന്ധമായും മുന്നോട്ടു വരേണ്ടതുണ്ട്. ഈ തത്ത്വങ്ങൾ പാലിക്കപ്പെടുന്നതിലൂടെ മാത്രമേ യഥാർഥ സമാധാനം സ്ഥാപിതമാവുകയുള്ളൂ.

**പ്രതികരണങ്ങൾ**: കോൺഗ്രസ് അംഗം കീത്ത് എല്ലിസൺ(Keith Ellison) പറഞ്ഞു: ഹുദൂറിന്റെ പ്രഭാഷണം അദ്ദേഹത്തെ വളരെയധികം ആകർഷിച്ചു. സമാധാനത്തേയും നീതിയേയും കുറിച്ച് ഹുദൂർ എങ്ങനെയാണോ അധ്യാപനങ്ങൾ അവതരിപ്പിച്ചത് അത് വളരെ മനോഹരമാണ്. ഹുദൂറിന്റെ പ്രഭാഷണം പ്രസിദ്ധീകരിച്ച് വൻതോതിൽ വിതരണം ചെയ്യേണ്ടതാണ്. ഹുദൂറിനെപോലുള്ള ആത്മീയതയുടെ ഉന്നതിയിൽ വിരാജിക്കുന്ന മുസ്‌ലിം നേതാക്കന്മാരെ ഇന്ന് മുസ്‌ലിം സമുദായത്തിന് ആവശ്യമുണ്ട്. കക്ഷിപ്രതികക്ഷികളായി തീർന്നിരിക്കുന്ന മുസ്‌ലിമീങ്ങൾക്ക് ഹുദൂർ അനുഗ്രഹങ്ങൾക്ക് കാരണമാണ്. അദ്ദേഹം പറഞ്ഞു: വിശുദ്ധഖുർആന്റെ അധ്യാപനമനുസരിച്ച് മതത്തിൽ ഒരു നിർബന്ധവുമില്ല. ഇസ്‌ലാമിന്റെ ശരിയായ അധ്യാപനങ്ങൾ മനസ്സിലാക്കുക എന്നത് എല്ലാ മുസ്‌ലിമീങ്ങളുടേയും നിർബന്ധകടമയാണ്.

2012 ഡിസംബർ 4 ചൊവ്വാഴ്ച യൂറോപ്യൻ പാർലമെന്റിൽ ഹുദൂറിന്റെ പ്രഭാഷണമുണ്ടായി. യൂറോപ് യൂണിയനെ നടത്തുന്നതിനുവേണ്ടിയുള്ള ഒരു പാർലമെന്റ് സ്ഥാപനമാണ് യൂറോപ്യൻ പാർലമെന്റ്. നിയമനിർമാണത്തിന്റെ അടിസ്ഥാനത്തിൽ ഇതിന് ലോകത്തിലെ ഏറ്റവുമധികം ശക്തമായ പാർലമെന്റ് എന്നും പറയപ്പെടുന്നു. പാർലമെന്റിന്റെ കെട്ടിടത്തിലെ ആഗമനത്തിനുശേഷം പാർലമെന്റംഗങ്ങളും  മറ്റു അതിഥികളും ഊഴമനുസരിച്ച് ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. അങ്ങനെ ബ്രിട്ടൻ, നോർവെ, സ്പെയിൻ, ഐർലന്റ് തുടങ്ങിയ രാജ്യങ്ങളിലെ പാർലമെന്റംഗങ്ങളും മറ്റു ആദരണീയ വ്യക്തികളും ഹുദൂറുമായി കൂടിക്കാഴ്ചയ്ക്കുള്ള ഭാഗ്യം കരസ്ഥമാക്കി. ഹുദൂർ പാർലമെന്റിന്റെ സ്റ്റേജിൽ ഉപവിഷ്ഠനായി. ഹുദൂറിന്റെ വലതുഭാഗത്ത് ഈ പരിപാടിയുടെ ആതിഥേയനും യൂറോപ്യൻ പാർലമെന്റിലെ അംഗവുമായ ഡോ.ചാൾസ് ടാന്നോക്-(Dr.Charles Tannock) ഇരുന്നു. സ്റ്റേജിൽ ഒരു ഭാഗത്ത് യൂറോപ്യൻ പാർലമെന്റിന്റെ പതാകയും മറുഭാഗത്ത് അഹ്മദിയ്യാ പതാകയും പാറി. യൂറോപ്യൻ പാർലമെന്റിന്റെ ചരിത്രത്തിൽ ആദ്യമായാണ് അവരുടെ കോൺഫ്രൻസ് ഹാളിൽ അഹ്മദിയ്യാ പതാക ഉയരുന്നത്. അൽഹംദുലില്ലാഹ്.

ചാൾസ് ടാന്നൂക് തന്റെ സ്വാഗതഭാഷണത്തിൽ പറഞ്ഞു: അഹ്മദിയ്യാ കമ്മ്യൂണിറ്റി ആഗോളതലത്തിൽ സമാധാനസന്ദേശം പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഭീകരപ്രവർത്തനത്തിനെതിരെ യുദ്ധം ചെയ്യുകയാണ്. ഈ കമ്മ്യൂണിറ്റിയുടെ അടിസ്ഥാനപരമായ സന്ദേശത്തെ യൂറോപ്പിൽ പ്രചരിപ്പിക്കുക എന്നത് നമ്മുടെ ബാധ്യതയായിത്തീരുന്നു; അത് 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്നതാണ്. ഇത് സമാധാന സന്ദേശമാണ്. ഈ സമാധാന സന്ദേശം കേവലം മുസ്‌ലിമീങ്ങൾക്കിടയിൽ അല്ല, പ്രത്യുത ലോകത്തുള്ള എല്ലാ മതങ്ങൾക്കിടയിലുമുള്ള സമാധാന സന്ദേശമാണ്.

**പ്രസംഗം**: ജമാഅത്ത് എന്ന നിലയിൽ നമ്മൾ നിരന്തരം ലോകത്തിന്റെ ശ്രദ്ധ സമാധാനസ്ഥാപനത്തിലേക്കും പൊതുജനസംരക്ഷണത്തിലേക്കും  ക്ഷണിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ കഴിവനുസരിച്ച് പരിശ്രമിക്കുന്നു. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ നേതാവ് എന്ന നിലയിൽ എനിക്ക് അവസരം കിട്ടുമ്പോഴെല്ലാം അത്തരം കാര്യങ്ങളെക്കുറിച്ച് ഔദ്യോഗികമായി സംസാരിക്കാറുണ്ട്. ഞാനെപ്പോഴും സമാധാന സംസ്ഥാപനത്തേയും പരസ്പര സ്നേഹത്തേയും കുറിച്ചാണ് ശ്രദ്ധ ക്ഷണിക്കുന്നത്. ഇസ്‌ലാമിന്റെ ഏറ്റവും അടിസ്ഥാനപരമായ അധ്യാപനം, ആരുടെ കൈയിൽനിന്നും നാവിൽനിന്നും സമാധാനം ആഗ്രഹിക്കുന്നവർ സുരക്ഷിതരാണോ അവനാണ് യഥാർഥ മുസ്‌ലിം എന്നതാണ്. ഈ നിർവചനമാണ് ഇസ്‌ലാമിന്റെ സ്ഥാപകരായ മുഹമ്മദ്(സ) നല്കിയിട്ടുള്ളത്. ഈ അടിസ്ഥാനപരവും മനോഹരവുമായ നിയമം കേട്ടതിനുശേഷവും എന്തെങ്കിലും ആക്ഷേപം ഇസ്‌ലാമിന്നെതിരിൽ ഉയരുമോ? ഒരിക്കലുമില്ല. തദ്ദേശതലം മുതൽ ആഗോളതലംവരെ എല്ലാ കക്ഷികളും ഈ സുവർണമായ നിയമം പാലിക്കാൻ തുടങ്ങിയാൽ, മതപരമായ കുഴപ്പങ്ങൾ ഒരിക്കലുമുണ്ടാകുകയില്ലെന്ന് നമുക്ക് കാണാം. ഒരിക്കലും രാഷ്ട്രീയമായ പ്രശ്നങ്ങളും ഉണ്ടാകുകയില്ല. അത്യാഗ്രഹത്തിന്റെയും മൂല്യങ്ങളുടേയും മോഹം കാരണം കുഴപ്പവും ഉണ്ടാകുകയില്ല. സമാധാനം വ്യാപിപ്പിക്കുന്നതിന് ഇസ്‌ലാമിന്റെ മറ്റൊരു സുവർണമായ തത്ത്വമാണ് ആരുടെയെങ്കിലും അവകാശങ്ങൾ ധ്വംസിക്കപ്പെടുകയാണെങ്കിൽ, തങ്ങൾ അതൊരിക്കലും സഹിക്കാതിരിക്കുകയെന്നത്. എപ്രകാരം നമുക്ക് നമ്മുടെ അവകാശം ധ്വംസിക്കപ്പെടുന്നത് സഹിക്കാനാവുകയില്ലയോ അതേപ്രകാരം മറ്റുള്ളവരോട് ചെയ്യുന്ന അവകാശ ധ്വംസനങ്ങളും അംഗീകരിക്കാതിരിക്കേണ്ടതാണ്. ഇസ്‌ലാം പഠിപ്പിക്കുന്നത് എവിടെയെങ്കിലും ശിക്ഷ നല്കേണ്ടിവന്നാൽ, അവിടെ മാപ്പ് കൊടുത്തുകൊണ്ട് കാര്യം ശരിയാകുമെന്ന് കണ്ടാൽ മാപ്പ് നല്കേണ്ടതാണ്. യഥാർഥവും വാസ്തവവുമായ കാര്യം പരിഷ്കരണമാണ്. എന്നെന്നും നിലനില്ക്കുന്ന സമാധാനം സ്ഥാപിതമാകണം. എപ്പോഴും നീതിപൂർവ്വം കാര്യങ്ങൾ നടത്തണമെന്നതിന് ഇസ്‌ലാം ശക്തിചെലുത്തുന്നു. മുൻഗണന നല്കിക്കൊണ്ട് ഏതെങ്കിലും കക്ഷിയുടെ നാമം അനുവദനീയമല്ലാതെ കൂടെ ചേർക്കരുതെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. ഇസ്‌ലാമിന്റെ മറ്റൊരു സുന്ദര അധ്യാപനമാണ് സമൂഹത്തിൽ സമാധാന സ്ഥാപനം ആഗ്രഹിക്കുന്നത്; സ്വന്തം കോപത്തെ അടക്കുകയും വിശ്വസ്തതയോടും നീതിയോടുംകൂടി കൈകാര്യം ചെയ്യുകയുമാണ് അത്. ഇസ്‌ലാമിന്റെ പ്രാരംഭ ചരിത്രം ഇക്കാര്യത്തിന് സാക്ഷിയാണ്. യഥാർഥ മുസ്‌ലിമീങ്ങൾ എപ്പോഴും ഈ തത്ത്വത്തിൽ നിലകൊണ്ടു. ഇതംഗീകരിക്കാത്തവരോട് നബി(സ) തിരുമേനി വെറുപ്പ് പ്രകടിപ്പിച്ചു. ഇസ്‌ലാം പറയുന്നത് മറ്റുള്ളവരുടെ സമ്പത്തിലും മറ്റു മാർഗങ്ങളിലും അസൂയപ്പെടരുതെന്നാണ്. കാരണം അതും സമാധാനഭംഗം ഉണ്ടാക്കുന്നതായിരിക്കും.

**പ്രതികരണങ്ങൾ**: ബിഷപ്പ് ഡോ. ആമേൻ ഹൊവാർഡ് (Bishop Dr.AmenHoward) ഇദ്ദേഹം ജനീവയിൽനിന്ന് ഹുദൂറിന്റെ പ്രസംഗത്തിൽ പങ്കെടുക്കാൻ വന്നതായിരുന്നു. അദ്ദേഹം ഇന്റർഫെയ്ത് ഇന്റർനാഷണലിന്റെ പ്രതിനിധിയും പരോപകാര സംഘടനയായ ഫീഡ് എ ഫാമിലി(Feed a Family)യുടെ സ്ഥാപക പ്രസിഡന്റുമാണ്. അദ്ദേഹം പറയുന്നു: ഈ വ്യക്തി ഇന്ദ്രജാലക്കാരനല്ല. പക്ഷേ, ഇദ്ദേഹത്തിന്റെ വാക്കുകൽ മാസ്മരികശക്തി ഉൾക്കൊള്ളുന്നതാണ്. ശബ്ദം പതിഞ്ഞതാണ്. പക്ഷേ, ഇദ്ദേഹത്തിന്റെ വദനത്തിൽനിന്ന് പുറപ്പെടുന്ന വാക്കുകൾ അസാധാരണമായ ശക്തിയും പ്രൗഢിയും സ്വാധീനവും ഉൾക്കൊള്ളുന്നു.ഈ രീതിയിലുള്ള ധൈര്യവാനായ മനുഷ്യനെ എന്റെ ജീവിതത്തിൽ ഒരിക്കലും കണ്ടിട്ടില്ല. ഇദ്ദേഹത്തെപോലെ വെറും മൂന്ന് മനുഷ്യരെ ലോകത്തിന് കിട്ടുകയാണെങ്കിൽ സമധാനത്തെ സംബന്ധിച്ചിടത്തോളം ഈ ലോകത്ത് അത്ഭുതകരമായ വിപ്ലവം മാസങ്ങൾ കൊണ്ടല്ല പ്രത്യുത ദിവസങ്ങൾക്കുള്ളിൽ ഉണ്ടാകുന്നതായിരിക്കും. ഈ ലോകം ശാന്തിയുടേയും സാഹോദര്യത്തിന്റേയും കളിത്തൊട്ടിലായിത്തീരും. ഇസ്‌ലാമിനെക്കുറിച്ച് എനിക്ക് നല്ല അഭിപ്രായമൊന്നുമില്ലായിരുന്നു. ഹുദുറിന്റെ പ്രഭാഷണം ഇസ്‌ലാമിനെ കുറിച്ച് എനിക്കുണ്ടായിരുന്ന വീക്ഷണങ്ങൾ അപ്പാടെ മാറ്റിക്കളഞ്ഞു.'

2013 നവംബർ 4ന് ഹുദൂർ ന്യൂസിലാന്റിലെ പാർലമെന്റിൽ പ്രസംഗിച്ചു. പാർലമെന്റംഗമായ ബഹുമാന്യ കൺവൽജിത് ബഖ്ശി പാർലമെന്റിലെത്തി ഹുദൂറിനെ വരവേറ്റു. ഹുദൂറിനെ പാർലമെന്റ് കെട്ടിടത്തിന്റെ ഉള്ളിൽ കൊണ്ടുപോയി. ഹുദൂറിന്റെ പ്രഭാഷണം പാർലമെന്റിലെ ഏറ്റവും വലിയ ഹാളായ ഗ്രാന്റ്ഹാളിലാണ് വെച്ചിരുന്നത്. ഹുദൂർ തന്റെ പ്രസംഗത്തിന്റെ ആരംഭത്തിൽ പറഞ്ഞു: എന്റെ നോട്ടത്തിൽ ഇക്കാലത്തെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നത്തെ സംബന്ധിച്ചായിരിക്കും ഞാൻ സംസാരിക്കുന്നത്. അത് ലോകത്തിന്റെ സമാധാന സ്ഥാപനമാണ്.' ഹുദൂർ ലോകത്തിന്റെ ആപൽക്കരമായ അവസ്ഥകളേയും ആറ്റം യുദ്ധത്തിന്റെ സാധ്യതകളേയും കുറിച്ച് പറഞ്ഞതിനുശേഷം പറഞ്ഞു: 'രണ്ടാം ലോക മഹായുദ്ധത്തിനുശേഷം ലോകത്ത് അനശ്വരമായ സമാധാനം സ്ഥാപിക്കുന്നതിനും ഭാവിയിൽ യുദ്ധത്തിൽനിന്ന് രക്ഷപ്പെടുന്നതിനും എല്ലാ ജനതകളും ചേർന്ന് ഒരു സംഘടനയുണ്ടാക്കി. അതിനെ അവർ ഐക്യരാഷ്ട്രസഭ എന്നു പറയുന്നു. പക്ഷേ, തോന്നുന്നത് എപ്രകാരം ലീഗ് ഓഫ് നേഷൻസ് അതിന്റെ ഉദ്ദേശ്യങ്ങളിൽ ഏറ്റവും മോശമായ നിലയിൽ പരാജയപ്പെട്ടുവോ അതുപോലെ ഇന്ന് ഐക്യരാഷ്ട്രസഭയുടെ സ്ഥാനവും അന്തസ്സും അധഃപതിച്ചുകൊണ്ടിരിക്കുകയാണ്. നീതിയുടെ തേട്ടം പൂർത്തീകരിക്കപ്പെടുന്നില്ലെങ്കിൽ പിന്നെ നിസംശയം സമാധാനം സ്ഥാപിക്കുന്നതിന് എത്ര സംഘടനകളുണ്ടായാലും അവരുടെ എല്ലാ ശ്രമങ്ങളും പാഴായിപ്പോകുന്നതായിരിക്കും.'

സമാധാന സംസ്ഥാപനത്തെക്കുറിച്ച് ഇസ്‌ലാമികാധ്യാപനങ്ങൾ പരാമർശിച്ചുകൊണ്ട് അവിടന്ന് പറഞ്ഞു: 'എല്ലാത്തരം  ശത്രുതയും പകയും അകറ്റുന്നതിന് കഴിയുന്നിടത്തോളം സംസാരത്തിലൂടേയും ചർച്ചയിലൂടെയും പരിഹാരം അന്വേഷിക്കേണ്ടതാണെന്ന് വിശുദ്ധഖുർആൻ പറയുന്നു. തീർച്ചയായും ആളുകളുമായി യുക്തിയോടും മൃദുലമായും സംസാരിക്കുക എന്നത് അവരുടെ മനസ്സുകിൽ പോസിറ്റീവും സ്നേഹപരവുമായ സ്വാധീനമുണ്ടാക്കുന്നതായിരിക്കും. മനസ്സുകളിൽനിന്ന് വെറുപ്പും പകയും അവസാനിപ്പിക്കാൻ അത് നിമിത്തമാകും.' ഹുദൂർ പറഞ്ഞു: 'ഒരു മുസ്‌ലിം സംഘടനയുടെ മാർഗദർശി എന്ന നിലയിൽ എന്റെ നിർബന്ധകടമയാണ് ലോകത്തിന്റെ ശ്രദ്ധ സമാധാനം സ്ഥാപിക്കുന്നതിലേക്ക് മാറ്റുക എന്നത്. ഞാൻ അത് എന്റെ നിർബന്ധകടമയായി മനസ്സിലാക്കുന്നു. കാരണം ഇസ്‌ലാമിന്റെ യഥാർഥ ഉദ്ദേശ്യം ശാന്തിയും സമാധാനവും തന്നെയാണ്. ചില മുസ്‌ലിം രാഷ്ട്രങ്ങൾ ഭീകരവാദത്തിന്റെ വെറുപ്പുളവാക്കുന്ന പ്രവൃത്തികൾ ചെയ്യുകയോ അല്ലെങ്കിൽ ആ പ്രവൃത്തികളെ പിന്തുണയ്ക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ ഇസ്‌ലാമികാധ്യാപനങ്ങൾ യുദ്ധവും കലാപവും ഉണ്ടാക്കാൻ പഠിപ്പിക്കുന്നുവെന്ന് ഒരിക്കലും പറയരുത്. ഇസ്‌ലാംമത സ്ഥാപകർ(സ) തന്റെ അനുയായികളോടു എപ്പോഴു സലാം ചൊല്ലാൻ പഠിപ്പിച്ചു. ഇതിന്റെ ഉദ്ദേശ്യം എപ്പോഴും സമാധാനം പ്രചരിപ്പിച്ചുകൊണ്ടിരിക്കുക എന്നാണ്. നമുക്ക് റസൂൽ കരീം(സ)ന്റെ അനുഗൃഹീത ജീവിതമാതൃകയിൽനിന്ന് മനസ്സിലാകുന്നത് അവിടന്ന് എല്ലാ അമുസ്‌ലിമീങ്ങളുടെമേലും സമാധാനം ചൊല്ലിയിരുന്നുവെന്നാണ്. യഹൂദിയാവട്ടെ ക്രിസ്ത്യാനിയാവട്ടെ, അല്ലെങ്കിൽ അവരുടെ ബന്ധം ഏതു മതവുമായിക്കൊള്ളട്ടെ! നബി(സ)തിരുമേനി അങ്ങനെ ചെയ്തത് അദ്ദേഹത്തിന്റെ പക്കൽ എല്ലാവരും അല്ലാഹുവിന്റെ സൃഷ്ടിയാണ് എന്നുള്ളതുകൊണ്ടാണ്. അല്ലാഹുവിന്റെ പേരുകളിൽ ഒരു പേര് 'സലാം' അതായത് സമാധാനത്തിനുള്ള മാർഗമെന്നാണ്. നബി(സ) തിരുമേനി എല്ലാ മനുഷ്യകുലത്തിന്റേയും ശാന്തിയും സമാധാനവും ആഗ്രഹിച്ചിരുന്നു.

**പ്രതികരണങ്ങൾ**: പാർലമെന്റംഗം കൺവൽ ജീത് സിംഗ് ബഖ്ശി പറയുന്നു: കഴിഞ്ഞ പത്തുവർഷമായി എനിക്ക് അഹ്മദിയ്യാ ജമാഅത്തുമായി ബന്ധമുണ്ട്. ഈ ജമാഅത്തിന്റെ വലിയ ഉദ്ദേശ്യം സമാധാനവും അന്താരാഷ്ട്ര മതങ്ങളുടെ ഐക്യവും ശക്തിപ്പെടുത്തുക എന്നതാണ്.

★ ഇസ്റായീൽ അംബാസഡർ യൂസഫ് ലൂയിൻ(Yosef Livne) പറഞ്ഞു. ഖലീഫത്തുൽ മസീഹ് നല്കിയ സന്ദേശം വളരെ പ്രാധാന്യമുള്ളതാണെന്ന് ഞാൻ വിചാരിക്കുന്നു. എല്ലാവരും അത് സ്വീകരിക്കേണ്ടതാണ്. അദ്ദേഹത്തിന്റെ സന്ദേശം യാഥാർഥ്യത്തിന്റെ രൂപം പ്രാപിക്കട്ടെ എന്നതാണ് എന്റെ ആഗ്രഹം. ഇത് എത്ര വേഗം നടപ്പിലാകുമോ അത്രയും ഗുണകരമാണ്.

★ രാജൻപ്രസാദ് പാർലമെന്റംഗം പറയുന്നു. അഹ്മദി എത്ര മാത്രം സമാധാനപരമായ നിലയിലാണ് ഈ രാജ്യത്തെ പൗരനായി വന്നിരിക്കുന്നതെന്ന കാര്യം എന്നെ ആകർഷിക്കുന്ന ഒന്നാണ്. തങ്ങളുടെ സമാധാനസന്ദേശമനുസരിച്ച് കർമങ്ങൾ ചെയ്യുന്നു.

★ പാട്രിക് റീലി (Patric Relly)അസിസ്റ്റന്റ് ഹൈക്കമ്മീഷണർ യു.കെ പറഞ്ഞു: നമുക്ക് കേൾക്കാൻ അവസരമുണ്ടായ സന്ദേശം വളരെ സുപ്രധാനമാണ്. ഏറ്റവും ആവശ്യമായിട്ടുള്ള കാര്യം അത് ലോകം മുഴുവൻ എത്തിക്കുകയെന്നതാണ്.

ഹോളണ്ടിലെ നാഷണൽ അസംബ്ലിയിൽ ഹുദൂർ 2015

ഒക്ടോബർ 6ന് പ്രസംഗിച്ചിരുന്നു. ഹുദൂർ പറഞ്ഞു: 'ഇക്കാലത്ത് ലോകത്തിന്റെ സമാധാനവും അതിന്റെ സംരക്ഷണവും വളരെ സങ്കീർണമായ പ്രശ്നമാണ്. അഹ്മദീ മുസ്‌ലിമീങ്ങളായ നമ്മൾ ഇന്നത്തെ കുഴപ്പങ്ങളിലും അശാന്തിയിലും ഭാഗഭാക്കാകുന്നവരല്ല. പ്രത്യുത നമ്മൾ ലോകത്ത് സമാധാനം ആഗ്രഹിക്കുന്നവരാണ്. ലോകത്തിന്റെ മുറിവുകളെ ഉണക്കാനാണ് നമ്മൾ ആഗ്രഹിക്കുന്നത്. മനുഷ്യകുലത്തെ ഒന്നാക്കാനാണ് നമ്മളാഗ്രഹിക്കുന്നത്. എല്ലാത്തരം വെറുപ്പും വിരോധവും ശത്രുതയും സ്നേഹത്തിലേക്കും പ്രീതിയിലേക്കും മാറ്റാനാഗ്രഹിക്കുന്നവരാണ് നമ്മൾ. എല്ലാത്തിനേക്കാളുമുപരി ലോകത്ത് സമാധാന സംസ്ഥാപനത്തിന് കഴിയുന്നത്ര പരിശ്രമിക്കുന്നവരാണ് നമ്മൾ.' ഹുദൂർ പറഞ്ഞു: 'ചിലയാളുകൾ അല്ലെങ്കിൽ സംഘങ്ങൾ വിശുദ്ധഖുർആനേയും നബി(സ)തിരുമേനിയേയും കുഴപ്പങ്ങളോടും അക്രമങ്ങളോടും ചേർക്കുന്നത് വളരെ വലിയ അനീതിയാണ്. നമ്മൾ വിശുദ്ധഖുർആനേയും നബി(സ) തിരുമേനിയുടെ ജീവിതം തുടങ്ങിയവയേയും പക്ഷപാതിത്വരഹിതമായി വായിക്കുകയാണെങ്കിൽ ഇസ്‌ലാം എല്ലാതരം ഭീകരവാദത്തിനും ചോരപ്പുഴയൊഴുകുന്നതിനും എതിരാണെന്ന് മനസ്സിലാകുന്നതായിരിക്കും. സമയക്കുറവ് കാരണത്താൽ ഇത് വിശദീകരിക്കുക എന്നത് സംഭാവ്യമല്ല. പക്ഷേ, എന്നാലും ചില സുപ്രധാന ഇസ്‌ലാമികാധ്യാപനങ്ങൾ വിവരിക്കുന്നതാണ്. അത് വ്യക്തമായനിലയിൽ സ്ഥാപിക്കുന്നത് ഇസ്‌ലാം സമാധാനത്തിന്റെ മതമാണെന്നാണ്.' ഇതിനുശേഷം ഹുദൂർ സമാധാനത്തെ സംബന്ധിച്ചുള്ള അധ്യാപനങ്ങൾ വിവരിച്ചു.

ഫോറിൻ അഫയർ കമ്മിറ്റിയുടെ ഇൻചാർജ് ചെയർമാൻ ഹാറിവാൻ ബൊമ്മൽ(Harry Van Bommel) ഇദ്ദേഹമാണ് ഈ പരിപാടിക്ക് ആതിഥ്യമരുളിയത്. പറഞ്ഞു: 'ഈ പരിപാടി എന്റെ പ്രതീക്ഷയെക്കാൾ കൂടുതൽ വിജയകരമായിക്കൊണ്ടിരിക്കുന്നു. ഇനി ഇതിന്റെ ഫലങ്ങൾ പുറത്തുവരും. ഖലീഫത്തുൽ മസീഹ് തന്റെ സന്ദേശം വളരെ ആകർഷണീയമായ ശൈലിയിൽ നല്കി. ഹോളണ്ടിലെ ജനങ്ങളുടെ രീതി എന്നു പറയുന്നത്, അവർക്ക് ഇസ്‌ലാമിന്റെ ഈ സമാധാനപ്രിയമായ മുഖവും കാണിച്ചു കൊടുക്കുക എന്നതാണ്. അവർക്ക് ഈ സന്ദേശത്തിന്റെ ആവശ്യമുണ്ട്. ഖലീഫത്തുൽ മസീഹിനോടൊപ്പമുള്ള ഈ പരിപാടി ആദ്യചുവടായിരുന്നു. ഇനി ഞങ്ങൾ കൂടുതൽ ഇത്തരം പരിപാടികൾ സംഘടിപ്പിക്കുന്നതായിരിക്കും.'

ഹോളണ്ടിലെ മുൻപ്രതിരോധ മന്ത്രി ഡോ.ഡബ്ല്യൂ എഫ് വാൻ എക് (Dr.W F Van Eekelen) പറഞ്ഞു: 'ഖലീഫത്തുൽ മസീഹിന്റെ സന്ദേശത്തിൽനിന്ന് ഇസ്‌ലാമിന്റെ യഥാർഥമായ മുഖം കാണാൻ അവസരം കിട്ടി. ഇനിയുള്ള ആഗ്രഹം ഹുദൂർ എപ്പോഴും ഹോളണ്ടിൽ വരിക എന്നതാണ്; ജനമനസ്സുകളിൽനിന്ന് ഇസ്‌ലാമിനെ കുറിച്ചുള്ള ഭയം നീങ്ങാൻ.'

മോണ്ടിനേഗ്രോയിലെ പാർലമെന്റംഗം മിസ്റ്റർ ഡ്രിട്ടാൻ അബാസോവിക് (Mr.Dritan Abazovic)പറഞ്ഞു: 'ഈ പരിപാടി ജമാഅത്തിന് വളരെ വലിയൊരു വിജയമാണ്. ഇതിന്റെ പരമോന്നത നേതാവ് ഖലീഫ ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം അങ്ങേയറ്റം ഉന്നതമായ തലത്തിൽ അവതരിപ്പിച്ചു. അപകടം നിറഞ്ഞ ഇക്കാലത്ത് ഇത്തരം പരിപാടികൾ വളരെ ആവശ്യമാണ്.'

സ്വിറ്റ്സർലാന്റിൽ നിന്ന് ബിഷപ്പ് ഡോക്ടർ അമൻ ഹാവർസും ഈ പരിപാടിയിൽ പങ്കെടുത്തിരുന്നു. ഇദ്ദേഹം സാൻക്ച്വറി പ്രസ്സ് ഇന്റർനാഷണൽ ചർച്ച് ജനീവയുടെ ബിഷപ്പാണ്. അദ്ദേഹം പറഞ്ഞു: 'അത് യഥാർഥത്തിൽ സമാധാനദൂതനാണെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. എല്ലാ മുസ്‌ലിമീങ്ങളും ആഗോളതലത്തിൽ സമാധാനം സ്ഥാപിക്കാനുള്ള ചർച്ചയിൽ അദ്ദേഹത്തോടൊപ്പം ചേരണമെന്നാണ് ഞാനാഗ്രഹിക്കുന്നത്.'

ക്രൊയേഷ്യ(Croatia)യിൽനിന്ന് ഭരണപക്ഷ പാർട്ടി സോഷ്യൽ ഡമോക്രാറ്റിന്റെ ഒരു പാർലമെന്റംഗം Pandek drazenko പറയുന്നു: 'ഖലീഫത്തുൽ മസീഹ് ഇസ്‌ലാമികാധ്യാപനങ്ങൾ വളരെ വ്യക്തമായും ആകർഷണമായ രീതിയിലും വിവരിച്ചു. ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിന് ഇസ്‌ലാമികാധ്യാപനങ്ങൾ വളരെ ഗുണപ്രദമാണ്. എല്ലാ മുസ്‌ലിമീങ്ങളും ഈ അധ്യാപനങ്ങളനുസരിച്ച് സത്യഹൃദയത്തോടെ പ്രവർത്തിക്കുകയാണെങ്കിൽ ലോകം സമാധാനത്തിന്റെകളിത്തൊട്ടിലായിത്തീരുന്നതായിരിക്കും.'

സ്വീഡനിലെ പാർലമെന്റംഗം Mr. Bengt Eliasson പറഞ്ഞു: 'എന്നെ ഹുദൂറിന്റെ പ്രസംഗം വല്ലാതെ ആകർഷിച്ചു. അവിടത്തെ പ്രസംഗത്തിൽ സത്യസന്ധത മാത്രമാണ് ഉണ്ടായിരുന്നത്. ഒരുതരത്തിലുള്ള ഉദ്ദേശ്യവും ഉണ്ടായിരുന്നില്ല. സമാധാനം, നീതി, സഹനം, മനുഷ്യത്വം, സ്നേഹം തുടങ്ങി സാഹോദര്യത്തെ സംബന്ധിച്ച് ഹുദൂർ സാധാരണക്കാർക്ക് മനസ്സിലാകുന്ന വാക്കുകളിൽ പറഞ്ഞു. ലോകത്തിന് ഒരു സന്ദേശം നല്കി.'

കനഡ പാർലമെന്റിൽ ഹുദൂർ 2016 ഒക്ടോബർ 17ന് പ്രഭാഷണം നടത്തി. സമാധാന സംസ്ഥാപനത്തെ സംബന്ധിച്ച് ഇസ്‌ലാമികാധ്യാപനങ്ങളുടെ വെളിച്ചത്തിൽ ധാരാളം പ്രശ്നങ്ങളിലും വെളിച്ചം വീശി. ചിലയാളുകളുടെ അഭിപ്രായങ്ങൾ മാത്രം താഴെ ചേർക്കുകയാണ്; പ്രഭാഷണം എത്രമാത്രം മനോഹരവും മാധുര്യവുമായ ദൃഷ്ടിയോടെ കാണപ്പെട്ടു എന്ന് മനസ്സിലാക്കാൻ.

ഇസ്റായീലി അംബാസഡർ റാഫേൽ ബാറാക് തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: 'എത്ര മാത്രം ആകർഷണീയമായ പ്രസംഗമായിരുന്നു അത്! സമാധാനത്തിനുവേണ്ടിയുള്ള സുപ്രധാന സന്ദേശമായിരുന്നു. സർവ മതങ്ങളും എങ്ങനെയാണ് പരസ്പരം ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യേണ്ടത്. ഇന്ന് ഇസ്‌ലാമിനെ കുറിച്ചുള്ള എന്റെ ചിന്ത ആകെ മാറിപ്പോയി. അതിനോടുള്ള ബഹുമാനം വർധിച്ചു. ഈ പ്രസംഗം പ്രസിദ്ധീകരിക്കേണ്ടതാണ്. ഏറ്റവും കൂടുതൽ ജനങ്ങളിലെത്തിക്കേണ്ടതാണ്. ജനങ്ങൾ ഈ സന്ദേശത്തെ പിൻപറ്റുകയാണെങ്കിൽ ലോകത്തെ ഏറ്റവും സങ്കീർണമായ പ്രശ്നങ്ങൾപോലും പരിഹരിക്കപ്പെടുന്നതായിരിക്കും. എനിക്ക് ഹുദൂറിന്റെ പ്രസംഗത്തിലെ സഹനത്തിന്റേയും സഹിഷ്ണുതയുടേയും വശം വളരെ ഇഷ്ടപ്പെട്ടു. യഹൂദികളാണെങ്കിലും മുസ്‌ലിമീങ്ങളാണെങ്കിലും എല്ലാ ആളുകളുടേയും അവകാശങ്ങൾ നിറവേറ്റണമെന്നും ഹുദൂർ പറഞ്ഞു. സുപ്രധാനവും സ്വാധീനമുളവാക്കുന്നതുമായ സന്ദേശമായിരുന്നു ഇത്.

ചീഫ് ഇമാമും സ്കോളറുമായ മുഹമ്മദു ജബ്ബാർ പറഞ്ഞു: 'ഞാൻ ഒരു സുന്നി ഇമാമാണ്. ഈ പ്രസംഗം ലോകത്ത് സമാധാനം സ്ഥാപനത്തിന് അടിത്തറയിട്ടു എന്നു പറയുന്നതിൽ എനിക്കൊരു മടിയുമില്ല. ഈ പ്രസംഗം ഇന്നത്തെ ലോകത്തിന് വളരെ ആവശ്യമാണ്. ഖലീഫയുടെ പ്രസംഗം യുക്തി നിർഭരവും ഉന്നതവും സന്ദർഭോചിതവുമായിരുന്നു. ഹദ്റത്ത് അഖ്ദസ് അങ്ങേയറ്റം ദീർഘവീക്ഷണമുള്ളയാളും നീതിപരമായി ചിന്തിക്കുന്നവ്യക്തിയുമാണ്. നീതിയുടെ പാലനത്തിൽ സന്തുലനം ഉണ്ടാകേണ്ടതാണെന്ന് അവിടന്ന് പറഞ്ഞു. ഇസ്‌ലാമികമായ വീക്ഷണം അങ്ങേയറ്റം മനോഹരമായ നിലയിൽ അദ്ദേഹം അവതരിപ്പിച്ചു. ദുഷ്കരമായ പല വശങ്ങളും ഈ മനോഹരമായ വിശദീകരണത്തിൽവന്നു; ജനങ്ങളുടെ വികാരങ്ങൾക്കൊന്നും ഒരു ക്ഷതവും ഏറ്റില്ല.'

പാർലമെന്റംഗം 'നക്കോല ഡി ഓറിയോ' പറഞ്ഞു: ഹുദൂറിന്റെ വ്യക്തിത്വം അപാരമായിരുന്നു; വാക്കുകൾ അങ്ങേയറ്റം ആകർഷണീയവും. അദ്ദേഹത്തിന്റെ പ്രസംഗമാണെങ്കിൽ ഗംഭീരമായിരുന്നു. ഭൗതികമായ എല്ലാ പ്രശ്നങ്ങളും അതിൽ ഹ്രസ്വമായി അവതരിപ്പിച്ചു. അഹ്മദിയ്യ ജമാഅത്ത് ഒരു പ്രബലമായ ജമാഅത്താണ്. മതസംഘടനകൾക്ക് ഒരു മാതൃകയാണ്. ഞാൻ അത്ഭുതപ്പെട്ടുപോകുന്നു! കാരണം ഞാൻ വിചാരിച്ചത് ഹുദൂർ കുറച്ചു വാക്കുകളിൽ നന്ദി പറഞ്ഞ് ഇരിക്കുമെന്നാണ്. പക്ഷേ, അവിടന്ന് ചെയ്ത പ്രസംഗത്തെക്കാൾ മെച്ചപ്പെട്ട പ്രസംഗം എവിടെയെങ്കിലും കേട്ടിട്ടുണ്ടോ എന്നെനിക്കറിയില്ല. ഇന്ന് ലോകം നേരിടുന്ന എല്ലാ പ്രശ്നങ്ങളും അദ്ദേഹം പറഞ്ഞു. ഈ പരിപാടിയിൽ പങ്കെടുത്ത എനിക്ക് വളരെ സന്തോഷമായി. സമാധാനത്തിന്റെ അംബാസഡറുടെ പ്രസംഗം കേൾക്കാൻ എനിക്കു കഴിഞ്ഞു. അതു സ്വയമേവ മുഴുലോകത്തിനും ഇസ്‌ലാമിനെ പരിചയപ്പെടുത്തിക്കൊടുക്കുന്നു.' ലോകം എത്രയും വേഗം ഇസ്‌ലാമിന്റെ സമാധാനപ്രദമായ അധ്യാപനങ്ങളുടെ മടിത്തട്ടിൽ വരാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ

**(മൻസ്വൂർ അഹ്മദ്)**




'മഖാമെ ളുഹൂറെ ഖുദ്റത്തെ ഥാനിയ' എന്ന റിയപ്പെടുന്ന രണ്ടാം ശക്തിപ്രഭാവമായ ഖിലാഫത്തിന്റെ സ്ഥാപനം തുടങ്ങിയ സ്ഥലം ജനാസാഗാഹിന് തൊട്ടുതന്നെയാണ്. ഇവിടെ അഞ്ചുവൃക്ഷങ്ങൾക്കിടയിൽ വെച്ചാണ് ജമാഅത്തിലെ എല്ലാവരും ഏകകണ്ഠമായി ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ്(റ)നെ ഒന്നാമത്തെ ഖലീഫയായി തിരഞ്ഞെടുത്തത്.

'അല്ലാഹുവിന് അനിഷ്ടകരമായിട്ടുള്ള എല്ലാ കാര്യങ്ങളും നിഷിദ്ധമാണ്. മലീമസമായ സകല സ്വഭാവങ്ങളും ഉപേക്ഷിക്കാത്തിടത്തോളം ആത്മശുദ്ധീകരണം കരസ്ഥമാകുകയില്ല.'
(ജുമുഅ ഖുത്ബ 11-3-2016)

ഉപദേശനം ഹദ്റത്ത് അമീറുൽ മുഅ്മിനീൻ

**ജൽസസാലാന ഖാദിയാൻ 2019**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

*ത്വാലിബെ ദുആ:*
**M.J.Saleem Ahmad & Family**
**Ahmadiyya jama'ath**
**Karunagapally(Kerala State)**

'നമ്മുടെ എല്ലാ ഭാരവാഹികളും അവർ ഏതു തലത്തിലുള്ളവരാണെങ്കിലും തങ്ങളുടെ മാതൃക നിലനിറുത്തേണ്ടതാണ്. സലാം ചൊല്ലുന്നതിൽ മുൻകടക്കുക; ചെറിയവരാണ് അല്ലെങ്കിൽ കീഴിലുള്ളവരാണ് അതിനാൽ തനിക്ക് സലാം ചൊല്ലട്ടെ എന്നു കരുതി കാത്തിരിക്കേണ്ട കാര്യമില്ല.'
(ജുമുഅ ഖുത്ബ 06-2-2015)

ഉപദേശനം ഹദ്റത്ത് അമീറുൽ മുഅ്മിനീൻ

**ജൽസസാലാന ഖാദിയാൻ 2019**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

*ത്വാലിബെ ദുആ:*
**E.H.Najeeb**
**Ahmadiyya jama'ath**
**kakanad(Kerala State)**

# യഥാർഥവും അനശ്വരവുമായ ആഗോള സമാധാനസംസ്ഥാപനം

## ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹ്

### പരിഭാഷ: മൗലവി സഫ്ർ അഹ്മദ് കോഴിക്കോട്

നമുക്കെല്ലാവർക്കും ലോകത്തിന്റെ മോശമായ അവസ്ഥയെക്കുറിച്ച് അറിയാമെങ്കിലും ചില രാജ്യങ്ങൾ തമ്മിലുള്ള ബന്ധം അങ്ങേയറ്റം വഷളായികൊണ്ടിരിക്കുന്നതും അതിന്റെ പ്രത്യാഘാതം ഗുരുതരമായി ഉണ്ടായിക്കൊണ്ടിരിക്കുന്നതും ചിലർക്ക് അറിയുകയില്ല.

ഏതാനും മണിക്കൂറുകൾകൊണ്ട് മനുഷ്യന്റെ സംസ്കാരം തന്നെ ലോകത്തുനിന്ന് തുടച്ചുതീർക്കാൻ കെല്പുള്ള അണുവായുധമുണ്ടായിട്ടും അണുവായുധയുദ്ധത്തിന്റെ ഭീതിയെക്കുറിച്ച് ലോകർക്ക് ഒരു ശ്രദ്ധയുമില്ലെന്നതിലാണ് അത്ഭുതം.

ആയുധത്തിന്റെ വ്യാപനം പൊതുജനങ്ങളുടെ സമ്മർദം കാരണം ഇല്ലാതാവുന്നതാണ്. അതായത് മനുഷ്യത്വം എന്ന ശബ്ദത്തിന്റെ മുന്നിൽ ആയുധക്കച്ചവടം ചെയ്യുന്നവരുടെയും ഏതു സമയവും യുദ്ധത്തിനാഗ്രഹിച്ചുകൊണ്ടിരിക്കുന്ന ഭരണകർത്താക്കളുടെയും ശബ്ദം അകന്നുപോകേണ്ടതാണ്.

സമൂഹവും അതിന്റെ നേതാവും തങ്ങളുടെ നേട്ടത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കാതെ ആഗോളനേട്ടങ്ങളുടെ കാര്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതാണ്.

എല്ലാ വിഭാഗങ്ങളും സഹിക്കാനുള്ള ആത്മാവോടുകൂടിലോകത്ത് സ്ഥാപിച്ചെടുക്കേണ്ട സമാധാന പുരോഗതിപോലുള്ള മൊത്തം ലക്ഷ്യത്തിനുവേണ്ടി പരിശ്രമിക്കേണ്ടതാണ്. എല്ലാവരും ചേർന്നുകൊണ്ട് തങ്ങൾക്കെതിരിൽ യുദ്ധം ചെയ്യുന്ന ഈ യുദ്ധത്തിൽ പ്രത്യേകിച്ച് അണുവായുധം ഉപയോഗിക്കുന്നതുകൊണ്ട് ആരും വിജയികളാകുകയില്ല. ഈ സാധ്യതയും തള്ളിക്കളയാൻ സാധിക്കുകയില്ല.

നാം ആധുനിക കാലഘട്ടത്തിലെ ചെറിയ ചെറിയ പ്രശ്നങ്ങൾതന്നെ സാധാരണനിലയിൽ വിലയിരുത്തുകയാണെങ്കിൽ ലോകം നാശത്തിലേക്കു കുതിച്ചുകൊണ്ടിരിക്കുകയാണെന്ന കാര്യം വ്യക്തമാവുന്നതാണ്.

ലോകം ഒരു പ്രത്യേക വൃത്തത്തിൽ ചുറ്റിക്കറങ്ങുകയാണ്. അതിൽ ഒരു തർക്കം മറ്റൊരു തർക്കത്തെ ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. കാരണം അന്യോന്യമുള്ള ശത്രുതയും വെറുപ്പും മുമ്പേയുള്ളതിനെക്കാൾ വർധിച്ചു വരികയാണ്.

യുദ്ധബാധിത രാഷ്ട്രങ്ങളിൽ സമാധാനം സ്ഥാപിക്കുക എന്നതാണ് അഭയാർഥികളുടെ പ്രശ്നങ്ങൾക്കുള്ള പരിഹാരം. അവിടെ നിർബന്ധിതാവസ്ഥയിൽ കഴയുന്ന സാധാരണക്കാരെ സഹായിക്കുകയും അവരെ സ്വന്തം കാലിൽ നില്ക്കാൻ കെല്പുള്ളവരാക്കുകയും സമാധാനത്തോടുകൂടി കഴിയുന്നതിനുള്ള സാഹചര്യമുണ്ടാക്കുകയും വേണം.

ഇസ്ലാമിക വീക്ഷണത്തിലൂടെ മുഴുലോകത്തേയും ഏകോപിപ്പിക്കുന്നതിന് നാം പരിശ്രമിക്കേണ്ടതാണ്. കറൻസിയുടെ അടിസ്ഥാനത്തിലും മുഴുലോകവും ഒന്നായി തീരേണ്ടതാണ്. പിന്നീട് സ്വതന്ത്രമായി സഞ്ചരിക്കാനും എമിഗ്രേഷന്റെ അടിസ്ഥാനത്തിൽ യുക്തവും പ്രവർത്തനയോഗ്യവുമായ പോളിസി ഉണ്ടാക്കാനും സാഹചര്യമുണ്ടാക്കേണ്ടതാണ്.

സമൂഹം അന്യോന്യം നീതിയോടുകൂടി വർത്തിക്കുക എന്നത് ഇസ്ലാമികവീക്ഷണത്തിൽ സമാധാനം സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന ആവശ്യമാണ്.

ശക്തിയുള്ള സമൂഹം തങ്ങളുടെ ധനത്തിലും മാധ്യമമാർഗങ്ങളിലും സമാധാനത്തോടുകൂടി നിൽക്കുന്നതിനു പകരം തങ്ങളുടെ ശക്തികൾകൊണ്ട് ദരിദ്രരാഷ്ട്രങ്ങളെ തങ്ങളുടെ കീഴിലാക്കാൻ ശ്രമിക്കുകയാണ് ചെയ്യുന്നത്. നമ്മൾ നമ്മുടെ സകലശക്തിയും കഴിവും സമാധാനം സ്ഥാപിക്കുന്നതിന് ചെലവഴിക്കേണ്ടതാണ്.

ബ്രിട്ടൺ അഹ്മദിയ്യ ജമാഅത്ത് 2019 മാർച്ച് 9 ന് സംഘടിപ്പിച്ച 16–ാമത് നാഷണൽ പീസ് സിമ്പോസിയത്തിൽ സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലായുടെ അധ്യക്ഷ പ്രസംഗത്തിന്റെ തർജമ

*ബിസ്മില്ലാഹിർറഹ്മാനിർറഹീം*

ആദരണീയരായ അതിഥികളേ! അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറകാത്തുഹു

എല്ലാ വർഷവും അഹ്മദിയ്യാ ജമാഅത്ത് ഇത്തരത്തിലുള്ള പീസ് സിമ്പോസിയം സംഘടിപ്പിക്കാറുണ്ട്. അതിൽ ആധുനിക യുഗത്തിലെ പ്രശ്നങ്ങളും പൊതുവിലുള്ള ലോക പ്രശ്നങ്ങളും ചർച്ച ചെയ്യുകയും ഈ പ്രശ്നങ്ങൾക്ക് ഇസ്ലാമികാധ്യാപനങ്ങളുടെ വെളിച്ചത്തിൽ പ്രതിവിധി പറഞ്ഞുതരാൻ ഞാൻ ശ്രമിക്കുകയും ചെയ്യുന്നു. ഈ പരിപാടി ആഗോളാടിസ്ഥാനത്തിൽ എന്ത് പ്രതികരണമാണുണ്ടാക്കുക എന്നറിയില്ല. മറ്റു ലോകത്ത് പ്രതികരണം എന്താണുണ്ടാകുകയെന്ന കാര്യം നോക്കാതെ സമാധാനത്തിന്റേയും നീതിയുടേയും കാര്യത്തിൽ നമ്മുടെ പരിശ്രമം തുടർന്നുകൊണ്ടേയിരിക്കും. നിങ്ങളും നമ്മളെപോലെ ലോകത്ത് യഥാർഥ സമാധാനം നിലനിൽക്കണമെന്നാഗ്രഹിക്കുന്നവരാണെന്ന് എനിക്ക് ഉറപ്പുണ്ട്.

ഇന്നത്തെ കാലഘട്ടത്തിൽ ലോകത്തിന്റെ ശാന്തിയും സമാധാനവും നശിപ്പിക്കുന്ന യുദ്ധങ്ങൾ ഇല്ലായ്മ ചെയ്യണമെന്നും എല്ലാ സമൂഹവും അന്യോന്യം തങ്ങളുടെ അവകാശങ്ങൾ മാനിച്ചുകൊണ്ട് സമാധാനത്തോടുകൂടി ജീവിക്കണമെന്നും ഒരു സമാധാനപൂർണമായ സമൂഹം നിലനിൽക്കണമെന്നും ആഗ്രഹിക്കുന്നവരാണ് നിങ്ങളെല്ലാവരും. എന്നാൽ, യുദ്ധങ്ങളിൽനിന്നും തർക്കങ്ങളിൽ നിന്നും വിട്ടുനിൽക്കുന്നതു പോകട്ടെ, എല്ലാ വർഷവും ഇതിനെതിരാണ് കാണുന്നതെന്നത് അങ്ങേയറ്റം സങ്കടകരമാണ്. ശത്രുത വർധിക്കുന്നതിനനുസരിച്ച് അവിടങ്ങളിൽ അന്യോന്യമുള്ള ശത്രുതയും അവസാനിക്കുന്നില്ല.

നമുക്ക് ലോകത്തിന്റെ മോശമായ അവസ്ഥയെക്കുറിച്ച് അറിയാമെങ്കിലും ചില രാഷ്ട്രങ്ങളുടെ അന്യോന്യമുള്ള ബന്ധം എത്ര മാത്രം വഷളായിരിക്കുന്നുവെന്നതിനെക്കുറിച്ചും ഇതിന്റെ എത്ര മാത്രം നാശകരമായ പ്രതികരണം ഉണ്ടാകുമെന്നതിനെ സംബന്ധിച്ചും പല ആൾക്കും അറിയില്ല. ഉദാഹരണത്തിന് ബ്ലൂംബെർഗ് ബിസിനസ്സ്‌വീക്കി (Bloomberg Businessweek) ന്റെ കഴിഞ്ഞ ലക്കത്തിൽ ഒരു ലേഖകൻ പീറ്റർകോയ് (Peter Coy)എഴുതുന്നു: ചില മണിക്കൂറുകൾകൊണ്ട് മനുഷ്യസംസ്കാരത്തെതന്നെ ലോകത്തിൽനിന്ന് തുടച്ചുനീക്കാൻ മതിയായ അണുവായുധമുണ്ടായിട്ടും ആണവയുദ്ധത്തിന്റെ ഭീതിയെക്കുറിച്ച് ലോകർക്ക് ഒരു ശ്രദ്ധയുമില്ലെന്നതിലാണ് അത്ഭുതം. ഇപ്പോൾ അമേരിക്കയുടേയും റഷ്യയുടേയുമിടയിൽ ആയുധങ്ങളുടെ നിർമാർജനത്തിന്റെ കരാർ' അവസാനിച്ചു കഴിഞ്ഞിരിക്കുന്നു. ഇതിലേക്ക് പ്രത്യേകം ശ്രദ്ധിക്കേണ്ടത് നിർബന്ധമാണ്. അണുവായുധത്തിന്റെ ഒരു പുതിയ യുഗം ജന്മംകൊള്ളുകയാണെന്ന് തോന്നിപ്പോകുന്നു. ഒരു സാധാരണമനുഷ്യന് ഇതു സംബന്ധമായി എന്ത് ചെയ്യാൻ സാധിക്കുമെന്ന് നോക്കുകയാണെങ്കിൽ പൊതുജനങ്ങളുടെ സമ്മർദഫലമായി ആയുധങ്ങളുടെ വ്യാപനം ഇല്ലായ്മ ചെയ്യാൻ സാധിക്കും എന്നാണ് പറയാനുള്ളത്. അതായത് ഇൻസാനിയ്യത്ത് (മനുഷ്യത്വം) എന്ന ശബ്ദത്തിന്റെ മുന്നിൽ ആയുധക്കച്ചവടം ചെയ്യുന്നവരുടേയും ഏതു സമയവും യുദ്ധത്തിനാഗ്രഹിച്ചുകൊണ്ടിരിക്കുന്ന ഭരണകർത്താക്കളുടേയും ശബ്ദം അമർന്നുപോവേണ്ടതാണ്.

ലേഖകൻ തന്റെ ഈ ആർട്ടിക്കിളിൽ മിഡിൽബെറി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർനാഷണൽ സ്റ്റഡീസിൽനിന്ന് (Middlebury Institute of International Studies)ചേർത്ത നിക്കോളായ് സൊകോവ് Nikolai Sokovhnന്റെ ഒരു മുന്നറിയിപ്പും ഉൾപ്പെടുത്തിയിരുന്നു. ഈ എല്ലാ ലക്ഷണങ്ങളും യൂറോപ്യൻ രാഷ്ട്രങ്ങൾ ഭയാനകമായ അണുവായുധങ്ങളുടേയും യുദ്ധമുതലുകളുടേയും കോപ്പുകൂട്ടുന്ന കാര്യത്തിൽ അന്യോന്യം മുന്നോട്ട് മത്സരിക്കാൻ പരിശ്രമിക്കുന്നുവെന്നാണ് മനസ്സിലാക്കിത്തരുന്നത്. ഈ ലേഖനത്തിന്റെ ബാക്കി ഭാഗങ്ങളിൽ ആഗോളാടിസ്ഥാനത്തിൽ ആയുധങ്ങളുടെ ഒരു പുതിയ ഓട്ടം ആരംഭിച്ചിരിക്കുന്നുവെന്നും അണുവായുധത്തിന്റെ ഭയാനകമായ അവസ്ഥയെ നിസ്സാരമായി കാണരുതെന്നും പറയുന്നു.

കഴിഞ്ഞ ദിവസങ്ങളിൽ ഇന്ത്യയും പാക്കിസ്താനും തമ്മിൽ പെട്ടെന്നുണ്ടായ വഷളായ അവസ്ഥ ലോകത്തിന് മുമ്പാകെയുള്ളതാണ്. ഈ രണ്ട് രാഷ്ട്രവും അണുവായുധ ശക്തികളുള്ള രാഷ്ട്രങ്ങളാണ്. രണ്ടുപേരും

പല രാഷ്ട്രങ്ങളോടൊപ്പം രഹസ്യമായും പരസ്യമായും ഐക്യത്തിന്റെ കരാറും ചെയ്തുകൊണ്ടിരിക്കുകയാണ്. അതുകാരണം അവർ തമ്മിലുള്ള ഏതൊരു യുദ്ധത്തിന്റേയും ഫലം വളരെ വിശാലവും നാശകരവുമായിരിക്കും.

ആണവായുധശക്തിയുള്ള നേതാക്കന്മാർ എപ്പോഴും ആണവായുധം ഉപയോഗിക്കുന്നതിനുവേണ്ടി സന്നദ്ധരായി കാണുന്നുവെന്ന് ഞാൻ വ്യക്തമാക്കിയിരുന്നു. അവർക്ക് ഇതിന്റെ ഭയാനകമായ പരിണിതഫലത്തെക്കുറിച്ച് അറിയില്ലായെന്ന് തോന്നുന്നു. ആരുടെ എതിരിലാണോ ഈ ആയുധം പ്രയോഗിക്കുന്നത് ആ രാജ്യത്തെ മാത്രമല്ല നശിപ്പിച്ചുകളയുന്നത്. പ്രത്യുത അവയുടെ ഉപയോഗം മുഴുലോകത്തിന്റെ ശാന്തിക്കും സമാധാനത്തിനും ആശങ്കയാണ്. അതുകൊണ്ട് സമൂഹവും അവരുടെ നേതാവും തങ്ങളുടെ ശ്രദ്ധ വെറും തങ്ങളുടെ രാജ്യത്തിന്റെ നേട്ടങ്ങളിൽ കേന്ദ്രീകരിക്കുന്നതിനു പകരം ആഗോളനേട്ടങ്ങളെ മുൻനിറുത്തേണ്ടത് നിർബന്ധമാണ്. സമാധാനം സ്ഥാപിക്കുന്നതിനു മറ്റുള്ള രാജ്യങ്ങളുടേയും ഗ്രൂപ്പുകളുടേയും ചർച്ച വളരെ പ്രാധാന്യമർഹിക്കുന്നു. ഓരോ ഗ്രൂപ്പും സഹനത്തോടുകൂടി ലോകത്ത് മൊത്തത്തിലുള്ള ലക്ഷ്യത്തിനു വേണ്ടി പരിശ്രമിക്കേണ്ടതാണ്.

Spiegel Onlineന് അടുത്തു നൽകിയ ഇന്റർവ്യൂവിൽ ജർമനിയുടെ മുൻവിദേശകാര്യമന്ത്രി Sigmar Gabriel ഇപ്രകാരം പറഞ്ഞു: 'ലോകം നിലവിലുള്ള ഭൂമിശാസ്ത്രപരമായ രാഷ്ട്രീയത്തിന്റെ പരിണിതിയുടെ ഫലമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന അപകടങ്ങളെ വിസ്മരിച്ചുകളയുകയാണ്.' അദ്ദേഹം ലോകത്തിന്റെ നിലവിലുള്ള അവസ്ഥയും 1945ലേയും 1989ലേയും അവസ്ഥയും താരതമ്യം ചെയ്താണ് ഇതു പറഞ്ഞത്:

"ലോകത്തിന്റെ അവസ്ഥ വളരെ വേഗം മാറിക്കൊണ്ടിരിക്കുകയാണ്. പാശ്ചാത്യർ പല ഗ്രൂപ്പുകളായി വിഭജിച്ചിരിക്കുന്നു. കഴിഞ്ഞ 70 വർഷത്തിനിടയിൽ ഉണ്ടായിട്ടുള്ള പ്രകടമായിട്ടുള്ള വ്യത്യാസം ആദ്യമൊക്കെ നമുക്ക് അമേരിക്കയെ ഒരു ലീഡർഷിപ്പുള്ള രാഷ്ട്രമായി വിശ്വസിക്കാമായിരുന്നു. എന്നാൽ, ഇന്ന് യൂറോപ്പ് തങ്ങളുടെ സ്വയം നിലനിൽപ്പിനുവേണ്ടി യുദ്ധം ചെയ്യേണ്ടി വരുന്നുവെന്ന അവസ്ഥയിലേക്ക് കടന്നു പൊയ്ക്കൊണ്ടിരിക്കുന്നതാണ് കാണുന്നത്.

ഇതേപ്രകാരം ന്യൂയോർക്ക് ടൈംസിന്റെ ഒരു ആർട്ടിക്കിളിൽ റഷ്യയിലെ മുൻനേതാവ് മിഖായേൽ ഗോർബച്ചേവ്(Mikhail Gorbachev) ഇപ്രകാരം പറഞ്ഞു: അമേരിക്കയുടെയും റഷ്യയുടെയും ഇടയിൽ ഇപ്പോഴുള്ള ഐ എൻ എഫ്. ട്രീറ്റി (INF.Treaty) അവസാനിച്ചതിന്റെ ഫലമായി ആണവായുധത്തിന്റെ ഒരു പുതിയ മത്സരം തുടങ്ങിയിരിക്കുകയാണ്. അദ്ദേഹം വീണ്ടും എഴുതുന്നു: ആയുധങ്ങളുടെ പുതിയ വടംവലി തുടങ്ങിയിരിക്കുന്നു. INF.Treatyയുടെ അവസാനം ലോകത്ത് ശക്തിപ്രാപിക്കുന്ന സൈനികവൽകരണത്തിന്റെ(militarisation) ഫലമായി ഉണ്ടാകുന്ന ആദ്യത്തെ സംഭവമൊന്നുമല്ല. ഇതിന് മുമ്പേ 2002-ൽ അമേരിക്ക ആന്റി ബ്ലാസ്റ്റിക് മിസൈലിന്റെ കരാറിൽനിന്ന് പിന്നോട്ടു മാറിയിരുന്നു. അതുപോലെ ഈ വർഷം ഇറാനിനോട് ചെയ്തിട്ടുള്ള ന്യൂക്ലിയർ ആയുധത്തിന്റെ കരാറും അവസാനിപ്പിച്ചതും ഇതേ താൽപര്യതന്ത്രമാണ്. സൈനിക ചെലവ് ആകാശത്തോളം എത്തിനിൽക്കുകയും ദിനംപ്രതി വർധിക്കുകയും ചെയ്യുന്നു.

ആണവയുദ്ധത്തിന്റെ അപകടത്തെ കുറിച്ച് ജാഗ്രതപ്പെടുത്തിക്കൊണ്ട് ഗോർബച്ചേവ് എഴുതുന്നു: "എല്ലാവരും ചേർന്ന് പരസ്പരം തങ്ങൾക്കെതിരിൽ ചെയ്യുന്ന യുദ്ധത്തിൽ ആരുംതന്നെ വിജയികളാവുകയില്ല. അവർ ആണവായുധങ്ങൾ ഉപയോഗിക്കുന്നവരാകുമ്പോൾ പ്രത്യേകിച്ചും. ഈ സാധ്യത തള്ളിക്കളയാനാവുകയില്ല. ആയുധങ്ങളുടെ വീണ്ടുവിചാരമില്ലാതെയുള്ള പ്രയോഗവും അന്താരാഷ്ട്ര പിരിമുറുക്കവും അന്താരാഷ്ട്ര തലത്തിൽ ശത്രുതയുടെയും വിശ്വാസമില്ലായ്മയുടെ അന്തരീക്ഷം കത്തുന്നതിൽ എണ്ണയുടെ പ്രവൃത്തിയാണ് ചെയ്യുന്നത്." ആയതിനാൽ കാര്യങ്ങൾ വിശകലനം ചെയ്യുന്നവരും രാഷ്ട്രീയനേതാക്കന്മാരും ഇപ്പോൾ ആണവായുധം പ്രവചനാതീതമായ കാര്യമല്ല. എന്നുമാത്രമല്ല അതിന്റെ അപകടം വർദ്ധിച്ചുകൊണ്ടിരിക്കുകയും ഇതിനെ വിസ്മരിച്ചുകളയാൻ കഴിയുകയില്ല എന്ന നിഗമനത്തിലാണ് എത്തിയിട്ടുള്ളത്.

നാം ആധുനിക കാലഘട്ടത്തിലെ ചെറിയ ചെറിയ പ്രശ്നങ്ങൾതന്നെ വിലയിരുത്തുകയാണെങ്കിൽ ലോകം നാശത്തിലേക്ക് കുതിച്ചുകൊണ്ടിരിക്കുകയാണെന്ന കാര്യം വളരെ വ്യക്തമായി മനസ്സിലാക്കാം. അമേരിക്ക, വടക്കൻ കൊറിയയുമായി ഒരു ചരിത്രപരമായ സമാധാനകരാർ ഉണ്ടാക്കുന്നതിൽ വിജയം നേടാൻ പോവുകയാണെന്ന് കഴിഞ്ഞവർഷം അവർ പൂർണവിശ്വാസത്തോടുകൂടി വാദം ഉന്നയിച്ചിരുന്നു. എന്നാൽ, ഇക്കാര്യത്തിൽ ഒരു വിജയവും കരസ്ഥമാക്കാൻ സാധിച്ചിട്ടില്ലെന്ന് ഇപ്പോൾ വ്യക്തമായി. ഇതിനു പുറമെ കിഴക്കൻ മേഖലകളിൽ നടന്നുവരുന്ന തർക്കങ്ങളും വർധിച്ചുവരികയാണ്. ഏകദേശം കഴിഞ്ഞ ദശാബ്ദമായി ശാമിൽ രക്തച്ചൊരിച്ചിൽ നടന്നുകൊണ്ടിരിക്കുകയും രാജ്യത്തിന്റെ ഐക്യം തകർന്നിരിക്കുകയുമാണ്. യുദ്ധം അവസാനിക്കാൻ പോവുകയാണെന്ന് പറയപ്പെടുന്നു. എന്നാൽ, കഴിഞ്ഞ പത്തു വർഷത്തിൽ ലക്ഷക്കണക്കിനാളുകൾ മരിക്കുകയും അതിനെക്കാൾ എത്രയോ ഇരട്ടി ആളുകൾ ഭവനരഹിതരാകുകയും ചെയ്തുവെന്നല്ലാതെ എന്ത് നേടിയെടുക്കാൻ സാധിച്ചു. ഈ എല്ലാ നടപടികളുടെയും ഒരു വിധിരൂപമായ റിസൽട്ട് പുറത്തുവന്നിട്ടില്ല. ഇപ്പോഴും അവരുടെ ഭാവി വിശ്വാസമില്ലാത്തതും സംശയമുള്ളതുമാണ്. കാരണം ഏതൊരു രാജ്യത്തിന്റെയും സ്വാർഥപരമായനേട്ടങ്ങൾ ശാമിന്റെ ഭാവിയുമായി ബന്ധപ്പെട്ടുകിടക്കുന്നുവോ അവരുടെ ഇടയിലുള്ള വടംവലി വർധിച്ചുകൊണ്ടുവരികയാണ്. ഒരുഭാഗത്ത് റഷ്യയുടെയും, തുർക്കിയുടെയും ഐക്യമാണെങ്കിൽ മറുഭാഗത്ത് അമേരിക്കയും സൗദി അറേബ്യയും ചേർന്നുകൊണ്ട് ഇറാന്റെമേൽ സമ്മർദം ചെലുത്തുകയും അവർക്കെതിരിൽ കൂടുതൽ ഉപരോധങ്ങൾ ഏർപ്പെടുത്താൻ ശ്രമിക്കുകയും ചെയ്യുന്നു. ഈ രാഷ്ട്രങ്ങളുടെ ലക്ഷ്യം കിഴക്കൻ മേഖലകളിൽ തങ്ങളുടെ ആധിപത്യം സ്ഥാപിക്കുക എന്നതല്ലാതെ മറ്റൊന്നുമല്ലെന്ന് രാഷ്ട്രീയനിരീക്ഷകന്മാർ വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നു.

**ആധുനിക കാലഘട്ടത്തിലെ ചെറിയ ചെറിയ പ്രശ്നങ്ങൾ തന്നെ സാധാരണനിലയിൽ വിലയിരുത്തുകയാണെങ്കിൽ ലോകം നാശത്തിലേക്കു കുതിച്ചുകൊണ്ടിരിക്കുകയാണെന്ന കാര്യം വ്യക്തമാവുന്നതാണ്**

മറ്റൊരു ഭയാനകമായ കാര്യം തുർക്കികളും കുർദികളും തമ്മിലുള്ള പ്രശ്നം വഷളായിക്കൊണ്ടിരിക്കുന്നു എന്നുള്ളതാണ്. അവിടെ കുർദികൾ സ്വയം അധികാരം കരസ്ഥമാക്കാനാഗ്രഹിക്കുന്നു.

ചുരുക്കത്തിൽ ലോകം വളരെ മോശമായ ഒരു വൃത്തത്തിൽ അകപ്പെട്ടിരിക്കുന്നു. അവിടെ ഒരു തർക്കം മറ്റൊരു തർക്കം ഉണ്ടാക്കുന്നു. കാരണം അന്യോന്യമുള്ള ശത്രുതയും വെറുപ്പും വർധിച്ചുകൊണ്ടിരിക്കുന്നു. ഈ പ്രശ്നങ്ങൾ അവസാനം നമ്മെ എവിടെ കൊണ്ടെത്തിക്കുമെന്നും എത്രമാത്രം ഭയാനകമായ ഫലമാണ് പ്രത്യക്ഷപ്പെടുകയെന്നും ആർക്കും അറിയില്ല. ഈ കാര്യങ്ങളൊക്കെ ഞാൻ മാതൃകയെന്ന നിലയിൽ പറഞ്ഞതാണ്. ഇതിനുപുറമെ മറ്റു പല ഭയാനകമായ പ്രശ്നങ്ങളുമുണ്ട്. അതുമുഖേന ലോകത്തിൽ ശാന്തിയും സമാധാനവും അങ്ങേയറ്റം അപകടത്തിലാണ്. ഉദാഹരണത്തിന് തീവ്രവാദ ഗ്രൂപ്പുകൾ തങ്ങളുടെ നാശത്തിന്റെ വക്കിലാണെന്നും അവരുടെ ഖിലാഫത്തും അവസാനിച്ചിരിക്കുകയാണെന്നും പറയുന്നുവെങ്കിലും ചില നേതാക്കന്മാർ പറയുന്നത് തീവ്രവാദ ഗ്രൂപ്പുകൾ തങ്ങളുടെ സ്വദേശം കൈവെടിഞ്ഞുവെങ്കിലും അവരുടെ തീവ്രവാദപരമായ വീക്ഷണത്തിൽ ജീവിതത്തിന്റെ അംശം ബാക്കിയുണ്ടെന്നും രക്ഷപ്പെടുന്ന അവരുടെ അനുയായികൾ ലോകത്ത് വ്യാപിച്ചുകൊണ്ടിരിക്കുന്നുവെന്നും ഏതെങ്കിലും സമയത്ത് വീണ്ടും അവർ വ്യവസ്ഥാപിതമായി യൂറോപ്പിലും മറ്റു രാഷ്ട്രങ്ങളിലും അക്രമങ്ങൾ അഴിച്ചുവിട്ടേക്കാമെന്നുമാണ്. സർവോപരി പാശ്ചാത്യരുടെ തലയിൽ ദേശീയവാദം എന്ന ഭൂതം ചുറ്റിക്കറങ്ങിക്കൊണ്ടിരിക്കുകയാണ്. അവരുടെ വലംകൈയായി ബന്ധപ്പെടുന്ന തീവ്രവാദ ഗ്രൂപ്പുകൾക്ക് സ്വീകാര്യത ലഭിക്കുകയും ചെയ്യുന്നു.

യഥാർഥത്തിൽ ഈ പാർട്ടികൾക്ക് രാഷ്ട്രീയപരമായി ഭൂരിപക്ഷം ലഭിച്ചിട്ടില്ലെങ്കിലും ഏതുവരെ സമൂഹത്തിൽ എല്ലാ നിലയിലും നീതി നടപ്പാലാകുന്നില്ലയോ ഈ പാർട്ടികൾക്ക് സ്വീകാര്യത ലഭിച്ചുകൊണ്ടിരിക്കും. ഇവരുടെ സ്വീകാര്യതക്ക് അടിസ്ഥാനപരമായ കാരണം അഭയയാർഥികളുടെ വർധനയാണ്. ഇതിലൂടെ ജനങ്ങളിൽ അസ്വസ്ഥത ഉടലെടുക്കുകയും ഈ രാഷ്ട്രങ്ങളുടെ യഥാർഥ നിവാസികളുടെ പ്രശ്നങ്ങൾക്ക് ചെലവഴിക്കാതെ അന്യരാഷ്ട്രങ്ങളുടെ അഭയാർഥികളുടെ സഹായത്തിനുവേണ്ടി ചെലവഴിക്കുന്നുവെന്നുള്ള ചിന്താധാര ഉണ്ടാവുകയും ചെയ്യുന്നതാണ്. ഞാൻ ഇതിനു മുമ്പേയും ഇതിനെക്കുറിച്ച് വിശദീകരിച്ച് സംസാരിച്ചിരുന്നു. അതുകൊണ്ട് പഴയ കാര്യങ്ങൾ ആവർത്തിക്കാനാഗ്രഹിക്കുന്നില്ല. സ

**എല്ലാ വിഭാഗങ്ങളും സഹിക്കാനുള്ള ആത്മാവോടുകൂടി ലോകത്ത് സ്ഥാപിച്ചെടുക്കേണ്ട സമാധാന പുരോഗതിപോലുള്ള മൊത്തം ലക്ഷ്യത്തിനുവേണ്ടി പരിശ്രമിക്കേണ്ടതാണ്. എല്ലാവരും ചേർന്നുകൊണ്ട് തങ്ങൾക്കെതിരിൽ യുദ്ധം ചെയ്യുന്ന ഈ യുദ്ധത്തിൽ പ്രത്യേകിച്ച് അണുവായുധം ഉപയോഗിക്കുന്നതുകൊണ്ട് ആരും വിജയികളാകുകയില്ല.**

മാധാനം സ്ഥാപിക്കുന്നതിനുവേണ്ടി യഥാർഥ നിലയിൽ പരിശ്രമിക്കുകയും എല്ലാ രാഷ്ട്രങ്ങളും പുരോഗതി പ്രാപിക്കുന്നതിൽ സഹായിക്കുകയും ചെയ്യുകയാണെങ്കിൽ ജനങ്ങൾ തങ്ങളുടെ സ്വദേശത്തുനിന്ന് ഓടിക്കൊണ്ട് അന്യദേശത്ത് അഭയം പ്രാപിക്കുന്ന നിർബന്ധിത സാഹചര്യവും ആഗ്രഹവും ഇല്ലാതായിത്തീരുമെന്ന് മാത്രം പറയുകയാണ്.

ജനങ്ങൾ ആഗ്രഹിക്കുന്നത് അവർ തങ്ങളുടെ കുടുംബത്തെ സംരക്ഷിക്കുന്നതിന് പ്രാപ്തരായി തീരുകയെന്നുള്ളതാണ്. അതിനുള്ള വാതിലും കൊട്ടിയടക്കപ്പെടുമ്പോൾ പിന്നെ നല്ലനിലയിൽ ജീവിതം കരസ്ഥമാക്കുന്നതിനുവേണ്ടി ഈ ആളുകൾ തങ്ങളുടെ രാജ്യം ഉപേക്ഷിക്കാൻ ശ്രമിക്കും. ആയതിനാൽ അഭയാർഥികളുടെ ദൃഢമായ പരിഹാരം അവർ തങ്ങളുടെ കാലിൽനിൽക്കുന്നതിനുവേണ്ടിയും സമാധാനത്തോടുകൂടി ജീവിക്കുന്നതിനുവേണ്ടിയും യുദ്ധം മുഖേന സ്വാധീനിക്കപ്പെട്ട രാജ്യങ്ങളിൽ സമാധാനം സ്ഥാപിക്കുകയും ഇത്തരം സ്ഥലങ്ങളിൽ നിർബന്ധിത സാഹചര്യത്തിൽ ഭയത്തോടും നിർധനതയോടും കൂടി ജീവിതം നയിക്കുന്ന നിസ്സഹായരായ പൊതുജനങ്ങളെ സഹായിക്കുകയും ചെയ്യുക എന്നുള്ളതാണ്.

ചുരുക്കത്തിൽ മുഹാജിറുകളോ രാഷ്ട്രീയമായി അഭയം തേടുന്നവരോ തങ്ങളുടെ രാജ്യത്തിന്റെ മതപരമായോ രാഷ്ട്രീയപരമായോ കാരണത്താൽ പടിഞ്ഞാറൻ രാജ്യങ്ങളിലേക്ക് മുഖം തിരിക്കുകയാണെങ്കിൽ അവരോട് ബഹുമാനത്തോടും ആദരവോടും വർത്തിക്കുന്നതിനോടൊപ്പം അവർക്ക് ലഭിക്കുന്ന സഹായങ്ങളുടേയും ആനുകൂല്യങ്ങളുടെയും ഫലമായി തദ്ദേശവാസികളുടെ ആനുകൂല്യങ്ങൾ ഇല്ലാതാവാൻ പാടില്ല എന്നുള്ള കാര്യവും പരിഗണിക്കേണ്ടതാണ്.

പലായനം ചെയ്തുവരുന്നവർ ദീർഘകാലം ഭരണകൂടത്തിന്റെ ഭാഗത്തുനിന്ന് ഔദാര്യപൂർവ്വം ലഭിച്ചുകൊണ്ടിരിക്കുന്ന അലവൻസിനും ആനുകൂല്യങ്ങൾക്കും പകരമായി അവർ പെട്ടെന്ന് തന്നെ തങ്ങളുടെ ജീവിതമാർഗം അന്വേഷിച്ചുകണ്ടെത്തണമെന്ന കാര്യം മുഹാജിറുകളെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കേണ്ടതാണ്. അവർ സ്വയവും പരിശ്രമിച്ചുകൊണ്ട് തങ്ങളുടെ സ്വന്തം കാലിൽ നിൽക്കാൻ ശ്രമിക്കേണ്ടതാണ്. സമൂഹത്തിന്റെ ഉന്നമനത്തിനുവേണ്ടി ശരിയായ രീതിയിൽ പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്. അല്ലെങ്കിൽ ടാക്സ് നൽകിക്കൊണ്ടിരിക്കുന്നവരുടെ പൈസയിൽനിന്ന് അവരെ തുടർച്ചയായി സഹായിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ തീർച്ചയായും പരാതി ഉണ്ടായികൊണ്ടിരിക്കും.

ഉപജീവനത്തിൽനിന്നും സാമ്പത്തികതയിൽനിന്നും തടയപ്പെടുകയെന്നത് സമൂഹത്തിൽ വെറുപ്പും അസ്വസ്ഥതയും ഉണ്ടാക്കുന്നതിന് അടിസ്ഥാനമായി പ്രവർത്തിക്കുന്നുവെന്ന് ഞാൻ മനസ്സിലാക്കുന്നു. ചില ഗ്രൂപ്പുകൾ ഈ അസ്വസ്ഥതയിൽനിന്ന് മുതലെടുത്തുകൊണ്ട് മുഹാജിറുകളെയോ അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേക മതത്തിൽ വിശ്വസിക്കുന്നവരേയോ കുറ്റവാളിയാക്കുകയും അവർക്കെതിരിൽ വെറുപ്പ് വ്യാപിപ്പിക്കുകയും ചെയ്യുന്നു. ഏഷ്യക്കാരും ആഫ്രിക്കക്കാരും പ്രത്യേകിച്ച് മുസ്‌ലിമീങ്ങളായിട്ടുള്ള സ്വദേശം വെടിയുന്നവർ സമൂഹത്തിന് ഭീഷണിയാണെന്ന തോന്നൽ യൂറോപ്പിൽ ഉണ്ടായിരിക്കുന്നു. അമേരിക്കയിലും ജനങ്ങൾ മെക്സിക്കോ മാർഗം ഈ പ്രദേശത്തിൽ പ്രവേശിക്കാൻ ശ്രമിക്കുന്ന മുസ്‌ലിമീങ്ങളെ കുറിച്ച് ഈ വിധത്തിലുള്ള ഭയമാണുള്ളത്. വൻശക്തികൾ തങ്ങളുടെ സ്വന്തം നേട്ടങ്ങളെ പുറന്തള്ളിക്കൊണ്ട് ആത്മാർഥമായി ദരിദ്രരാഷ്ട്രങ്ങളുടെ സാമ്പത്തികാവസ്ഥ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ശ്രമിക്കുകയും അവരോട് അനുകമ്പയോടും ആദരവോടുംകൂടി പെരുമാറുകയും ചെയ്യുകയാണെങ്കിൽ ഈവിധത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടാവുകയില്ലെന്ന് ഞാൻ വിശ്വസിക്കുന്നു.

ബ്രിട്ടനിൽ ബ്രക്സിറ്റും(Brexit) ഭാവിയിൽ ബ്രിട്ടന്റെ യൂറോപ്യൻ യൂണിയനുമായുള്ള ബന്ധത്തെ സംബന്ധിച്ചുള്ള അവസ്ഥ വളരെയധികം അവിശ്വസനീയമാണ്. നിങ്ങൾ അന്യോന്യമുള്ള അവകാശങ്ങളെ ആദരിച്ചുകൊണ്ട് ഐക്യത്തെ നിലനിറുത്തുന്നതിനുവേണ്ടി ശ്രമിക്കേണ്ടതാണെന്നും പൊതുജനങ്ങളുടെ ആശങ്കകളേയും വിഷമതകളേയും അകറ്റാൻവേണ്ടി ശ്രമിക്കേണ്ടതാണെന്നും 2012ലെ യൂറോപ്യൻ പാർലിമെന്റിൽ ചെയ്ത എന്റെ പ്രസംഗത്തിൽ ഞാൻ വ്യക്തമാക്കിയതാണ്. യൂറോപ്പിന്റെ ശക്തി അത് ഐക്യത്തോടെ വർത്തിക്കുന്നതിലാണ്. ഈ വിധത്തിലുള്ള ഐക്യം കൊണ്ട് ഇവിടെ മാത്രമല്ല പ്രയോജനമുണ്ടാകുന്നതെന്നും മറിച്ച് ആഗോളതലത്തിലും ഈ വൻകരയുടെ ശക്തിയും സ്വാധീനവും നിലനിറുത്തുന്നതിനുള്ള മാർഗമായി മാറുമെന്നും പറഞ്ഞിരുന്നു.

7 വർഷം മുമ്പേ ഞാൻ എന്റെ പ്രസംഗത്തിൽ പൊതുജനങ്ങളുടെ എമിഗ്രേഷനെ കുറിച്ചുള്ള ആശങ്ക നീക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും യൂറോപ്യൻ യൂണിയന്റെ ഐക്യത്തിന്റെ നേട്ടത്തെക്കുറിച്ചും ഊന്നൽ നൽകിയിരുന്നു. എന്നാൽ, ഇതുവരെയും ജനങ്ങളുടെ സംരക്ഷണത്തിന്റെ കാര്യത്തിൽ പൂർണമായ നിലയിൽ ശ്രദ്ധിച്ചിട്ടില്ല. അതുകാരണം മുഴുവൻ യൂറോപ്പിലും ജനങ്ങൾ യൂറോപ്യൻ യൂണിയന്റെ നേട്ടങ്ങളെക്കുറിച്ചു ചോദ്യം ഉന്നയിക്കാൻ തുടങ്ങി. ഇതിന്റെ ഏറ്റവും മോശമായ ഉദാഹരണം ബ്രക്സിറ്റാണ്. മറ്റ് ചില യൂറോപ്യൻ രാജ്യങ്ങൾ ഉദാഹരണം ഇറ്റലിയിലും സ്പെയിനിലും ദേശീയവാദികൾ സ്വീകാര്യത നേടികൊണ്ടിരിക്കുകയും രാഷ്ട്രീയരംഗത്ത് ജയിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇതു കാരണം അവർ യൂറോപ്യൻ യൂണിയനെ കൂടുതൽ ബലഹീനതയാക്കുന്നതോടൊപ്പം എമിഗ്രേഷനെതിരെയുള്ള ഏജന്റുകളെ വളർത്തുകയും ചെയ്യുന്നു. യൂറോപ്പ് തങ്ങളുടെ ഐക്യം കൂടുതൽ തിളക്കമുള്ളതാക്കിത്തീർക്കുമെന്നാണ് ഞാൻ കരുതിയരുന്നത്. എന്നാൽ, കഴിഞ്ഞ ചില വർഷങ്ങളായി ഇവിടെയുള്ള ഭിന്നിപ്പും അതുമൂലമുണ്ടായിട്ടുള്ള കുഴപ്പങ്ങളും വർധിച്ചുവരുന്നതായാണ് കാണുന്നത്. ഈവിധത്തിലുള്ള അസ്വസ്ഥത എന്തുകൊണ്ടുണ്ടാകുന്നു? ഈ അസ്വസ്ഥതകൾ ചില സാമ്പത്തികപ്രശ്നങ്ങൾ കാരണമായും ചില ഭരണകൂടങ്ങളുടെ പൊതുജനങ്ങളോട് നീതി കാണിക്കുന്ന കാര്യത്തിൽ പരാജയപ്പെടുന്നതിന്റെയും തങ്ങളുടെ നിവാസികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടാത്തതിന്റെ കാരണമായും ഉണ്ടാവുന്നു. ആഗോളതലത്തിൽത്തന്നെ അന്യോന്യം സഹകരിച്ച് ലോകത്തിന്റെ അവസ്ഥയിൽ ഉന്നതി കൊണ്ടുവരുന്നതിനും ഐക്യത്തോട് നിൽക്കുന്നതുകൊണ്ടും നല്ലരീതിയിൽ പ്രവർത്തിക്കാൻ സാധിക്കുമെന്നുതന്നെയാണ് എന്റെ വീക്ഷണം. ഇതിനെ മുൻനിറുത്തി ഞാൻ യൂറോപ്യൻ പാർലമെന്റിൽ പറഞ്ഞത്, ഇസ്‌ലാമിന്റെ വീക്ഷണപ്രകാരം നമുക്ക് മുഴുവൻ ലോകത്തെ ഐക്യപ്പെടുത്താൻ ശ്രമിക്കേണ്ടതാണെന്നാണ്. കറൻസിയുടെ നിലയിലും മുഴുലോകത്തിനും ഐക്യപ്പെടേണ്ടിയിരിക്കുന്നു. ഇപ്രകാരം വാണിജ്യ സംബന്ധമായും ലോകം ഒന്നായിത്തീരേണ്ടതാണ്. പിന്നെ സ്വതന്ത്രമായ നിലയിൽ സഞ്ചരിക്കാനും എമിഗ്രേഷന്റെ നിലയിലും അനുയോജ്യമായ പ്രവർത്തന പോളിസിയും ഉണ്ടായിരിക്കേണ്ടതാണ്. അങ്ങനെ ലോകം ഒന്നായിമാറട്ടെ.

ഐക്യം സമാധാന സംസ്ഥാപനത്തിനും ഉത്തമമായ മാർഗമാണെന്നാണ് ഇസ്‌ലാമിക വീക്ഷണം. എന്നാൽ, ഖേദകരമെന്ന് പറയട്ടെ ഐക്യപെടുന്നതിനുപകരം നമ്മൾ ഭിന്നിച്ചുകൊണ്ടിരിക്കുകയാണ്. ലോകത്തിന്റെ മൊത്തത്തിലുള്ള നേട്ടങ്ങളിൽ സ്വന്തം നേട്ടങ്ങൾക്ക് മുൻതൂക്കം കൊടുക്കുന്നു. ഈ വിധത്തിലുള്ള പോളിസി ഭാവിയിൽ എന്നല്ല ഇപ്പോൾതന്നെ ലോകത്തിന്റെ സമാധാനത്തെ ക്ഷയിപ്പിക്കുന്നതിന് കാരണമായി മാറുന്നുവെന്ന് ഞാൻ ഉറച്ചുവിശ്വസിക്കുന്നു. ഇസ്‌ലാമിക അധ്യാപനങ്ങളുടെ വെളിച്ചത്തിൽ സമാധാനം സ്ഥാപിക്കുന്നതിനു അടിസ്ഥാന കാര്യം, സമൂഹം അന്യോന്യം നീതിയോടുകൂടി പെരുമാറുകയെന്നതാണ്.

ചില രാഷ്ട്രങ്ങളിൽ പ്രശ്നങ്ങളുണ്ടെങ്കിൽ മറ്റുള്ള സമൂഹം സ്വാർഥപരമായല്ലാതെ സഹായിക്കുകയും തങ്ങളുടെ സ്വന്തം നേട്ടങ്ങളെ പിൻപുറം തള്ളിക്കളയുകയുമാണ് വേണ്ടത്. ഉദാഹരണത്തിന് വിശുദ്ധഖുർആൻ പറയുന്നു: രണ്ട് വിഭാഗങ്ങൾ തമ്മിൽ യുദ്ധമോ ഭിന്നതയോ ഉണ്ടെങ്കിൽ മറ്റു സമൂഹങ്ങൾ ഇവ രണ്ടുപേരുടെയും പക്ഷം പിടിക്കാതെ മൂന്നാം കക്ഷിയെന്ന നിലയിൽ പ്രവർത്തിക്കുകയും പ്രശ്നങ്ങളെ സമാധാനത്തോടുകൂടി പരിഹരിക്കുകയും ചെയ്യുകയാണ് വേണ്ടത്. എന്നാൽ, ഒരു കക്ഷി അനീതി കാണിക്കുകയും സമാധാനത്തോടുകൂടി പ്രശ്നം പരിഹരിക്കാൻ സഹകരിക്കുകയും ചെയ്യുന്നില്ലെങ്കിൽ മറ്റുള്ള സമൂഹം ഈ അക്രമിയായ സമൂഹത്തിന്റെ അക്രമത്തിൽനിന്ന് തടയിടുന്നതിനുവേണ്ടി ഐക്യപ്പെടേണ്ടതാണ്. എന്നാൽ, അക്രമി തന്റെ അക്രമത്തിൽനി

ന്ന് വിട്ടുനിൽക്കുകയാണെങ്കിൽ അത്തരം സന്ദർഭങ്ങളിൽ അനീതിപരമായ ഉപരോധങ്ങൾ ഏർപെടുത്തിക്കൊണ്ടോ അവരുടെ സമ്പത്തുകൾ കൊള്ളയടിച്ചുകൊണ്ടോ ഒരിക്കലും അതിനെ പകരം വീട്ടരുതെന്ന് ഇസ്ലാം വ്യക്തമായ നിലയിൽ കല്പിക്കുന്നു. എന്നാൽ, ചില രാഷ്ട്രങ്ങളുടെ ഉദാഹരണം നമ്മുടെ മുമ്പിലുണ്ട്. അവർ യുദ്ധത്തിൽ സ്വാധീനിക്കപ്പെട്ട പ്രദേശങ്ങളിൽ ഇടപെടുകയോ സമാധാനത്തിന്റ പേരിൽ പിന്നാക്കം നിൽക്കുന്ന രാഷ്ട്രങ്ങളെ സഹായിക്കുകയോ ചെയ്യുന്നു. പക്ഷേ, അതിനോടൊപ്പം പല ഒഴിവുകഴിവുകൾ പറഞ്ഞ് അവരുടെ സമ്പത്ത് കൊള്ളയടിക്കുന്നു. ശക്തിയുള്ള സമൂഹം തങ്ങളുടെ സമ്പത്തിലും മാർഗങ്ങളിലും സംതൃപ്തപെടുന്നതിനു പകരം തങ്ങളുടെ ശക്തികൾകൊണ്ട് ദരിദ്രരാഷ്ട്രങ്ങളെ തങ്ങളുടെ കീഴിൽ കൊണ്ടുവരാൻ ശ്രമിക്കുന്നു. ഈ അസ്വസ്ഥതകളും അതുമുഖേന ഉണ്ടായിക്കൊണ്ടിരിക്കുന്ന മോശമായ പ്രതികരണത്തിന്റേയും അടിസ്ഥാന കാരണം അത് കിഴക്കൻ പ്രദേശങ്ങളിലായാലും പടിഞ്ഞാറൻ പ്രദേശങ്ങളിലായാലും സാമ്പത്തിക അനീതിയാണ്. അതുകൊണ്ട് സമൂഹങ്ങളുടെയും രാജ്യങ്ങളുടെയും ഇടയിലുള്ള സാമ്പത്തിക ഭിന്നത കുറച്ചുകൊണ്ടുവരുന്നതിന് വ്യക്തമായ നിലയിൽ പ്രവർത്തിക്കേണ്ടത് നിർബന്ധമാണ്. പിന്നെ എല്ലാവിധ തീവ്രവാദത്തേയും ഭീകരവാദത്തേയും അവസാനിപ്പിക്കുന്നതിനുവേണ്ടി നമ്മൾ ഒരുമിച്ച് പ്രവർത്തിക്കേണ്ടതാണ്.

ഏതൊരു രാജ്യത്തെക്കുറിച്ച്, അവിടുത്തെ ജനങ്ങൾ ബുദ്ധിമുട്ടിലാണെന്നും അവിടുത്തെ ഭരണാധികാരികൾ അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നില്ലെന്നും മനസ്സിലായാൽ അവിടെ സമാധാനം സ്ഥാപിക്കുന്നതിനുവേണ്ടി സമാധാനം സ്ഥാപിക്കുന്ന ആഗോള സംഘടനകൾ പ്രത്യേകിച്ച് ഐക്യരാഷ്ട്ര സംഘടനകൾ നിയമത്തിന്റെ പരിധിക്കുള്ളിൽനിന്നുകൊണ്ട് സമാധാനകാംക്ഷികളായ പൗരന്മാരുടെ അവകാശം സംരക്ഷിക്കുകയും സമൂഹത്തിൽ സമാധാനവും നീതിയും നടപ്പിലാക്കാൻ അനുയോജ്യമായ നിലയിൽ സമ്മർദം ചെലുത്തുകയും വേണ്ടതാണ്.

ഇസ്ലാമിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ, മുസ്ലിം രാഷ്ട്രങ്ങൾ സ്വന്തമായ നിലയിൽത്തന്നെ പല വർഷങ്ങളായി ഭിന്നതയിലും ഐക്യമില്ലായ്മയിലുമാണ്. പിന്നെ ഇസ്ലാം സമാധാന നിലനിൽപിനെക്കുറിച്ച് എന്ത് പഠിപ്പിക്കാനാണെന്നുള്ള ചിന്ത ഒരുപക്ഷേ, ആരുടെയെങ്കിലും ഹൃദയത്തിൽ ഉദിച്ചേക്കും. അതിനുള്ള മറുപടി ഈ മുസ്ലിം രാഷ്ട്രങ്ങളുടെ വേദനാജനകമായ അവസ്ഥക്ക് കാരണം അവർ ഇസ്ലാമിന്റെ യഥാർഥ അധ്യാപനങ്ങളിൽനിന്ന് ദൂരപ്പെട്ടുപോയതാണ്.

ഇസ്ലാമിക രീതിയിലുള്ള ഭരണകൂടത്തിന്റെ നേതൃത്വത്തിന്റേയും യഥാർഥ ചിത്രം കാണാനും മനസ്സിലാക്കാനും വേണ്ടി നമുക്ക് ഇസ്ലാമിന്റെ സ്ഥാപകൻ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെ പരിശുദ്ധ കാലത്തേക്ക് കണ്ണോടിക്കേണ്ടതായിവരും. മദീനയിൽ ഹിജ്റത്ത് ചെയ്തതിനുശേഷം നബി(സ)തിരുമേനി യഹൂദികളുമായി കരാറിലേർപ്പെടുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ മുസ്ലിമീങ്ങളുടേയും യഹൂദികളുടേയുമിടയിൽ സമാധാനത്തോടും അന്യോന്യം അനുകമ്പയോടും യോജിപ്പിന്റേയും തുല്യതയുടേയും ആത്മാവ് നിലനിറുത്തിക്കൊണ്ട് സഹകരിച്ചു ജീവിക്കാൻ ഊന്നൽ നൽകിയിരിക്കുന്നു. ഈ കരാർ മനുഷ്യാവകാശ സംരക്ഷണത്തിന്റേയും നീതിപൂർവ്വകമായ ഭരണകൂടത്തിന്റേയും മഹത്തായ പ്രഖ്യാപനമായി മാറുകയുണ്ടായി. ഇത് മദീന നിവാസികളായ പല സമൂഹങ്ങൾക്കുമിടയിൽ സമാധാനത്തെ ഉറപ്പുവരുത്തുകയുണ്ടായി. ഈ നിബന്ധനയുടെ അടിസ്ഥാനത്തിൽ മുഴുവൻ ജനങ്ങൾക്കും പരസ്പരമുള്ള അവകാശത്തെ സംരക്ഷിക്കാനുള്ള ബാധ്യതയുണ്ട്. മതസ്വാതന്ത്ര്യവും ആവിഷ്കാര സ്വാതന്ത്ര്യവും ഈ കരാറിന്റെ അടിസ്ഥാന കാര്യമാണ്. ഐക്യം ഈ കരാറിന്റെ അടിസ്ഥാനമായിരുന്നു. കാരണം ഇതിന്റെ അടിസ്ഥാനത്തിൽ മദീനയിൽ യുദ്ധത്തിന്റെ ഘട്ടത്തിൽ മുസ്ലിമീങ്ങളും യഹൂദികളും ഒരുമിച്ചുനിന്നുകൊണ്ട് മദീനയെ പ്രതിരോധിക്കേണ്ടതാണ്. ഇതിനു പുറമെ ഓരോ സമൂഹത്തിനും തങ്ങളുടെ ആഭ്യന്തര പ്രശ്നങ്ങൾ തങ്ങളുടെ വിശ്വാസവും രീതിയുമനുസരിച്ച് പരിഹാരം കാണാനുള്ള പൂർണ അധികാരമുണ്ടായിരുന്നു. നബി(സ)തിരുമേനി ഈ കരാറിലെ എല്ലാ നിബന്ധനകളേയും പരിപൂർണമായി അനുസരിച്ചിരുന്നുവെന്ന് ചരിത്രം സാക്ഷിയാണ്.

മുഹാജിരിംകൾ എന്ന നിലയിൽ മുസ്ലിമീങ്ങൾ ഈ സമൂഹത്തിന്റെ പുരോഗതിക്കുവേണ്ടി നല്ലനിലയിൽ പ്രവർത്തിക്കുകയും മദീനയുടെ അവകാശങ്ങൾ സംരക്ഷിക്കുകയും ചെയ്തു. ആയതിനാൽ ഈ പട്ടണം പല സമൂഹങ്ങളുടേയും, ഐക്യത്തിന്റേയും സംസ്കാരത്തിന്റേയും പൊതുസമ്മതത്തിനുള്ള ഉത്തമ മാതൃകയാണ്. മദീനകരാർ തികച്ചും ഖുർആനികാധ്യാപനങ്ങളുടെ അടിസ്ഥാനത്തിനനുസരിച്ചായിരുന്നു. ഉദാഹരണത്തിന് വിശുദ്ധഖുർആനിൽ സൂറഃ നഹ്‌ലിന്റെ 91–ാം വചനത്തിൽ അല്ലാഹു പറയുന്നു: 'നീതി പുലർത്തുന്നതിനും മറ്റുള്ളവർക്ക് നന്മ ചെയ്യുന്നതിനും അടുത്ത ബന്ധുക്കൾക്കെന്നപോലെ അന്യർക്കും സഹായം നല്കുന്നതിനും അല്ലാഹു കല്പിക്കുന്നു.'

ചുരുക്കത്തിൽ വിശുദ്ധഖുർആൻ വ്യക്തികളോടും സമൂഹത്തോടും കാണിക്കേണ്ട സാമൂഹികരീതിയുടേയും പെരുമാറ്റത്തിന്റെയും മൂന്ന് തട്ടുകളാണ് സമർപിക്കുന്നത്. ഒന്നാമത്തേയും ഏറ്റവും താഴ്ന്നതുമായ തട്ട്. നീതിയുടേയും ന്യായത്തിന്റേയും ഈ നിലവാരത്തെ കുറിച്ച് വിശുദ്ധഖുർആനിലെ സൂറഃനിസാഅ് 136–ാം ആയത്തിൽ സൂചിപ്പിക്കുന്നു. അല്ലാഹു പറയുന്നു: "വിശ്വസിച്ചവരേ! അല്ലാഹുവിനുവേണ്ടി സാക്ഷികളായിക്കൊണ്ട് നീതിയെ പരിപൂർണമായി നിലനിറുത്തുന്നവരായിത്തീരുവിൻ. അത് നിങ്ങൾ തന്നെയോ അല്ലെങ്കിൽ മാതാപിതാക്കൾക്കോ അല്ലെങ്കിൽ അടുത്തബന്ധുക്കൾക്കോ എതിരായിരുന്നാൽപോലും. അയാൾ ധനികനോ ദരിദ്രനോ ആണെങ്കിൽ അല്ലാഹുവാണ് അവരുടെ കൂടുതൽ അവകാശപ്പെട്ടവൻ. അതിനാൽ നിങ്ങൾ സ്വേച്ഛയെ പിൻപറ്റരുത്. നിങ്ങൾ നീതി പാലിക്കുന്നതിനുവേണ്ടിയാണിത്. നിങ്ങൾ വഞ്ചനാപരമായി സംസാരിക്കുകയോ ഒഴിഞ്ഞുമാറുകയോ ചെയ്താൽ നിശ്ചയമായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ സംബന്ധിച്ച് നല്ലവണ്ണം അറിവുള്ളവനാകുന്നു." സത്യം വിജയിക്കുന്നതിനുവേണ്ടി ഒരാൾ സാക്ഷി പറയാൻ തയ്യാറായിരിക്കുക; അത് അവന്നെതിരിലോ അവന്റെ അടുത്തബന്ധുക്കൾക്കെതിരായാൽപോലും. വിശുദ്ധഖുർആന്റെ അടിസ്ഥാനത്തിൽ തഖ്‌വയുടെ തേട്ടം ഇതാണ്.

വിശുദ്ധഖുർആൻ പറയുന്ന സമൂഹത്തിന്റെ രണ്ടാം സ്ഥാനം, ഒരാൾ നീതി മാത്രമല്ല കാണിക്കുന്നത് മറിച്ച് അതിനേക്കാൾ ഉയർന്നനിലയിൽ മറ്റുള്ളവരോട് അനുകമ്പയോടും ഔദാര്യത്തോടും പെരുമാറുന്നുവെന്നാണ്. ഇതിനെ സംബന്ധിച്ച് ഞാൻ മുമ്പേ പറഞ്ഞതുപോലെ വിശുദ്ധഖുർആൻ അധ്യാപനം നൽകുന്നത് നിങ്ങൾ അക്രമിയായ സമൂഹത്തെ അക്രമത്തിൽനിന്ന് തടയുന്നതിൽ വിജയിച്ചാൽ പിന്നെ പകരം വീട്ടുകയോ കൂടുതൽ ഉപരോധങ്ങൾ ഏർപ്പെടുത്തുകയോ ചെയ്യാൻ പാടില്ലെന്നും മറിച്ച് നിങ്ങൾ അവരുടെ ജീവിതവൃത്തി ദൃഢീകരിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ എത്തിക്കുന്നതിൽ അവരെ സഹായിക്കുക എന്നുമാണ്. ഇക്കാര്യം അവർക്ക് പ്രയോജനം ചെയ്യുന്നതോടൊപ്പം ഭാവിയിൽ നിങ്ങൾക്കും പ്രയോജനപ്രദമായിരിക്കും. യുദ്ധത്തിന്റെ കേന്ദ്രബിന്ദുവായ രാജ്യങ്ങൾ സാമ്പത്തികമായ നിലയിൽ ശക്തി കൈവരിക്കുകയാണെങ്കിൽ അവർ നിരാശയുടെയും നിഷേധത്തിന്റെയും കാരണമായി മറ്റുള്ള രാജ്യങ്ങളോട് വെറുപ്പ് കണിക്കുകയില്ല. അതുപോലെ അവിടെയുള്ള ആളുകൾ പലായനം ചെയ്യാൻ നിർബന്ധിതരാവുകയുമില്ല. അടിസ്ഥാന നീതിയും ന്യായവും എത്തിച്ചതിനുശേഷം കൂടുതൽ ഔദാര്യം കാണിക്കുകയും മൃദുലതയോടും പെരുമാറുകയും ചെയ്യുക എന്ന ഈ തത്ത്വം ഇസ്ലാമികാധ്യാപനത്തിലധിഷ്ഠിതമാണ്.

മാതാവ് തന്റെ കുട്ടിയോട് പെരുമാറുന്നതുപോലെ മറ്റുള്ളവരോട് പെരുമാറുകയെന്നതാണ് സാമൂഹികരീതിയുടെ സ്ഥാനം. ഈ നിഷ്കളങ്കമായ സ്നേഹം ഒരുവിധത്തിലുള്ള പാരിതോഷികവും പ്രതീക്ഷിക്കാതെ ചെയ്യുന്നു. മറ്റുള്ളവരോട് ഒരു മാതാവിനെപോലെ നിഷ്കളങ്കമായി ഔദാര്യപൂർവ്വം പെരുമാറുകയെന്നത് എളുപ്പമുള്ള കാര്യമല്ല. പക്ഷേ, ഈ നിലവാരം എപ്പോഴും നമ്മുടെ മുന്നിലുണ്ടാവേണ്ടതാണ്.

ചുരുക്കത്തിൽ സമാധാനം സ്ഥാപിക്കുന്നതിന് അത് മുസ്ലിം രാഷ്ട്രങ്ങളിലാണെങ്കിലും ആഗോളതലത്തിലായാലും ഭരണകൂടത്തിന്റെ ഭാഗത്തുനിന്ന് ചുരുങ്ങിയപക്ഷം നീതിയുടെ തേട്ടം പൂർത്തിയാക്കേണ്ടതാണ്. അങ്ങനെ എല്ലാവർക്കും അവരവരുടെ അവകാശം തുല്യമായി ലഭിക്കട്ടെ. സ്വന്തം നേട്ടങ്ങളെ മാറ്റിവെച്ചുകൊണ്ട് നീതിയും ന്യായവും നിലനിൽക്കട്ടെ. അന്താരാഷ്ട്ര സംഘടനകൾ, ഉദാഹരണത്തിന് 'ഐക്യരാഷ്ട്രസഭ' എല്ലാ നാടുകളോടും തുല്യമായി പെരുമാറട്ടെ. പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ചില ശക്തികളുടെ നേട്ടങ്ങൾക്കുവേണ്ടി ഒരുഭാഗത്തേക്ക് ചാഞ്ഞുപോവാതിരിക്കട്ടെ. ഇത് സമാധാനം കരസ്ഥമാക്കുന്നതിന് നിർബന്ധ

ശേഷം പേജ് 36ൽ

# ബ്രിട്ടീഷ് ഭരണകൂടത്തിനെതിരെ സായുധ ജിഹാദ് ചെയ്യാതിരുന്നതിന്റെ കാരണങ്ങൾ

ഹദ്റത്ത് മൗലാനാ ജലാലുദ്ദീൻ സാഹിബ് ശംസ്(റ)
പരിഭാഷ: മൗലവി മൻസിൽ അഹ്മദ് മുറിയക്കണ്ണി

**ഹദ്റത്ത് മൗലാനാ ജലാലുദ്ദീൻ ശംസ്(റ)ന്റെ ഈ പ്രൗഢോജ്വലമായ ലേഖനം റൂഹാനി ഖസാഇൻ 17–ാം വാള്യത്തിൽനിന്നെടുത്തതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ 'ബ്രിട്ടീഷ് ഗവർമ്മെന്റും ജിഹാദും' എന്ന ഗ്രന്ഥത്തിന് അദ്ദേഹം അവതാരിക എഴുതിയ ലേഖനമാണിത്. അദ്ദേഹം പല പണ്ഡിതന്മാരേയും ഉദ്ധരിച്ചു കൊണ്ട് അവരും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അഭിപ്രായത്തോട് യോജിച്ച് ബ്രിട്ടീഷ് ഗവർമ്മെന്റിനോട് സായുധ ജിഹാദിനെ വിരോധിച്ചുകൊണ്ടുള്ള ഫത്വ നൽകിയതായി സ്ഥാപിച്ചിരിക്കുന്നു. കൂടാതെ ജിഹാദിന്റെ വ്യത്യസ്ത വശങ്ങളെ സംബന്ധിച്ച് അദ്ദേഹം ഈ ലേഖനത്തിൽ വിവരിക്കുന്നുണ്ട്. അത് അനുവാചകരുടെ അറിവ് വർധിക്കുന്നതിന് ഇവിടെ സമർപ്പിക്കുകയാണ്.**

ഈ ലേഖനം 1900 മെയ് 22–നാണ് പ്രസിദ്ധീകരിക്കപ്പെട്ടത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ ലേഖനത്തിൽ ജിഹാദിന്റെ യാഥാർഥ്യവും അതിന്റെ തത്ത്വങ്ങളും വിവരിച്ചിരിക്കുന്നു. കൂടാതെ വിശുദ്ധഖുർആന്റേയും ഹദീഥുകളുടേയും ചരിത്രത്തിന്റേയും വെളിച്ചത്തിൽ ജിഹാദിനെ വിശദീകരിച്ചുകൊണ്ട് ഇസ്ലാമിന്റെ പ്രാരംഭകാലത്ത് മുസ്ലിമീങ്ങൾക്ക് ചെയ്യേണ്ടതായി വന്ന യുദ്ധങ്ങൾ താൽക്കാലികവും പ്രതിരോധപരവും മതസ്വാതന്ത്ര്യം നിലനിറുത്തുന്നതിനും വേണ്ടിയും മാത്രമായിരുന്നുവെന്ന് വിവരിച്ചിരിക്കുന്നു. അങ്ങനെയല്ലെങ്കിൽ രഞ്ജിപ്പിന്റെയും ശാന്തി സമാധാനത്തിന്റെയും ധ്വജവാഹകരായി ഇസ്ലാമിനപ്പുറം മറ്റൊരു മതവുമില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പല പ്രസിദ്ധീകരണങ്ങളിലും ജിഹാദിന്റെ വിഷയങ്ങളിൽ വെളിച്ചം വീശിയിട്ടുണ്ട്. അതിന്റെ കാരണം അവിടത്തെ മിഷന്റെ ലക്ഷ്യം ലോകത്തുള്ള സകലമതങ്ങൾക്കുംമേൽ തെളിവുകളിലും പ്രമാണങ്ങൾ മുഖേനയും ന്യായപൂർത്തീകരണം മുഖേനയും ഇസ്ലാമിന്റെ മേന്മ സ്ഥാപിക്കുക എന്നതായിരുന്നു. പാശ്ചാത്യ തത്ത്വചിന്തകന്മാരുടെയും ഓറിയന്റലിസ്റ്റുകളായ പണ്ഡിതന്മാരുടെയും ഇസ്ലാമിന്റെമേലുള്ള ഏറ്റവും വലിയ ആക്ഷേപം ഇസ്ലാം വാളുകൊണ്ട് പ്രചരിപ്പിക്കപ്പെട്ടതാണെന്നും അത് മതത്തിന്റെ കാര്യത്തിൽ ബലപ്രയോഗം അംഗീകരിക്കുന്നു എന്നുമാണ്. ആകയാൽ 1877 ഡിസംബറിൽ ലണ്ടനിലെ പാതിരി മെൽക്കം മീക്കാന്റെ ഇംഗ്ലീഷ് മാസിക The 20th Cetnury യുടെ 832–ാം പേജിൽ എഴുതുന്നു:

"ഖുർആൻ ലോകത്തെ രണ്ട് ഭാഗമായി വിഭജിക്കുന്നു. 'ദാറുൽ ഇസ്ലാം' അതായത് ഇസ്ലാമിന്റെ രാജ്യം എന്നും 'ദാറുൽ ഹർബ്' അതായത് ശത്രുവിന്റെ രാജ്യമെന്നും. മുസ്ലിമീങ്ങളല്ലാത്തവരെല്ലാം ഇസ്ലാമിന്റെ എതിരാളികളാവുന്നു. ആകയാൽ നിഷേധികൾ ഇസ്ലാം സ്വീകരിക്കുകയോ വധിക്കപ്പെടുകയോ ചെയ്യുന്നതുവരെ അവർക്കെതിരിൽ യുദ്ധം ചെയ്യുക എന്നത് സത്യവാന്മാരായ മുസ്ലിമീങ്ങളുടെ നിർബന്ധ കടമയാകുന്നു. അതിന് 'ജിഹാദ്' അല്ലെങ്കിൽ 'വിശുദ്ധയുദ്ധം' എന്നു പറയുന്നു. അതിന്റെ അവസാനം ലോകത്തുള്ള സകല നിഷേധികളും ഇസ്ലാം സ്വീകരിക്കുകയോ അല്ലെങ്കിൽ അവരുടെ സകലരും വധിക്കപ്പെടുകയോ ചെയ്യുന്നതിലൂടെ മാത്രമേ സംഭവിക്കുകയുള്ളൂ. അതുകൊണ്ട് അവസരം ലഭ്യമാകുമ്പോഴെല്ലാം അമുസ്ലിംലോകത്തിനുമേൽ 'ജിഹാദ്' ചെയ്യുക എന്നത് ഇസ്ലാമിക ഖലീഫയുടെ വിശുദ്ധമായ നിർബന്ധകടമയാകുന്നു." (ഇംഗ്ലീഷിൽനിന്നുള്ള വിവർത്തനം)

സർ വില്യംമൂർ ലിസ്റ്റ് ഓഫ് മുഹമ്മദ് പേജ് 533 പ്രസാധനം ലണ്ടൻ, 1887ൽ പ്രസിദ്ധീകരിച്ചത് എഴുതുന്നു: 'മദീനയിൽ എത്തി ശക്തി കരസ്ഥമാക്കിയതിനുശേഷം. "Intolerance quickly took the place of freedom, force of Persuasion ......Slay the unbelievers wheresoever ye find them;was now the watchword Islam" അതായത് മതവിരോധം സ്വാതന്ത്ര്യത്തിന്റെ സ്ഥാനവും ബലപ്രയോഗം പ്രേരണയുടെ സ്ഥാനവും ഏറ്റെടുക്കുകയും നിഷേധികളെ എവിടെവച്ച് കണ്ടുമുട്ടിയാലും വധിച്ചുകളയുക എന്ന ഈ വാക്ക് ഇസ്ലാമിന്റെ ബഹുമതി ചിഹ്നവുമായിരിക്കുന്നു.

മേജർ ആസ്ബറൻ തന്റെ ഗ്രന്ഥമായ 'ഇസ്ലാം അണ്ടർ ദി അറബ് റൂള്'(Islam Under the Arab Role)ൽ ജിഹാദ് എന്ന തലക്കെട്ടിൽ എഴുതുന്നു: "അങ്ങയ്ക്ക് പ്രയാസങ്ങൾ ഏൽപ്പിക്കപ്പെട്ടുകൊണ്ടിരുന്നപ്പോൾ അവിടന്ന് അവലംബിച്ച തത്ത്വങ്ങളിൽ ഒന്ന് മതത്തിൽ ഒരുവിധ ബലപ്രയോഗവും പാടില്ല എന്നതായിരുന്ന. എന്നാൽ, വിജയത്തിന്റെ ലഹരി അവിടത്തെ നല്ല ചിന്താഗതികളുടെ ശബ്ദത്തെ വളരെക്കാലം മുമ്പേതന്നെ നിശബ്ദമാക്കിയിട്ടുണ്ടായിരുന്നു. അദ്ദേഹം യുദ്ധത്തിന്റെ ഒരു പൊതു വിളംബരം പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു. (അതിന്റെ അനന്തരഫലം ഇതായിരുന്നു) അറബികൾ ഒരു കൈയിൽ ഖുർആനും മറുകൈയിൽ വാളുമേന്തിക്കൊണ്ട് കത്തിയമർന്നുകൊണ്ടിരുന്ന പട്ടണങ്ങളുടെ തീനാളങ്ങളുടെയും നശിപ്പിക്കപ്പെട്ട കുടുംബങ്ങളുടെ നിലവിളികളുടെയും നടുവിൽ തങ്ങളുടെ ദീനിന്റെ പ്രചാരണം നടത്തി.'(ഇസ്ലാം അണ്ടർ ദി അറബ് റോൾ, പ്രസിദ്ധീകരണം: ലോംഗ്മാൻ ഗ്രൈൻ ആന്റ് കമ്പനി ലണ്ടൻ പേജ് 46)

എന്തെന്നാൽ, പാശ്ചാത്യർ ജിഹാദിന്റെ യാഥാർഥ്യത്തെ മനസ്സിലാക്കാത്ത കാരണത്താൽ ഇസ്ലാമിനെ ഭയാനകമായ രൂപത്തിൽ അവതരിപ്പിച്ചിരുന്നു. അതുകൊണ്ടുതന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ പല പ്രസിദ്ധീകരണങ്ങളിലും ജിഹാദിന്റെ വിഷയത്തെക്കുറിച്ച് ചർച്ച ചെയ്യുകയും അതിന്റെ യാഥാർഥ്യത്തെ വെളിവാക്കുകയുമുണ്ടായി. അത് കൂടാതെ ഈ വിഷയത്തെ സംബന്ധിച്ച് വീണ്ടും വീണ്ടും എഴുതുവാനുണ്ടായ മറ്റൊരുപാട് കാരണങ്ങൾ ഇവയാണ്.

1. അവിടത്തെ വാദം താൻ മസീഹ് മൗഊദും മഹ്ദിയും ആണെന്നതായിരുന്നു. വാഗ്ദത്ത മസീഹും മഹ്ദിയും അവതീർണരായാൽ അദ്ദേഹം അവിശ്വാസികളുമായി യുദ്ധം ചെയ്യുമെന്നും വാളിന്റെ ശക്തിയാൽ ഇസ്ലാം പ്രചരിപ്പിക്കുമെന്നതുമായിരുന്നു മുസ്ലിമീങ്ങളുടെ ചിന്താഗതി. അതുകൊണ്ട് ഇമാം നവവി ജിസ്യ നിർത്തലാക്കപ്പെടും എന്ന ഹദീഥിന് വിശദീകരണം നൽകിക്കൊണ്ട് എഴുതുന്നു:

'ഹദ്റത്ത് ഈസാ(അ) ജിസ്യ നിറുത്തലാക്കുന്നതാണെന്ന നബി(സ)തിരുമേനിയുടെ അരുളപ്പാടിന്റെ ശരിയായ അർഥം ഇതാകുന്നു. അതായത് അദ്ദേഹം ജിസ്യ സ്വീകരിക്കുന്നതല്ല. നിഷേധികളിൽനിന്ന് അവരുടെ ഇസ്ലാം ആശ്ലേഷം മാത്രമേ സ്വീകരിക്കൂ എന്നും അവരിൽനിന്ന് ജിസ്യ നൽകിക്കൊണ്ട് തങ്ങളെ സ്വതന്ത്രരാക്കാൻ ആരെങ്കിലും ആഗ്രഹിച്ചാൽ അത് അവരിൽനിന്ന് സ്വീകരിക്കപ്പെടുന്നതല്ല. മറിച്ച്, മസീഹ്(അ) അവരുടെ ഇസ്ലാം സ്വീകരണം മാത്രം സ്വീകരിക്കുന്നതും അഥവാ ആരെങ്കിലും ഇസ്ലാം സ്വീകരിച്ചില്ലെങ്കിൽ അവരെ വധിക്കുന്നതും ആയിരിക്കും. ഇമാം അബൂസുലയ്മാൻ അൻ ഖത്വാബി മുതലായ ഉലമാക്കൾ ജിസ്യ നിറുത്തലാക്കപ്പെടും എന്ന തിരുനബി വചനത്തിന് ഈ അർഥമാണ് നൽകിയിട്ടുള്ളത്.' (ശറഹുന്നവവി മഅ സ്വഹീഹ് മുസ്ലിം വാള്യം 1, പേജ് 87, പ്രസാധകർ അസ്വഹുൽമുത്വാബിഅ് ദില്ലി)(കൂടാതെ നോക്കുക ഫത്ഹുൽ ബാരി ശറഹ് സ്വഹീഹ് ബുഖാരി ഇബ്നു ഹജ്ർ അസ്ഖലാനി വാള്യം 2, പേജ് 315)

ഇതുപോലെ നവാബ് മൗലവി സിദ്ദീഖ് ഹസൻഖാൻ ഭോപ്പാൽവി തന്റെ ഹുജജുൽ കിറാമ എന്ന ഗ്രന്ഥത്തിന്റെ 374–ാം പേജിലും (ഷാഹ്ജാനി പ്രസ് ഭോപ്പാൽ) അദ്ദേഹത്തിന്റെ മകൻ നവാബ് മൗലവി നൂറുൽ ഹസൻ ഖാൻ സാഹിബ് തന്റെ ഗ്രന്ഥമായ ഇഖ്തിറാബുസ്സാഅയിലും മഹ്ദിയുടെ യുദ്ധങ്ങളെ സംബന്ധിച്ച് എഴുതുന്നു:"ഭൂമുഖത്തുള്ള സകല രാജാക്കന്മാരും അനുസരണവൃത്തത്തിൽ പ്രവേശിക്കുന്നതാണ്. മഹ്ദി തന്റെ ഒരു സൈന്യത്തെ ഇന്ത്യയുടെ ഭാഗത്തേക്ക് അയക്കുന്നതായിരിക്കും. ഇവിടുത്തെ രാജാവ് കഴുത്തിൽ വളയം അണിഞ്ഞ അവസ്ഥയിൽ അദ്ദേഹത്തിന്റെ മുമ്പാകെ ഹാജരാക്കപ്പെടുന്നതായിരിക്കും. ഇന്ത്യയുടെ സകല ഖജനാവും ബയ്ത്തുൽ മുഖദ്ദസിലേക്ക് അയക്കപ്പെടുന്നതായിരിക്കും. ആ എല്ലാ ഖജനാവുകളും ബയ്ത്തുൽ മുഖദ്ദസിന്റെ മുഖാകൃതിയായിരിക്കുന്നതാണ്. വർഷങ്ങളോളം മഹ്ദി ഈ അവസ്ഥയിലായിരിക്കും.' (ഇഖ്തിറാബുസ്സാഅ പേജ് 80, 1309 സഈദുൽ മുത്വാലിബ് ബനാറസ്)

മസീഹ് മൗഊദും മഹ്ദിയും വാളിന്റെ ബലത്താൽ നിഷേധികളെ മുസ്‌ലിമീങ്ങളാക്കുകയോ വധിക്കുകയോചെയ്യുമെന്ന മുസ്‌ലിമീങ്ങളുടെ വിശ്വാസം കാരണം ബ്രിട്ടീഷ് ഗവർമ്മെന്റ് അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരെ അദ്ദേഹത്തിന്റെ മസീഹും മഹ്ദിയും എന്ന വാദം കാരണം സംശയദൃഷ്ടിയോടെ നോക്കിക്കണ്ടിരുന്നു.

രണ്ടാമത്തെ കാരണം അവിടത്തെ മഹ്ദി വാദത്തിന് ഏതാനും വർഷങ്ങൾക്ക് മുമ്പേ സുഡാനി മഹ്ദി 1871-1882 കാലയളവിൽ മഹ്ദിയാണെന്ന് വാദിക്കുകയും ബ്രിട്ടീഷ് ഗവർമ്മെന്റിനെതിരെ യുദ്ധം പ്രഖ്യാപിച്ച് കലാപം ഉണ്ടാക്കുകയും അവസാനം 1882 -ൽ പരാജയപ്പെടുകയും ചെയ്തു. ബ്രിട്ടീഷുകാർ അതൊന്നും മറന്നിട്ടുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ മഹ്ദി വാദം പുറപ്പെടുവിക്കുന്നവരെ നല്ല ദൃഷ്ടിയോടെ നോക്കാൻ ബ്രിട്ടീഷ് ഗവർമ്മെന്റിന് സാധിക്കുമായിരുന്നില്ല. അത്തരം വ്യക്തികളെ സഹിക്കാനും അവർക്ക് സാധിക്കുമായിരുന്നില്ല.

മൂന്നാമത്തെ കാരണം ചില ഉലമാക്കൾ ഭരണകൂടത്തോടു ചേർന്ന് അങ്ങേയ്ക്കെതിരെ ഗൂഢാലോചനകൾ നടത്തുകയും സുഡാനി മഹ്ദിയുടെ കാലഘട്ടത്തെ ഓർമിപ്പിച്ചുകൊണ്ട് ഭരണകൂടത്തെ മസീഹ് മൗഊദ്(അ)നെതിരിൽ പ്രേരണകൾ നൽകിക്കൊണ്ടിരിക്കുകയും ചെയ്തിരുന്നു. ഇത് മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയുടെ ജോലിയായി മാറിയിരുന്നു. അദ്ദേഹം തന്റെ ഇശാഅത്തുസ്സുന്ന എന്ന മാസികയിൽ എഴുതുന്നു: 'ഇയാളെ വിശ്വസിക്കുന്നത് ഗവർമ്മെന്റിന് യോജിച്ചതല്ല. ഇയാളിൽനിന്ന് മുഖം തിരിക്കേണ്ടത് നിർബന്ധമാണ്. അല്ലാത്തപക്ഷം സുഡാനിയൻ മഹ്ദിയിൽ നിന്നുണ്ടായതിലപ്പുറം നഷ്ടങ്ങൾ ഈ ഖാദിയാനി മഹ്ദിയിൽനിന്ന് ഉണ്ടാവാൻ സാധ്യതയുണ്ട്.' (ഇശാഅത്തുസുന്ന, വാള്യം 16, നമ്പർ 6, അടിക്കുറിപ്പ് പേജ് 168, 1893)

നാലാമത്തേത് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ തെളിവുകൾ മുഖേന നേരിടുന്നതിൽ പാതിരിമാർ പരാജയമടഞ്ഞിട്ടുണ്ടായിരുന്നു. അവർ തങ്ങളുടെ പരാജയത്തിനു ള്ള പ്രതികാരം വീട്ടാനുള്ള എളുപ്പമാർഗം കണ്ടെത്തിയത് തങ്ങളുടെ മതക്കാരായ ബ്രിട്ടീഷ് ഗവർമ്മെന്റിന് അദ്ദേഹത്തിനെതിരിൽ തെറ്റുധാരണ ഉണ്ടാക്കി അദ്ദേഹത്തെ തടങ്കലിലാക്കുകയോ അല്ലെങ്കിൽ അദ്ദേഹത്തിനുമേൽ നിയന്ത്രണമേർപ്പെടുത്തിക്കൊണ്ട് ഇസ്‌ലാമിക പ്രചാരണത്തിൽനിന്ന് ഒഴിച്ചുനിറുത്തുകയോ ആയിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന്നെതിരിൽ പാതിരിമാരുടെ ഗൂഢാലോചനയുടെ ഫലമായി സമർപിക്കപ്പെട്ട വധോദ്യമകേസിൽ പാതിരി ഹെൻറി മാർട്ടിൻ ക്ലാർക്ക് കോടതിയിൽ സത്യം ചെയ്തുകൊണ്ട് നൽകിയ വിവരണം ഇപ്രകാരമാണ്.

"മിർസാ സാഹിബിനെ സംബന്ധിച്ച എന്റെ വ്യക്തിപരമായ അഭിപ്രായം അദ്ദേഹം വളരെ മോശമായ കുഴപ്പക്കാരനും അപകടകാരിയുമായ ആളാവുന്നുവെന്നും നല്ല ആളല്ല എന്നുമാകുന്നു" (റൂഹാനീ ഖസാഇൻ, വാള്യം 13, പേജ് 200)

പാതിരി ഹെൻറി മാർട്ടിൻ ക്ലാർക്ക് ബ്രിട്ടീഷ് ഭരണാധികാരികളുമായി തുറന്നനിലയിൽ ഇടപഴകുകയും അവരോടൊപ്പം തിന്നുകയും കുടിക്കുകയും അവരോടൊപ്പം ഇരിക്കുകയും എഴുന്നേൽക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്നെതിരിൽ ബ്രിട്ടീഷ് ഗവർമ്മെന്റിനോടു അപവാദങ്ങൾ പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്തുകൊണ്ടിരുന്നു. അതുപോലെ ഇമാമുദ്ദീനെപോലുള്ള മറ്റു പാതിരിമാരും തങ്ങളുടെ ലേഖനങ്ങളിൽ അദ്ദേഹത്തിന്നെതിരിൽ ഇത്തരം ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടിരുന്നു.

അഞ്ചാമത്തേത് അദ്ദേഹം വാദം പുറപ്പെടുവിക്കുന്നത് 1857-ലെ കലാപം അവസാനിച്ച് കുറച്ചുകാലം കഴിഞ്ഞ കാലയളവിലാണ്. കലാപത്തിൽ ഹിന്ദുക്കളും മുസ്‌ലിമീങ്ങളും ഭാഗഭാക്കായിരുന്നു എങ്കിലും യഥാർഥത്തിൽ മുസ്‌ലിമീങ്ങൾ തങ്ങളുടെ ഭരണം വീണ്ടും സ്ഥാപിക്കുന്നതിനുവേണ്ടി ഈ ഫിത്ന ഉണ്ടാക്കിയതാണെന്ന് പറഞ്ഞുകൊണ്ട് ഹിന്ദുക്കൾ തങ്ങളെ സ്വയം മാറ്റിനിറുത്തുകയാണുണ്ടായത്. അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകർ ദൈവിക കല്പനപ്രകാരം മഹ്ദിയാണെന്ന വാദമായിരുന്നു ഉന്നയിച്ചിരുന്നത്. ബ്രിട്ടീഷുകാരുടെ ദൃഷ്ടിയിൽ അതിന്റെ അർഥം രാജ്യദ്രോഹമല്ലാതെ മറ്റൊന്നുമായിരുന്നില്ല. രണ്ടാമത്തെ കാര്യം അദ്ദേഹം മുഗൾ കുടുംബക്കാരനായിരുന്നു. 1857-ൽ ബ്രിട്ടീഷുകാരാൽ അവസാനിപ്പിക്കപ്പെട്ട ഒരു ഭരണകൂടത്തിന്റെ കുടുംബപരമ്പരയിലെ ഒരു ശാഖയിൽപ്പെട്ടയാളും കൂടിയായിരുന്നു. അതുകൊണ്ടുതന്നെ മഹ്ദിയാണെന്ന വാദം ഉന്നയിച്ചിരിക്കുന്നത് തന്റെ കുടുംബത്തിന്റെ നഷ്ടപ്പെട്ടുപോയ പ്രതാപവും അധികാരവും തിരിച്ചെടുക്കുവാനാണ് എന്ന് ബ്രിട്ടീഷുകാർ ചിന്തിക്കുന്നത് ഒരു വിദൂരമായ കാര്യമല്ല. പ്രത്യേകിച്ച് മൗലവിമാരും പാതിരിമാരും രാവും പകലും അങ്ങയ്ക്കെതിരിൽ പ്രകോപിപ്പിക്കുന്നതിൽ നിമഗ്നരായിക്കൊണ്ടിരിക്കുകയും രഹസ്യമായ റിപ്പോർട്ടുകൾ മുഖേന ഗവർമ്മെന്റിന് അദ്ദേഹത്തിന്നെതിരിൽ തെറ്റുധാരണകൾ ഉണ്ടാക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്തപ്പോൾ! ഇക്കാരണങ്ങൾ കൊണ്ടുതന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് തന്റെ പ്രസിദ്ധീകരണങ്ങളിൽ തുടർച്ചയായി ജിഹാദിനെ സംബന്ധിച്ച് മുസ്‌ലിമീങ്ങളുടെ തെറ്റായ വീക്ഷണങ്ങളുടെ ഖണ്ഡനങ്ങൾ നടത്തുന്നതിനും ജിഹാദിന്റെ യാഥാർഥ്യങ്ങൾ വിവരിക്കുന്നതിനും ഗവർമ്മെന്റിനെ സംബന്ധിച്ച തങ്ങളുടെ നിലപാട് വ്യക്തമാക്കുന്നതിനുമായി പ്രത്യേക മാസിക ഇറക്കുന്നതിന്റെയും ആവശ്യം നേരിട്ടു. 1857-ലെ കലാപത്തിൽ അദ്ദേഹത്തിന്റെ കുടുംബം ഗവർമ്മെന്റിന് ചെയ്തുകൊടുത്ത സഹായത്തെ സംബന്ധിച്ച് പ്രത്യേകം എടുത്തുപറയാനുള്ള കാരണവും ഇതായിരുന്നു. മഹ്ദീവാദം കൊണ്ട് അഥവാ തന്റെ കുടുംബത്തിന്റെ നഷ്ടപ്പെട്ടുപോയ ഭരണം തിരിച്ചെടുക്കലായിരുന്നുവെങ്കിൽ ഇപ്പോൾ തങ്ങളുടെ ജീവനുതന്നെ ഭീഷണിയായ ബ്രിട്ടീഷുകാരെ എങ്ങനെ സഹായിക്കാനാണെന്ന കാര്യം വ്യക്തമാക്കലാണ് ഇത് പറയുന്നതിന്റെ ലക്ഷ്യം.

**ബ്രിട്ടീഷ് ഭരണകൂടത്തോട് വാളുകൊണ്ടുള്ള ജിഹാദ് ചെയ്യാതിരുന്നതിനുള്ള കാരണം**

സമാധാനവും നീതിയും നിലനിറുത്തുകയും പരിപൂർണമായ മതസ്വാതന്ത്ര്യം നൽകുകയും മുസ്‌ലിമീങ്ങളുടെ ധനത്തിനും ജീവനും സംരക്ഷണം നൽകുകയും ചെയ്യുന്ന ഗവർമ്മെന്റുമായി ഇസ്‌ലാമിക ശരീഅത്ത് വിധിയനുസരിച്ച് സായുധ ജിഹാദ് അനുവദനീയമല്ലാത്തതുകൊണ്ടാണ് അവിടന്ന് ബ്രിട്ടീഷ് ഗവർമ്മെന്റുമായി സായുധജിഹാദ് അനുവദനീയമല്ലെന്ന് വിധിച്ചത്. അതുകൊണ്ട് അദ്ദേഹം ബ്രിട്ടീഷ് ഗവർമ്മെന്റിന്റെ സ്തുതിപാഠകനാണെന്ന ആക്ഷേപം ഉന്നയിക്കുന്നവരെ സംബോധന ചെയ്തുകൊണ്ട് പറയുന്നു. "അല്ലയോ അജ്ഞരേ! ഞാൻ ഈ ഗവർമ്മെന്റിന്റെ ഒരുതരത്തിലുള്ള സ്തുതിപാഠകനുമല്ല. മറിച്ച്, യാഥാർഥ്യം ഇതാണ്. ഇസ്‌ലാം ദീനിലും ദീനിന്റെ ആചാരങ്ങ


## മഹ്ദി ഇമാമിന്റെ പ്രസ്താവം

'അനുഗ്രഹങ്ങളും കൃപാകടാക്ഷങ്ങളും എന്നെന്നേക്കുമായി തുടർന്നുകൊണ്ടിരിക്കുന്ന നബിയാണ് എന്നെന്നും ജീവിച്ചിരിക്കുന്നത്.'
(മൽഫൂദാത്ത് വാള്യം 4 പേജ് 629)

**ജൽസസാലാന ഖാദിയാൻ 2019**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

*ത്വാലിബെ ദുആ:*
**M.Thajudheen Ahmadiyya Jama'ath**
**Koduvayoor(Kerala State)**

## മഹ്ദി ഇമാമിന്റെ പ്രസ്താവം

'അഭിമാനം കൊള്ളുന്ന ഇഹലോക ജീവിതം പാഴാണ്. മരണത്തിനുശേഷം പ്രദാനം ചെയ്യപ്പെടുന്ന ജീവിതമാണ് എന്നെന്നും സന്തോഷദായകമായിട്ടുള്ളത്.'
(മൽഫൂദാത്ത് വാള്യം 4 പേജ് 616)

**ജൽസസാലാന ഖാദിയാൻ 2019**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

*ത്വാലിബെ ദുആ:*
**Saidutty Ahmadiyya Jama'ath**
**Pallipuram(Kerala State)**

ളിലും കൈകടത്താതിരിക്കുകയും തങ്ങളുടെ മതപുരോഗതിക്കായി നമ്മുടെമേൽ ആയുധം പ്രയോഗിക്കുകയും ചെയ്യാത്ത ഒരു ഗവർമ്മെന്റിനോട് മതയുദ്ധം നടത്തുക എന്നത് വിശുദ്ധഖുർആന്റെ അധ്യാപനപ്രകാരം നിഷിദ്ധമാകുന്നു. എന്തുകൊണ്ടെന്നാൽ അവരും ഒരുവിധ മതയുദ്ധവും നടത്തുന്നില്ല.' (കശ്തിയെ നൂഹ് റൂഹാനീ ഖസാഇൻ, വാള്യം 19, പേജ് 75 അടിക്കുറിപ്പ് പേജ് 69)

വീണ്ടും പറയുന്നു: 'ഏതൊരു അവസ്ഥയിലാണോ ഇസ്‌ലാമിക ശരീഅത്തിന്റെ വ്യക്തമായ ഈ പ്രശ്നമുള്ളത് അതിൽ സകല മുസ്‌ലിമീങ്ങളും അഭിപ്രായ ഐക്യത്തിലാണുള്ളത്. അതായത് ഏതൊരു ഭരണകൂടത്തിന് കീഴിലാണോ മുസ്‌ലിംജനത സമാധാനത്തോടും സൗഖ്യത്തോടും സ്വാതന്ത്ര്യത്തോടും ജീവിതം കഴിച്ചുകൂട്ടുകയും ആരുടെ സേവനങ്ങൾക്ക് കൃതജ്ഞരും നന്ദിയുള്ളവരുമാണോ ആരുടെ അനുഗൃഹീത ഭരണകൂടമാണോ യഥാർഥത്തിൽ നന്മയും നേർമാർഗവും പ്രചരിപ്പിക്കുന്നതിന് പൂർണമായ സഹായിയാവുന്നത് അത്തരം ഭരണകൂടത്തോട് യുദ്ധവും ജിഹാദും ഖണ്ഡിതമായ നിലയിൽ ഹറാമാകുന്നു.' (മജ്മൂഅ ഇശ്തിഹാർ,വാള്യം 1, പേജ് 66)

പതിമൂന്നാം നൂറ്റാണ്ടിലെ മുജദ്ദിദ് ഹദ്റത്ത് സയ്യിദ് അഹ്മദ് ബരേൽവി(റഹ്)യുടേയും അഭിപ്രായം ഇതുതന്നെയായിരുന്നു. സവാനെ അഹ്മദിന്റെ കർത്താവ് മൗലാനാ മുഹമ്മദ് ജഅ്ഫർ ഥാനേശരി, (മൗലാനാ മുഹമ്മദ് ജഅ്ഫർ ഥാനേശരിയെ സംബന്ധിച്ച് മൗലാനാ മുഹമ്മദ് അലി ജലന്തരി എഴുതുന്നു: 'ഇന്ത്യയുടെ ചരിത്രത്തിലും രാഷ്ട്രീയത്തിലും മൗലാനാ ജഅ്ഫർ ഥാനേശരി, മൗലാനാ ഫള്‌ലെ ഹഖ് ഖയ്റാബാദി എന്നിവരുടെ പേരും നാടിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടി ചെയ്ത പരിശ്രമങ്ങളും അറിയാത്ത ഏത് വിദ്യാർഥിയാണുള്ളത്? ആസാദ് ഏപ്രിൽ 17, 1950) എഴുതുന്നു: ഒരു ചോദ്യകർത്താവ് ചോദിച്ചു. ഇസ്‌ലാംമതത്തിന്റെ നിഷേധികളും ഈ രാജ്യത്തിന്റെ ഭരണാധികാരികളുമായ ബ്രിട്ടീഷുകാരോട് ജിഹാദ് ചെയ്ത് രാജ്യത്തെ അവരിൽനിന്ന് എന്തുകൊണ്ട് താങ്കൾ പിടിച്ചെടുക്കുന്നില്ല? അദ്ദേഹം പറഞ്ഞു: "ബ്രിട്ടീഷു സർക്കാർ ഇസ്‌ലാമിന്റെ നിഷേധിയാണെങ്കിലും മുസ്‌ലിമീങ്ങളുടെമേൽ അക്രമവും അതിക്രമങ്ങളും ചെയ്യുന്നില്ല. അവരുടെ മതപരമായ കടമകളേയും നിർബന്ധ ആരാധനയും തടയുന്നില്ല. മതപ്രചാരണം നടത്തുന്നു. ഒരിക്കലും അതിന് തടസ്സം ഉണ്ടാവുന്നില്ല. നമ്മുടെ യഥാർഥ ജോലി ഏകദൈവത്വത്തിന്റെ പ്രചാരണവും സയ്യിദുൽ മുർസലീൻ ആയ നബി(സ)തിരുമേനിയുടെ ചര്യകളുടെ പുനരുജ്ജീവനപ്രവൃത്തികളുമാണ്. അത് ഒരുവിധ തടസ്സവുമില്ലാതെ ഈ രാജ്യത്ത് നാം ചെയ്യുന്നു. പിന്നീട് ഏത് കാരണത്തിന്റെ അടിസ്ഥാനത്തിലാണ് ബ്രിട്ടീഷു സർക്കാരുമായി നമ്മൾ ജിഹാദ് നടത്തുകയും ഇസ്‌ലാമികാടിസ്ഥാന പ്രമാണങ്ങൾക്കെതിരായി ഇരുവിഭാഗത്തിന്റെയും രക്തംചിന്തുകയും ചെയ്യേണ്ടത്? ഈ മറുപടി കേട്ട ചോദ്യകർത്താവ് നിശ്ശബ്ദനാകുകയും ജിഹാദിന്റെ യഥാർഥ ഉദ്ദേശ്യം മനസ്സിലാക്കുകയും ചെയ്തു.' (സവാനെ അഹ്മദി, കലാൻ, പേജ് 71)

139–ാമത്തെ പേജിൽ എഴുതുന്നു: 'ബ്രിട്ടീഷു സർക്കാരുമായി ജിഹാദ് നടത്താൻ സയ്യിദ് സാഹിബിന് ഒരുവിധ ഉദ്ദേശ്യവുമുണ്ടായിരുന്നില്ല. അദ്ദേഹം ഈ പ്രവർത്തന സ്വാതന്ത്ര്യത്തെ തങ്ങളുടെ പ്രവർത്തന സ്വാതന്ത്ര്യമായി മനസ്സിലാക്കിയിരുന്നു.'

അതുപോലെതന്നെ അദ്ദേഹത്തിന്റെ അടുത്ത ശിഷ്യനായ ഹദ്റത്ത് മൗലാനാ മുഹമ്മദ് ഇസ്മായീൽ ശഹീദിനോട് അദ്ദേഹം കൽക്കത്തയിൽ താമസിച്ചുകൊണ്ടിരുന്ന കാലത്ത് പ്രഭാഷണവേളയിൽ ബ്രിട്ടീഷു സർക്കാരുമായി ജിഹാദ് ചെയ്യുന്നത് ശരിയാണോ? എന്ന ചോദ്യം ചോദിക്കപ്പെട്ടു. അതിന്റെ മറുപടിയായി അദ്ദേഹം പറഞ്ഞു: 'ഇങ്ങനെയുള്ള ഒരുവിധ പ്രയാസങ്ങളുമുണ്ടാക്കാത്ത പക്ഷപാത പ്രവർത്തനങ്ങൾ നടത്താത്ത സർക്കാരിനെതിരിൽ ജിഹാദ് നടത്തുന്നത് ശരിയല്ല.' (സവാനെ അഹ്മദി കലാൻ പേജ് 57)

സർ സയ്യിദ് അഹ്മദ് ഖാൻ മർഹൂം തന്റെ പ്രസിദ്ധീകരണമായ 'രിസാല ബഗാവത്തെ ഹിന്ദ്'ൽ തെളിവ് സഹിതം സമർഥിക്കുകയാണ്: '1857ലെ കലാപം ജിഹാദ് ആയിരുന്നില്ല. മുസ്‌ലിമീങ്ങൾക്ക് ബ്രിട്ടീഷ് ഗവർമ്മെന്റിനെതിരിൽ ജിഹാദ് നടത്തുവാനുള്ള ശരീഅത്ത് പരമായ അനുമതിയും ഇല്ലായിരുന്നു.'

ഇതുപോലെതന്നെ മൗലവി മുഹമ്മദ് ഹുസയ്ൻ ഭട്ടാലവി 'അൽ ഇഖ്തിസാദു ഫീ മസാഇലിൽ ജിഹാദ്' എന്ന 1876–ൽ പ്രസിദ്ധീകരിച്ച ഒരു മാസികയിൽ ലാഹോർ മുതൽ അലീമാബാദ്ഉം പട്നവരെ യാത്രചെയ്ത് മുസ്‌ലിമീങ്ങളുടെ വ്യത്യസ്ത വിഭാഗങ്ങളുടെ ഉയർന്ന പണ്ഡിതന്മാർക്ക് ഈ മാസിക അക്ഷരംപ്രതി കേൾപ്പിച്ചുകൊണ്ട് അവരുടെ അഭിപ്രായം കരസ്ഥമാക്കുകയുണ്ടായി. അതിൽ അദ്ദേഹം തെളിവ് സഹിതം എഴുതുന്നു: "ഇന്ത്യാരാജ്യം ക്രിസ്തീയ ഭരണകൂടത്തിന്റെ കൈകളിലായിരുന്നിട്ടുംകൂടി ദാറുൽ ഇസ്‌ലാം ആണ് എന്ന് ഈ തെളിവുകളിൽനിന്ന് വ്യക്തമാകുന്നു. അതിന്മേൽ ഏതെങ്കിലും രാജാവിന് അറബിയാവട്ടെ അനറബിയാവട്ടെ സുഡാനി മഹ്ദിയാവട്ടെ ഹദ്റത്ത് സുൽത്താൻ ശാഹ് ഇറാനിയാവട്ടെ ഖുറാസാൻ അമീർ ആയാലും വേണ്ടില്ല മതയുദ്ധമോ ആക്രമണമോ നടത്തൽ ഒരിക്കലും അനുവദനീയമല്ല." (അൽഇഖ്തിസാദ് പേജ് 16)

വീണ്ടും എഴുതുന്നു: 'ഇന്ത്യക്ക് വേണ്ടി ബ്രിട്ടീഷ് ഗവർമ്മെന്റിനെ എതിർക്കുകയും കലാപം നടത്തുകയും ചെയ്യുന്നത് മുസ്‌ലിമീങ്ങൾക്ക് നിഷിദ്ധമാണ്.' (ഇശാഅത്തുസ്സുന്ന: വാള്യം 6, നമ്പർ 10, പേജ് 187)

വീണ്ടും എഴുതുന്നു: 'ബ്രിട്ടീഷ് ഗവർമ്മെന്റിന്റെ ഭാഗത്തുനിന്നുള്ള സമാധാനവും പൊതുസ്വാതന്ത്ര്യവും ഉത്തമസംവിധാനവും കാരണം ഇന്ത്യയിലെ അഹ്‌ലെ ഹദീഥ് ഈ ഭരണകൂടത്തെ വളരെ അനുഗ്രഹമായി മനസ്സിലാക്കുന്നു. ഈ ഭരണകൂടത്തിന്റെ പ്രജകളായതിൽ ഇസ്‌ലാമിക ഭരണകൂടങ്ങളുടെ പ്രജകളായതിലും ഉത്തമമായി മനസ്സിലാക്കുന്നു. അവർ എവിടെപോയാലും താമസിച്ചാലും (അറേബ്യയിലാവട്ടെ റോമിലാവട്ടെ മറ്റെവിടെയെങ്കിലുമാവട്ടെ) മറ്റൊരു ഭരണകൂടത്തിന്റെ പ്രജകളാവാൻ അവർ ആഗ്രഹിക്കുന്നില്ല." (ഇശാഅത്തുസ്സുന്ന നമ്പർ10, വാള്യം 6, പേജ് 293)

നവാബ് മൗലവി മുഹമ്മദ് സിദ്ദീഖ് ഹസൻ ഖാൻ ഓഫ് ഭോപ്പാലിന്റെയും മൗലവി നദീർ ഹുസയ്ൻ മുഹദ്ദസ് ദഹ്‌ലവിയുടേയും അഭിപ്രായവും ഇതുതന്നെയായിരുന്നു. ഇതേ ഫത്‌വ തന്നെയാണ് മൗലവി റഷീദ് അഹ്മദ് ഗംഗോഹിയും മൗലവി അശ്റഫ് അലി ഥാനവി മുതലായവരും നൽകിയത്. ഇതേ അഭിപ്രായം തന്നെയായിരുന്നു മൗലവി അബ്ദുൽ അസീസിന്റെയും മൗലവി മുഹമ്മദ് മുഫ്തി ലുധിയാനവിയുടേയും. അതായത് "ബ്രിട്ടീഷ് ഗവർമ്മെന്റിനെ എതിർക്കുന്നത് മുസ്‌ലിമീങ്ങൾക്ക് ശരീഅത്ത് പ്രകാരം ഹറാമാകുന്നു." (നോക്കുക നുസ്റത്ത് ലാഹോർ, മൗലവി മുഹമ്മദ് മുഫ്തി ലുധിയാന, ഹിജ്‌രി 1306)

സമീന്ദാർ പത്രത്തിന്റെ എഡിറ്റർ മൗലാനാ സഫർ അലിഖാനും ഇന്ത്യയെ ദാറുൽ ഇസ്‌ലാം എന്ന് വിളിച്ചുകൊണ്ട് എഴുതുന്നു. "സമീന്ദാറും അതിന്റെ മേൽനോട്ടക്കാരും ബ്രിട്ടീഷ് ഗവർമ്മെന്റിനെ ദൈവത്തിന്റെ തണലെന്ന് മനസ്സിലാക്കുന്നു. അതിന്റെ രാജോചിതമായ ഉദാരതകളേയും രാജകീയ നീതിയേയും തങ്ങളുടെ ഹൃദയംഗമമായ സ്നേഹാദർശങ്ങളുടെ സംരക്ഷകനെന്ന് മനസ്സിലാക്കിക്കൊണ്ട് തങ്ങളുടെ സംരക്ഷകനായ രാജാവിന്റെ നെറ്റിയിലെ ഓരോരോ തുള്ളിക്കും പകരം തങ്ങളും ശരീരത്തിന്റെ രക്തം ഒഴുക്കാൻ തയ്യാറാണ്. ഇന്ത്യയിലെ സകല മുസ്‌ലിമീങ്ങളുടെയും അവസ്ഥ ഇതുതന്നെയാണ്.' (സമീന്ദാർ, നവംബർ 9, 1911)

വീണ്ടും എഴുതുന്നു: "ഇങ്ങനെയുള്ള ഭരണകൂടത്തോട് ഒരു നിമിഷംപോലും ദുർധാരണ വച്ചുപുലർത്തുക എന്നത് മുസൽമാന് ചിന്തിക്കാൻ സാധ്യമല്ല. ഏതെങ്കിലും ദൗർഭാഗ്യവാനായ മുസൽമാൻ ഗവർമ്മെന്റിനോട് വിദ്രോഹ പ്രവർത്തനത്തിന് ധൈര്യം കാണിക്കുകയാണെങ്കിൽ ആ മുസ്‌ലിം മുസ്‌ലിമല്ല എന്ന് നാം നിർഭയം പ്രഖ്യാപിക്കുന്നു.' (സമീന്ദാർ നവംബർ 11, 1911)

അതുപോലെ അല്ലാമ അസ്സയ്യിദുൽ ഹാഇരി മുജ്തഹിദുൽ അസ്‌രി (ശിയാ ലീഡർ) ബ്രിട്ടീഷ് ഗവർമ്മെന്റിനോട് നന്ദി രേഖപ്പെടുത്തിക്കൊണ്ട് പറയുന്നു: 'നീതിയും മതസ്വാതന്ത്ര്യവും നിയമമാക്കപ്പെട്ടതിൽ ലോകത്ത് തുല്യതയില്ലാത്ത ഒരു ഭരണകൂടത്തിന്റെ തണലിൽ കഴിയുന്നവരെന്ന അഭിമാനം കരസ്ഥമായവരാണ് നാം. ചിന്തിക്കുക, നിങ്ങൾ ഇന്ന് ഇസ്‌ലാമിന്റെ തബ്‌ലീഗിനും പ്രചാരണത്തിനും വേണ്ടി ഒരുവിധ ഭയവുമില്ലാതെ പൂർണമായ സ്വാതന്ത്ര്യത്തോടുകൂടി എങ്ങനെയാണ് തുറന്ന പ്രഭാഷണങ്ങൾ നടത്തുന്നത്. മുമ്പേ ഒരു ഭരണകൂടത്തിന്റെ കീഴിലും ഇല്ലാതിരുന്ന സംവിധാനങ്ങൾ നമുക്ക് ഇന്ന് ഈ അനുഗൃഹീത ഭരണത്തിൽ എങ്ങനെയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്? മുൻകഴിഞ്ഞ അമുസ്‌ലിം ഭരണകൂടങ്ങളുടെ കാലത്ത് മുസ്‌ലിമീങ്ങൾക്ക് തങ്ങളുടെ മസ്ജിദുകളിൽ ബാങ്ക് വിളിക്കാൻപോലും സാധിക്കാത്ത അവസ്ഥയായിരുന്നു. മറ്റു കാര്യങ്ങൾ പോവട്ടെ, ഹലാലായ വസ്തുക്കൾ ഭക്ഷിക്കുന്നതുപോലും തടയപ്പെട്ടിരുന്നു. കൃത്യമായ ഒരു അന്വേഷണംപോലും ഉണ്ടായിരുന്നില്ല....

'അതുകൊണ്ട് ഞാൻ പറയുന്നു: ഓരോ ശിയാ അംഗവും ആ ഉപകാരത്തിന് പകരമായി

(മതസ്വാതന്ത്ര്യത്തിന്റെ രൂപത്തിൽ അവർക്ക് ലഭിച്ചിരിക്കുന്നു) ശുദ്ധഹൃദയത്തോടെ ബ്രിട്ടീഷ് ഗവർമെന്റിനോട് കൃതജ്ഞതയുള്ള വരും നന്ദിയുള്ളവരും ആവേണ്ടതാണ്. അതിന് ശരീഅത്തും അവർക്ക് തടസ്സമല്ല. എന്തുകൊണ്ടെന്നാൽ നബി(സ)തിരുമേനി നൗഷീർവാൻ ആദിലിന്റെ ഭരണകാലത്തെ സംബന്ധിച്ച് പ്രശംസയോടും അഭിമാനത്തോടും കൂടിയാണ് പറഞ്ഞിട്ടുള്ളത്. (മൗഅള്ളയെ തഹ്‌രീഫ് ഖുർആൻ ബാബത്ത് 1923 ഏപ്രിൽ മാസം, പേജ് 67-68,പ്രസാധകർ യംഗ്മാൻ സൊസൈറ്റി പ്രസ്, ഖാജ്ഖാൻ, നാരോവാൾ ലാഹോർ)

അതുപോലെതന്നെ ശംസുൽ ഉലമാ നദീർ അഹ്മദ് ദഹ്‌ലവി 1888 ഒക്ടോബർ 5ന് ഡൽഹി ടൗൺഹാളിൽ നടത്തിയ പ്രഭാഷണത്തിൽ ബ്രിട്ടീഷ് ഗവർമ്മെന്റിനെ സംബന്ധിച്ച് പറഞ്ഞു: 'ഗവർമ്മെന്റ് ക്രൂരരും കരുണയില്ലാത്തവരുമാണെന്നോ? തൗബ തൗബ മാതാപിതാക്കളെക്കാൾ കരുണയുള്ളവരാണ്. (മൗലാനാ മൗലവി ഹാഫിള് നദീർ അഹ്മദ് ദഹ്‌ലവിയുടെ പ്രഭാഷണങ്ങളുടെ സമാഹാരം ഒന്നാം ഭാഗം 1890, പേജ് 9)

വീണ്ടും പറയുന്നു: 'ബ്രിട്ടീഷ് ആധിപത്യത്തിൽ നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന സുഖം ലഭ്യമാക്കാനുള്ള യോഗ്യത കൂടിയും മറ്റൊരു സമൂഹത്തിലുമില്ല." (തുടർപേജ് 26)

ഓണറബിൾ ഡാക്ടർ സർ സയ്യിദ് അഹ് മദ് ഖാൻ ബഹാദുർ മുസ്‌ലിമീങ്ങളെ സംബോധന ചെയ്തുകൊണ്ട് ഇംഗ്ലീഷ് ഗവർമ്മെന്റിനെ സംബന്ധിച്ച് പറയുന്നു: 'നീതിമാനായ രാജാവ് ഏതെങ്കിലും പ്രജകൾക്ക് പാമരത്തിന്റെ സ്ഥാനത്ത് നിൽക്കുക എന്നത് യഥാർഥത്തിൽ ദൈവത്തിന് തന്റെ ദാസരുടെ മേലുള്ള കാരുണ്യമാണ്. മുഴുവൻ പ്രജകളും ഈ നീതിമാനായ രാജാവിനോട് നന്ദിയുള്ളവരാണെന്നതിൽ സംശയമില്ല. നമ്മൾ ഇന്ത്യക്കാരായ പ്രജകൾ ആദരണീയ വിക്ടോറിയ (അവരുടെ ഭരണം നീണാൾ വാഴട്ടെ) രാജ്ഞിയുടെ പ്രജകളാണ്. നമ്മുടെമേൽ നീതിയോടെ, ഒരുവിധ മതസാമൂഹിക വിവേചനവുമില്ലാതെ ഭരണം നടത്തുന്നതിൽ നമ്മൾ നന്ദിയുള്ളവരാണ്. നമ്മുടെ പരിശുദ്ധമതത്തിന്റെ അധ്യാപനമാണിത്. അതിന്റെ ഔദാര്യത്തെ അംഗീകരിക്കുകയും നന്ദി കാണിക്കുകയും ചെയ്യുക എന്നത് നമ്മുടെ മേൽ നിർബന്ധമാണ്." (ഓണറബിൾ ഡാക്ടർ സർ സയ്യിദ് അഹ്മദ് ഖാൻ ബഹാദൂറിന്റെ പ്രഭാഷണ സമാഹാരം ബിലാലി പ്രസ് സാഢൂര 1892 ഡിസംബർ പേജ് 15)

1886 മെയ് 10ന് അലിഗഡിലെ പ്രഭാഷണത്തിൽ ഗവർമ്മെന്റിൽനിന്ന് ക്ഷേമം ആവശ്യപ്പെട്ടുകൊണ്ട് പറയുന്നു: 'ഗവർമ്മെന്റിനോട് തങ്ങളുടെ ഹൃദയം ശുദ്ധമാക്കിവെക്കുക. നല്ല ഹൃദയത്തോടെ പെരുമാറുക. എല്ലാ നിലയ്ക്കും ഗവർമ്മെന്റിൽ പ്രതീക്ഷ വയ്ക്കുക എന്നതാണ് എന്റെ ഉപദേശം.' (ഓണറബിൾ ഡാക്ടർ സർ സയ്യിദ് അഹ്മദ് ഖാൻ ബഹാദൂറിന്റ പ്രഭാഷണ സമാഹാരം ബിലാലി പ്രസ് സാഢൂര 1892 ഡിസംബർ, പേജ് 239)

അതുകൊണ്ട് ബ്രിട്ടീഷ് ഗവർമ്മെന്റിനോട് ജിഹാദിനെ സംബന്ധിച്ച് ഹദ്‌റത്ത് മസീഹ് മൗഊദ്(അ) വിവരിച്ച ചിന്താധാര തന്നെയായിരുന്നു ഉന്നത ശീർഷരായ മുഴുവൻ പണ്ഡിതന്മാരുടെയും. രേഖപ്പെടുത്തിയ വാക്കുകൾ കൂടാതെ രാഷ്ട്രീയ മതരംഗത്തെ സ്വീകാര്യരായ നേതാക്കളിൽപ്പെട്ട ഒരു അനഹ്മദി വ്യക്തി (മലിക് മുഹമ്മദ് ജഅ്ഫർഖാൻ അഡ്വക്കേറ്റ്) യുടെ വിവരണം സമർപ്പിക്കുന്നത് അനുചിതമായിരിക്കുകയില്ല. മലിക് സാഹിബ് എഴുതുന്നു: 'മിർസാ സാഹിബിന്റെ കാലത്ത് അദ്ദേഹത്തിന്റെ പ്രസിദ്ധരായ എതിരാളികൾ ഉദാഹരണത്തിന് മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി, പീർ മെഹർ അലി ശാഹ് ഗോൾഡവി, മൗലവി ഥനാഉല്ലാഹ് സാഹിബ്, സർ സയ്യിദ് അഹ്മദ് ഖാൻ തുടങ്ങി എല്ലാവരും മിർസാ സാഹിബിനെപോലെതന്നെ ബ്രിട്ടീഷുകാരോട് കൂറുപുലർത്തുന്നവരായിരുന്നു. അക്കാരണത്താലാണ് ആ കാലത്ത് മിർസാ സാഹിബനെതിരിൽ എഴുതപ്പെട്ട ലിറ്ററേച്ചറുകളിൽ മിർസാ സാഹിബ് തന്റെ അധ്യാപനങ്ങളിൽ 'അടിമത്വത്തിൽ തൃപ്തരായിരിക്കാൻ' ഉപദേശം നൽകി എന്ന ഒരു കാര്യവും കാണാത്തത്.' (അഹ്മദിയ്യാ തഹ്‌രീക്ക്, പേജ് 243, ലാഹോർ, സൻസാഗർ അക്കാഡമി പ്രസിദ്ധീകരിച്ചത്)

ചുരുക്കമിതാണ് അവിടന്ന് ബ്രിട്ടീഷ് ഭരണകൂടത്തെ പ്രശംസിച്ചതും അതിനോട് കൂറ് പ്രകടിപ്പിച്ചതും എല്ലാം യഥാർഥത്തിൽ ഒരു തത്ത്വത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. അത് ഇതാണ്.

1. ഈ ഭരണകൂടം പഞ്ചാബിലെ മുസ്‌ലിമീങ്ങൾക്ക് സിക്കുകാരുടെ അതിക്രമങ്ങളിൽ നിന്ന് പൂർണമോചനം നൽകി. 2. അവർ രാജ്യത്ത് സമാധാനം സ്ഥാപിച്ചു. 3. അവർ രാജ്യത്ത് പൂർണമായ മതസ്വാതന്ത്ര്യം നൽകി.

**ജിഹാദ് അഥവാ വാളുകൊണ്ടുള്ള യുദ്ധം വിരോധിച്ചതിനുള്ള മറ്റൊരു കാരണം**

പിന്നീട് അവിടന്ന് ആയുധമെടുത്തുള്ള ജിഹാദിനെ സംബന്ധിച്ച് വിശദീകരിച്ചുകൊണ്ട് പറഞ്ഞു: 'ഈ കാലത്ത് സായുധ ജിഹാദ് വിരോധിക്കുവാനുള്ള കാരണം സായുധ ജിഹാദിന്റെ നിബന്ധനകൾ പൂർത്തീകരിക്കപ്പെടാത്തതാണ്. അതുകൊണ്ട് അവിടന്ന് തന്റെ ഗ്രന്ഥമായ ഹഖീഖത്തുൽ മഹ്ദിയിൽ പറയുന്നു: 'അതായത് സായുധ ജിഹാദിന്റെ നിബന്ധനകൾ കാണപ്പെടാത്തത് കൊണ്ടാണ് ഇക്കാലത്ത് വാൾകൊണ്ടുള്ള ജിഹാദ് ഇല്ലാത്തത്.'

വീണ്ടും പറയുന്നു: 'സത്യനിഷേധികൾ ഏതു പോലുള്ള തയ്യാറെടുപ്പാണോ നമുക്കെതിരിൽ ചെയ്യുന്നത് അതുപോലുള്ള തയ്യാറെടുപ്പ് നടത്താനാണ് നമുക്ക് കല്പനയുള്ളത്. അല്ലെങ്കിൽ നിഷേധികൾ ഏത് രീതിയിലാണോ നമ്മോട് പെരുമാറുന്നത് അതുപോലെ പെരുമാറാനാണ് നമുക്ക് കല്പനയുള്ളത്. ഏതുവരെ അവർ നമ്മുടെമേൽ വാൾ ഉയർത്തുന്നില്ലയോ നാമും അവരുടെമേൽ വാൾ ഉയർത്തുന്നതല്ല.'(ഹഖീഖത്തുൽ മഹ്ദി, റൂഹാനീഖസാഇൻ, വാല്യം 14, പേജ് 454)

വീണ്ടും പറയുന്നു: 'ഈ കാലത്തോ ഈ പട്ടണത്തിലോ ജിഹാദിന്റെ കാരണങ്ങൾ കാണപ്പെടുന്നില്ല എന്നതിൽ ഒരു സംശയവുമില്ല.'(തുഹ്ഫ ഗോൾഡവിയ, റൂഹാനീ ഖസാഇൻ, വാല്യം 17, പേജ് 82)

ഇതേ കാര്യമാണ് നവാബ് മൗലവി സിദ്ദീഖ് ഹസൻഖാൻ തർജുമാനെ വഹാബിയയുടെ 20-ാം പേജിൽ എഴുതിയിരിക്കുന്നത്: 'ശരീഅത്തിന്റെ നിബന്ധനകൾക്കനുസൃതമല്ലാതെയും ഒരു നേതൃത്വം ഇല്ലാതെയും ഒരിക്കലും ജിഹാദ് അനുവദനീയമല്ല.'

മൗലവി സഫ്ർ അലിഖാൻ എഴുതുന്നു: 'ഇസ്‌ലാം ജിഹാദിന് അനുമതി നൽകിയതെല്ലാം പ്രത്യേകമായ അവസ്ഥകളിലാണ്. രാജ്യങ്ങളെ പിടിച്ചടക്കാനുള്ള ആഗ്രഹങ്ങളുടെ പൂർത്തീകരണത്തിനുള്ള മാർഗമല്ല ജിഹാദ്. അതിന് ഇമാറത്ത് നിബന്ധനയാണ്, ഇസ്‌ലാമിക ഭരണസംവിധാനം നിബന്ധനയാണ്. ശത്രുക്കളുടെ മുന്നേറ്റവും ആരംഭവും നിബന്ധനയാണ്.' (സമീന്ദാർ ജൂൺ 4, 1926)

കൂടാതെ മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി എഴുതുന്നു: "മുസ്‌ലിമീങ്ങളിൽ ഇമാമും കാലത്തിന്റെ ഖലീഫയും ഉണ്ടായിരിക്കണം എന്നതാണ് ശരീഅത്തി ജിഹാദിനുള്ള ഒരു ശക്തമായ നിബന്ധന. മുസ്‌ലിമീങ്ങളിൽ ഇസ്‌ലാമിന്റെ മഹത്ത്വം നഷ്ടമായിപോകുമെന്ന ഭയമില്ലാത്തതും ഇസ്‌ലാമിന്റെ വിജയത്തിൽ പ്രതീക്ഷയുള്ളതുമായ ഒരു സംഘടിത ജമാഅത്ത് മുസ്‌ലിംകളിൽ ഉണ്ടായിരിക്കണം.' (അൽഇഖ്തിസാദ് ഫീ മസാഇലിൽ ജിഹാദ് പേജ് 42)

ഖാജാ ഹസൻ നിളാമി ദഹ്‌ലവി എഴുതുന്നു: 'ജിഹാദിന്റെ മസ്അല നമ്മുടെ ഓരോ കുട്ടിക്കും അറിയാവുന്നതാണ്. മതകാര്യത്തിൽ നിഷേധികൾ തടസ്സമാവുകയും നീതിമാനായ ഇമാമിന്റെ പക്കൽ യുദ്ധത്തിനുള്ള മുഴുവൻ സാമഗ്രികളും ഉണ്ടായിരിക്കെ അദ്ദേഹം യുദ്ധത്തിന് വിധി നൽകുകയും ചെയ്താൽ യുദ്ധം ചെയ്യൽ ഓരോ മുസൽമാനും നിർബന്ധമാണെന്ന് അവർക്കറിയാവുന്നതാണ്. എന്നാൽ, ബ്രിട്ടീഷുകാർ നമ്മുടെ മതകാര്യങ്ങളിൽ ഇടപെടുന്നില്ല. മറ്റേതെങ്കിലും പ്രവൃത്തിയിൽ അത് അക്രമമാണെന്ന് പറയാവുന്നതരത്തിൽ പ്രവർത്തിക്കുന്നുമില്ല. നമ്മുടെ പക്കൽ യുദ്ധസാമഗ്രികളുമില്ല. ഇത്തരം അവസ്ഥയിൽ നാം ഒരിക്കലും ആരുടേയും വാക്കുകൾ അംഗീകരിക്കുന്നതല്ല. നമ്മുടെ ജീവനുകളെ നാശത്തിലേക്ക് വലിച്ചെറിയുന്നതുമല്ല.' (രിസാല ശെയ്ഖ് സനൂസി പേജ് 17, ഖാജാ ഹസൻ നിളാമി)

ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമനത്തിന് മുമ്പേ എന്നല്ല അവിടത്തെ ജനനത്തിന് മുമ്പേ ഒരിക്കൽ ജിഹാദിനുള്ള സന്ദർഭം ഉണ്ടായി. 13-ാം നൂറ്റാണ്ടിലെ മുജദ്ദിദായിരുന്ന ഹദ്‌റത്ത് സയ്യിദ് അഹ്മദ് ബറേൽവി പഞ്ചാബിലെ സിക്കുകാർക്കെതിരിൽ ജിഹാദിന് ആഹ്വാനം ചെയ്തു. മൗലവി മസ്ഊദ് അഹ്മദ് നദ്‌വി എഴുതുന്നു: 'അന്ന് പഞ്ചാബിൽ സിഖ് ഭരണത്തിന്റെ പ്രതാപകാലമായിരുന്നു. മുസ്‌ലിം സ്ത്രീകളുടെ മാനാഭിമാനം സുരക്ഷിതമല്ലായിരുന്നു. അവരുടെ രക്തം ഹലാലാക്കപ്പെട്ടിരുന്നു. പശുവിന്റെ ഖുർബാനി വിരോധിക്കപ്പെട്ടിരുന്നു. മസ്ജിദുകൾ കുതിരാലയങ്ങൾക്കായി ഉപയോഗിക്കപ്പെട്ടിരുന്നു. ചുരുക്കത്തിൽ അഞ്ചുനദിയിലെ മുസ്‌ലിം ജനവാസത്തെ ഒഴുക്കിക്കൊണ്ടുപോകുന്ന തരത്തിലുള്ള ക്രൂരമായ അക്രമങ്ങളുടെ കുത്തൊഴുക്കായിരുന്നു. കണ്ണുകൾ എല്ലാം കണ്ടുകൊണ്ടിരുന്നു. എന്നാൽ, പ്രവർത്തിക്കുവാനുള്ള ശക്തി നിശ്ചലമായിട്ടുണ്ടായിരുന്നു.' (ഹിന്ദുസ്താൻ കി പഹലി തഹ്‌രീക്ക്, പേജ് 37)

സയ്യിദ് സാഹിബ് മർഹൂമിന്റെ ശഹാദത്തിന്റെയും പരാജയത്തിന്റെയും കാരണം ഇദ്ദേ

ഹം എഴുതുന്നു: സ്വന്തം ദൗര്‍ഭാഗ്യതയുടെ ദുഃഖം ഏത് വാക്കുകളില്‍ വിവരിക്കാനാണ്. ഹൃദയത്തില്‍നിന്ന് ഒരു മരണദുഃഖം ഉയരുന്നു. കണ്ണുകളില്‍ രക്തം വന്നുപോവുന്നു. മുല്ലാക്കളുടെ ഫത്‌വകളും അതിര്‍ത്തിയിലെ ഖവാനീന്റെ വഞ്ചനയും ഓര്‍മവരുന്നു. അജ്ഞരായ മുല്ലാക്കള്‍ മുജാഹിദുകളെ വഹാബികള്‍ എന്ന് വിളിക്കാന്‍ തുടങ്ങി. അവരുടെ സംസ്‌കരണത്തിനും നന്മയ്ക്കും സഹായത്തിനുമായി ആ സയ്യിദ് ജാതനും അദ്ദേഹത്തിന്റെ അര്‍പിതമനസ്‌കരായ അനുചരന്മാരും ഹിജ്‌റത്തിന്റെ ബുദ്ധിമുട്ടുകള്‍ സഹിച്ചു. അവര്‍ തന്നെയും ജീവന്റെ ശത്രുക്കളായി മാറി. ഭക്ഷണത്തില്‍ വിഷം കല ര്‍ത്തി നല്‍കി. പിശാവര്‍ ജയിച്ചടക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ടായിരുന്നു. പിശാവറിലെ നേതാക്കന്മാരുടെ വഞ്ചന നിമിത്തം സയ്യിദ് സാഹിബ് നിശ്ചയിച്ച പ്രവര്‍ത്തകരും പ്രത്യേക അനുചരന്മാരും കൂട്ടക്കൊല ചെയ്യപ്പെട്ടു. പിന്നീട് വളരെയധികം നിരാശ ഉടലെടുക്കുകയും പിശാവറും പരിസരവും ഉപേക്ഷിച്ച് കാഗാന്‍ താഴ്‌വരയുടെ പ്രാന്തപ്രദേശമായ രാജ്ദവാരിയുടെ താഴ്‌വരയിലേക്ക് കുടിയേറി......അവസാനം ബാലാകോട്ടില്‍ ശഹീദായി. (ഹിന്ദുസ്താന്‍ കി പഹ്‌ലി തഹ്‌രീക് പേജ് 47)

അദ്ദേഹത്തിന്റെ ജിഹാദിന്റെ ഉദ്ദേശ്യം പഞ്ചാബിലെ മുസ്‌ലിമീങ്ങളെ സിക്കുകാരുടെ ക്രൂരവും സ്വേച്ഛാധിപത്യപരവുമായ ഭരണത്തില്‍നിന്ന് മോചിപ്പിക്കുകയും മതസ്വാതന്ത്ര്യം നല്‍കുകയുമായിരുന്നു. അത് ഇപ്രകാരം പൂര്‍ത്തിയായി. അതായത് സിക്കുകാരുടെ സ്ഥാനത്ത് ബ്രിട്ടീഷുകാര്‍ പഞ്ചാബിന്റെ ഭരണാധികാരികളായി. മൗലാനാ മുഹമ്മദ് ജഅ്ഫര്‍ ഥാനേസരി എഴുതുന്നു: സയ്യിദ് സാഹിബിന് ബ്രിട്ടീഷു ഗവര്‍മെന്റിനോട് ജിഹാദ് ചെയ്യുവാനുള്ള ഉദ്ദേശ്യം ലവലേശം പോലും ഉണ്ടായിരുന്നില്ല. അദ്ദേഹം ഈ പ്രവര്‍ത്തന സ്വാതന്ത്ര്യത്തെ തങ്ങളുടെ പ്രവര്‍ത്തന സ്വാതന്ത്ര്യമെന്ന് മനസ്സിലാക്കിയിരുന്നു.' (സവാനെ അഹ്മദീ കലാന്‍ പേജ് 139)

അതുകൊണ്ടാണ് മൗലവി മുഹമ്മദ് ഹുസയ്ന്‍ ബട്ടാലവി എഴുതിയത്: സഹോദരങ്ങളേ! ഇപ്പോള്‍ വാളിന്റെ കാലമല്ല. ഇപ്പോള്‍ വാളിനു പകരം തൂലികകൊണ്ട് പ്രവര്‍ത്തിക്കേണ്ടത് നിര്‍ബന്ധമായിരിക്കുന്നു. മുസല്‍മാന്‍മാരുടെ കൈകളില്‍ ഒന്നുമില്ലാത്ത അവസ്ഥയില്‍, അവരുടെ കൈകളില്‍ വാള്‍ എങ്ങനെ ഉണ്ടാവാനാണ്. ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിന്റെ പ്രാണശത്രുവാണ്. ശിയാ സുന്നിയേയും സുന്നി ശിയായേയും അഹ്‌ലെ ഹദീഥ് അഹ്‌ലെ തഖ്‌ലീദിനേയും ഓരോ വിഭാഗവും മറ്റേ വിഭാഗത്തെ ഈ ദൃഷ്ടിയോടെയാണ് നോക്കിക്കണ്ടുകൊണ്ടിരിക്കുന്നത്. (ഇശാഅത്തുസ്സുന്ന വാള്യം 6, നമ്പര്‍ 12, പേജ് 365)

ചുരുക്കത്തില്‍ ഹദ്‌റത്ത് മസീഹ് മൗഊദ്(അ) ജിഹാദിന്റെ നിബന്ധനകളുടെ അഭാവം കാരണത്താല്‍ ഇസ്‌ലാമിക ശരീഅത്ത് പ്രകാരം സായുധ ജിഹാദ് നിഷിദ്ധമെന്ന് വിധിക്കുകയാണ് ചെയ്തത്.

സായുധ ജിഹാദ് നിഷിദ്ധമാക്കപ്പെട്ടതിന്റെ മൂന്നാമത്തെ കാരണമായി അവിടന്ന് വിവരിച്ചത് മസീഹ് മൗഊദിനെ സംബന്ധിച്ച് നബി(സ)തിരുമേനി പറഞ്ഞത് മതസ്വാതന്ത്ര്യമുള്ള കാലത്ത് വെളിപ്പെടുമെന്നും മതത്തിനുവേണ്ടി യുദ്ധം ആവശ്യമല്ലാത്ത കാലമായിരിക്കും അതെന്നുമാണ്. ഹദ്‌റത്ത് മസീഹ് മൗഊദ്(അ) ബ്രിട്ടീഷ് ഗവര്‍മെന്റും ജിഹാദും എന്ന ഈ ലേഖനത്തില്‍ പറയുന്നു: "1300 വര്‍ഷം മുമ്പേ മസീഹ് മൗഊദിനെ സംബന്ധിച്ച് നബി(സ)തിരുമേനി പറഞ്ഞ വാക്ക് യളഉല്‍ ഹര്‍ബ് എന്നാണ്. അതിന്റ അര്‍ഥം മസീഹ് മൗഊദ്(അ)ന്റെ ആവിര്‍ഭാവം ഉണ്ടാവുമ്പോള്‍ മതയുദ്ധങ്ങള്‍ അവസാനിപ്പിക്കും എന്നാണ്. അതിലേക്കാണ് ഈ ഖുര്‍ആനികവചനം വിരല്‍ചൂണ്ടുന്നത്. *ഹത്താ തളഅല്‍ ഹര്‍ബു ഔസാറഹാ* (47:5) അതായത് കാലത്തിന്റെ മസീഹ് വരുന്നതുവരെ യുദ്ധം ചെയ്യുക.' (ബ്രിട്ടീഷു ഗവര്‍മെന്റും ജിഹാദും, റൂഹാനീ ഖസാഇന്‍, വാള്യം 17, പേജ് 8)

അവിടന്ന് പറയുന്നു: 'ഇക്കാലത്ത് ഒരാളും തന്നെ മുസ്‌ലിമീങ്ങളെ മതത്തിന്റെ പേരില്‍ കൊല്ലാതിരിക്കെ ഏത് കല്‍പനയാലാണ് ചെയ്യാത്ത തെറ്റിന് അവര്‍ മറ്റുള്ളവരെ കൊല്ലുന്നത്.' (ബ്രിട്ടീഷു ഗവര്‍മെന്റും ജിഹാദും റൂഹാനീ ഖസാഇന്‍, വാള്യം 17, പേജ് 13)

അവിടത്തെ ജിഹാദ് നിരോധനം അഥവാ മതയുദ്ധനിരോധനത്തിന്റെ വിധി നബി(സ) തിരുമേനിയുടെ നിര്‍ദേശത്തിന്റെ പ്രാവര്‍ത്തികരൂപം പോലെയാണ്: സ്വന്തം ഭാഗത്തുനിന്നുമുള്ളതല്ല. നബി(സ)തിരുമേനിയുടെ അരുളപ്പാടിന്റെ അര്‍ഥം മസീഹ് മൗഊദ്(അ)ന്റെ കാലത്ത് പരിപൂര്‍ണമായ മതസ്വാതന്ത്ര്യമുള്ളതിനാല്‍ മതയുദ്ധങ്ങളുടെ ആവശ്യം ഉണ്ടായിരിക്കുകയില്ല എന്നാണ്.

ഈ ലേഖനത്തിന്റെ പ്രസിദ്ധീകരണത്തിന് ഏതാനും ദിവസങ്ങള്‍ക്കുശേഷം ഹദ്‌റത്ത് മസീഹ് മൗഊദ്(അ) മതയുദ്ധങ്ങളുടെ നിരോധനവിധിയെ സംബന്ധിച്ച പദ്യത്തില്‍ (പേജ് 77–80) പറഞ്ഞ പ്രഥമ വരികളില്‍ ഈ 4 വരിയുമുണ്ട്:

*അബ് ഛോഡ് ദോ ജിഹാദ് കാ*
*ഏ ദോസ്‌തോ ഖയാല്‍*
*ദീന്‍ കേലിയെ ഹറാമ് ഹെ*
*അബ് ജന്‍ഗോ ഖിത്താല്‍*
*യെ ഹുക്കും സുന്‍കെ ഭി*
*ജോ ലഡാഇ കൊ ജായേഗാ*
*വൊ കാഫിറോം സെ സഖ്ത്*
*ഹസീമത്ത് ഉഠായേഗാ*

സുഹൃത്തുക്കളേ! വാളെടുത്ത് ജിഹാദു ചെയ്യാനുള്ള ചിന്ത ഇപ്പോള്‍ ഉപേക്ഷിക്കുക. ഇപ്പോള്‍ യുദ്ധവും കൊലയും മതത്തില്‍ നിഷിദ്ധമാണ്. ഈ കല്‍പന കേട്ടിട്ടും ആരെങ്കലും അതിനുപോകുകയാണെങ്കില്‍ അവര്‍ സത്യനിഷേധികളില്‍നിന്ന് കഠിനമായ നിന്ദ്യത വഹിക്കുന്നതായിരിക്കും.(ളമീമ തുഹ്ഫയെ ഗോല്‍ഡവിയ്യ, റൂഹാനീ ഖസാഇന്‍ വാള്യം 17, പേജ് 77)

'യളഉല്‍ ഹര്‍ബ്'ന്റെ സന്ദേശം നിങ്ങള്‍ മറക്കുന്നത് എന്തിനാണ്? ഇത് ബുഖാരിയില്‍ ഇല്ലേ എന്ന് തുറന്നൊന്ന് നോക്കൂ!

ഇത് ലോകനേതാവ്(സ) പറഞ്ഞ് കഴിഞ്ഞിരിക്കുന്നു. ഈസാ മസീഹ് യുദ്ധങ്ങളെ ഒഴിവാക്കുന്നതാണെന്ന്!

ഹദ്‌റത്ത് മസീഹ് മൗഊദ്(അ) ഈ പദ്യത്തില്‍ ജിഹാദിനെ ഒഴിവാക്കിക്കൊണ്ടുള്ള ഫത്‌വ നല്‍കിക്കൊണ്ട് മേല്‍ പ്രസ്താവിക്കപ്പെട്ട മൂന്ന് കാര്യത്തേയും വളരെ ഉത്തമമായ രീതിയില്‍ വിവരിച്ചിരിക്കുന്നു. (തുഹ്ഫ ഗോള്‍ഡവിയ, റൂഹാനീഖസാഇന്‍, വാള്യം 17, പേജ് 77–80)

ജിഹാദിന്റെ വിഭാഗങ്ങള്‍

ജിഹാദ് വെറും വാളുകൊണ്ട് യുദ്ധം ചെയ്യല്‍ മാത്രമല്ല, മറിച്ച് ജിഹാദിന്റെ അര്‍ഥതലങ്ങളില്‍ വിശാലത കാണാന്‍ സാധിക്കുന്നു എന്ന കാര്യവും പിന്നീട് അവിടന്ന് വിവരിക്കുകയുണ്ടായി. വിശുദ്ധഖുര്‍ആന്‍ നിഷേധികളിലേക്ക് എത്തിക്കലും സത്യസന്ദേശപ്രചരണവും ഉപദേശനിര്‍ദേശങ്ങള്‍ നല്‍കലും ജിഹാദാകുന്നു. മറിച്ച് (ജിഹാദെ കബീര്‍) വലിയ ജിഹാദാകുന്നു. ആകയാല്‍ പറയുന്നു.*ഫലാ തുത്വിയില്‍ കാഫിരീന വ ജാഹിദ്ഹും ബിഹീ ജിഹാദന്‍ കബീറാ.*'(25:53) ഈ ആയത്തിന് വിശദീകരണം നല്‍കിക്കൊണ്ട് മൗലാനാ അബുല്‍കലാം ആസാദ് എഴുതുന്നു: 'ഇതിന് സായുധ ജിഹാദ് എന്ന് അര്‍ഥമാക്കാവതല്ല. തീര്‍ച്ചയായും സത്യത്തിലുള്ള സ്ഥിരചിത്തതയും അതിന്റെ മാര്‍ഗത്തില്‍ എല്ലാവിധ മുസ്വീബത്തുകളും പ്രയാസങ്ങളും സഹിക്കുന്നതിന്റെ പേരാണ് ജിഹാദ്. '(മസ്അലയെ ഖിലാഫത്തും അറബ് ഉപദ്വീപും, പേജ് 109)

മൗലവി സഫര്‍ അലീഖാന്‍ ഈ ആയത്തിനെ സംബന്ധിച്ച് എഴുതുന്നു: 'ഈ ആയത്തില്‍ വ ജാഹിദ്ഹും എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് നിഷേധികള്‍ക്ക് ഉപദേശനിര്‍ ദേശങ്ങള്‍ നല്‍കുകയും അവര്‍ക്ക് സന്ദേശമെത്തിച്ചുകൊണ്ട് മനസ്സിലാക്കികൊടുക്കുകയും ചെയ്യുക എന്നാണ്. ഇമാം ഫഖ്‌റുദ്ദീന്‍ റാസി തന്റെ തഫ്‌സീറില്‍ ഇപ്രകാരമാണ് പറഞ്ഞിട്ടുള്ളത്.' (സമീന്ദാര്‍ 1931, ജൂണ്‍ 25)

മൗലാനാ ഹയ്ദര്‍ സമാന്‍ സിദ്ദീഖി എഴുതുന്നു: 'ഇതുപോലെതന്നെ ഹദീഥുകളില്‍ അക്രമിയായ ഭരണാധികാരികള്‍ക്ക് മുമ്പില്‍ സത്യമായ കാര്യം പറയുന്നതിന് വലിയ ജിഹാദ് എന്ന് പറയപ്പെട്ടിരിക്കുന്നു. ഇന്നമിന്‍ അഅ്ളമില്‍ ജിഹാദി കലമത്തു ഹഖ്ഖിന്‍ ഇന്‍ദ സുല്‍ത്വാനിന്‍ ജാഇര്‍.'(അബൂദാവൂദ്, തുര്‍മുദി)

അതുകൊണ്ട് ദീനീ വിജ്ഞാനത്തിന്റെ പ്രചാരണവും മതപാഠശാലകളുടെ നിലനില്‍പും ദീനിന്റെ നിലനില്‍പിന്നായി ചെയ്യപ്പെടുന്ന എല്ലാ പ്രവൃത്തികളും ജിഹാദിന്റെ യാഥാര്‍ഥ്യത്തില്‍ ഉള്‍പ്പെടുന്നതാണ്.' (ഇസ്‌ലാം കാ നള്‍രിയ, കിതാബ് മന്‍സില്‍ ലാഹോര്‍ പേജ് 128–130)

ഹദീഥില്‍ വന്നിരിക്കുന്നു. നബി(സ)തിരുമേനി തബൂക്ക് യുദ്ധത്തില്‍നിന്ന് തിരിച്ചുവരുമ്പോള്‍ അവിടന്ന് പറയുകയുണ്ടായി: റജിഅ്‌നാ മിനല്‍ജിഹാദി അസ്ഗരി ഇല്‍ദിഹാദില്‍ അക്ബരി(ബയ്ഹഖി) അവിടന്ന് സായുധജിഹാദിനെ ഏറ്റവും ചെറിയ ജിഹാദ് അഥവാ ജിഹാദ് അസ്ഗര്‍ എന്നും ആത്മപരിശുദ്ധിക്കായുള്ള ജിഹാദിനെ ജിഹാദ് അക്ബര്‍ അഥവാ ഏറ്റവും വലിയ ജിഹാദ് എന്നുമാണ് പറഞ്ഞത്. ഇക്കാരണത്താല്‍ ഹദ്‌റത്ത് മസീഹ് മൗഊദ്(അ) സായുധ ജിഹാദിന്റെ നിബന്ധനകള്‍ കാണപ്പെടാത്തതിനാല്‍ പറഞ്ഞു: 'നോക്കുക! ഞാനൊരു കല്‍പനയുമായാണ് നിങ്ങളുടെ അടുക്കലേക്ക് വന്നിരിക്കുന്നത്. ഇനി മുതല്‍ സായുധജിഹാദ് അവസാനിക്കപ്പെട്ടിരിക്കു ന്നു എന്നതാണത്. എന്നാല്‍, ആത്മപരിശുദ്ധി

ശേഷം പേജ് 34ല്‍

# ജിഹാദിന്റെ യാഥാർഥ്യം ഖുർആനിക വെളിച്ചത്തിൽ

നസ്വീർ അഹ്മദ് ആരിഫ് നല്ലാറത്ത് ഇസ്‌ലാഹ് വ ഇർശാദ് മർക്കസിയ്യ
പരിഭാഷ: മൗലവി അലിക്കുഞ്ഞ് കരുളായി

ഇസ്‌ലാം ഒരു സമ്പൂർണ മതമാകുന്നു. ഖുർആൻ മനുഷ്യന്റെ ആത്മീയവും ഭൗതികവുമായ ജീവിതത്തിന് വ്യക്തമായ മാർഗദർശിയുമാകുന്നു. ഖുർആനിൽ ജിഹാദിനെക്കുറിച്ച് എന്ത് പറയുന്നുവെന്ന് ചുരുക്കി വിവരിക്കുകയാണ് എന്റെ ലക്ഷ്യം.

'ജിഹാദ്' എന്ന പദം 'ജുഹ്ദ്' എന്ന പദത്തിൽ നിന്ന് നിഷ്പന്നമാണ്. അതിന്റെ അർഥം കഠിനമായി പരിശ്രമിക്കുകയെന്നതാണ്. സാധാരണയായി ഈ പദം യുദ്ധത്തിനും പോരാട്ടത്തിനുമായി ഉപയോഗിക്കുന്നു. എന്നാൽ, അത് തെറ്റാണ്. ഖുർആനും ഹദീഥുകളും പരിശോധിക്കുമ്പോൾ ജിഹാദ് നാല് വിധമാണെന്ന് മനസ്സിലാകുന്നതാണ്.

**1. ജിഹാദ് ബിന്നഫ്‌സ് 2. ജിഹാദ് ബിൽഖുർആൻ 3. ജിഹാദ് ബിൽമാൽ 4. ജിഹാദ് ബിസ്സയ്ഫ്**

**ജിഹാദ് ബിന്നഫ്‌സ്:–**

അല്ലാഹു ഖുർആനിൽ ഇപ്രകാരം പറയുന്നു. *വല്ലദീന ജാഹദൂ ഫീനാ ലനഹ്ദിയന്നഹും സുബുലനാ*(29:70) നമ്മുടെ മാർഗത്തിൽ കഠിനമായി പരിശ്രമിക്കുന്നവരാരോ അവരെ തീർച്ചയായും നാം നമ്മുടെ മാർഗത്തിൽ നയിക്കുന്നതാണ്.

അതായത് ഏതൊരു കൂട്ടർ അല്ലാഹുവിന്റെ സാമീപ്യം കൂട്ടുന്നതിന് തങ്ങൾക്ക് നൽകപ്പെട്ടിരിക്കുന്ന കഴിവുകളെ അതിന്റെ പൂർണതയിൽ എത്തിക്കുന്നുവോ അവർക്ക് വിജയം നൽകപ്പെടുന്നു. അവർ ആത്മീയവും ഭൗതികവുമായ വിജയങ്ങൾ കരസ്ഥമാക്കുന്നു. നബി(സ) തിരുമേനി ഒരു യുദ്ധം കഴിഞ്ഞു മടങ്ങുന്ന വേളയിൽ പറഞ്ഞു, 'നമ്മൾ ചെറിയ ജിഹാദിൽ നിന്ന് അതായത് യുദ്ധത്തിൽനിന്ന് വലിയ ജിഹാദിലേക്ക് അതായത് ശരീരേച്ഛകളെ നിയന്ത്രിക്കുന്ന കഠിനപരിശ്രമത്തിലേക്ക് മടങ്ങുകയാണ്.' (കൻസുൽ ഉമ്മാൽ കിതാബുൽ ജിഹാദ്)

ഈ ഹദീഥിൽനിന്ന് മനസ്സിലാകുന്നത് യുദ്ധമല്ല വലിയ ജിഹാദെന്നാണ്. വലിയ ജിഹാദ് നഫ്‌സിനോടു ശരീരേച്ഛയോടുള്ള പോരാട്ടമാണ്. ഇന്ന് അഹ്മദിയ്യാ ജമാഅത്ത് ഈ പോരാട്ടത്തിലാണ്. നന്മയിൽ മുന്നേറുന്ന കാര്യത്തിലാകട്ടെ അല്ലെങ്കിൽ പരീക്ഷണത്തിൽ സഹനം കൈക്കൊള്ളുന്ന കാര്യത്തിലാകട്ടെ അഹ്മദിയ്യാ ജമാഅത്ത് അതിന്റെ ഉന്നത നിലവാരം നിലനാട്ടുകയും വിജയം കൈവരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന കാഴ്ച നമുക്ക് കാണാം. ഇത് എതിരാളികൾപോലും അംഗീകരിക്കുന്ന കാര്യമാണ്.

1. മുഹമ്മദ് അക്റം സാഹിബ് എം.എ. ഇപ്രകാരം എഴുതുന്നു: 'മറ്റു മുസ്‌ലിമീങ്ങളെ അപേക്ഷിച്ച് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് കഠിനപ്രയത്നത്തിലും ആവേശത്തിലും ആത്മവിശ്വാസത്തിലും അടിയുറച്ചവരാണ്. ദുൻയാവിലെ സകല രോഗങ്ങൾക്കും മരുന്ന് അവരുടെ പക്കലുണ്ടെന്ന് അവർ കരുതുന്നു.' (മൗജെ കൗഥർ, പേജ് 192)

മഖ്ബൂൽ റഹീം സാഹിബ് മുഫ്തി എഴുതുന്നു: 'അഹ്മദിയ്യാ ജമാഅത്തിൽ ഉന്നതരും പ്രാപ്തരുമായ ആളുകളുണ്ടാകാൻ കാരണം അവർ കഴിഞ്ഞ ഒരു നൂറ്റാണ്ടുകാലം ഭിന്നതകളും കുഴപ്പങ്ങളും മാറ്റിവെച്ചുകൊണ്ട് അംഗങ്ങളുടെ സർവ്വോന്മുഖ പുരോഗതിക്കായി കഠിനമായി പരിശ്രമിച്ചുവെന്നതാണ്.' (റോസ്നാമ മഗ്‌രിബ് 24–2–1994)

**ജിഹാദ് ബിൽഖുർആൻ:**

ഖുർആനിൽ ഇപ്രകാരം പറയുന്നു: *ഫലാ തുതിയിൽ കാഫിരീന വ ജാഹിദ്ഹും ബിഹീ ജിഹാദൻ കബീറാ*(25:53) അതിനാൽ നീ അവിശ്വാസികളോട് ഖുർആൻ മുഖേന ജിഹാദ് ചെയ്യുവാൻ കല്പിക്കപ്പെട്ടിരിക്കുകയാണ്. അതുകൊണ്ടുദ്ദേശിക്കുന്നത് തബ്‌ലീഗാണ്. രണ്ടാമത്തെ വലിയ ജിഹാദായി പറഞ്ഞിരിക്കുന്നത് ഇതിനെയാണ്. അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹമാണ് അഹ്മദിയ്യാ ജമാഅത്തിന് ഈ ജിഹാദിലും മറ്റാരേക്കാളും മുന്നേറാനുള്ള സൗഭാഗ്യം ലഭിച്ചുകൊണ്ടിരിക്കുന്നുവെന്ന കാര്യം ജമാഅത്തിന്റെ എതിരാളികളും അംഗീകരിക്കുന്നു.

മൗലാനാ സഫർ അലിഖാൻ എഡിറ്റർ സമീൻദാർ ലാഹോർ ഇപ്രകാരം എഴുതുന്നു: 'വീട്ടിലിരുന്ന് അഹ്മദികളെ കുറ്റം പറയുകയെന്നത് എളുപ്പമാണ്. എന്നാൽ, ഈ ഒരു ജമാഅത്ത് മാത്രമാണ് അവരുടെ മുബല്ലിഗീങ്ങളെ ഇംഗ്ലണ്ടിലും മറ്റു യൂറോപ്യൻ രാജ്യങ്ങളിലും നിയോഗിച്ചിട്ടുള്ളത്.' (അഖ്ബാർ സമീൻദാർ ലാഹോർ ഡിസംബർ 1926)

ജനാബ് അബ്ദുൽ ഹഖ് തന്റെ 'പണ്ഡിതരോടുള്ള അഭ്യർഥന'യെന്ന ലേഖനത്തിൽ ഇപ്രകാരം എഴുതുന്നു: 'ഖാദിയാനി ടെലിവിഷൻ പാക്കിസ്താനിലെ വീടുവീടാന്തരം പ്രവേശിച്ച് ഖുർആൻ കേൾപ്പിച്ചുകൊണ്ടും അതിന്റെ തഫ്സീറുകൾ പഠിപ്പിച്ചും ഹദീഥും ദർസുകളും പദ്യങ്ങളുമൊക്കെയായി ഇതര സമൂഹങ്ങളേയും പ്രത്യേകിച്ച് അറബികളെ കാണിച്ചുകൊണ്ടും നമ്മുടെ യുവാക്കളെ കീഴടക്കിക്കൊണ്ടിരിക്കുകയാണ്.' (അൽ ഇഹ്ത്തിസാം വീക്കിലി 24–1–1997)

മൗലാനാ മൻസൂർ ചീനിയോട്ടി ഒരു ഇന്റർവ്യൂവിൽ ഇപ്രകാരം പറയുന്നു: 'റഷ്യൻഭാഷയിൽ ഖാദിയാനികൾ ഖുർആൻ തർജമ ചെയ്ത് റഷ്യയിൽ മുഴുവനും വിതരണം നടത്തിക്കഴിഞ്ഞു. നൂറോളം ഭാഷയിൽ ഖുർആൻ തർജമ ചെയ്ത് ലോകം മുഴുവൻ വിതരണം ചെയ്തുകൊണ്ടിരിക്കുന്നു.' (വുജൂദ് വീക്കിലി കറാച്ചി 2000)

ഖാളി മുഹമ്മദ് അസ്‌ലിം സെയ്ഫ് ഫിറോസ് പൂരി തന്റെ ലേഖനത്തിൽ എഴുതുന്നു: 'ഖാദിയാനികളുടെ ബജറ്റ് കോടികളുടേതാണ്. തബ്‌ലീഗിനായി ലോകം മുഴുവൻ അവർ വല വിരിച്ചുകഴിഞ്ഞു. അവരുടെ മുബല്ലിഗീങ്ങൾ ദൂരദേശങ്ങളിൽ നിയോഗിക്കപ്പെട്ടിരിക്കുന്നു. വീട്ടുകാരിൽനിന്ന് ദൂരപ്പെട്ട് ആഫ്രിക്കൻ മരുഭൂമികളിലും യൂറോപ്പിലെ തണുപ്പ് പ്രദേശങ്ങളിലും ആസ്ത്രേലിയ, അമേരിക്ക, കനഡ പോലുള്ള നാടുകളിലും അവർ പരന്നിരിക്കുകയാണ്.' (അഹ്ലെ ഹദീഥ വീക്കിലി ലാഹോർ, സെപ്തംബർ 11, 1992)

ഈ മഹത്തായ ജിഹാദെ കബീറാണ് ഇന്ന് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് നിർവ്വഹിച്ചുവരുന്നത്. ഖുർആൻ മുഖേനയുള്ള ജിഹാദ് ചെയ്തുകൊണ്ടിരിക്കുന്ന അഹ്മദികൾക്ക് എല്ലാ വിധ വിജയങ്ങളും സഹായങ്ങളും അല്ലാഹു നൽകിക്കൊണ്ടിരിക്കുന്നു. നബി(സ)തിരുമേനിയെ ചീത്തവിളിച്ചിരുന്ന സമൂഹത്തെ അങ്ങയുടെമേൽ സ്വലാത്ത് ചൊല്ലുന്നവരായി മാറ്റുകയുണ്ടായി.

**ജിഹാദ് ബിൽമാൽ:**

ജിഹാദ് ബിൽമാൽ (സമ്പത്തുകൊണ്ടുള്ള ജിഹാദ്) അല്ലാഹുവിന്റെ മാർഗത്തിൽ അവന്റെ ദീനിന്റെ പ്രചാരണത്തിനും മറ്റും സമ്പത്ത് ചെലവഴിക്കുന്നതിനെ ജിഹാദെന്ന് ഖുർആൻ പറയുന്നു. അല്ലാഹു പറയുന്നു.*വ ജാഹിദൂ ബി അംവാലിക്കും വ അൻഫുസിക്കും ഫീ സബീലില്ലാഹി*(9:41) അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങളുടെ ജീവനും ധനവും കൊണ്ട് ജിഹാദ് ചെയ്യുക.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഈ ജിഹാദിലും പ്രത്യേക സ്ഥാനം കൈവരിച്ചിരിക്കുന്നു. ദിനേനെയെന്നോണം പുരോഗതിയുടെ പുതിയ മാർഗങ്ങൾ അതിന് ലഭിച്ചുകൊണ്ടിരിക്കുന്നു. ഈവിധ ത്യാഗങ്ങൾ ഇന്ന് മറ്റെവിടെയും നിങ്ങൾക്ക് ലഭിക്കുകയില്ല. ചില അനഹ്മദി സഹോദരങ്ങളുടെ ഉദാഹരണങ്ങൾ നിങ്ങളുടെ മുമ്പിൽ വെക്കുകയാണ്.

ഹാഫിള് അബ്ദുൽ വഹീദ് സാഹിബ് എഡിറ്റോറിയൽ എഴുതിക്കൊണ്ട് പറയുന്നു: 'ഓരോ ഖാദിയാനിയും തന്റെ വരുമാനത്തിന്റെ പത്തിലൊരു ഭാഗം മാസന്തോറും തന്റെ മതത്തിന്റെ പ്രചാരണത്തിനായി സ്വതാല്പര്യപ്രകാരം ചെലവഴിക്കുന്നു. അത്യാവശ്യഘട്ടത്തിൽ അത് കൂടാതെയും നൽകുന്നു. ഈവിധ ഫണ്ടുകൾ മുഖേന 24 മണിക്കൂറും പ്രവർത്തിക്കുന്ന ടി.വി, റേഡിയോ സ്റ്റേഷനുകൾ പ്രവർത്തിച്ചുവരുന്നു. അതിലൂടെ ഖാദിയാനിസം പ്രചരിപ്പിക്കുന്നു.' (എഡിറ്റോറിയൽ അൽ ഇഅ്ത്തിസാം, ഫെബ്രുവരി 11, 2000)

അബ്ദുർറഹീം അശ്റഫ് സാഹിബ് എഴുതുന്നു: 'ചില പുറംരാജ്യങ്ങളിലെ ജമാഅത്തുകളും വ്യക്തികളും കോടിക്കണക്കിന് രൂപ വിലയുള്ള സ്വത്തുക്കൾ സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യാ റബ്‌വയുടെയും സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യാ ഖാദിയാന്റെയും പേരിൽ വഖ്ഫ് ചെയ്ത് വെച്ചിരിക്കുകയാണ്.' (അൽമുനീർ വീക്കിലി, മാർച്ച് 2, 1956)

മൗലവി മൻസ്വൂർ ചീനോട്ടി സാഹിബ് ഒരു ഇന്റർവ്യൂവിൽ ഇപ്രകാരം പറയുന്നു: 'ഓരോ ഖാദിയാനിയും തന്റെ വരുമാനത്തിന്റെ

പത്തിലൊരു ഭാഗം ഖാദിയാനീ ജമാഅത്തിന്റെ പ്രചാരണത്തിനായി നൽകുന്നു. ആയിരക്കണക്കിന് വ്യക്തികൾ അവരുടെ സ്വത്തിന്റെ പത്തിലൊരു ഭാഗം വസിയ്യത്ത് ചെയ്തുവെച്ചിരിക്കുകയാണ്. അഞ്ച് ലക്ഷം രൂപ മണിക്കൂറിന് വാടക നൽകിക്കൊണ്ട് 24 മണിക്കൂറും പ്രവർത്തിക്കുന്ന ടിവി. ചാനൽ അവർക്കുണ്ട്. നമ്മുടെയടുക്കൽ അത്രത്തോളം മാർഗങ്ങളൊന്നുമില്ല.' (വുജൂദ് വീക്കിലി കറാച്ചി, 28 നവംബർ 2000)

അല്ലാഹുവിന്റെ അതിമഹത്തായ അനുഗ്രഹമാണ് അല്ലാഹു അഹ്മദിയ്യാ ജമാഅത്തിന് ഇങ്ങനെ ആളുകളെ നൽകിയിരിക്കുന്നുവെന്നുള്ളത്. അവർ ദീനിനുവേണ്ടി ചെലവഴിക്കുന്നത് അല്ലാഹുവിന്റെ ഔദാര്യമായി കരുതിക്കൊണ്ടാണ്. അല്ലാതെ ജമാഅത്തിനുമേൽ ഔദാര്യം ചെയ്യുന്നുവെന്ന് കരുതിക്കൊണ്ടല്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ ത്യാഗങ്ങൾ മുഖേന ഇസ്‌ലാമിന്റെ അധ്യാപനങ്ങൾ ലോകത്തിന്റെ കോണുകളോളം എത്തിക്കൊണ്ടിരിക്കുന്നു. 213 രാജ്യങ്ങളിൽ ലാഇലാഹ ഇല്ലല്ലാഹു മുഹമ്മദുർറസൂലുല്ലാഹി എന്ന പതാക നാട്ടിക്കഴിഞ്ഞിരിക്കുന്നു.

**ജിഹാദുബിസ്സയ്ഫ്:**

ജിഹാദിന്റെ നാലാമത്തെ വിഭാഗമായ ജിഹാദുബിസ്സയ്ഫ് അഥവാ വാളുകൊണ്ടുള്ള ജിഹാദിന് ജിഹാദെ അസ്ഗർ എന്ന് പറയുന്നു. മതപരമായ കാരണംകൊണ്ട് മാത്രം മുസ്‌ലിമീങ്ങളെ ഇല്ലായ്മ ചെയ്യാനായി ശത്രുക്കൾ യുദ്ധം ചെയ്യുമ്പോൾ ചെയ്യുന്ന ജിഹാദിനാണ് ജിഹാദ് ബിസ്സയ്ഫ് എന്ന് പറയുന്നത്. റസൂലുല്ലാഹി(സ) ഇതിനെ ജിഹാദെ അസ്ഗർ എന്നാണ് പറഞ്ഞിരിക്കുന്നത്. അല്ലാഹു ഖുർആനിൽ പറയുന്നു.

*ഉദിന ലില്ലദീന യുഖാത്തലൂന ബിഅന്നഹും ളുലിമൂ വഇന്നല്ലാഹ അലാ നസ്‌രിഹിം ലഖദീർ. അല്ലദീന ഉഖ്‌രിജൂ മിൻ ദിയാരിഹിം ബി ഗയ്‌രി ഹഖ്ഖിൻ ഇല്ലാ അൻയ്യഖൂലൂ റബ്ബുനല്ലാഹു വലൗലാ ദഫ്ഉല്ലാഹിന്നാസ ബഅ്ളഹും ബി ബഅ്ളിൻ ല്ലഹുദ്ദിമത്ത് സ്വവാമിഉ വ ബിയഉൻ വ്വ സ്വലവാത്തുൻ വ്വ മസാജിദു യുദ്കറു ഫീ ഹസ്മുല്ലാഹി കഥീറാ വ ലയൻസുറന്നല്ലാഹു മൻയ്യൻസുറുഹു ഇന്നല്ലാഹ ല ഖവിയ്യുൻ അസീസ്* (22:40,41) യുദ്ധം ചെയ്യുന്നവർക്ക് (തിരിച്ചും യുദ്ധം ചെയ്യാൻ അനുമതി നൽകപ്പെട്ടിരിക്കുന്നു) എന്തെന്നാൽ അവർ അക്രമിക്കപ്പെട്ടിരിക്കുകയാണ്. തീർച്ചയായും അല്ലാഹു അവരെ സഹായിക്കുവാൻ കഴിവുള്ളവനാകുന്നു. ഞങ്ങളുടെ നാഥൻ അല്ലാഹുവാണ് എന്നവർ പറയുന്നതൊഴിച്ച് (മറ്റൊരു കാരണവും കൂടാതെ) അന്യായമായി തങ്ങളുടെ ഭവനങ്ങളിൽനിന്ന് ബഹിഷ്കരിക്കപ്പെട്ടവരാണ് അവർ. മനുഷ്യരിൽ ചിലർക്ക് മറ്റു ചിലരിൽ നിന്ന് സ്വയം രക്ഷിക്കുന്നതിന് അല്ലാഹു അനുമതി നൽകിയില്ലായിരുന്നുവെങ്കിൽ സന്യാസി മഠങ്ങളും ക്രിസ്തീയ ദേവാലയങ്ങളും ജൂതപള്ളികളും അല്ലാഹുവിന്റെ നാമം അധികമായി സ്മരിക്കപ്പെടുന്ന മസ്ജിദുകളും തകർക്കപ്പെടുമായിരുന്നു. തന്നെ സഹായിക്കുന്നവരെ അല്ലാഹു സഹായിക്കുകതന്നെ ചെയ്യും. തീർച്ചയായും അല്ലാഹു മഹാശക്തനും പ്രതാപവാനുമാകുന്നു.

ഇസ്‌ലാം സമാധാനപ്രിയമതമാകുന്നു. അത് കൈയേറ്റത്തേയും അക്രമത്തേയും അനുവദിക്കുന്നില്ല. പ്രതിരോധത്തിന് മാത്രമാണ് അനുവാദം നൽകിയത്. ഇതൊരു യാഥാർഥ്യമാണ്. മുസ്‌ലിമീങ്ങൾ ഒരിക്കലും യുദ്ധത്തിന് തുടക്കമിട്ടിട്ടില്ല. പ്രതിരോധയുദ്ധത്തിനും ചില ശർത്തുകൾ പണ്ഡിതന്മാർ പറഞ്ഞിട്ടുണ്ട്. മൗലാന സഫർ അലിഖാൻ സാഹിബ് പറയുന്നത് ഇമാറത്തും, ഇസ്‌ലാമിക നിളാമും ശത്രുക്കളുടെ മുന്നാക്രമണവും ഉണ്ടാകുമ്പോഴാണ് പ്രതിരോധയുദ്ധമെന്നാണ്. (സമീൻദാർ 14 ജൂൺ 1934)

മൗലവി നദീർ ഹുസയ്ൻ പറയുന്നു: 'ജിഹാദിന് പല ശർത്തുകളുമുണ്ട്. ഏതുവരെ ആ കാര്യങ്ങൾ ഉണ്ടാകുന്നില്ലയോ ജിഹാദ് അനുവദനീയമാകില്ല.' (ഫതാവ നദീരിയ വാള്യം 3, പേജ് 282).

പണ്ഡിതന്മാരുടെ മേലുദ്ധരിച്ച വാക്യങ്ങളിൽ നിന്ന് മനസ്സിലാകുന്നത് ജിഹാദ് ബിസ്സയ്ഫിന് അഞ്ച് ശർത്തുകളുണ്ടെന്നാണ്. അതായത് 1. ഇമാമുണ്ടായിരിക്കണം 2. ഇസ്‌ലാമീ വ്യവസ്ഥയിലുള്ള ഭരണം 3. പ്രതിരോധത്തിനാവശ്യമായ ആയുധങ്ങൾ 4. രാജ്യമോ ചില ഭാഗങ്ങളോ തങ്ങളുടേതായി ഉണ്ടാവുക 5. ശത്രുക്കൾ യുദ്ധം തുടങ്ങിവെക്കണം.

എന്നാൽ, ഇന്ന് കാണുന്ന അക്രമങ്ങൾക്ക് യഥാർഥ ജിഹാദുമായി ഒരുവിധ ബന്ധവുമില്ല. അതാണ് അവർ പരാജയമടയുകയും വിജയം ലഭിക്കാതിരിക്കുകയും ചെയ്യുന്നതിന് കാരണം. ഖുർആനിൽ പറഞ്ഞിരിക്കുന്ന ജിഹാദിൽ അല്ലാഹു വിജയവും പറഞ്ഞിട്ടുണ്ട്. ഇവിടേയും നാം ചിന്തിക്കുകയും മനസ്സിലാക്കുകയും വേണം. ഇസ്‌ലാം ഒരു സമാധാനപ്രിയമായ മതമായിട്ട് ജിഹാദ് എന്ന തെറ്റായ അധ്യാപനം എങ്ങനെ കടന്നുകൂടി. ഇതും ഇസ്‌ലാമിന്റെ ശത്രുക്കളുടെ സംഭാവനയാണ്. ഇസ്‌ലാം പുരോഗതി പ്രാപിക്കുന്നതായി കാണുകയും അതിനെ തടയാൻ സാധ്യമല്ലായെന്ന് മനസ്സിലാക്കുകയും ചെയ്തപ്പോൾ അവർ മുസ്‌ലിമീങ്ങളോട് ചേരുകയും അങ്ങനെ അകത്തുനിന്നുകൊണ്ട് തെറ്റായ സിദ്ധാന്തങ്ങൾ പഠിപ്പിക്കുകയും ചെയ്തു. ഈ തെറ്റായ വിശ്വാസങ്ങളെ ദൂരീകരിക്കാനാണ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് മസീഹും മഹ്ദിയുമായി അവതരിച്ചത്. അദ്ദേഹം ജിഹാദിന്റെ യഥാർഥ വശം മുസ്‌ലിമീങ്ങളുടെ മുമ്പിൽ സമർപിച്ചുകൊണ്ട് ഇക്കാലത്ത് ഈ ജിഹാദ് ഹറാമാണെന്ന് പറയുകയും യഥാർഥ ജിഹാദിലേക്ക് ക്ഷണിക്കുകയും ചെയ്തു. ഇതും അദ്ദേഹത്തിന്റെ സ്വന്തം താൽപര്യത്തിൽ ചെയ്തതല്ല. നബി(സ)തിരുമേനിയുടെ പ്രവചനമുണ്ട്. വരാനിരിക്കുന്ന മഹ്ദി 'യളഉൽ ഹർബ്' ചെയ്യുന്നതായിരിക്കും. (അതായത് യുദ്ധം നിറുത്തലാക്കും) (ബുഖാരി കിതാബുൽ അമ്പിയാഅ്. ബാബ് നുസൂലുഈസബ്നു മർയം)

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനിയുടെ വാദം മഹ്ദിയാണെന്നുള്ളതാണ്. അങ്ങ് പറയുന്നു: 'അല്ലയോ സുഹൃത്തുക്കളേ, 'ജിഹാദെന്ന ചിന്ത നിങ്ങൾ ഉപേക്ഷിക്കുക. ദീനിന് വേണ്ടിയുള്ള യുദ്ധം ഇന്ന ഹറാമാകുന്നു.' യളഉൽ ഹർബ് എന്ന് പറഞ്ഞതിനെ എന്തുകൊണ്ട് നിങ്ങൾ മറക്കുന്നു. ഇത് ബുഖാരിയിൽ ഉള്ളതല്ലേ– അതൊന്ന് തുറന്നുനോക്കൂ.' (റൂഹാനീഖസാഇൻ, വാള്യം 17, പേജ് 77–78)

അങ്ങ് വീണ്ടും പറഞ്ഞു: 'ഇക്കാലത്ത് ഈ രാജ്യത്ത് ജിഹാദിന്റെ ശർത്തുകൾ നിലനിൽക്കുന്നില്ലായെന്നും സമാധാനാന്തരീക്ഷത്തിൽ ജിഹാദ് അനുവദനീയമല്ലായെന്നതും ഓർത്തിരിക്കേണ്ടതാണ്.' (റൂഹാനീഖസാഇൻ, വാള്യം 17, തുഹ്ഫയെ ഗോൽഡവീയ, പേജ് 82)

ജിഹാദിനെ ഇക്കാലത്ത് ഹറാമാണ് എന്ന് മിർസാ ഗുലാം അഹ്മദ് ഖാദിയാനി പറയുമ്പോൾ ശർത്തുകൾ പൂർത്തീകരിക്കുന്ന പക്ഷം ജിഹാദുണ്ടാകുമെന്നും ശത്രുക്കൾ ഏതുരീതിയിൽ നമുക്കെതിരിൽ തയ്യാറെടുക്കുന്നുവോ നമ്മളും അതേരീതിയിൽ തയ്യാറെടുക്കേണ്ടതാണെന്നും ഓർമിപ്പിക്കുകയും ചെയ്യുന്നുണ്ട്. (റൂഹാനീഖസാഇൻ, വാള്യം 14, ഹഖീഖത്തുൽ മഹ്ദി, പേജ് 454)

ചുരുക്കത്തിൽ ഖുർആനിക അധ്യാപനമനുസരിച്ച് മനുഷ്യൻ സ്വന്തം നഫ്സിനോട് ചെയ്യുന്ന ജിഹാദാണ് ഒന്നാമതായിട്ടുള്ളത്. സ്വയം പാപങ്ങളിൽനിന്നും തിന്മകളിൽനിന്നും രക്ഷ നേടുകയും നന്മകളും സൽപ്രവൃത്തികളും മുഖേന ആത്മീയതയിൽ പുരോഗതി പ്രാപിക്കുകയും ചെയ്യുകയെന്നതാണ്. അതിനുശേഷം രണ്ടാം സ്ഥാനത്തുള്ള ജിഹാദിനുള്ള കല്പനയാണ്. അതായത് ഖുർആനിക അധ്യാപനങ്ങളെ മറ്റുള്ളവരിലേക്ക് എത്തിക്കുകയെന്നതാണത്. സ്നേഹത്തോടെ തെളിവുകൾ മുഖേന ജീവിതമാതൃകയോടെ അതിനെ മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കുക. ജിഹാദിന്റെ മൂന്നാമത്തെ വിഭാഗമായ ഏറ്റവും ചെറിയ ജിഹാദെന്ന് പറയപ്പെട്ട ജിഹാദ്–റബ്ബുനല്ലാഹ് എന്ന് പറയുന്ന കാരണത്താൽ അക്രമിക്കപ്പെടുന്നവർക്ക് അനുവദിക്കപ്പെട്ടിട്ടുള്ളതാണ്. അങ്ങനെയുള്ള അവസരത്തിൽ അവർ യുദ്ധം ചെയ്യുമ്പോൾ അല്ലാഹു അവരെ സഹായിക്കുന്നതുമാണ്. ജിഹാദിന്റെ നാലാമത്തെ വിഭാഗം സാമ്പത്തികത്യാഗമാണ്. അതായത് മറ്റാവശ്യത്തിന് തന്റെ ധനം ചെലവഴിച്ചുകൊണ്ട് അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുക.

ഇന്ന് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ജിഹാദിന്റെ ഈ എല്ലാ മേഖലകളിലും മുന്നേറിക്കൊണ്ടിരിക്കുകയാണ്. മറ്റു മുസ്‌ലിം പ്രസ്ഥാനങ്ങൾക്കൊന്നും അതിന്റെ അരികിൽ പോലും എത്താൻ സാധ്യമല്ല. അല്ലാഹു അഹ്മദിയ്യാ ജമാഅത്തിന് ജിഹാദിന്റെ സർവ്വ മൈതാനങ്ങളിലും പൂർവ്വോപരി വിജയം നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

★★★

## ഹദ്റത്ത് അമ്മാജാന്റെ(റ) ഭവനം

ഹദ്റത്ത് മസീഹ് മൗഊദ്(അ) അന്ത്യവിശ്രമം കൊള്ളുന്ന 'മസാറി'ന് പടിഞ്ഞാറുമാറി ഒരു വീട് നമുക്ക് കാണാൻ സാധിക്കും. ഇതിനെ 'ഹദ്റത്ത് അമ്മാജാന്റെ ഭവനം' എന്നാണ് പറയാറ്. 1908 മെയ് 27-ാം തിയതി ലാഹോറിൽനിന്ന് ഹദ്റത്ത് മഹ്ദി മസീഹ്(അ)ന്റെ ജനാസ ഖാദിയാനിലെത്തിയപ്പോൾ ഈ വീടിന്റെ നടുവിലത്തെ മുറിയിലാണ് വെച്ചിരുന്നത്. തങ്ങളുടെ പ്രിയ മഹ്ദീ മസീഹിനെ അവസാനമായി സ്വഹാബത്ത് കണ്ടത് ഈ മുറിയിൽവെച്ചാണ്.

# ജിഹാദിന്റെ യഥാർഥ പൊരുൾ- നബിതിരുമേനിയുടെ ജീവിത മാതൃകയുടെ വെളിച്ചത്തിൽ

ഫലാഹുദ്ദീൻ ഖമർ, മുറബ്ബിയെ സിൽസില നല്ലാറത്ത് ഉൽയ ജനൂബി ഹിന്ദ്
പരിഭാഷ: മുഹമ്മദു ഇസ്മായീൽ ആലപ്പുഴ

ദീനുൽ ഇസ്‌ലാം ഒരു സമ്പൂർണവും തികവുറ്റതുമായ ദീനാണെന്ന പോലെ ദീനുൽ ഇസ്‌ലാമിന്റെ റസൂലും സമ്പൂർണറസൂലും ഇസ്‌ലാമിക ശരീഅത്ത് ഒരു തികവുറ്റ ശരീഅത്തുമാണ്. അത് എങ്ങനെയുള്ളൊരു ജീവിതസംഹിതയാണെന്നാൽ, ജീവിതത്തിന്റെ എല്ലാ രംഗത്തും മനുഷ്യന് മാർഗദർശനം നൽകുന്നു. മനുഷ്യന് അവന്റെ ജീവിതോദ്ദേശ്യം അറിയിക്കുന്നു. അവനെ ജീവിത നിയമങ്ങൾ പഠിപ്പിക്കുന്നു. സയ്യിദുനാ ഹദ്റത്ത് മുഹമ്മദ്(സ) തന്റെ ജീവിതചര്യയുടേയും നബിവചനങ്ങളുടേയും മഹത്തായൊരു ഖജനാവ് മുസ്‌ലിം ഉമ്മത്തിനുമേൽ വിട്ടുവച്ചു പോയിരിക്കുന്നു; അത് ഖിയാമത്തുന്നാൾവരെ സമുദായത്തിന് വഴികാണിക്കുന്ന വഴിവിളക്കും ആത്മാക്കളുടെ ദാഹശമനത്തിനുള്ള പാനീയവുമാണ്. ദീനുൽ ഇസ്‌ലാം ജീവിതത്തിന്റെ മറ്റു വകുപ്പുകളുടെ നിയമങ്ങളും ചട്ടങ്ങളും പരിചയപ്പെടുത്തുന്നതിനോടൊപ്പം ഏതെങ്കിലും നേരത്ത് ഇസ്‌ലാമിന്റെ ശത്രുക്കളുടെ ഭാഗത്തുനിന്ന് യുദ്ധം അടിച്ചേൽപ്പിക്കപ്പെട്ടാൽ തങ്ങളുടെ പ്രതിരോധത്തിനുള്ള അവസ്ഥകളും നിയമങ്ങളും പറഞ്ഞുതരുന്നു. അതിന്റെ ചിത്രം നമുക്ക് നമ്മുടെ പ്രിയപ്പെട്ട യജമാനരായ ഹദ്റത്ത് മുഹമ്മദ്(സ)യുടെ അനുഗൃഹീത ജീവിതത്തിൽ കാണാൻ കഴിയുന്നു. അല്ലാഹു വിശുദ്ധഖുർആനിൽ സത്യവിശ്വാസികളെ സംബോധന ചെയ്തുപറയുന്നു: *ലഖദ് കാന ലക്കും ഫീ റസൂലില്ലാഹി ഉസ്‌വത്തുൻ ഹസനത്തുൻ ല്ലിമൻകാന യർജുല്ലാഹ വൽയൗമൽ ആഖരി വ ദകറല്ലാഹ കഥീറാ* (33:22)

നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ തീർച്ചയായും ഒരു ഉത്തമമാതൃകയുണ്ട്; അതായത് അല്ലാഹുവിനേയും അന്ത്യനാളിനേയും ഭയപ്പെടുകയും അല്ലാഹുവിനെ അധികമായി സ്മരിക്കുകയും ചെയ്യുന്നവർക്ക്.

വർത്തമാനകാലത്ത് ഇസ്‌ലാമിന്റെ ശത്രുക്കളുടെ പക്ഷത്തുനിന്ന് വിവിധ ആക്ഷേപങ്ങൾ മുഖേന ഇസ്‌ലാമിനെ കുറിമാനമാക്കിക്കൊണ്ടിരിക്കുകയാണ്. അവയിൽ ഏറ്റവും വലിയൊരു ആക്ഷേപമാണ് ജിഹാദ്. ഈ വിഷയമെടുത്തുകൊണ്ട് ഇസ്‌ലാമിനെ ഭീകരപ്രവർത്തനത്തോടു ചേർത്തുപറയുന്നു. ഇസ്‌ലാമിന്റെ വിരോധികൾ ലോകത്തിനു മുമ്പിൽ നഊദുബില്ലാഹ് ഇസ്‌ലാം ഭീകരപ്രവർത്തനത്തിന് കല്പന കൊടുക്കുന്നുവെന്ന രീതിയിൽ അവതരിപ്പിക്കുന്നു; കരബലം കൊണ്ട് ഇസ്‌ലാമിനുമേൽ ആളെ ചേർക്കാൻ അനുവദിക്കുന്നുവത്രെ! ചിലർ തങ്ങളുടെ അന്ധമായ ശത്രുആവേശത്താൽ എത്രത്തോളം പറയുന്നുവെന്നാൽ, നഊദുബില്ലാഹ് ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) വാൾകൊണ്ട് ഇസ്‌ലാമിനെ പ്രചരിപ്പിച്ചുവത്രെ! ഈ ആക്ഷേപങ്ങൾക്കുള്ള ഏറ്റവും വലിയ കാരണം ഒന്നു ഇസ്‌ലാമിന്റെ ശത്രുക്കളുടെ അന്ധമായ വിരോധമാണ്. രണ്ടാമത്തേത് മുസ്‌ലിം ഉലമാഇന്റെ ജിഹാദിനുകൊടുത്തിട്ടുള്ള തെറ്റായ വ്യാഖ്യാനങ്ങളാണ്; യാഥാർഥ്യമാണെങ്കിൽ അതിനു വിരുദ്ധമാണ്; ഇന്ന് നമ്മൾ നബി(സ)തിരുമേനിയുടെ അനുഗൃഹീത ജീവിതംകൊണ്ട് ജിഹാദും ജിഹാദിന്റെ യഥാർഥമായ ഉള്ളടക്കവും മനസ്സിലാക്കാൻ ശ്രമിക്കുന്നതായിരിക്കും.

"ജിഹാദ്, ജുഹ്ദിൽനിന്ന് നിഷ്പന്നമായ പദമാണ്. ജുഹ്ദിന്റെ അർഥം ബുദ്ധിമുട്ടിന്റെ നേരത്ത് സഹിക്കുക. ജിഹാദിന്റെ അർഥം ഏതെങ്കിലും ജോലി ചെയ്യുന്നതിൽ പൂർണമായും ശ്രമിക്കുകയും ഒരുതരത്തിലുള്ള കുറവും അതിൽ വരുത്താതിരിക്കുകയും ചെയ്യുക.' (താജുൽ ഉറൂസ്)

വിശുദ്ധഖുർആനിലും തിരുഹദീഥുകളിലും ജിഹാദിന്റെ ധാരാളം തരങ്ങൾ വിവരിച്ചിട്ടുണ്ട്. വലുതായി പറഞ്ഞിട്ടുള്ളത് മൂന്നുതരം ജിഹാദാണ്. യഥാർഥത്തിൽ അടിസ്ഥാനപരമായിട്ടുള്ളതും അവയാണ്.

ഒന്ന് ജിഹാദെ അക്ബർ: അതായത് ശരീരേച്ഛയോടു ചെയ്യുന്ന ജിഹാദ്. രണ്ട് ജിഹാദെ കബീർ അതായത് ഖുർആൻകൊണ്ടുള്ള ജിഹാദ്. മൂന്ന്. ജിഹാദെ അസ്ഗർ അതായത് വാളെടുത്തുള്ള ജിഹാദ്.

**1. ജിഹാദെ അക്ബർ:** ശരീരേച്ഛയോടുള്ള ജിഹാദ്

സയ്യിദുനാ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ)യുടെ 63 വർഷത്തെ അനുഗൃഹീത ജീവിതത്തിന്റെ ജിഹാദെ അക്ബറിന്റെ പരമ്പര മക്കയിലെ ഹിറാ ഗുഹയിലെ ഇരുട്ടുകളിൽനിന്നു തുടങ്ങി മദീന മുനവ്വറയിലെ വമ്പിച്ച വിജയങ്ങൾവരെ വ്യാപിച്ചുനില്ക്കുന്നു. അവിടത്തെ ജീവിതത്തിന്റെ ഓരോ നിമിഷവും ജിഹാദെ അക്ബർ അതായത് ശരീരേച്ഛയോടുള്ള പോരാട്ടത്തിലായിരുന്നു. അങ്ങനെ അവിടുന്ന് സ്വാത്മ പരിത്യാഗത്തിലും ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്നതിലും തഖ്‌വയിലും പരിശുദ്ധിയിലും സാഹോദര്യത്തിലും മനുഷ്യത്വത്തിലും സത്യസന്ധതയിലും വിശ്വസ്തതയിലും എങ്ങനെയുള്ള ഉന്നതമായ നിലയാണ് സ്ഥാപിച്ചതെന്നാൽ ശത്രുക്കൾക്കുപോലും അദ്ദേഹത്തെ സത്യസന്ധനെന്നും വിശ്വസ്തനെന്നും പറയാതിരിക്കാൻ പറ്റിയില്ല.

ഹദീഥിൽ വന്നിരിക്കുന്നു: നബി(സ)തിരുമേനി പ്രവാചകത്വം വാദിച്ചപ്പോൾ മക്കക്കാർ അദ്ദേഹത്തിന്റേയും അദ്ദേഹത്തെ വിശ്വസിച്ചവരുടേയുംമേൽ നിരന്തരം അക്രമങ്ങൾ അഴിച്ചുവിടാൻ തുടങ്ങി. അത് ദിവസവും വർധിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ അയൽപക്കത്തു താമസിച്ചിരുന്നവർ അദ്ദേഹത്തിന്റെ വീട്ടിലേക്ക് കല്ലെറിയുമായിരുന്നു. വാതിലുകളിൽ മുള്ളുകൾ തറയ്ക്കുമായിരുന്നു. ഒരിക്കൽ അവിടന്ന് കഅ്ബയുടെ അടുത്തു നമസ്കരിക്കുകയായിരുന്നു. ഉഖബ ബിൻ അബീ മുഈത് അവിടത്തെ കഴുത്തിൽ മുണ്ടിട്ട് എത്രമാത്രം വലിച്ചുമുറുക്കിയെന്നാൽ ശ്വാസം നിലയ്ക്കാൻ തുടങ്ങി. ഹദ്റത്ത് അബൂബക്കർ(റ) അതറിഞ്ഞു ഓടിയെത്തി. ആ ദുഷ്ടന്റെ അക്രമത്തിൽനിന്ന് അദ്ദേഹത്തെ രക്ഷിച്ചു. ഒരിക്കൽ അവിടന്ന് നമസ്കരിക്കുകയായിരുന്നു. അവിടന്ന് സുജൂദിൽ പോയപ്പോൾ ആരോ അദ്ദേഹത്തിന്റെ കഴുത്തിൽ ഒട്ടകത്തിന്റെ കുടൽമാല കൊണ്ടുപോയിവച്ചു. അതിന്റെ ഭാരംകൊണ്ട് തലയുയർത്താൻ കഴിഞ്ഞിരുന്നില്ല; ചിലയാളുകൾ വന്ന് അത് നീക്കം ചെയ്യുന്നതുവരെ. (സ്വഹീഹ് ബുഖാരി, കിതാബുസ്സൗം)

ഇത്തരമെല്ലാതരത്തിലുള്ള ആക്രമണങ്ങൾ ഉണ്ടായിട്ടും സയ്യിദുനാ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)മാപ്പിന്റേയും വിട്ടുവീഴ്ചയുടേയും ജിഹാദ് ചെയ്തുകൊണ്ട് എപ്പോഴും തിന്മയ്ക്കുള്ള മറുപടി നന്മകൊണ്ടും ദുആകൊണ്ടും കുടുംബബന്ധം പുലർത്തിക്കൊണ്ടും കൊടുത്തുകൊണ്ടിരുന്നു. കാരണം അത് മഹത്തായ ജിഹാദായിരുന്നു. അതിനുവേണ്ടിയാണ് അവിടന്ന് നിയമിക്കപ്പെട്ടത്. നിവേദനത്തിൽ വരുന്നു: ഒരിക്കൽ സയ്യിദുനാ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) ഒരു യുദ്ധത്തിൽനിന്ന് മടങ്ങിവരികയായിരുന്നു. അപ്പോൾ അവിടന്ന് പറഞ്ഞു: "നമ്മളെല്ലാവരും ചെറിയ ജിഹാദിൽനിന്ന് മടങ്ങിവരികയാണ്. വലിയ ജിഹാദ് അതായത് ജിഹാദെ അക്ബർ- ശരീരേച്ഛയുമായുള്ള പോരാട്ടത്തിലേക്ക് പോകുകയാണ്.' (കൻസുൽ ഉമ്മാൽ, കിതാബുൽ ജിഹാദ് ഫിൽ ജിഹാദിൽ അക്ബർ മിനൽ അഅ്മാലി, വാല്യം 4, ഹദീഥ് 11260 പ്രസാധകർ മക്തബത്തു ത്തുറാഥുൽ ഇസ്‌ലാമി ഹൽബ്)

ഒരു നിവേദനത്തിൽ വരുന്നു: "നബി(സ) തിരുമേനി പറഞ്ഞു: "യോദ്ധാവ് എന്നു പറയുന്നത് അല്ലാഹുവിന്റെ അനുസരണത്തിൽ തന്റെ ആത്മാവിനെ ബുദ്ധിമുട്ടിൽ അകപ്പെടുത്തുന്നവനാണ്." (മിശ്ക്കാത്ത്, കിതാബുൽ ഈമാൻ)

ഏറ്റവും വലിയ ജിഹാദെന്ന് സയ്യിദുനാ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) പറഞ്ഞത് ജിഹാദുബിന്നഫ്സ് അഥവാ ശരീരേച്ഛയോടുള്ള ജിഹാദാണ്. അവിടത്തെ കർമപരമായ മാതൃക ഇക്കാര്യത്തിന് സാക്ഷിയാണ്; അവിടന്ന് അവസാനശ്വാസംവരെ അതിൽ നിലകൊണ്ടു. ഉദാഹരണത്തിന് ഹദീഥിൽ വന്നിരിക്കുന്നു. ഹദ്റത്ത് ആഇശ(റ) വിവരിക്കുന്നു. സയ്യിദുനാ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) രാത്രിയിൽ എഴുന്നേറ്റ് നമസ്കരിക്കുമായിരുന്നു. എത്രത്തോളമെന്നാൽ അവിടത്തെ തൃപ്പാദങ്ങൾ നീരുവന്ന് വിങ്ങുമായിരുന്നു. ഒരിക്കൽ ഞാൻ നബി(സ) തിരുമേനിയോട് ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ! അങ്ങ് എന്തിനാണ് ഇത്രമാത്രം കഷ്ടപ്പെടുന്നത്. അല്ലാഹു അങ്ങയുടെ മുമ്പേയും പിമ്പേയുമുള്ള എല്ലാ കുറ്റങ്ങളും മാപ്പാക്കിത്തന്നിട്ടില്ലേ?' അപ്പോൾ നബി(സ) തിരുമേനി പറഞ്ഞു: "എന്റെ റബ്ബിന്റെ ഫള്ലിനും

ഔദാര്യത്തിനും ഞാൻ നന്ദിയുള്ള ദാസനാകണ്ടേ?' (സ്വഹീഹുൽ ബുഖാരി, കിതാബു ത്തഫ്സീർ സൂറഃ അൽഫത്ഹ്)

പിന്നീട് നബി(സ)തിരുമേനി ഈ ജിഹാദെ അക്ബറിനെ കൂടുതൽ വിശാലമാക്കിക്കൊണ്ടു പറഞ്ഞു: ഹദ്റത്ത് അനസ്(റ) വിവരിക്കുന്നു. നബി(സ)തിരുമേനി പറഞ്ഞു: "മുശ്രിക്കീങ്ങളോടു നിങ്ങളുടെ സമ്പത്തുകൾകൊണ്ടും നിങ്ങളുടെ ജീവൻകൊണ്ടും നിങ്ങളുടെ നാവുകൾകൊണ്ടും ജിഹാദ് ചെയ്യുക.'

സയ്യിദുനാ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) ജിഹാദെ അക്ബറിൽ (വലിയ ജിഹാദിൽ) മൂന്ന് മറ്റു ജിഹാദുകളും ഉൾപ്പെടുത്തിയിരിക്കുന്നു. അവിടന്ന് പറഞ്ഞു: "ശരീരേച്ഛയോടുള്ള ജിഹാദ് ആവശ്യമാണെന്നതുപോലെ സത്തുകൊണ്ടുള്ള ജിഹാദും നാവുകൊണ്ടുള്ള ജിഹാദും നിർബന്ധകടമയാണ്. ഇതിനുള്ള ഉദാഹരണവും നമ്മുടെ ഹദീഥുകളിൽനിന്ന് ലഭിക്കുന്നു. അവിടത്തെ(സ) ഒരൊറ്റ സൂചനകൊണ്ട് ആ മഹാത്മാവിനെ വിശ്വസിച്ചിരുന്നവർ തങ്ങളുടേതായതെല്ലാം അല്ലാഹുവിന്റെ മാർഗത്തിൽ ത്യജിട്ടിരുന്നു.

ഹദീഥിൽ വരുന്നു."ഹദ്റത്ത് സയ്ദ്(റ) തന്റെ പിതാവ് അസലമിൽനിന്ന് നിവേദനം. ഞാൻ ഉമർ ബിൻ ഖത്വാബ് പറയുന്നതായി കേട്ടു. ഒരിക്കൽ നബി(സ) തിരുമേനി ഏതോ യുദ്ധാവശ്യത്തിനുവേണ്ടി അല്ലാഹുവിന്റെ വഴിയിൽ ധനം ചെലവഴിക്കാൻ ആഹ്വാനം ചെയ്തു. ആ ദിനങ്ങളിൽ എന്റെ കൈയിൽ ഒരുപാട് പണമുണ്ടായിരുന്നു. ഞാനെന്റെ മനസ്സിൽ പറഞ്ഞു: എനിക്ക് അബൂബക്കറിനെക്കാൾ കൂടുതൽ പുണ്യം കരസ്ഥമാക്കാൻ കഴിയുമെങ്കിൽ ഇന്ന് അതിനുള്ള അവസരമാണ്. ഞാൻ പകുതി ധനവുമെടുത്ത് നബിയുടെ തിരുസന്നിധിയിൽ ഹാജരായി. നബി(സ) എന്നോടു ചോദിച്ചു. ഉമർ എത്ര ധനമാണ് കൊണ്ടുവന്നിട്ടുള്ളത്? എത്രത്തോളം കുട്ടികൾക്കുവേണ്ടി വിട്ടിട്ടുണ്ട്?' ഞാൻ പറഞ്ഞു: "അല്ലാഹുവിന്റെ ദൂതരേ! പകുതിധനം കൊണ്ടുവന്നിട്ടുണ്ട്. പകുതി കുട്ടികൾക്കുവേണ്ടി വിട്ടിട്ടുവന്നു.' ഹദ്റത്ത് അബൂബക്കർ(റ) അദ്ദേഹത്തിന്റെ കൈയിലുണ്ടായിരുന്നതെല്ലാം കൊണ്ടുവന്നു. നബി(സ)തിരുമേനി ഹദ്റത്ത് അബൂബക്കറിനോടു ചോദിച്ചു: "അബൂബക്കർ എത്ര സ്വത്താണ് കൊണ്ടുവന്നിട്ടുള്ളത്? വീട്ടുകാർക്കുവേണ്ടി എത്രയാണ് വീട്ടിൽവെച്ചത്?' അബൂബക്കർ(റ) പറഞ്ഞു: "യാ റസൂലല്ലാഹ്! എന്റെ കൈയിലുള്ളതെല്ലാം കൊണ്ടുവന്നിട്ടുണ്ട്. ഭാര്യാമക്കൾക്കുവേണ്ടി അല്ലാഹുവിനേയും അവന്റെ റസൂലിനേയും വിട്ടിട്ടാണ് വന്നത്.' അതായത് അല്ലാഹുവിൽ തവക്കുൽ (സമർപ്പണം) ചെയ്തിരിക്കുകയാണ്. ഹദ്റത്ത് ഉമർ(റ) ഇതുകേട്ട് സ്വയം പറഞ്ഞു: "എനിക്കൊരിക്കലും അബൂബക്കറിനെ കവച്ചുവെക്കാൻ കഴിയില്ല. (തുർമുദി അബ്വാബുൽ മനാഖിബ് ഫീ മനാഖിബി അബൂബക്കർ, ഉമർ)

സയ്യിദുനാ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തന്നെ വിശ്വസിച്ചിട്ടുള്ളവരോട് ഒരുഭാഗത്ത് മതപരവും സാമൂഹികവുമായ ആവശ്യങ്ങൾ മുന്തിച്ചുകൊണ്ട് താൽക്കാലികമായ ആഹ്വാനത്തിലൂടെ ധനത്യാഗം ആവശ്യപ്പെട്ടു. മറുഭാഗത്ത് ദരിദ്രർക്കും അനാഥർക്കും വിധവകൾക്കും സാമൂഹികമായ ക്ഷേമത്തിനും വേണ്ടി സ്ഥിരമായ നിലയിൽ സക്കാത്തിന്റെ രൂപത്തിൽ ധനപരമായ ജിഹാദ് സ്ഥാപിച്ചു. ആദരണീയരായ സ്വഹാബിമാർ ഈ ധനത്യാഗത്തിൽ അത്യുത്സാഹത്തോടുകൂടി പങ്കെടുത്തിരുന്നു.

പിന്നീട് നബി(സ)തിരുമേനി ജിഹാദിന്റെ അർഥങ്ങളെ വിശാലമാക്കിക്കൊണ്ടുപറഞ്ഞു. ഹദ്റത്ത് അബൂ സഈദ് ഖുദ്രി(റ) വിവരിക്കുന്നു. നബി(സ)തിരുമേനി പറഞ്ഞു: "ഏറ്റവും ഉത്തമമായ ജിഹാദ്, അക്രമിയായ രാജാവിന്റെ മുമ്പിൽ സത്യത്തേയും നീതിയേയും കുറിച്ച് സംസാരിക്കുക എന്നതാണ്.' (തുർമുദി, കിതാബുൽ ഫിത്തൻ ബാബ് അഫ്ളലുൽ ജിഹാദ്)

മറ്റൊരു ഹദീഥിൽ വന്നിരിക്കുന്നു. ഹദ്റത്ത് ആഇശ(റ), നബി(സ) തിരുമേനിയോടു ചോദിച്ചു. "അല്ലാഹുവിന്റെ റസൂലേ! ജിഹാദ് ഏറ്റവും ഉൽകൃഷ്ടമായ കർമങ്ങളിൽപെട്ടതാണെന്ന് ഞാൻ കരുതുന്നു; അപ്പോൾ സ്ത്രീകളായ ഞങ്ങൾക്ക് എന്തുകൊണ്ട് ജിഹാദ് ചെയ്തുകൂടാ?' അവിടന്ന് പറഞ്ഞു: "പക്ഷേ, അതിശ്രേഷ്ഠമായ ജിഹാദ് പരിശുദ്ധമായ ഹജ്ജാണ്.'(സ്വഹീഹ് ബുഖാരി, കിതാബുൽ ജിഹാദ് ഹദീഥ് നമ്പർ 2794)

ഈ നിവേദനങ്ങളിൽനിന്നെല്ലാം മനസ്സിലാകുന്നത് നബി(സ)തിരുമേനി ജിഹാദിനെ ജീവിതത്തിന്റെ എല്ലാ തലങ്ങളുമായും ബന്ധപ്പെടുത്തിയിരുന്നുവെന്നാണ്.

**2. ജിഹാദെ കബീർ** അതായത് ഖുർആൻ കൊണ്ടുള്ള ജിഹാദ്

ഇനി ഞാൻ ജിഹാദിന്റെ മറ്റൊരു തരത്തിലേക്ക് വരികയാണ്. അതിനെ ജിഹാദെ കബീർ എന്നാണ് പറയുന്നത്. അതായത് ഖുർആൻകൊണ്ടുള്ള ജിഹാദ്. വിശുദ്ധഖുർആൻ മുഖേന മുഴുലോകത്തും ഇസ്ലാമിക പ്രബോധനം നടത്തുക. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു. *ജാഹിദ് ഹും ബിഹീ ജിഹാദൻ കബീറാ* (25:53) നീ വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങളെ മറ്റുള്ളവർക്ക് സ്നേഹത്തോടും പ്രീതിയോടുംകൂടിയും തെളിവുകളും പ്രഖ്യാപനങ്ങളുംകൊണ്ടും എത്തിച്ചുകൊടുക്കുക. ഹദീഥുകളിൽനിന്നും ചരിത്രത്തിലെ നിവേദനങ്ങളിൽനിന്നും വ്യക്തമാകുന്നത് നബി(സ)തിരുമേനി രാവിലേയും വൈകുന്നേരവും ഈ ജിഹാദ് ചെയ്യുന്നതിൽ കഴിച്ചുകൂടിയിരുന്നുവെന്നാണ്. അല്ലാഹു നബി(സ)തിരുമേനിക്ക് വിശുദ്ധഖുർആന്റെ ശരീഅത്ത് നല്കിയിരുന്നു. അത് തെളിവുകളുടേയും പ്രമാണങ്ങളുടേയും എങ്ങനെയുള്ള സമുദ്രമാണെന്നാൽ അതിന്റെ കാന്തികശക്തികൊണ്ട് ശത്രുക്കൾക്കുപോലും ആകർഷിതരാകാതിരിക്കാൻ കഴിഞ്ഞില്ല. ഇക്കാരണത്താലാണ് സത്യനിഷേധികൾ മക്കയിൽ മുഴുവൻ നഊദുബില്ലാഹ് മുഹമ്മദ്(സ) ഇന്ദ്രജാലക്കാരനാണെന്ന് പ്രചരിപ്പിച്ചത്; ആരാണോ അവന്റെ വാക്ക് കേൾക്കുന്നത് അവനിൽ ഇന്ദ്രജാലത്തിന്റെ സ്വാധീനമുണ്ടാകുമത്രെ! ഹദ്റത്ത് ഉമർ ബിൻ ഖത്വാബ് ഇസ്ലാമിക ശത്രുപാളയത്തിൽ ഉണ്ടായിരുന്നകാലം. അങ്ങനെയിരിക്കെ സയ്യിദുനാ ഹദ്റത്ത് മുഹമ്മദ് (സ)യുടെ ഇതേ ഖുർആൻ കൊണ്ടുള്ള ജിഹാദിന്റെ ഫലമായി ഇസ്ലാമിന്റെ മടിത്തട്ടിൽ വന്നുവീണു. കുറച്ചുവർഷത്തിനുള്ളിൽത്തന്നെ മുഅ്മിനീങ്ങളുടെ ഒരു ചെറിയ ജമാഅത്ത് വലിയ സംഘമായി മാറി.

**3.ജിഹാദെ അസ്ഗർ,** വാളുകൊണ്ടുള്ള ജിഹാദ്

ഇനി ഞാൻ എന്റെ വിഷയത്തിന്റെ അവസാനത്തേതും ഏറ്റവും പ്രധാനപ്പെട്ടതുമായ ഭാഗത്തേക്കു വരികയാണ്. അതാണ് ജിഹാദിന്റെ മൂന്നാമത്തെതരമായ ജിഹാദെ അസ്ഗർ അതായത് വാളെടുത്തുള്ള യുദ്ധം. ഇസ്ലാമിക ശത്രുക്കൾ ഇതുമുഖേന നഊദുബില്ലാഹ് ഇസ്ലാം വാളുകൊണ്ടു പരന്ന മതമാണെന്ന് പ്രചരിപ്പിക്കുന്നു. ഈ ജിഹാദ് തെറ്റായി വ്യാഖ്യാനിച്ചാണ് ഇക്കാലത്ത് നാമമാത്ര മുസ്ലിം ഉലമാ നിരപരാധികളായ മനുഷ്യരുടെ ചോര അന്യായമായി ഒഴുക്കുന്നത്. യഥാർഥത്തിൽ ഇക്കാരണത്താൽ ഇക്കൂട്ടരാണ് ഇസ്ലാമിനെ പോലുള്ള മനോഹരവും സമാധാനഭരിതവുമായ മതത്തെ ഭീകരവാദത്തോടൊപ്പം ചേർക്കുന്നത്.

വരൂ! നമുക്ക് വാളുകൊണ്ടുള്ള ജിഹാദിനെ നബി(സ)തിരുമേനിയുടെ ജീവിതമാതൃകയുടെ വെളിച്ചത്തിൽ നോക്കാം. അവിടന്ന് ജിഹാദ് ബിസ്സയ്ഫിന് എന്ത് അർഥമാണ് നല്കിയത്. ഏതെല്ലാം അവസ്ഥകളിലാണ് അത് നിർബന്ധമായിരുന്നത്? അത്തരം അവസ്ഥ എപ്പോൾ വന്നാലും അവിടന്ന്(സ) അതിന്റെ ഏതു നിയമവും ചട്ടവുമാണ് വിവരിച്ചിട്ടുള്ളത്? മുസ്ലിം ഉമ്മത്തിന് എന്ത് മാതൃകയാണ് അവതരിപ്പിച്ചിട്ടുള്ളത്?

അതിനാൽ ഇക്കാര്യത്തിൽ നബി(സ)തിരുമേനിയുടെ മാതൃക അതുല്യമാണ്. അവിടന്ന് തന്റെ മുഴുവൻ ജീവിതത്തിലും അക്രമത്തിനെതിരെ അക്രമം പ്രവർത്തിക്കാൻ കല്പന നല്കിയില്ല. നബി(സ)തിരുമേനിയുടെമേലും അവിടത്തെ സ്വഹാബത്തിന്റെ മേലും സത്യനിഷേധികളിൽനിന്ന് ഓരോ ദിവസവും പുതിയ പുതിയ അക്രമങ്ങളാണ് ഉണ്ടായിക്കൊണ്ടിരുന്നത്. പക്ഷേ, അവിടന്ന് എപ്പോഴും വിട്ടുവീഴ്ച ചെയ്യാൻ കല്പിച്ചു. ചരിത്രത്തിൽ വന്നിരിക്കുന്നു. മക്കയിലെ അക്രമങ്ങൾകൊണ്ട് അവിടത്തെ ഒരു സ്വഹാബി ഹദ്റത്ത് അബ്ദുർ റഹ്മാൻ ബിൻ ഔഫും മറ്റുചില സ്വഹാബിമാരും പറഞ്ഞു: "അല്ലാഹുവിന്റെ റസൂലേ! ഞങ്ങൾ മുസ്ലിമല്ലായിരുന്നപ്പോൾ ആദരണീയരായിരുന്നു. ആരും ഞങ്ങളുടെ നേരെ കണ്ണുയർത്തിപോലും നോക്കിയിരുന്നില്ല. ഇപ്പോൾ ഈ സത്യനിഷേധികൾ ഞങ്ങളെ ഭീരുക്കളും ദുർബലരുമായി മനസ്സിലാക്കാൻ തുടങ്ങിയിരിക്കുകയാണ്. അവരെ നേരിടാൻ ഞങ്ങൾക്ക് അനുവാദം തന്നാലും; അവരെ പാഠം പഠിപ്പിക്കാൻ.' പക്ഷേ, ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) മറുപടി പറഞ്ഞു: "*ഇന്നീ ഉമിർത്തു ബിൽ അഫ്വി ഫലാ തുഖാത്തിലൂ* (സുനൻ നിസാഇ, വാല്യം 1, പേജ് 152) എനിക്ക് അല്ലാഹുവിൽനിന്ന് മാപ്പുകൊടുക്കാനുള്ള കല്പനയാണുള്ളത്. അതുകൊണ്ട് നിങ്ങൾക്ക് യുദ്ധം ചെയ്യാനുള്ള അനുവാദം തരാൻ എനിക്ക് സാധിക്കുകയില്ല.

നബി(സ)തിരുമേനിയും അവിടത്തെ സ്വഹാബത്തും (രിള്വാനുല്ലാഹി അലയ്ഹിം) നിരന്തരം 13 വർഷംവരെ അക്രമികളുടെ അക്രമത്തെ ക്ഷമയോടും ദുആയോടുംകൂടി നേരിട്ടു. അവരുടെ അക്രമങ്ങൾ കാരണത്താൽ തന്നെ നബി(സ) തിരുമേനിക്ക് മക്കയിൽനി

ന്ന് മദീനിയേല്ക്ക് ഹിജ്റ പോകേണ്ടിയും വന്നു. എന്നാൽ, മക്കയിലെ ഇസ്ലാമിന്റെ ശത്രുക്കൾ അവിടേയും അദ്ദേഹത്തെ പിന്തുടർന്നു. നബി(സ)തിരുമേനിയെ ഉന്മൂലനം ചെയ്യാൻ എല്ലാവിധത്തിലും പരിശ്രമിച്ചു. അങ്ങനെ 15 വർഷം തുടർച്ചയായി അക്രമം സഹിച്ചതിനുശേഷം അല്ലാഹു മുസ്ലിമീങ്ങൾക്ക് ഇനി നിങ്ങൾക്ക് അവരെ നേരിടാം; കാരണം ഇപ്പോൾ അക്രമങ്ങൾ അതിരുകടന്നുകഴിഞ്ഞിരിക്കുന്നു എന്നു പറഞ്ഞ് അനുവാദം നൽകി.

അല്ലാഹു വിശുദ്ധഖുർആനിൽ പറഞ്ഞു: യുദ്ധം ചെയ്യപ്പെടുന്നവർക്ക് (തിരിച്ചും യുദ്ധം ചെയ്യാൻ) അനുമതി നല്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ, അവർ അക്രമിക്കപ്പെട്ടിരിക്കുകയാണ്. തീർച്ചയായും അല്ലാഹു അവരെ സഹായിക്കുവാൻ കഴിവുള്ളവനാകുന്നു. ഞങ്ങളുടെ നാഥൻ അല്ലാഹുവാണ് എന്നവർ പറയുന്നതൊഴിച്ച് (മറ്റൊരു കാരണവും കൂടാതെ) അന്യായമായി തങ്ങളുടെ ഭവനങ്ങളിൽനിന്ന് ബഹിഷ്കരിക്കപ്പെട്ടവരാണ് അവർ. മനുഷ്യരിൽ ചിലർക്ക് മറ്റു ചിലരിൽനിന്നുള്ള അക്രമത്തിൽനിന്ന് സ്വയം രക്ഷിക്കുന്നതിന് അല്ലാഹു അനുമതി നല്കിയില്ലായിരുന്നുവെങ്കിൽ സന്യാസിമഠങ്ങളും ക്രിസ്തീയ ദേവാലയങ്ങളും ജൂതപള്ളികളും അല്ലാഹുവിന്റെ നാമം ധാരാളമായി സ്മരിക്കപ്പെടുന്ന മുസ്ലിം മസ്ജിദുകളും എല്ലാം തകർക്കപ്പെടുമായിരുന്നു. തന്നെ സഹായിക്കുന്നവരെ അല്ലാഹു സഹായിക്കുകതന്നെ ചെയ്യും. തീർച്ചയായും അല്ലാഹു മഹാശക്തനും പ്രതാപവാനുമാകുന്നു. (22:40-41).

ഈ ഖുർആനിക വചനത്തിൽനിന്ന് വാളെടുത്തുള്ള ജിഹാദിനുള്ള അനുവാദം ഏത വസ്ഥയിലാണ് നല്കപ്പെട്ടതെന്ന് തികച്ചും വ്യക്തമാകുന്നുണ്ട്. ഏതെങ്കിലും ജനതയുടെമേൽ ചെയ്യുന്ന അക്രമം അതിന്റെ പാരമ്യതയിലെത്തുകയും അവരെ അന്യായമായി വധിച്ചുകൊണ്ട് യുദ്ധം അവരുടെമേൽ അടിച്ചേല്പിക്കപ്പെടുകയും അല്ലാഹുവിന്റെ നാമം വിളിച്ചുപറയുന്ന കാരണത്താൽ അവരെ വീടുകളിൽനിന്ന് പുറത്താക്കുകയും ചെയ്യുമ്പോൾ അല്ലാഹു പ്രതിരോധിക്കുന്നതിനുവേണ്ടി വാളെടുക്കാൻ അവർക്ക് അനുവാദം കൊടുക്കുന്നു. നമ്മുടെ യജമാനരായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) യും ഈ നിബന്ധനയ്ക്കു വിധേയനായി പ്രതിരോധ യുദ്ധങ്ങൾ ചെയ്തു. അതിലും നബി(സ)തിരുമേനി എങ്ങനെയുള്ള മാതൃകയാണ് കാണിച്ചതെന്നാൽ അതിന്റെ പത്തിലൊന്നുപോലും അറേബ്യയിൽ നടന്ന മറ്റു യുദ്ധങ്ങളിൽ കാണാൻ കഴിയുകയില്ല. അറേബ്യയിലെ യുദ്ധക്കൊതിയരായ ആളുകൾ അവർ നിസാരകാര്യങ്ങളുടെ പേരിൽ നൂറ്റാണ്ടുകളോളം യുദ്ധം ചെയ്തുകൊണ്ടിരുന്നു. യുദ്ധത്തിന്നിടയിൽ മൃതദേഹങ്ങൾ വികലമാക്കിയിരുന്നു. സ്ത്രീകളേയും കുട്ടികളേയും വൃദ്ധരേയും കൊല്ലുന്നതിൽ ഒരു മടിയും കാണിച്ചിരുന്നില്ല. പക്ഷേ, ഹദ് റത്ത് മുഹമ്മദ് മുസ്തഫാ(സ)ന്റെ മാതൃക അതുല്യമായിരുന്നു. ഹദീഥിൽ വന്നിരിക്കുന്നു. "അല്ലയോ മുസ്ലിമീങ്ങളേ! അല്ലാഹുവിന്റെ പേരിൽ പുറപ്പെടുക. ദീനിനെ കാത്തുസൂക്ഷിക്കണമെന്ന ഉദ്ദേശ്യത്തോടെ ജിഹാദ് ചെയ്യുക. പക്ഷേ, ശ്രദ്ധിച്ചുകേൾക്കുക. യുദ്ധമുതലിൽ വഞ്ചന കാണിക്കരുത്. ഒരു ജനതയേയും വഞ്ചിക്കരുത്. ശത്രുക്കളുടെ മൃതദേഹങ്ങൾ വികൃതമാക്കരുത്. കുട്ടികളേയും സ്ത്രീകളേയും ആരാധനാലയങ്ങളിലുള്ളവരേയും വൃദ്ധരേയും വധിക്കരുത്. രാജ്യത്ത് പരിഷ്കരണം ഉണ്ടാക്കണം. ജനങ്ങളോടു ഔദാര്യപൂർവം പെരുമാറണം. കാരണം അല്ലാഹു ഔദാര്യം കാണിക്കുന്നവരെ ഇഷ്ടപ്പെടുന്നു.'

ഇന്നത്തെ നാമമാത്ര മുല്ലാക്കൾ ജിഹാദ്, ജിഹാദ് എന്ന മുദ്രാവാക്യം വിളിച്ച് നിരപരാധികളെ കൊല്ലുകയും കൊല്ലിക്കുകയും ചെയ്യുന്നു. ഇത് അങ്ങേയറ്റം വെറുക്കപ്പെട്ടതും അപലപനീയവുമാണ്. അതിന് ഇസ്ലാമും ഇസ്ലാമിന്റെ സ്ഥാപകരും വിശുദ്ധ ഖുർആനുമായി വിദൂരബന്ധംപോലുമില്ല. നമ്മുടെ പ്രിയപ്പെട്ട യജമാനൻ ഹദ് റത്ത് മുഹമ്മദ് മുസ്തഫാ(സ) ഇന്നേക്ക് ഏകദേശം 1400 വർഷം മുമ്പേ പറഞ്ഞു: "മുസ്ലിമീങ്ങളുടെമേൽ ഒരുകാലം വരും. അവരിൽ കർമപരവും വിശ്വാസപരവുമായ നിലയിൽ വിള്ളലുകൾ ഉണ്ടാകുന്നതായിരിക്കും. കഠിനമായ അഭിപ്രായഭിന്നതകൾ ഉണ്ടാകുന്നതായിരിക്കും. അത്തരം കുഴപ്പങ്ങളുടെ കാലത്ത് അല്ലാഹു മുസ്ലിമീങ്ങളെ പരിഷ്കരിക്കുന്നതിന് ഇമാമു ആഖിറുസ്സമാൻ ഹദ്റത്ത് ഇമാം മഹ്ദി(അ)യെ നിയോഗിക്കുന്നതായിരിക്കും. അദ്ദേഹം മുസ്ലിമീങ്ങളെ കർമപരമായി പരിഷ്കരിക്കുന്നതോടൊപ്പം വിശ്വാസപരമായ പരിഷ്കരണവും നടത്തുന്നതായിരിക്കും. അദ്ദേഹത്തിന്റെ വരവോടെ യുദ്ധം ഇല്ലാതാക്കപ്പെടും.' അവിടന്ന് പറഞ്ഞു: "യളഉൽഹർബ്" (അദ്ദേഹം യുദ്ധം കാലഹരണപ്പെടുത്തും) (സ്വഹീഹ് ബുഖാരി, കിതാബുൽ അമ്പിയാ ബാബ് നുസൂലു ഈസബ്നുമർയം)

വാസ്തവത്തിൽ ഈ പ്രവചനത്തിലുള്ള സൂചന ഇമാം മഹ്ദിയുടെ കാലഘട്ടത്തിൽ വാളെടുത്ത് യുദ്ധം ചെയ്യുന്നതിനുള്ള നിബന്ധന പൂർത്തിയാകുകയില്ലെന്നാണ്. അക്കാലം തെളിവുകളുടേയും പ്രമാണങ്ങളുടെയും തൂലികകൊണ്ടുള്ള ജിഹാദിന്റേയും കാലമായിരിക്കും. അതുകൊണ്ട് അല്ലാഹു ഇക്കാലത്ത് ഇത്തരത്തിലുള്ള തെറ്റായ വിശ്വാസങ്ങൾ നീക്കി ശരിയായ നിലയിൽ ഉദ്ധരിക്കുന്നതിന് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനിയെ(അ) മഹ്ദിയായി അയച്ചു. അദ്ദേഹം വിളംബരം ചെയ്തു.

അബ് ഛോഡ് ദൊ ജിഹാദ് കാ
ഏ ദോസ്തോ ഖയാൽ
ദീൻ കേലിയെ ഹറാമ് ഹെ
അബ് ജങ്ക് വ ഖിത്താൽ
കിയോ ഭൂൽത്തെഹൊ തും
യളഉൽ ഹർബ് കി ഖബ്ർ
കിയാ യെ നഹി ബുഖാരി മെ
ദേഘോ തൊ ഘോൽക്കർ

(തുഹ്ഫയെ ഗോൽഡവിയ്യ, റൂഹാനീഖസാഇൻ, വാള്യം 17, പേജ് 77-78)

ഹദ്റത്ത് മസീഹ് മൗഊദ്(അ) വീണ്ടും പറയുന്നു: "ഇന്ന് മുതൽ വാളെടുത്തുള്ള യുദ്ധം അല്ലാഹുവിന്റെ കല്പനയാൽ നിറുത്തലാക്കപ്പെട്ടിരിക്കുന്നു. ഇനി ഇതിനുശേഷം ആരാണോ അവിശ്വാസികളുടെമേൽ വാളുയർത്തുകയും തന്റെ പേര് യോദ്ധാവ് എന്നുവെക്കുകയും ചെയ്യുന്നത് അവൻ ഏതൊരു ആദരണീയ റസൂലാണോ ഇന്നേക്ക് 1300 വർഷം മുമ്പേ മസീഹ് മൗഊദ് വരുമ്പോൾ വാളെടുത്തുള്ള എല്ലാ യുദ്ധങ്ങളും അവസാനിക്കുന്നതായിരിക്കും എന്നു പറഞ്ഞത് ആ റസൂലിനെ ധിക്കരിക്കുകയാണ്. ഇപ്പോൾ ഞാൻ വെളിപ്പെട്ടതിനുശേഷം വാളെടുത്തുള്ള ജിഹാദുമില്ല. നമ്മുടെ ഭാഗത്തുനിന്ന് സമാധാനത്തിന്റേയും അനുരഞ്ജനത്തിന്റേയും വെള്ളക്കൊടി ഉയർത്തപ്പെട്ടിരിക്കുകയാണ്.' (ഖുത്ബ ഇൽ ഹാമിയ്യ, റൂഹാനീ ഖസാഇൻ, വാള്യം 16, പേജ് 28)

അല്ലാഹു നമുക്കെല്ലാവർക്കും ജിഹാദിന്റെ യഥാർഥ പൊരുൾ മനസ്സിലാക്കിക്കൊണ്ട് അതനുസരിച്ച് പ്രവർത്തിക്കാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ. ആമീൻ.

★★★

## ഹദീഥുന്നബ്വി (സ)

" 'സത്യഹൃദയത്തോടെ ശഹാദത്തു വരിക്കണമെന്ന് ആഗ്രഹിക്കുന്നവന്റെ മരണം കിടക്കയിൽ കിടന്നാണെങ്കിലും അവനെ ശുഹദാക്കളുടെ സംഘത്തിൽ ഉൾപ്പെടുത്തുന്നതായിരിക്കും.' (സ്വഹീഹ്മുസ്ലിം, കിതാബുൽ ഇമാറ) ."

**ജൽസസാലാന ഖാദിയാൻ 2019**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

*ത്വാലിബെ ദുആ:*
Members Of Ahmadiyya Jama'ath
Karulai(Kerala State)

## മഹ്ദി ഇമാമിന്റെ പ്രസ്താവം

"എഴുന്നേറ്റുനിന്ന് നമസ്കരിക്കുക. അതിനു കഴിയുന്നില്ലെങ്കിൽ ഇരുന്ന് നമസ്കരിക്കുക. അതിനു കഴിയുന്നില്ലെങ്കിൽ ഒരു വശം ചരിഞ്ഞു കിടന്നെങ്കിലും നമസ്കരിക്കുക.' (സ്വഹീഹ് ബുഖാരി, കിതാബുൽ ജുമുഅ) "

**ജൽസസാലാന ഖാദിയാൻ 2019**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

*ത്വാലിബെ ദുആ:*
C.G.Qamarudheen Ahmadiyya Jama'ath
Pathapiriyam(Kerala State)

# ജിഹാദിന്റെ വികല വീക്ഷണവും അതിന്റെ ദുഷ്പരിണാമവും പ്രതിവിധിയും

മുഹമ്മദ് ശരീഫ് കൗഥർ, ഉസ്താദ് ജാമിഅ അഹ്മദിയ്യ
പരിഭാഷ: മൗലവി അംനാസ് അഹ്മദ് കടലായി

സയ്യിദുനാ ഹദ്റത്ത് മുഹമ്മദ്(സ)തിരുമേനി (571–632) ഒരു മതത്തിന് രൂപകല്പന നല്കി. പരിശുദ്ധഖുർആനിൽ അല്ലാഹു അതിനെ ഇസ്ലാമെന്നും അതിന്റെ അനുയായികളെ മുസ്ലിമീങ്ങളെന്നും നാമകരണം ചെയ്തു. ഏതുപോലെ അല്ലാഹു പറയുന്നു *ഇന്നദ്ദീന ഇൻദല്ലാഹിൽ ഇസ്ലാം*(3:19) അതായത് അല്ലാഹുവിന്റെ പക്കൽ മതമെന്നത് ഇസ്ലാം മാത്രമാണ്. മറ്റൊരിടത്ത് പറയുന്നു *ഹുവ സമ്മാക്കുമുൽ മുസ്ലിമീൻ*(22:79) നിശ്ചയമായും അല്ലാഹു നിങ്ങളെ മുസ്ലിമെന്ന് നാമകരണം ചെയ്തു.

## ഇസ്ലാമിന്റെ വിവക്ഷിതം

''ഇസ്ലാം' എന്നത് അറബിപദമായ ''സലിമ' (ശാന്തി, സമാധാനം)യിൽനിന്ന് നിഷ്പന്നമായതാണ്. ഇസ്ലാംമത സ്ഥാപകനായ സയ്യിദുനാ മുഹമ്മദ് മുസ്തഫാ(സ) പറയുകയുണ്ടായി. *അസ്സലാമു മിനൽ ഇസ്ലാമി* ശാന്തിസമാധാനങ്ങൾ ഇസ്ലാമിൽ ഉൾപ്പെട്ടതാണ്. അല്ലാഹു സകലരോടുമായി പറയുന്നു *വല്ലാഹു യദഊ ഇലാ ദാരിസ്സലാമി* (10:26) അതായത് അല്ലാഹു സമാധാന ഗേഹത്തിലേക്ക് ക്ഷണിക്കുന്നു. ഇസ്ലാമിനെ കൊണ്ടുള്ള മറ്റൊരു വിവക്ഷിതം ദൈവികമായ കല്പനകളെ പൂർണമായും അനുസരിക്കുകയെന്നതാണ്.

ഇസ്ലാംമതം അതിന്റെ അനുയായികൾക്ക് നല്കുന്ന അധ്യാപനം ലോകത്തുള്ള എല്ലാവരോടും ജാതിമത വർഗവിശ്വാസ വിവേചനമന്യേ സ്നേഹത്തോടും അവരുടെ നന്മ കാംക്ഷിച്ചും വർത്തിക്കണമെന്നാണ്. ഒരു മുസ്ലിം ദിവസേന അഞ്ചുനേരം നമസ്കാരമനുഷ്ഠിക്കുന്നു. എല്ലാ നമസ്കാരത്തിന്റെ അന്ത്യത്തിലും ഇടത്തോട്ടും വലത്തോടും മുഖംതിരിച്ചുകൊണ്ട് *അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹ്* അഥവാ എന്റെ ഇടംവലമുള്ള എല്ലാവർക്കും അല്ലാഹുവിന്റെ രക്ഷയും കാരുണ്യവുമുണ്ടാകട്ടെ എന്ന് ആശംസിക്കുന്നു. അവൻ ആരെ കണ്ടാലും *അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വബറക്കാത്തുഹു* അഥവാ നിങ്ങൾക്ക് സമാധാനവും അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹവും ഉണ്ടാകട്ടെ എന്ന് അഭിവാദനം ചെയ്യുന്നു. ആയതിനാൽ ഇസ്ലാം, മുസ്ലിം എന്നീ പേരുകൾതന്നെ സൂചിപ്പിക്കുന്നത് ഈ മതത്തിന്റെ അനുയായികൾക്ക് നല്കിയിട്ടുള്ള പാഠമെന്നത് ലോകത്തുള്ള സർവ്വർക്കുവേണ്ടിയും തന്റെ കഴിവിന്റെ പരിധിയനുസരിച്ച് ശാന്തിയും സമാധാനവും സംതൃപ്തിയും പ്രദാനം ചെയ്യുക എന്നതാണ്.

## ഇസ്ലാമിന്റെ സ്ഥാപകൻ മുഴുലോകത്തിനും കാരുണ്യം

അല്ലാഹു ഇസ്ലാമിന്റെ വന്ദ്യസ്ഥാപക നെ പ്രപഞ്ചകാരുണ്യമായാണ് അയച്ചിട്ടുള്ളത്. ഖുർആനിൽ അല്ലാഹു പറയുന്നു. (അമ്പിയാ 108) *വമാ അർസൽനാക്ക ഇല്ലാ റഹ്മത്തൻ ല്ലിൽ ആലമീൻ*( 21:108) അതായത് മുഹമ്മദേ! നാം നിന്നെ മുഴുലോകത്തിനും കാരുണ്യമെന്ന നിലയിലാണ് അയച്ചിട്ടുള്ളത്. ഇവിടെ മുസ്ലിമീങ്ങളേയോ അറബികളേയോ കുറിച്ച് മാത്രമല്ല പരാമർശമുള്ളത്. അദ്ദേഹം മുഴുപ്രപഞ്ചത്തിനും കാരുണ്യസ്വരൂപമാണ്. അതുകൊണ്ടുതന്നെ സയ്യിദുനാ മുഹമ്മദ് മുസ്തഫാ(സ)യുമായി ബന്ധം സ്ഥാപിക്കുന്ന ഒരു മുസ്ലിം അദ്ദേഹത്തിന്റെ മാതൃക പിന്തുടർന്നുകൊണ്ട് ദൈവസൃഷ്ടികൾക്കു ദ്രോഹം പ്രവർത്തിക്കുന്നതിൽനിന്ന് സർവവിധേനയും വിട്ടുനില്ക്കേണ്ടതാണ്.

## എല്ലാ മനുഷ്യരെയും സ്നേഹിക്കുന്നതെന്തിന്?

എല്ലാ ഓരോരുത്തരേയും സ്നേഹിക്കുകയും ദയാപൂർവ്വം സമീപിക്കുകയും ചെയ്യേണ്ട കാര്യമെന്താണുള്ളതെന്ന ചോദ്യമുദിക്കാം. അതിനുള്ള മറുപടി ഒരു ഹദീഥിൽ ഇപ്രകാരം നബി(സ)തിരുമേനി പറയുന്നു. *അൽ ഖൽഖു ഇയാലുല്ലാഹി ഫഅഹബ്ബുൽഖൽഖി ഇലല്ലാഹി മൻ അഹ്സന ഇലാ ഇയാലിഹി* (മിശ്കാത്ത്, കിത്താബുൽ ആദാബ്) അതായത് എല്ലാ സൃഷ്ടികളും അല്ലാഹുവിന്റെ കുടുംബത്തിൽപെടുന്നു. അതുകൊണ്ട് അവന്റെ സൃഷ്ടികളോട് ഏറ്റവും നല്ലനിലയിൽ പെരുമാറുന്നവനാണ് അല്ലാഹുവിന് ഏറ്റവും പ്രിയപ്പെട്ടവൻ.

ലോകത്തുള്ള എല്ലാ മതാദർശങ്ങളുടെയും അനുയായികളും ഭിന്ന പ്രദേശങ്ങളിലുള്ളവരും അല്ലാഹുവിന്റെ കുടുംബമാണെന്ന് പരിശുദ്ധഖുർആനിൽനിന്നും ഹദീഥിൽനിന്നും വ്യക്തമാകുന്നുണ്ട്. ഒരാൾ തന്റെ കുടുംബാംഗങ്ങളോടെന്നപോലെ സകല ലോകരോടും സ്നേഹാദരതയോടെ പെരുമാറേണ്ടതാണ്. അത്തരത്തിൽ മാത്രമേ നമ്മൾ ദൈവത്തിന്റെ ഇഷ്ടദാസരാകുകയുള്ളൂ. അതുകൂടാതെ സാധ്യമല്ല. മുസ്ലിമീങ്ങൾ വിശ്വസിക്കുന്ന *അല്ലാഹു റബ്ബുൽ ആലമീൻ* അഥവാ ലോകൈക പരിപാലകനും അസ്സലാം അഥവാ സമാധാനസമ്രാട്ടുമാണ്. ഈ സിഫത്തുകളുള്ള അല്ലാഹുവുമായി ബന്ധമുള്ളവരുടെ ഉത്തരവാദിത്വമാണ് തങ്ങളുടെ പരിധിയിലും ചുറ്റുപാടിലുമുള്ളവരെ കഴിവനുസരിച്ച് പരിപാലിക്കുകയും അവർക്ക് സമാധാനവും രക്ഷയും ഒരുക്കികൊടുക്കുകയും ചെയ്യുക എന്നത്. അതില്ലാതെ അവർക്ക് ദൈവവുമായി ബന്ധം സ്ഥാപിക്കാനുള്ള അർഹത ഉണ്ടാകുകയില്ല.

## പ്രപഞ്ചകാരുണ്യമായ നബി യുദ്ധം ചെയ്തതെന്തിന്?

നബി(സ)തിരുമേനിക്ക് നാല്പത് വയസ്സായപ്പോൾ ദൈവഭാഷണം ലഭിച്ചുതുടങ്ങുകയും അതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം മക്കാവാസികളോട്, തന്നെ ദൈവം ദൂതനും പ്രവാചകനുമായി അയച്ചിരിക്കുന്നുവെന്നും നിങ്ങൾ അല്ലാഹുവിനെ ആരാധിക്കണമെന്നും പാപവും തിന്മയും അക്രമവും നിറഞ്ഞ ജീവിതത്തിൽനിന്ന് പശ്ചാത്തപിക്കണമെന്നും പ്രബോധനം ചെയ്തു. അറബിയിൽ ഒരു ചൊല്ലുണ്ട്. *ലൻ മത്വരി മുഹിബ്ബു വ കാരിഹു* പെയ്യുന്ന കാര്യത്തിൽകൂടി അത് ഇഷ്ടപ്പെടുന്നവരും ഇഷ്ടപ്പെടാത്തവരുമുണ്ട്. ഭൗതികമഴയെപോലെ ആത്മീയമഴയേയും ചിലർ ഇഷ്ടപ്പെടുകയും മറ്റു ചിലർ വെറുക്കുകയും ചെയ്യാൻ തുടങ്ങി. ഇഷ്ടപ്പെടുന്നവരും അനുയായികളും അനുഭാവത്തിന്റെയും സ്നേഹത്തിന്റെയും സൽസ്വഭാവത്തിന്റെയും മാർഗം അവലംബിച്ചപ്പോൾ അനിഷ്ടം കാണിച്ച വിരോധികൾ അക്രമത്തിന്റെയും വിദ്വേഷത്തിന്റെയും പരദ്രോഹത്തിന്റെയും വഴി സ്വീകരിച്ചു. ദിനംപ്രതി ഇക്കാര്യങ്ങളിൽ പുരോഗതിയുണ്ടായിക്കൊണ്ടിരുന്നു. എതിരാളികൾ കരുതിയിരുന്നത് അവർക്ക് ശക്തിയും കയ്യൂക്കും പ്രയോഗിച്ച് മുഹമ്മദ്(സ)നെയും അനുചരന്മാരേയും നാമാവശേഷമാക്കാമെന്നാണ്. എന്നാൽ, മറുവശത്ത് നബി(സ)തിരുമേനി അവരോട് പറഞ്ഞിരുന്നത് ഞങ്ങൾ സ്നേഹത്തിന്റേയും പ്രമാണങ്ങളുടെയും ഭാഷയിൽ നിങ്ങൾക്ക് ഇസ്ലാമിന്റെ സത്യത ബോധ്യപ്പെടുത്തുന്നതാണെന്നും ഇസ്ലാംമതം സ്വീകരിക്കാൻ ഞങ്ങൾ നിങ്ങളെ നിർബന്ധിക്കുകയില്ലെന്നും പരിശുദ്ധഖുർആനിൽ അല്ലാഹു പറഞ്ഞിരിക്കുന്നത് *ലാ ഇക്റാഹ ഫിദ്ദീനി* (2:257) അതായത് മതവിശ്വാസകാര്യത്തിൽ ഒരുവിധ ബലപ്രയോഗവും പാടില്ലെന്നുമായിരുന്നു. കൂടാതെ മറ്റൊരിടത്ത് പറഞ്ഞിരിക്കുന്നത് *വ ഖുലിൽഹഖ്ഖു മിർറബ്ബിക്കും ഫമൻ ശാഅ ഫൽയുഅ്മിൻ വ്വമൻശാഅ ഫൽയക്ഫുർ*(18:30) അതായത് സത്യം ദൈവത്തിങ്കൽനിന്നുമാണ് വന്നിട്ടുള്ളതെന്നും ആർക്കുവേണമെങ്കിലും വിശ്വസിക്കുകയോ അവിശ്വസിക്കുകയോ ചെയ്യാമെന്നും നീ പറയുക.

ഒരു ദിവസമോ മാസമോ വർഷമോ അല്ല. പ്രത്യുത, തുടർച്ചയായി പതിമൂന്നു വർഷക്കാലം നബി(സ)തിരുമേനിയും സ്വഹാബാക്കളും ശത്രുക്കളുടെ മർദനവും പീഢനവും ദ്രോഹവും സഹിച്ചുകൊണ്ടിരുന്നു. ചിലർ അവരിൽ രക്തസാക്ഷികളുമായി. എന്നിട്ടും നബി(സ)തിരുമേനി അക്രമത്തെ കൂട്ടുപിടിച്ചില്ല. കല്ലെറിയുന്നവനുനേരെ തിരിച്ചങ്ങനെ ചെയ്യുകയുണ്ടായില്ല. അസഭ്യം പുലമ്പുന്നവനോടും അതേ നാണയത്തിൽ മറുപടി നല്കിയില്ല. എന്നാൽ, ഈ മൃദുമനോഭാവം ഭീരുത്വം കാരണമായിരുന്നില്ല. മറിച്ച് മനുഷ്യത്വവും സഹതാപവും കാരണമായിരുന്നു. അവരുടെ ദ്രോഹങ്ങൾ അറിവില്ലായ്മ കാരണമായിരുന്നെന്ന് കരുതിയുമായിരുന്നു. ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്

മക്കയിലെ പ്രതാപിയായിരുന്നു. അദ്ദേഹം ഒരിക്കൽ നബി(സ)തിരുമേനിയോട് ഇപ്രകാരം പറഞ്ഞു: ''ഞങ്ങൾ മുസ്‌ലിമീങ്ങൾ ആകുന്നതിന് മുമ്പേ പ്രൗഢിയും പ്രതാപവുമുള്ളവരായിരുന്നു. ആർക്കും മുഖമുയർത്തിനോക്കാൻ ധൈര്യമുണ്ടായിരുന്നില്ല. എന്നാൽ, മുസ്‌ലിമീങ്ങളായശേഷം മക്കയിലെ ഇസ്‌ലാമിന്റെ വിരോധികൾ ഞങ്ങളെ ബലഹീനരായി കണക്കാക്കാൻ തുടങ്ങിയിരിക്കുന്നു. താങ്കൾ ഞങ്ങൾക്ക് അവരെ നേരിടാൻ അനുമതി തന്നാലും. എന്നാൽ, മനുഷ്യപ്രേമിയും പ്രപഞ്ചകാരുണ്യവുമായ നബി(സ) തിരുമേനി മറുപടി നൽകി *ഇന്നീ ഉമിർത്തു ബിൽഅഫ് വി* (നസായി) അതായത് പൊറുത്തുകൊടുക്കാനാണ് എനിക്ക് കല്പന ലഭിച്ചിട്ടുള്ളത്. ആയതിനാൽ നിങ്ങൾക്ക് എതിരിടാനുള്ള അനുവാദം തരാൻ എനിക്കാകില്ല.

ചുരുക്കത്തിൽ 13 വർഷം തുടർച്ചയായി ശത്രുക്കളിൽനിന്ന് അക്രമം സഹിച്ചശേഷം നബി(സ)തിരുമേനി ആലോചിച്ചു. ഇക്കൂട്ടർ ഇസ്‌ലാമിനെ മനസ്സിലാക്കുകയോ മുസ്‌ലിമീങ്ങളെ സ്വാതന്ത്ര്യത്തോടെ ജീവിക്കാൻ അനുവദിക്കുകയോ ചെയ്യുന്നില്ല. ഇനി രണ്ടിലൊന്നേ ചെയ്യാനുള്ളൂ. ഒന്നുകിൽ ഇവരുമായി യുദ്ധം ചെയ്യുക അല്ലെങ്കിൽ സ്വദേശത്തോട് യാത്രാമൊഴി ചൊല്ലി മറ്റെവിടേക്കെങ്കിലും പലായനം ചെയ്തുപോകുക. അദ്ദേഹം കാരുണ്യവികാരത്തെ മുൻനിറുത്തിക്കൊണ്ട് ആരുടെയും ചോര വീഴ്ത്താൻ ആഗ്രഹിച്ചില്ല. സഫർ 28, ഹിജ്റ 1 അതായത് 622 സപ്തംബർ 11ന് മക്കയിൽനിന്ന് മുന്നൂറ് കിലോമീറ്റർ അകലെയുള്ള മദീനയിലേക്ക് പലായനം ചെയ്തു.

നബി(സ)തിരുമേനിയും കൂട്ടരും ഹിജ്റത്ത് ചെയ്തുപോയ ശേഷം ശത്രുക്കൾ അവരെ വേട്ടയാടുന്നത് നിറുത്തണമായിരുന്നു. എന്നാൽ, കഷ്ടമെന്ന് പറയട്ടെ അവർ മദീനയെ ആക്രമിച്ച് മുസ്‌ലിമീങ്ങളെ നശിപ്പിക്കാൻ കോപ്പുകൂട്ടി. സിറിയയിലേക്ക് കച്ചവടസംഘത്തെ അയച്ചു. അങ്ങനെ കിട്ടുന്ന ആദായത്തിൽനിന്ന് യുദ്ധസാമഗ്രികൾ വാങ്ങിക്കാനായിരുന്നു അത്. അങ്ങനെ സർവസന്നാഹങ്ങളുമായി ആയിരം യോദ്ധാക്കളെ മദീനയെ ആക്രമിക്കാനായി വിട്ടു. മദീനയിൽ മിന്നലാക്രമണം നടത്തി മുസ്‌ലിമെന്ന് പേരുള്ള ഒരാളെയും ഒഴിയാതെ സർവനാശം വരുത്തണമെന്നായിരുന്നു അവരുടെ ഉദ്ദേശ്യം. ഈ സംഭവത്തെ വിവരിച്ചുകൊണ്ട് ഒരിടത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) എഴുതുന്നു:

''(മക്കയിൽ) അവർ ദയനീയമായ നിലയിൽ അനേകം മുസ്‌ലിമീങ്ങളെ കൊന്നൊടുക്കി. നീണ്ട പതിമൂന്ന് വർഷക്കാലം ഇത്തരം ചെയ്തികൾ തുടർന്നുപോന്നു. ദൈവത്തിന്റെ വിശ്വസ്തദാസരും മനുഷ്യകുലത്തിന്റെ അഭിമാനവുമായിരുന്നവരെ ദ്രോഹികളായ ആ വന്യജീവികളുടെ വാളുകൾ തുണ്ടം തുണ്ടമാക്കി. അനാഥരായ കുഞ്ഞുങ്ങളും ദുർബലരും ദരിദ്രരുമായ സ്ത്രീകളും തെരുവീഥികളിൽവച്ച് കശാപ്പ് ചെയ്യപ്പെട്ടു. എന്നിട്ടും അല്ലാഹുവിന്റെ ശക്തമായ താക്കീത് ദ്രോഹനടപടികൾക്ക് പ്രതിക്രിയ ചെയ്യരുതെന്നായിരുന്നു. അതുകൊണ്ട് സത്യസന്ധരും ആദരയോഗ്യരുമായ അവർ അപ്രകാരം ചെയ്തു. അവരുടെ രക്തത്താൽ തെരുവോരങ്ങൾ ചെമന്നു. എന്നാൽ, അവർ പ്രതിഷേധിച്ചില്ല. ബലിമൃഗങ്ങളെപോലെ അവർ അറുക്കപ്പെട്ടു. എന്നാൽ, ''അയ്യോ' എന്നുപോലും വിലപിച്ചില്ല. പരിശുദ്ധനായ ദൈവദൂതനെ (ആകാശഭൂമികളിൽനിന്ന് ആയിരമായിരം സലാം വർഷിക്കട്ടെ) പലവട്ടം കല്ലെറിഞ്ഞ് ചോര ചിന്തിച്ചു. എന്നാൽ, സത്യസ്ഥൈര്യങ്ങളുടെ ആ പർവതം എല്ലാ പീഡനങ്ങളും തുറന്നമനസ്സോടെ സഹിച്ചു. പക്ഷേ, അദ്ദേഹത്തിന്റെ ക്ഷമയോടും, വിട്ടുവീഴ്ചയോടും കൂടിയുള്ള പ്രതികരണം കണ്ട് ശത്രുക്കളുടെ ധാർഷ്ട്യം ദിനംപ്രതി വർധിച്ചുവന്നു. അവർ ആ വിശുദ്ധസംഘത്തെ വേട്ടയാടിക്കൊണ്ടിരുന്നു. തദവസരത്തിൽ ഭൂമിയിൽ അക്രമവും ദയാരാഹിത്യവും അതിരുകടക്കരുതെന്ന് ആഗ്രഹിച്ച ദൈവം തന്റെ പീഢിതദാസരിലേക്ക് ശ്രദ്ധതിരിച്ചു. അക്രമികൾക്കുമേൽ അവന്റെ ഉഗ്രകോപം ആളിക്കത്തി. അവൻ തന്റെ വചനമായ പരിശുദ്ധഖുർആനിലൂടെ തന്റെ മർദിതദാസരെ ഇപ്രകാരം അറിയിച്ചു, ''നിങ്ങളുടെ സ്ഥിതിഗതികൾ എല്ലാം ഞാൻ കാണുന്നുണ്ട്. ഇന്ന് മുതൽ നിങ്ങൾക്ക് അവരെ എതിർക്കാൻ അനുവാദം തന്നിരിക്കുന്നു. സർവശക്തനായ ദൈവമാണ് ഞാൻ. അക്രമകാരികളെ ശിക്ഷിക്കാതെ ഞാൻ വിടുകയില്ല.' ഈ കല്പനയാണ് ജിഹാദ് എന്ന പേരിൽ അറിയപ്പെട്ടത്. ഇതേകുറിച്ചുള്ള ദൈവകല്പന ഖുർആനിൽ ഇപ്രകാരം വന്നിരിക്കുന്നു. *ഉദിന ലില്ലദീന യുഖാത്തലൂന ബി അന്നഹും ളുലിമൂ വ ഇന്നല്ലാഹ അലാ നസ്രിഹിം ല ഖദീർ. അല്ലദീന ഉഖ്രിജൂ മിൻ ദിയാരിഹിം ബിഗയ്രി ഹഖ്ഖിൻ*(22:40-41) (ഗവൺമെന്റ് അഗ്രേസി ഔർ ജിഹാദ്, റൂഹാനീഖസാഇൻ, വാള്യം 17, പേജ് 6)

അർഥം: ''യുദ്ധം ചെയ്യപ്പെടുന്നവർക്ക് (തിരിച്ചും യുദ്ധം ചെയ്യാൻ) അനുമതി നല്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ, അവർ അക്രമിക്കപ്പെട്ടിരിക്കുകയാണ്. തീർച്ചയായും അല്ലാഹു അവരെ സഹായിക്കാൻ കഴിവുള്ളവനാണ്.'' ഞങ്ങളുടെ നാഥൻ അല്ലാഹുവാണ് എന്നവർ പറയുന്നതൊഴിച്ച് (മറ്റൊരു കാരണവും കൂടാതെ) അന്യായമായി തങ്ങളുടെ ഭവനങ്ങളിൽനിന്ന് ബഹിഷ്കരിക്കപ്പെട്ടവരാണ് അവർ)

മാന്യവായനക്കാരെ, ''ജിഹാദ്' എന്ന പദം വിശാലാർഥ തലങ്ങളുള്ളതാണ്. അവിശ്വാസികളുമായി യുദ്ധം ചെയ്യുന്നതിനു മാത്രമല്ല ''ജിഹാദ്' എന്നു പറയുന്നത്. ഏതെങ്കിലും കാര്യത്തിനായി തന്റെ പൂർണശക്തികളും ശേഷികളും പ്രയോഗിക്കുകയും അതിനായി പരമാവധി പ്രയത്നിക്കുകയും ചെയ്യുന്നതിനെയും ''ജിഹാദ്' എന്നു പറയുന്നു. ''ജുഹ്ദ്' എന്ന അറബിപദത്തിൽനിന്ന് നിഷ്പന്നമാണിത്. ജാഹിദൂഫിൽ അംറ് എന്നു പറഞ്ഞാൽ അവർ ഒരു കാര്യത്തിനായി അത്യധ്വാനവും തീവ്രയത്നവും ചെയ്തുവെന്നാണ് അർഥം.

ഇസ്‌ലാമിലെ ഒരു പരിപാവനവും സുപ്രധാനവുമായ കടമയാണ് ''ജിഹാദ്'. തുടക്കം മുതൽ നിലനില്ക്കുന്ന അത് അന്ത്യനാൾവരെയുണ്ടാകും. പരിശുദ്ധഖുർആനിൽനിന്നും തിരുഹദീഥിൽനിന്നും ജിഹാദിന്റെ പല വകഭേദങ്ങളും സ്ഥാപിതമാകുന്നുണ്ട്. ഉദാഹരണത്തിന് ജിഹാദെ കബീർ, ജിഹാദ് അക്ബർ, ജിഹാദ് അസ്ഗർ, ജിഹാദ് ബിൽഇൽമ് തുടങ്ങിയവ. ജിഹാദെ അസ്ഗർ എന്നതിന്റെ മറ്റൊരു പേരാണ് ജിഹാദ് ബിസ്സയ്ഫ് അഥവാ വാളുകൊണ്ടുള്ള യുദ്ധം. ഏതെങ്കിലും അമുസ്‌ലിം ശക്തിയോ ഭരണകൂടമോ ഇസ്‌ലാമിനേയും അതിന്റെ അധ്യാപനങ്ങളേയും അനുയായികളേയും ഭൂമുഖത്തുനിന്ന് തുടച്ചുനീക്കാനായി യുദ്ധമുറ പ്രയോഗിക്കുമ്പോൾ മാത്രമാണ് അതിനുള്ള അനുവാദം. ഞങ്ങളുടെ നാഥൻ അല്ലാഹുവാണെന്നു പറയുന്ന കാരണത്താൽ അവർക്ക് നാടും വീടും ഉപേക്ഷിക്കേണ്ടതായും വരുന്നുണ്ട്.

## വാളാലുള്ള ജിഹാദിനെക്കുറിച്ചുള്ള മുസ്‌ലിമീങ്ങളുടെ സ്വയംനിർമിത വിശ്വാസം

പരിതാപകരമെന്നു പറയട്ടെ മുസ്‌ലിമീങ്ങൾ ജിഹാദിനെ പൂർണമായും തെറ്റുധരിച്ചിരിക്കുകയാണ്. അവർ ഇസ്‌ലാമിന്റെ പേരിൽ നടത്തുന്ന രക്തച്ചൊരിച്ചിൽ, കലാപം, വഞ്ചന, കൊള്ള, നശീകരണ പ്രവർത്തനങ്ങൾ എന്നിവയെ ''ജിഹാദ്' എന്ന് വിളിക്കുന്നു. സ്വാർഥലാഭത്തിനും നിക്ഷിപ്ത താല്പര്യങ്ങൾക്കും വേണ്ടി മുസ്‌ലിമീങ്ങളുടെ ശത്രുക്കളുടെ ഗളച്ഛേ നടത്തുന്നതിനെ ജിഹാദ് എന്നു പറയുന്നു.യോധാവെന്ന് വിളിക്കപ്പെടാനുള്ള ആഗ്രഹത്താൽ തോക്കും തോപ്പുമുപയോഗിച്ച് അമുസ്‌ലിമീങ്ങൾക്കെതിരെ വെടിയുതിർക്കുന്നതിനെ ജിഹാദായി പ്രഖ്യാപിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ''ഓർക്കുക, ഇക്കാലത്തെ മുസ്‌ലിം പണ്ഡിതന്മാരായ മൗലവിമാർ ജിഹാദ് എന്ന വിഷയത്തെ മനസ്സിലാക്കുകയും, പൊതുജനങ്ങൾക്ക് മുമ്പാകെ അവതരിപ്പിക്കുകയും ചെയ്യുന്നത് തീർത്തും വാസ്തവവിരുദ്ധമായാണ്. മൃഗതുല്യരായ ജനങ്ങളെ ഹിംസ്രജന്തുക്കളായി തങ്ങളുടെ ആവേശഭരിതമായ പ്രസംഗങ്ങളിലൂടെ മാറ്റുന്നു എന്നതാണ് അതുകൊണ്ടുണ്ടാകുന്ന പരിണിതഫലം. അവരെ മനുഷ്യത്വത്തിന്റെ എല്ലാ നല്ല വശങ്ങളിൽനിന്ന് ആട്ടിയകറ്റുകയും ചെയ്യുന്നു. അതാണ് ശരിക്കും സംഭവിച്ചുകൊണ്ടിരിക്കുന്നതും. എന്തുകാരണത്താലാണ് ഇസ്‌ലാമിന്റെ ആവിർഭാവഘട്ടത്തിൽ യുദ്ധങ്ങളുണ്ടായതെന്നതിന്റെ പൊരുളറിയാത്ത അജ്ഞരും ഭൗതികചിന്താഗതിക്കാരുമായവർ അന്യായമായ നിലയിൽ കൊല നടത്തുമ്പോൾ അതിന്റെയൊക്കെ പാപഭാരം ഇക്കാര്യം രഹസ്യമായ നിലയിൽ പറഞ്ഞുപഠിപ്പിക്കുകയും ഭയാനകമായ രക്തച്ചൊരിച്ചിലിനു വകവയ്ക്കുകയും ചെയ്യുന്ന മൗലവിമാരുടെ ചുമലിലേക്കാണ് വന്നുവീഴുക.'(ഗവൺമെന്റ് അംഗ്രേസി ഔർ ജിഹാദ്, റൂഹാനീഖസാഇൻ, ഭാഗം 17, പേജ് 7)

''അവരുടെ മനസ്സിലുള്ള ജിഹാദ് എന്ന ആശയം യഥാർഥത്തിൽ ശരിയല്ല. അതിന്റെ ആദ്യപടി മാനുഷിക സഹാനുഭൂതിയെ കൊല ചെയ്യലാണ്.' (ഗവൺമെന്റ് അംഗ്രേസി ഔർ ജിഹാദ്, റൂഹാനീഖസാഇൻ, ഭാഗം 17, പേജ് 8)

''മൗലവിമാർ ജിഹാദിന്റെ യാഥാർഥ്യം മറച്ചുവച്ച് കൊല്ലും മനുഷ്യക്കൊലയും പദ്ധതിയിട്ടുകൊണ്ട് സാധാരണക്കാരെ ഉദ്ബോധിപ്പിച്ചു. എന്നിട്ട് അതിന്റെ പേര്

ജിഹാദ് എന്നു വച്ചു.' (ഗവൺമെന്റ് അംഗ്രേസി ഔർ ജിഹാദ്, റൂഹാനീ ഖസാഇൻ, ഭാഗം 17, പേജ് 9)

"ഇക്കാലത്തെ മൃഗതുല്യർ ജിഹാദെന്ന പേരിൽ അവലംബിച്ചിരിക്കുന്ന രീതി ഇസ് ലാമിക ജിഹാദല്ല. മറിച്ച് അത് ദോഷപ്രവണമായ ആത്മാവിന്റെ ആവേശത്തിമിർപ്പോ അല്ലെങ്കിൽ സ്വർഗം ലഭിക്കുമെന്ന മിഥ്യാഭിലാഷത്തിലുള്ള അന്യായമായ പ്രവൃത്തികളോ ആണ്. അത് ഇന്ന് മുസ്‌ലിമീങ്ങളിൽ വ്യാപിച്ചിരിക്കുന്നു.' (ഗവൺമെന്റ് അംഗ്രേസി ഔർ ജിഹാദ്, റൂഹാനീഖസാഇൻ, ഭാഗം 17, പേജ് 8)

## ജിഹാദിന്റെ സ്വയംകൃത വിശ്വാസത്തിന്റെ ദുഷ്ഫലങ്ങൾ:

1. ക്രിസ്ത്യാനികൾ തങ്ങളുടെ മതത്തെ മതസ്നേഹം എന്ന നിലയിൽ പരിചയപ്പെടുത്തി. ഭൗതികചിന്താഗതിക്കാർ ക്രൈസ്തവമതത്തെ സ്നേഹത്തിന്റേയും മൃദുഭാവത്തിന്റേയും സഹിഷ്ണുതയുടേയും മതമായി വിശ്വസിക്കാൻ തുടങ്ങി. ഇപ്രകാരംതന്നെ സനാതന ധർമക്കാർ (ഹിന്ദുമതം) തങ്ങളുടെ ധർമത്തെ അഹിംസ എന്ന നിലയിൽ പരിചയപ്പെടുത്തി. ഹിന്ദുമതം ബലാൽക്കാരത്തിൽ വിശ്വസിക്കാത്തവരാണെന്ന് വിളംബരം ചെയ്തു; ഈ മതത്തിൽ മനുഷ്യരെ കൊല്ലുന്നുണ്ടെന്നത് വേറെ കാര്യം. ഏതു ജീവിയേയും കൊല്ലുന്നത് വിരോധമാണ്. ഇപ്രകാരം ലോകത്തിലെ മറ്റു മതങ്ങളുടെ നേതാക്കന്മാരും അവരവരുടെ മതത്തെ ഏറ്റവും ഉന്നതമായി സ്ഥാപിച്ചു. അവർ പറഞ്ഞത് തങ്ങളുടെ മതം വിനയത്തിന്റേയും സ്നേഹത്തിന്റേയും അധ്യാപനങ്ങളടങ്ങിയതാണെന്നാണ്. അവരുടെ യഥാർഥ ഗ്രന്ഥം എന്ത് അധ്യാപനമാണ് നല്കുന്നതെന്നത് വേറെ കാര്യം. എന്നാൽ, ഈ മതങ്ങളുടെ ധ്വജവാഹകർ തങ്ങളുടെ മതത്തിൽ സ്നേഹമേയുള്ളൂ ബലാൽക്കാരമില്ല എന്ന് അംഗീകരിപ്പിച്ചു.

ഇതിന്നെതിരിൽ പര്യവസാനത്തെക്കുറിച്ച് അറിയാത്ത മുസ്‌ലിമീങ്ങളുടെ നാമമാത്ര മൗലവിമാരും നാമമാത്ര ഉലമായും ഇസ്‌ലാമിനെ ഏതുരീതിയിലാണോ ലോകത്തിന്റെ മുമ്പിൽ അവതരിപ്പിച്ചത്, അതിൽനിന്ന് ഇസ്‌ലാം ഭീകരവാദിത്തിന്റേയും ഭീകര പ്രവർത്തനത്തിന്റേയും അധ്യാപനമനല്ലാതെ ഒന്നും നല്കുന്നില്ലെന്ന് ജനങ്ങൾക്ക് ബോധ്യമായി. മൗലവിമാരുടെ കീഴിൽ കഴിയുന്ന മുസ്‌ലിമീങ്ങൾ ആ ഇസ്‌ലാമിനെ സയ്യിദുനാ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുമായി കൂട്ടിച്ചേർത്തു പറയാൻ തുടങ്ങി; അതിനാണെങ്കിൽ നബി(സ)തിരുമേനി അവതരിപ്പിച്ച ഇസ്‌ലാമുമായി വിദൂരബന്ധം പോലുമില്ല.

2. വർത്തമാനകാലത്ത് എല്ലാ രാജ്യത്തും മുസ്‌ലിമീങ്ങളുടെ രണ്ട് കക്ഷി ഉണ്ടായിരിക്കുന്നു എന്നതാണ് ഖേദകരം. ഒന്ന് ഭരണകക്ഷിയുടെ ഭാഗത്ത്. രണ്ടാമത്തേത് ഭരണകൂടത്തിന്റെ എതിർഭാഗത്ത്. ഇരുവരും ആഗോള ഇസ്‌ലാമിക ശത്രുക്കളുടെ ആയുധമായിരിക്കുന്നു. ഇരുകൂട്ടർക്കും ഭയാനകമായ ആയുധങ്ങൾ വിതരണം ചെയ്യുന്നത് വിദേശശക്തികളാണ്. വാസ്തവത്തിൽ ഇസ്‌ലാമിന് അതുമായി ഒരു ബന്ധവുമില്ല. പ്രത്യുത വിദേശശക്തികളുടെ ഒരു തന്ത്രമാണിത്. ഇതുമുഖേന ഇസ്‌ലാമിന്റെ സമാധാനപരമായ അധ്യാപനത്തെ മോശമായി അവതരിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇസ്‌ലാം ഒരു ഭീകരവാദത്തിന്റെ, ഭയത്തിന്റെ മതമാണെന്ന് പരസ്യപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

ഉദാഹരണത്തിന് ഈ അടുത്തകാലത്ത് അഫ്ഗാനിസ്താനിൽ റഷ്യൻ സൈന്യം കടന്നു. അഫ്ഗാനിസ്ഥാൻ പിടിച്ചെടുത്തു. റഷ്യയുടെ എതിർശക്തിയായ അമേരിക്കക്ക് ഇതു സഹിച്ചില്ല. അവർ പെശാവറിലും അതിനു ചുറ്റുമുള്ള മുസ്‌ലിം ജിഹാദുകാർക്കും പരിശീലനം നൽകി. അവരെ ജിഹാദിനായി അഫ്ഗാനിസ്താനിൽ അയച്ചു. അവരെ നല്ലവണ്ണം സഹായിച്ചു. അവസാനം കുറച്ചുവർഷത്തെ ശ്രമത്തിനുശേഷം റഷ്യ, അഫ്ഗാനിസ്താനിൽനിന്ന് പുറത്തുപോകാൻ നിർബന്ധിതരായി. അതിനുശേഷം അമേരിക്ക അവിടെ ആധിപത്യം സ്ഥാപിച്ചു. അഫ്ഗാനിസ്താനിൽ ഇതുവരെ മുസ്‌ലിമീങ്ങളുടെ ചോരകൊണ്ട് ഹോളി കളിക്കുകയാണ്. ഇതെല്ലാം ജിഹാദിന്റെ പേരിൽ ഇസ്‌ലാമിന് ദുഷ്പേരു വരുത്തിവച്ചുകൊണ്ടിരിക്കുകയാണ്.

കേവലം അഫ്ഗാനിസ്താനിലും ഇറാഖ്, ശാം, ഈജിപ്ത്, ഫലസ്തീൻ, ലിബിയ, അറേബ്യൻ ദീപുകൾ, ടുണീഷ്യ, യമൻ തുടങ്ങി എല്ലായിടത്തും ഇതേ നാമമാത്ര ജിഹാദികൾ തങ്ങളുടെ നാമമാത്ര ജിഹാദ് മുഖേന ഇസ്‌ലാമിന് ദുഷ്പ്പേരുണ്ടാക്കിക്കൊണ്ടിരിക്കുന്നു. മറുഭാഗത്ത് തങ്ങളുടെ രാജ്യത്തെ നശിപ്പിക്കുകയും ചെയ്യുന്നു. ഇറാഖിൽ ഒരു നാമമാത്ര ഖലീഫയെ, ബഗ്ദാദിയെ ഒരു "അന്താരാഷ്ട്രശക്തി' എഴുന്നേല്പിച്ചു നിറുത്തി. അയാൾ മുഖേന ഇസ്‌ലാമിന്റെ പേരിൽ കൊലപാതകങ്ങൾ നടത്തിച്ചു. ഖിലാഫത്ത് എന്ന പരിശുദ്ധ നാമത്തിന് ചീത്തപ്പേരുണ്ടാക്കി. പിന്നീട് ഈ ആസൂത്രണ പദ്ധതി വിജയിക്കാതെ വന്നപ്പോൾ, പറയപ്പെടുന്നത് അയാളെ ഭൂമിയിൽനിന്ന് വിപാടനം ചെയ്തുവെന്നാണ്. ഇതെല്ലാം ഉണ്ടാകാൻ കാരണം മുസ്‌ലിമീങ്ങളുടെ മൗലവിമാർ ജിഹാദിന് തെറ്റായ അർഥം നല്കിയതാണ്. സാധാരണക്കാരെ എത്രമാത്രം പ്രകോപിപ്പിച്ചുവെന്നാൽ അവർക്ക് ജിഹാദിന്റെ ശരിയായ പൊരുൾപോലും മനസ്സിലാക്കാൻ കഴിഞ്ഞില്ല. അവർ ചോരപ്പുഴ ഒഴുക്കുന്നതാണ് "ജിഹാദ്' എന്ന് മനസ്സിലാക്കി!

## ജിഹാദിന്റെ സ്വയംകൃതവിശ്വാസവും അതിന്റെ ദുസ്സ്വാധീനത്തിൽനിന്ന് രക്ഷപ്പെടാനുള്ള മാർഗവും

അല്ലാഹു സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഇക്കാലത്ത് നീതിമാനായ വിധികർത്താവായി അയച്ചു. അവിടന്ന് മുസ്‌ലിമീങ്ങൾ വികലമാക്കിവെച്ചിരുന്ന വിശ്വാസങ്ങളെ എല്ലാം ശരിയാക്കി. അവയിലൊന്ന് ജിഹാദായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ജിഹാദിന്റെ ശരിയായ നിർവചനം ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുത്തു. അവിടന്ന് പറഞ്ഞു: "വർത്തമാനകാലത്ത് ഒരു രാജ്യവും ഒരു ശക്തിയും മുസ്‌ലിമീങ്ങളെ ഇസ്‌ലാമികാധ്യാപനങ്ങളനുസരിച്ച് കർമങ്ങൾ ചെയ്യുന്നതിന് വാൾ മുഖേന തടയുന്നില്ല. മുസ്‌ലിമീങ്ങളുടെ ഒരു കാര്യത്തിലും കൈക്കടത്തുന്നില്ല. മക്കയിലെ നിഷേധികൾ കാണിച്ചതുപോലുള്ള അതിക്രമങ്ങളും കാണിക്കുന്നില്ല. അതുകൊണ്ട് "ജിഹാദെ അസ്ഗറി'ന്റേയോ (ചെറിയ ജിഹാദ്) വാളെടുത്തുള്ള ജിഹാദിന്റേയോ ആവശ്യംതന്നെ വരുന്നില്ല.'

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഇന്നുമുതൽ വാളെടുത്തുള്ള "ജിഹാദ്' യുദ്ധം അല്ലാഹുവിന്റെ കല്പനയാൽ നിരോധിച്ചിരിക്കുന്നു. ഇതിനുശേഷം ആരാണോ അവിശ്വാസികൾക്കുമേൽ വാളെടുക്കുന്നത് തന്റെ നാമം മുസ്‌ലിം യോദ്ധാവ് എന്നു വെക്കുന്നത് അയാൾ ഇന്നേക്ക് 1300 വർഷം മുമ്പേ മസീഹ് മൗഊദ് വരുമ്പോൾ എല്ലാ വാളെടുത്തുള്ള യുദ്ധങ്ങളും അവസാനിപ്പിക്കുമെന്ന് നബി(സ) തിരുമേനി പറഞ്ഞതിനോട് ധിക്കാരം കാണിക്കുകയാണ് ചെയ്യുന്നത്. ഇപ്പോൾ എന്റെ വെളിപെടലിനുശേഷം വാളെടുത്തുള്ള ഒരു യുദ്ധവുമില്ല. നമ്മുടെ ഭാഗത്തുനിന്ന് സമാധാനത്തിന്റെയും ഐക്യത്തിന്റെയും വെള്ളക്കൊടി ഉയർത്തപ്പെട്ടിരിക്കുന്നു. അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നതിന് ഒരു വഴിയല്ല. അല്ലാഹുവിന്റെ യുക്തിയും ഉദ്ദേശ്യവും അതേ വഴി സ്വീകരിക്കാൻ ആഗ്രഹിക്കുന്നില്ല. ഇതിന്റെ ഉദാഹരണം എങ്ങനെയാണെന്നാൽ, ഏതൊരു അടയാളങ്ങളെയാണോ ആദ്യമേ നിഷേധിക്കപ്പെട്ടുകഴിഞ്ഞിട്ടുള്ളത് അത് നമ്മുടെ നബിയ്ക്ക് നല്കപ്പെട്ടില്ല. അതുകൊണ്ട് വാഗ്ദത്ത മസീഹ് തന്റെ സൈന്യത്തിന് ഈ നിരോധിക്കപ്പെട്ട സ്ഥാനത്തുനിന്ന് പിന്നിലേക്കുമാറാൻ കല്പിക്കുന്നു.'(ഖുത്ബഇൽഹാമിയ, റൂഹാനീ ഖസാഇൻ, വാള്യം 16, പേജ് 28)

"തുഹ്ഫയെ ഗോൽഡവി-'യായിൽ പറയുന്നു: "അതായത് ഇക്കാലത്ത് ഈ രാജ്യത്ത് വാളെടുത്ത് ജിഹാദ് ചെയ്യുന്നതിനുള്ള കാരണങ്ങളൊന്നുമില്ല. അതുകൊണ്ട് ദീൻ പ്രചരിപ്പിക്കുന്നതിന് വാളെടുത്ത് യുദ്ധം ചെയ്യുക എന്നത് മുസ്‌ലിമീങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു; കെട്ടുറപ്പുള്ള മതസംഹിതയെ നിഷേധിക്കുന്നവനെ കൊല്ലുന്നതും! കാരണം സമാധാനത്തിന്റേയും സൗഖ്യത്തിന്റേയും കാലഘട്ടത്തിൽ യുദ്ധം നിഷിദ്ധമാണെന്ന് അല്ലാഹു വ്യക്തമായും പറഞ്ഞിരിക്കുന്നു.' (ളമീമ തുഹ്ഫയെ ഗോൽഡവിയ്യ. റൂഹാനീ ഖസാഇൻ, വാള്യം 17, പേജ് 82)

വീണ്ടും പറയുന്നു: "അതിനാൽ ഈ സുന്നത്ത് (അതായത് വാളെടുത്തുള്ള ജിഹാദ്) മാറ്റിവെക്കപ്പെട്ടിരിക്കുന്നു. കാരണം അതു ചെയ്യാനുള്ള കാരണങ്ങളൊന്നും ഇപ്പോഴില്ല. അതുകൊണ്ട് അവിശ്വാസികൾ നമുക്കെതിരെ ഏതു നിലപാടാണോ സ്വീകരിക്കുന്നത് അതേ നിലപാടു സ്വീകരിക്കാൻ നമ്മൾ കല്പിക്കപ്പെട്ടിരിക്കുന്നു. അവർ നമ്മെ വാളെടുത്ത ആക്രമിക്കുന്നതുവരെ നമ്മളും വാളെടുത്ത് ആക്രമിക്കുകയില്ല.' (ഹഖീഖത്തുൽ മഹ്ദി, റൂഹാനീ ഖസാഇൻ, വാള്യം 14, പേജ് 454)

ചുരുക്കത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) മുസ്‌ലിമീങ്ങളെ ജിഹാദിൽ നിന്ന് തടഞ്ഞില്ല. പ്രത്യുത ഇസ്‌ലാമിന്റെ എതിരാളികളെ വാൾകൊണ്ടു നേരിടുന്നതും അവരെ കൊല്ലുന്നതുമാണ് തടഞ്ഞത്. കാരണം ഇസ്‌ലാംമതത്തെ ഉന്മൂലനം ചെയ്യുന്നതിനു

വേണ്ടി അവർ വാളെടുത്ത് ആക്രമണം നടത്തുന്നില്ല. അതുകൊണ്ട് അകാരണമായി വാളെടുക്കുക എന്നത് മുസ്‌ലിമീങ്ങൾക്കും അനുവദനീയമല്ല; മുസ്‌ലിം യോദ്ധാവ് എന്ന് പറയിപ്പിക്കാനുള്ള താൽപര്യത്തിൽ സത്യനിഷേധിയുടെ തല അറുക്കുന്നതും!

**മുസ്‌ലിംകളുടെ പക്കൽ വാളെടുത്ത് യുദ്ധം ചെയ്യാൻ വാളുമില്ല പരിചയുമില്ല.**

സയ്യിദുനാ മുഹമ്മദ് മുസ്തഫാ(സ)പറഞ്ഞു: *ഇന്നമൽ ഇമാമു ജുന്നത്തു യുഖാത്തിലു മിൻ വ്വറാഇഹീ വ യുത്തഖാ ബിഹി* (സ്വഹീഹ് മുസ്‌ലിം, കിതാബുൽ ഇമാം) അതായത് (അല്ലാഹുവിൽനിന്ന്) നിശ്ചയിക്കപ്പെട്ട ഇമാം പരിചയാകുന്നു. അദ്ദേഹത്തിന്റെ പിന്നിൽ നിന്നാണ് യുദ്ധം ചെയ്യപ്പെടുന്നത്. അദ്ദേഹം മുഖേനയാണ് രക്ഷിക്കപ്പെടുന്നത്. അത്തരം പോരാട്ടക്കാരെക്കുറിച്ച് അല്ലാഹുവിന്റെ വാഗ്ദാനമുണ്ട്, അല്ലാഹു അവരെ സഹായിക്കാൻ പൂർണമായും കഴിവുള്ളവനാണ്. വർത്തമാനകാലത്ത് മുസ്‌ലിമീൻ എന്നു പറയപ്പെടുന്ന രാജ്യത്തിലെ ഭരണാധികാരികളോ ഭീകരസംഘടനകളോ- തങ്ങൾ മുസ്‌ലിമീൻ എന്നു പറയുന്ന എല്ലാ രംഗത്തും പരാജയവും നിന്ദിതയും ഏറ്റുവാങ്ങിക്കൊണ്ടിരിക്കുകയാണ്. ഇത് വ്യക്തമായും തെളിയിക്കുന്നത് പ്രസ്താവിക്കപ്പെട്ട ആയത്തിന്റെ അടിസ്ഥാനത്തിൽ അവർക്ക് ദൈവസഹായമില്ലെന്നാണ്. അതേ, ഏതൊരു രാഷ്ട്രീയ നേട്ടത്തിനുവേണ്ടിയാണോ യുദ്ധം ചെയ്യുന്നത് അവർ രാഷ്ട്രീയത്തിന്റെ പേരിൽ പോരാടേണ്ടതാണ്. ഇസ്‌ലാമതത്തിന് അതുമായി ബന്ധമൊന്നുമില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഇപ്പോൾ നിങ്ങൾക്ക് എന്തുകൊണ്ട് വാളെടുത്ത് യുദ്ധം ചെയ്യാനുള്ള ശക്തിയില്ല. ഇതിന്റെ രഹസ്യം ഇപ്പോൾ അതിന്റെ ആവശ്യമില്ലെന്നാണ്. ഇപ്പോൾ ആരും മതത്തിന്റെ പേരിൽ നിങ്ങളിൽ അതിക്രമം കാണിക്കുന്നില്ല. മതകാര്യങ്ങളായ നമസ്കാരവും നോമ്പും തടയുന്നില്ല. അതുകൊണ്ട് അവർ, "ഇതു മസീഹിന്റെ കാലമാണെന്നും ഇപ്പോൾ വാളെടുത്തുള്ള യുദ്ധവും ജിഹാദും നിഷിദ്ധമാണെന്നും മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കണം.'(ഉമീമ തുഹ്ഫയെ ഗോൽഡവിയ്യ, റൂഹാനീ ഖസാഇൻ വാല്യം 17, പേജ് 77)

**ഓരോ കാലത്തിനും വ്യത്യസ്തമായ ജിഹാദ്**

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഇത് വാളെടുത്തുള്ള ജിഹാദിന്റെ കാലമല്ലെന്നു മനസ്സിലാക്കുക. പ്രത്യുത പ്രാർഥനയിലൂടേയും മഹത്തായ വചനങ്ങൾകൊണ്ടും ജിഹാദ് ചെയ്യേണ്ട കാലമാണ്.'(ഹഖീഖത്തുൽ മഹ്ദി, റൂഹാനീ ഖസാഇൻ വാല്യം 14,പേജ് 457)

"ഇക്കാലത്ത് ശക്തമായ വിവരണമല്ലാതെ ഒരു വാളുമില്ല. അടയാളങ്ങൾ വിവരിക്കുന്നതിലുള്ള സ്വാധീനം കുന്തത്തിന് ഒരിക്കലുമില്ല.(ഹഖീഖത്തുൽ മഹ്ദി, റൂഹാനീ ഖസാഇൻ വാല്യം 14,പേജ് 463)

അല്ലാഹു വിശുദ്ധ ഖുർആനിൽ സയ്യിദുനാ മുഹമ്മദു മുസ്തഫാ(സ) മുഖേന എല്ലാ മുസ്‌ലിമീങ്ങൾക്കും ഏതൊരു ജിഹാദാണോ കല്പിച്ചിട്ടുള്ളത് അത് "ജിഹാദെ കബീർ' വലിയ ജിഹാദാണ്. അല്ലാഹു പറയുന്നു: *വ ജാഹിദ്ഹും ബിഹി ജിഹാദൻ കബീറാ*(25:53). അതിനാൽ നീ അവിശ്വാസികളെ അനുസരിക്കരുത്. അതു(ഖുർആൻ)കൊണ്ട് അവരുമായി വലിയ സമരം നടത്തുക. ജിഹാദെ കബീർ ചെയ്യുക. മറ്റൊരു സ്ഥലത്ത് പറഞ്ഞു: *യാ അയ്യുഹർറസൂലു ബല്ലിഗ് മാ ഉൻസില ഇലയ്ക്ക മിൻ റബ്ബിക്ക*(5:68). അല്ലയോ ദൈവദൂതാ!നിനക്ക് നിന്റെ നാഥനിൽ നിന്ന് ഇറക്കപ്പെട്ടത് നീ ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുക.

വർത്തമാന കാലത്ത് മുസ്‌ലിമീങ്ങൾക്ക് നിർബന്ധമാക്കപ്പെട്ടിട്ടുള്ള ജിഹാദ്-അതു ചെയ്യേണ്ടത് ശക്തമായ ആവശ്യമാണ്- ഇസ്‌ലാമിക പ്രബോധനമാണ്. ദഅ്‌വത്തെ ഇലല്ലായാണ്. ഈ ജിഹാദെ കബീർ എല്ലാ മുസ്‌ലിമീങ്ങൾക്കും എല്ലാ കാലത്തും എല്ലാ സ്ഥലത്തും നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. എന്നാൽ, അഹോ കഷ്ടം! മുസ്‌ലിമീങ്ങളുടെ നാമമാത്ര മൗലവിമാരും നേതാക്കന്മാരും ഈ ജിഹാദിലേക്ക് ശ്രദ്ധിച്ചില്ല. ഇന്ന് ഒരുവിധ ആവശ്യവുമില്ലാത്ത ജിഹാദിലേക്കാണ് അവരുടെ ശ്രദ്ധ പോയത്. അതുകൊണ്ട് എല്ലായിടത്തും അവർ നിന്ദ്യമായ പരാജയം ഏറ്റുവാങ്ങിക്കൊണ്ടിരിക്കുന്നു. ഇന്നേക്ക് ഏകദേശം നൂറു വർഷം മുമ്പേ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഉപദേശിച്ചു:

അബ് ഛോഡ് ദോ ജിഹാദ് കാ
ഏ ദോസ്തോ ഖയാൽ
ദീൻ കേലിയെ ഹറാമ് ഹെ
അബ് ജൻഗോ ഖിത്താൽ
യെ ഹുക്കും സുൻകെ ഭി
ജോ ലഡാഇ കൊ ജായേഗാ
വൊ കാഫിറോം സെ
സഖ്ത്ത് ഹസീമത്ത് ഉഠായേഗാ

സുഹൃത്തുക്കളേ! വാളെടുത്ത് ജിഹാദു ചെയ്യാനുള്ള ചിന്ത ഇപ്പോൾ ഉപേക്ഷിക്കുക. ഇപ്പോൾ യുദ്ധവും കൊലയും മതത്തിൽ നിഷിദ്ധമാണ്. ഈ കല്പന കേട്ടിട്ടും ആരെങ്കിലും അതിനുപോകുകയാണെങ്കിൽ അവർ സത്യനിഷേധികളിൽനിന്ന് കഠിനമായ നിന്ദ്യത വഹിക്കുന്നതായിരിക്കും. (ഉമീമ തുഹ്ഫയെ ഗോൽഡവിയ്യ, റൂഹാനീ ഖസാഇൻ വാല്യം 17, പേജ് 77)

കഴിഞ്ഞ 102 വർഷം സാക്ഷിയാണ്. ലോകത്ത് എവിടെയൊക്കെ മുസ്‌ലിമീങ്ങൾ വാളെടുത്ത് ജിഹാദു ചെയ്തിട്ടുണ്ടോ അവിടെയൊക്കെ അവർക്ക് നിന്ദ്യമായ പരാജയം ഏറ്റുവാങ്ങേണ്ടി വന്നിട്ടുണ്ട്.

ഇന്ന് ഇസ്‌ലാമിക പ്രബോധനം നടക്കേണ്ട ആവശ്യമുണ്ട്; അതു ഖുർആൻ മുഖേനയാണ്. അൽഹംദുലില്ലാഹ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസിന്റെ ഇമാമത്തിൽ, നേതൃത്വത്തിൽ ജിഹാദെ കബീർ എന്ന നിർബന്ധ കടമ നിറവേറ്റിക്കൊണ്ടിരിക്കുന്നു. ♦

---

പേജ് 30ൽ നിന്ന്

സംസാരങ്ങളിലും ഏർപ്പെടരുത്. അശ്ലീലകഥകളോ വിടുവായത്തമോ പറയുകയുമരുത്. 'ഫസൂഖ്' എന്നതിന്റെ അർഥം അനുസരണത്തിൽനിന്നും ആജ്ഞാപാലനത്തിൽനിന്നും പുറത്തുപോകുക എന്നാണ്. അല്ലാഹുവിനെ അനുസരിക്കുന്നതിൽനിന്ന് പുറത്തുപോകാതിരിക്കേണ്ടത് ഹാജിമാർക്ക് നിർബന്ധമാണ്. അവർ എല്ലാ കല്പനകളും പാലിക്കേണ്ടതാണ്.

'ജിദാൽ' -ആളുകൾ കൂടുമ്പോൾ അവിടെ അടിപിടിയും ഉണ്ടാകാറുണ്ട്. കാരണം ആളുകളുടെ സ്വഭാവം പലതരത്തിലാണ്. ചിലർ വിട്ടുവീഴ്ചയില്ലാത്ത പിടിവാശിക്കാരായിരിക്കും. അതുകൊണ്ട് അവരിൽ നിസാരകാര്യംപോലും വഴക്കിന് കാരണമായിത്തീരുന്നു. ഉദാഹരണം, അവനെന്റെ സ്ഥലം എടുത്തു, എന്നെ തള്ളിത്താഴെയിട്ടു, അങ്ങനെ തുടങ്ങി പലതും. അതുകൊണ്ടാണ് വഴക്കിടരുത് എന്ന് പറഞ്ഞത്. ഹജ്ജിന് പുറപ്പെടുമ്പോൾ ഈ മൂന്നുകാര്യം ഓർമിക്കണമെന്ന് അല്ലാഹു മുസ്‌ലിമീങ്ങളോട് പറഞ്ഞു. ഇന്ന് സമ്മേളനത്തിന്റെ ആദ്യ ദിവസമാണ്. നമ്മുടെ സമ്മേളനവും ഹജ്ജുപോലെയാണ്. സത്യവിശ്വാസിയുടെ പുരോഗതിക്കായിട്ടാണ് അല്ലാഹു ഹജ്ജ് നിശ്ചയിച്ചിട്ടുള്ളത്. ഇന്ന് അഹ്മദികൾക്ക് മതപരമായ അടിസ്ഥാനത്തിൽ ഹജ്ജ് ഫലപ്രദമാണെങ്കിലും ഇതിന്റെ യഥാർഥ ഉദ്ദേശ്യമായ ജനതയുടെ ആത്മീയപുരോഗതി അതിൽനിന്ന് അവർക്ക് ലഭിക്കുക സാധ്യമല്ല. കാരണം ഹജ്ജിന്റ സ്ഥലം ഇന്നുള്ളത് അഹ്മദികളെ വധിക്കുന്നതുപോലും അനുവദനീയമാണെന്ന് കരുതുന്ന ഒരുപറ്റം ആളുകളുടെ കൈയിലാണ്. അതുകൊണ്ട് അല്ലാഹു ഖാദിയാനെ ഈ പ്രവർത്തനത്തിനായി നിശ്ചയിച്ചിരിക്കുന്നു. നമ്മുടെ ആളുകളിൽ അല്ലാഹു തൗഫീഖ് നൽകി അനുഗ്രഹിക്കുന്നവർ ഹജ്ജ് ചെയ്യാറുണ്ട്. എന്നാൽ, അവർ ഹജ്ജ് കൊണ്ടുദ്ദേശിക്കുന്ന യഥാർഥ ഫലമെടുക്കുന്നത് സമ്മേളനത്തിൽ പങ്കെടുത്തുകൊണ്ടാണ്. അല്ലാഹു പറയുന്നു, ഈ ഉദ്ദേശ്യത്തോടെ പുറപ്പെടുന്നവർ അശ്ലീലവും നിരർഥവുമായ കാര്യങ്ങൾ സംസാരിക്കരുത്. അല്ലാഹുവിന്റെ കല്പനയെ ധിക്കരിക്കരുത്. വഴക്കും അടിപിടിയും ഉണ്ടാക്കുകയുമരുത്.' *(ബർക്കാത്തെ ഖിലാഫ, പേ 5)*

★★★

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കുന്നതിനും മലക്കുകളുടെ വലയത്തിനുള്ളിൽ വരുന്നതിനും, നമ്മളിൽ ഓരോരുത്തരും വിശുദ്ധഖുർആൻ പഠിക്കുകയും അത് മനസ്സിലാക്കുകയും നമ്മുടെ മക്കളെ പഠിപ്പിക്കുകയും നിത്യവും ഖുർആൻ പാരായണം ചെയ്യാൻ അവരെ ഉപദേശിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്.'**
**(ഖുത്ബാത്തെ മസ്റൂർ, വാല്യം 3, പേജ് 565)**

ത്വാലിബെ ദുആ:
M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)

പേജ് 24ൽ നിന്ന്

ക്കുള്ള ജിഹാദ് ബാക്കിയാണ്. ഇക്കാര്യം ഞാൻ സ്വന്തമായി പറയുന്നതല്ല. മറിച്ച് ദൈവേച്ഛ ഇതാണ്. സ്വഹീഹുൽ ബുഖാരിയിലെ ഈ ഹദീഥിനെക്കുറിച്ച് ചിന്തിക്കുക. അതിൽ മസീഹ് മൗഊദിനെ പരിചയപ്പെടുത്തിക്കൊണ്ട് എഴുതിയിരിക്കുന്നത് യള ഉൽഹർബ് അതായ് മസീഹ് വരുമ്പോൾ മത യുദ്ധങ്ങൾ അവസാനിപ്പിക്കും എന്നാണ്.' (ബ്രിട്ടീഷ് ഗവർമെന്റും ജിഹാദും റൂഹാനീ ഖസാഇൻ വാള്യം 17, പേജ് 15)

**നിഷിദ്ധമാക്കപ്പെട്ടതിന്റെ താൽക്കാലിക വിധി**

വിശുദ്ധഖുർആനിലും ഹദീഥിലും കാണപ്പെടുന്ന ഈ പ്രവചനപ്രകാരം അവിടന്ന് എന്നന്നേക്കുമായി സായുധജിഹാദ് ദുർബലപ്പെടുത്തിയിട്ടില്ല. മറിച്ച് തങ്ങളുടെ കാലഘട്ടത്തിൽ സായുധജിഹാദിനുള്ള നിബന്ധനകൾ കാണപ്പെടാത്തതിനാൽ ഏതുവരെയാണോ അതിന്റെ നിബന്ധനകൾ കാണപ്പെടാത്തത് ആ കാലഘട്ടം വരേക്കുമാണ് ദുർബലപ്പെടുത്തുകയോ ഒഴിവാക്കുകയോ ചെയ്തിട്ടുള്ളത്. കൂടാതെ ജിഹാദെ അക്ബർ, ജിഹാദെ കബീർ പ്രാവർത്തികമാക്കുന്നതിന് ശക്തിയുക്തം പറയുകയും ചെയ്തിരിക്കുന്നു. അവിടന്ന് പറയുന്നു: 'ഇക്കാലത്ത് ജിഹാദ് ആത്മീയരൂപത്തിലാണ് നിറം പിടിപ്പിച്ചിട്ടുള്ളത്. ഇസ്‌ലാമിന്റെ കലിമയുടെ ഔന്നത്യത്തിനായി പരിശ്രമിക്കലാണ് ഈ കാലഘട്ടത്തിലെ ജിഹാദ്. എതിരാളികളുടെ ആക്ഷേപങ്ങൾക്ക് മറുപടി നൽകുക. പരിശുദ്ധ ദീനുൽ ഇസ്‌ലാമിന്റെ മഹത്വങ്ങളെ ലോകത്ത് വ്യാപിപ്പിക്കുക. നബി(സ)തിരുമേനിയുടെ സത്യതയെ ലോകത്തിന് മുമ്പാകെ പ്രകടമാക്കുക. ഏതുവരെ ദൈവം അതിന്റെ മറ്റൊരു രൂപം ലോകത്ത് പ്രകടമാക്കുന്നില്ലയോ ഇതു തന്നെയാണ് ജിഹാദ്.' (മക്തൂബ് ഹദ്റത്ത് മസീഹ് മൗഊദ്(അ) ബനാം മീർ നാസിർ നവാബ് സാഹിബ് രിസാല ദുറൂദ് ശരീഫ് പേജ് 113)

ഏതുവരെ ദൈവം മറ്റൊരു രൂപം ലോകത്ത് പ്രകടമാക്കുന്നില്ലയോ എന്ന വാക്കും ഈസാ മസീഹ് യുദ്ധങ്ങൾ ഒഴിവാക്കുന്നതാണ് എന്ന പദ്യവരിയും വ്യക്തമാക്കുന്നത് സായുധജിഹാദ് നിരോധനത്തിന്റെ അവിടത്തെ ഫത്‌വ താൽക്കാലികവും വാൾകൊണ്ടുള്ള ജിഹാദിന്റെ നിബന്ധനകൾ കാണപ്പെടാത്തത് വരേക്കുമാത്രമാണ്. അതുപോലെ തന്നെ പാതിരി ഇമാമുദ്ദീന്റെ ജിഹാദ് വിഷയത്തിന്മേലുള്ള ആക്ഷേപത്തിന് മറുപടി നൽകിക്കൊണ്ട് പറയുന്നു: 'ഈ വിമർശകൻ ഇസ്‌ലാമിക ജിഹാദിനെ സംബന്ധിച്ച് പറഞ്ഞിരിക്കുന്നു. ഖുർആൻ ഒരു നിബന്ധനയുടെ പരിഗണനയുമില്ലാതെ ജിഹാദിന് പ്രേരിപ്പിക്കുന്നതായാണ് അയാൾ വിചാരിക്കുന്നത്. ചിന്തിക്കുന്നവരാണെങ്കിൽ അറിഞ്ഞുകൊള്ളുക. ഇതിലും വലിയ ഒരു കളവും കെട്ടുകെട്ടലുമുണ്ടാവുകയില്ല. അതുകൊണ്ട് അറിയുക. വിശുദ്ധഖുർആൻ യുദ്ധത്തിന് വെറുതെ കല്പന നൽകുന്നില്ല. മറിച്ച് ദൈവദാസരെ വിശ്വാസത്തിൽനിന്ന് തടയുകയും അവർ ദൈവിക കല്പനകൾ പ്രാവർത്തികമാക്കുന്നതിനെ തൊട്ട് തടയപ്പെടുകയും അവരെ ആരാധിക്കുന്നതിൽനിന്ന് തടയുകയും ചെയ്യുന്നവരോട് മാത്രമാണ് യുദ്ധം ചെയ്യാൻ കല്പന നൽകിയിട്ടുള്ളത്. മുസ്‌ലിമീങ്ങളോട് ഒരുവിധ കാരണവുമില്ലാതെ യുദ്ധം ചെയ്യുകയും വിശ്വാസികളെ അവരുടെ വീടുകളിൽനിന്നും നാട്ടിൽനിന്നും പുറത്താക്കുകയും ദൈവദാസരെ ബലാൽക്കാരമായി അവരുടെ മതത്തിൽ പ്രവേശിപ്പിക്കുകയും ഇസ്‌ലാം ദീനിനെ നാമാവശേഷമാക്കാൻ ആഗ്രഹിക്കുകയും ജനങ്ങളെ മുസ്‌ലിമാവുന്നതിനെ തൊട്ട് തടയുകയും ചെയ്യുന്ന ആളുകളോട് യുദ്ധം ചെയ്യാനാണ് കല്പന നൽകിയിട്ടുള്ളത്. ഇത്തരം ആളുകളുടെമേൽ ദൈവത്തിന്റെ ക്രോധമുണ്ട്. *വവജബ അലൽ മുഅ്മിനീന അൻയ്യുഹാരിബൂഹും ഇൻല്ലം യൻതഹൂ* അവർ പിന്തിരിയുന്നില്ലെങ്കിൽ അവരുമായി യുദ്ധം ചെയ്യൽ വിശ്വാസികൾക്ക് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. (നൂറുൽ ഹഖ് ഭാഗം 1, റൂഹാനീഖസാഇൻ വാള്യം 8, പേജ് 62) സായുധ ജിഹാദിനുള്ള നിബന്ധനകൾ കാണപ്പെടുന്ന കാലത്ത് വാളുകൊണ്ടുള്ള ജിഹാദ് മുഅ്മിനീംകളുടെമേൽ നിർബന്ധമാക്കപ്പെടും എന്ന അഭിപ്രായമാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഉള്ളത് എന്നാണ് അവിടത്തെ ഈ ലിഖിതത്തിൽനിന്ന് വ്യക്തമാകുന്നത്.

ഇസ്‌ലാം സംസ്കരണത്തിനും ആത്മശുദ്ധിക്കും ജിഹാദെഅക്ബർ എന്നും ഉപദേശനിർദേശങ്ങൾക്കും തബ്‌ലീഗിനും ജിഹാദെ കബീർ എന്നും പറഞ്ഞുകൊണ്ട് അവയെ സ്ഥായിയും നിർബന്ധവുമാക്കിയതോടൊപ്പം വാളുകൊണ്ടുള്ള ജിഹാദിനെ ജിഹാദെ അസ്ഗർ അഥവാ ഏറ്റവും ചെറിയ ജിഹാദും താൽക്കാലികവുമാക്കിക്കൊണ്ട് നിബന്ധനകൾക്ക് വിധേയമാക്കിയിരിക്കുന്നു. എവിടെയാണോ അതിന്റെ നിബന്ധനകൾ കാണപ്പെടുന്നത് അവിടെ സായുധജിഹാദ് നിർബന്ധമായിരിക്കും. എവിടെയാണോ നിബന്ധനകൾ കാണാതാവുന്നത് അവിടെ അത് സംഭാവ്യമല്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്ത് സായുധജിഹാദിനുള്ള നിബന്ധനകൾ കാണപ്പെടുന്നില്ലായിരുന്നു. അതുകൊണ്ട് അവിടന്ന് അതിനെതിരിലുള്ള ഫത്‌വ നൽകി. ഉന്നതശീർഷരായ സകല പണ്ഡിതന്മാരും തങ്ങളുടെ കർമങ്ങൾകൊണ്ടും തങ്ങളുടെ തൂലികകൾകൊണ്ടും മേൽസ്ഥാപിക്കപ്പെട്ടതുപോലെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആശയത്തെ അംഗീകരിച്ചു. എന്നാൽ, 1947-ൽ ഇന്ത്യാ വിഭജനത്തിനുശേഷം അവസ്ഥകൾ മാറി. കിഴക്കൻ പഞ്ചാബിൽനിന്ന് മുസ്‌ലിമീങ്ങളെ ഇല്ലായ്മ ചെയ്യുന്നതിനു വേണ്ടി അമുസ്‌ലിമീങ്ങളുടെ ഒരു ആസൂത്രിത പദ്ധതിക്കു കീഴിൽ ആക്രമണം ഉണ്ടായി. ചുരുക്കത്തിൽ മുസ്‌ലിമീങ്ങളെ ഇല്ലായ്മ ചെയ്യുകയും അവരുടെ മതത്തെ നശിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ ശത്രുക്കൾ ആക്രമണം നടത്തുകയാണെങ്കിൽ അത്തരം അക്രമികളായ ശത്രുക്കൾക്കെതിരിൽ പ്രതിരോധയുദ്ധം നടത്തൽ ഇസ്‌ലാമിക നിയമപ്രകാരം ജിഹാദ് ആകുന്നു. ഇസ്‌ലാമിന്റെ യുദ്ധങ്ങൾ മൂന്ന് വിധത്തിലുള്ളതാണ്. 1. പ്രതിരോധപരം അതായത് സംരക്ഷണത്തിന്റെ മാർഗത്തിൽ സ്വന്തം അധികാരത്തിൽപെട്ടത്. 2. ശിക്ഷ എന്ന നിലയ്ക്ക്. അതായത് രക്തത്തിന് പകരം രക്തം 3. സ്വാതന്ത്ര്യം നിലനിറുത്താൻ അതായത് ഇസ്‌ലാം സ്വീകരിച്ച കാരണത്താൽ അവരുടെ ചെറുത്തുനിൽപിന്റെ ശക്തി ഇല്ലാതാക്കുന്നതിന് അവർ വധിക്കപ്പെട്ടിരുന്നു. ജിഹാദിന്റെ വാക്കർഥങ്ങൾ മുന്നിൽവെച്ചുകൊണ്ട് ഈ മൂന്ന് രീതിയനുസരിച്ചും ജിഹാദ് അനുവദനീയമാകുന്നു. എന്നാൽ, ഏതെങ്കിലും വ്യക്തിയെ ബലാൽക്കാരപൂർവ്വം വധഭീഷണിയാൽ മതത്തിൽ പ്രവേശിപ്പിക്കുകയോ അല്ലെങ്കിൽ രാജ്യം പിടിച്ചടക്കുന്നതിനോ രാജ്യം വിശാലമാക്കുന്നതിനോ കടന്നാക്രമണം നടത്തുകയോ ചെയ്യുന്നതിനെ ഇസ്‌ലാം ശക്തമായി എതിർക്കുന്നു.

AL ISLAM
Al Islam - Official website of Ahmadiyya Muslim Community


**ദൈവവചനം**

'ഞങ്ങളുടെ നാഥാ! ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അതിനാൽ ഞങ്ങളുടെ പാപങ്ങൾ നീ ഞങ്ങൾക്കു പൊറുത്തു തന്നാലും. നരകശിക്ഷയിൽനിന്ന് നീ ഞങ്ങളെ കാത്തു രക്ഷിച്ചാലും.' (ആലുഇംറാൻ;17)

**ജൽസസാലാന ഖാദിയാൻ 2019**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

*ത്വാലിബെ ദുആ:*
Members Of Ahmadiyya Jama'ath
Muriyakanny(Kerala State)

**ദൈവവചനം**

'വിശ്വസിച്ചവരേ! അല്ലാഹുവിനെ സൂക്ഷിക്കേണ്ട മുറയനുസരിച്ച് സൂക്ഷിക്കുക. അല്ലാഹുവിനോടു പൂർണമായ അനുസരണം പുലർത്തുന്നവരായിക്കൊണ്ടല്ലാതെ നിങ്ങൾ മരിക്കാനിടയാകരുത്.' (ആലുഇംറാൻ:103)

**ജൽസസാലാന ഖാദിയാൻ 2019**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

*ത്വാലിബെ ദുആ:*
K.Haris Ahmadiyya Jama'ath
Thirur(Kerala State)

പേജ് 8ൽ നിന്ന്

ഹ്(സ) യുദ്ധങ്ങളോടൊപ്പം തന്റെ ശത്രുക്കളേയും പരാജയപ്പെടുത്തി എന്നാണ്. മുഹമ്മദ് റസൂലുല്ലായുടെ വിജയങ്ങൾ യുദ്ധങ്ങളുമായി ബന്ധപ്പെട്ടതായിരുന്നെങ്കിൽ വിശുദ്ധഖുർആൻ അതിനെ സൂചനയായി ചെറുതെന്ന് പറഞ്ഞതെന്തിനാണ്? ഖുർആൻ കൊണ്ടുള്ള യുദ്ധത്തെ വലുത് എന്നെന്തിന് പറഞ്ഞു? *ജാഹിദ്ഹും ബിഹീ ജിഹാദൻ കബീറാ* എന്ന് അതെന്തിനാണ് പറഞ്ഞത്? ഏ മുഹമ്മദ് റസൂലുല്ലാഹ്! നിന്റെ യഥാർഥ യുദ്ധം വിശുദ്ധഖുർആന്റെ ആയുധംകൊണ്ടാണ്. നീ ഈ ആയുധത്തോടുകൂടി നിന്റെ ശത്രുക്കളോടു യുദ്ധം ചെയ്യുക. ഈ യുദ്ധമായിരിക്കും വലിയ യുദ്ധം.

അത്ഭുതകരമായ കാര്യം രണ്ട് യുദ്ധത്തെ കുറിച്ച് പറഞ്ഞിട്ടുള്ള -ഒന്ന് വാൾ എടുത്തുള്ള യുദ്ധം ചെറുതായിരിക്കുമെന്നും തെളിവുകളും പ്രമാണങ്ങളും കൊണ്ടുള്ള യുദ്ധം വലുതായിരിക്കുമെന്നും- വചനം ഫുർഖാൻ എന്ന അധ്യായത്തിന്റെ വചനമാണെന്നതാണ്. അത് മക്കയിൽ അവതരിച്ചതാണ്; അതായത് നബി(സ)തിരുമേനി അപ്പോൾ മക്കയിൽ തന്നെയായിരുന്നു.അദ്ദേഹത്തിന് പട്ടാളമൊന്നുമുണ്ടായിരുന്നില്ല. രാജ്യമുണ്ടായിരുന്നില്ല. അപ്പോഴാണ് അല്ലാഹു പറഞ്ഞത് നിനക്ക് നിന്റെ എതിരാളികളോടു യുദ്ധങ്ങൾ ചെയ്യേണ്ടിവരുമെന്ന്; കുറച്ച് വാളുകൾകൊണ്ടും കുറച്ച് തെളിവുകളും പ്രമാണങ്ങളും കൊണ്ടും. തെളിവുകളും പ്രമാണങ്ങളും കൊണ്ടുള്ള യുദ്ധങ്ങൾ വലുതായിരിക്കും; വാളുകൾകൊണ്ടുള്ള യുദ്ധം ചെറുതും. നബി(സ) തിരുമേനി തന്നെയാണ് ഈ വ്യത്യാസം വിവരിച്ചത്. ഒരിക്കൽ അവിടന്ന് യുദ്ധത്തിൽനിന്ന് മടങ്ങിവന്നു. അപ്പോൾ പറഞ്ഞു. *റജഅ്നാ മിനൽ ജിഹാദിൽ അസ്ഗരി ഇലൽ ജിഹാദിൽ അക്ബരി (റദ്ദുൽ മുഖ്താരി അല അദ്ദുർറുൽ മുഖ്താരി വാല്യം 3, പേജ് 235)*

നമ്മൾ ഒരു ചെറിയ യുദ്ധത്തിൽനിന്ന് മടങ്ങിവന്നിരിക്കുകയാണ് എന്തിനെന്നാൽ വലിയ യുദ്ധം അതായത് തെളിവുകളുടെയും പ്രമാണങ്ങളുടെയും യുദ്ധവും ഖുർആനിന്റെ പ്രചാരണയുദ്ധവും തുടങ്ങുന്നതിനുവേണ്ടി. അതിനാൽ തെളിവുകളും പ്രമാണവും കൊണ്ടുള്ള യുദ്ധത്തെ വലിയ യുദ്ധമെന്നും വാളെടുത്തുള്ള യുദ്ധത്തെ ചെറിയ യുദ്ധമെന്നും നബി (സ) തിരുമേനിയും പറഞ്ഞിരിക്കുന്നു.' *(തഫ്സീർ കബീർ, വാല്യം 7, പേജ് 471)*

**ദാറുൽ മസീഹ്**

മസ്ജിദ് മുബാറക്കിനോട് ചേർന്നിട്ടുള്ള ഹദ്റത്ത് മഹ്ദി മസീഹ്(അ)ന്റെ വീടിനാണ് ദുറുൽ മസീഹ് എന്നുപറയുന്നത്. അവിടെ ഗോൾകമറ (വൃത്താകൃതിയിലുള്ള മുറി)യുണ്ട്. ഈ മുറിയിൽവെച്ചാണ് അതിഥികളെ ഹദ്റത്ത് മഹ്ദി മസീഹ്(അ) കണ്ടിരുന്നത്.

## വാർഷിക ജൽസയിൽ പങ്കെടുക്കുന്നവർക്കായി ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ പ്രാർഥന

"ഈ സമ്മേളനത്തെ മറ്റു സമ്മേളനങ്ങളെപ്പോലെ നിങ്ങൾ കരുതരുത്. ഇതിന്റെ അടിസ്ഥാന ശില അല്ലാഹുതന്നെ അവന്റെ കൈകൊണ്ട് വെച്ചതത്രെ. അടുത്തുതന്നെ അതിലേക്ക് കൂട്ടം കൂട്ടമായി വന്നെത്തുന്നതിന് ജനപദങ്ങളെ അവൻ ഒരുക്കിക്കഴിഞ്ഞിരിക്കുന്നു. എന്തെന്നാൽ, ആരുടെ മുമ്പിൽ ഒന്നും അസാധ്യമായിട്ടില്ലയോ ആ സർവശക്തന്റെ പ്രവൃത്തിയത്രെ ഇത്.

"ഞാൻ ദുആ ചെയ്യുന്നു. ഈ ജൽസയിൽ പങ്കെടുക്കുന്നതിന് യാത്ര ചെയ്യുന്നവരോടൊപ്പം അല്ലാഹു ഉണ്ടായിരിക്കട്ടെ. അവർക്ക് മഹത്തായ പ്രതിഫലം നല്കുകയും അവരിൽ കരുണ ചൊരിയുകയും ചെയ്യട്ടെ. അവരുടെ ബുദ്ധിമുട്ടുകൾ ദൂരീകരിക്കുകയും അസ്വാസ്ഥ്യങ്ങൾ നീക്കുകയും അവരെ എല്ലാ കഷ്ടപ്പാടുകളിൽനിന്ന് മോചിപ്പിക്കുകയും ചെയ്യുമാറാകട്ടെ. അവരുടെ സദുദ്ദേശ്യങ്ങളെല്ലാം പൂർത്തിയാക്കപ്പെടുമാറാകട്ടെ. ഉയിർത്തെഴുന്നേൽപ്പുനാളിൽ അവർ അല്ലാഹുവിന്റെ അനുഗൃഹീത ദാസരോടൊപ്പം എഴുന്നേല്പിക്കപ്പെടുകയും അവരുടെ യാത്രാന്ത്യത്തോടെ അവർക്കുശേഷം അവരുടെ പ്രതിനിധിയുണ്ടായിരിക്കുകയും ചെയ്യുമാറാകട്ടെ. മഹത്ത്വമുടയവനും മഹാ ഔദാര്യവാനും കരുണാമയനും പ്രയാസങ്ങൾ അകറ്റുന്നവനുമായ അല്ലാഹുവേ! ഈ എല്ലാ ദുആകളും നീ സ്വീകരിക്കേണമേ. ഞങ്ങൾക്കു ഞങ്ങളുടെ എതിരാളികളുടെമേൽ വ്യക്തമായ അടയാളങ്ങൾകൊണ്ട് നീ വിജയം നല്കേണമേ. ആമീൻ ഥുമ്മ ആമീൻ."(1892 ഡിസംബർ 7)

## ഹദീസുന്നബ്വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: 'പ്രവർത്തനങ്ങൾക്ക് പ്രതിഫലം നല്കുന്നത് ഉദ്ദേശ്യമനുസരിച്ച് മാത്രമാകുന്നു. ഓരോ മനുഷ്യനും അവനുദ്ദേശിച്ചതെന്തോ അതാണ് ലഭിക്കുക.' (ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 1)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala.**

## കലാമുൽ ഇമാം:-

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "അല്ലാഹുവിനോടുണ്ടാകേണ്ട സത്യസന്ധത, കൂറ്, ആത്മാർഥത, സ്നേഹം അല്ലാഹുവിലുള്ള സമർപ്പണം ഒന്നും ഇല്ലാതായിപ്പോയിരിക്കുന്നു."(മൽഫൂദാത്ത് വാല്യം 6 പേജ് 352)**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Mathottam (Kerala)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**മാതാപിതാക്കളുടെ സ്വന്തം മാതൃക കുട്ടികൾക്കു മുമ്പിൽ നിലനില്ക്കാത്തിടത്തോളം കുട്ടികളിൽ അത് സ്വാധീനമുണ്ടാക്കുകയില്ല. അതുകൊണ്ട് സുബ്ഹി നമസ്കാരത്തിനും എഴുന്നേല്ക്കുക.' (ഖുത്ബാത്തെ മസ്റൂർ, വാല്യം 3, പേജ് 565)**

**ത്വാലിബെ ദുആ:**
**Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**''വ്യക്തിപരമായ നിലയിൽ ലയ്‌ലത്തുൽഖദ്റിൽ നിന്ന് അനുഗ്രഹം പ്രാപിക്കുന്നതിന് ഈ റമളാനിൽ പരസ്പരമുള്ള വൈരാഗ്യങ്ങൾ അവസാനിപ്പിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്." (ജുമുഅ ഖുത്ബ 25-7-2014)**

**ത്വാലിബെ ദുആ:**
**Muhammad Safwan&Family, Ahmadiyya Jama-ath Kakkanad**

## അല്ലാഹുവിന്റെ കലാം

***"അല്ലയോ ജനങ്ങളേ! നിങ്ങളേയും നിങ്ങൾക്കു മുമ്പേയുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ; നിങ്ങൾ രക്ഷപ്പെടുന്നതിനുവേണ്ടി.'(2:22)***

**ത്വാലിബെ ദുആ**
**M.P.Haneef Ahmad**
**Ahmadiyya Jama-ath Koodali, Kerala.**

## കലാമുൽ ഇമാം:-

**'ഈ ലോകത്ത് ദൈവത്തെ കാണാൻ ഭാഗ്യം സിദ്ധിച്ചിട്ടില്ലാത്തവൻ അന്ത്യനാളിലും അന്ധകാരത്തിലായിരിക്കും. അല്ലാഹു പറയുന്നു: 'ഈ ലോകത്ത് കുരുടനായവൻ പരലോകത്തും കുരുടനായിരിക്കും.' (കിതാബുൽ ബരിയ്യ പേജ് 47)**

**ത്വാലിബെ ദുആ:**
**C. Shameem Ahmad**
**Ahmadiyya Jama-ath Calicut, Kerala.**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

'ഖലീഫ ജമാഅത്തിന്റെ പരിഷ്ക്കരണത്തിന് എന്തെങ്കിലും പറഞ്ഞാൽ അതേറ്റെടുക്കുകയും ജമാഅത്തംഗങ്ങളുടെ മുമ്പിൽ അത് ആവർത്തിക്കുകയും ചെയ്യുക. മന്ദബുദ്ധിയിൽ മന്ദബുദ്ധിയായവനുപോലും അതു മനസ്സിലാകാനും ദീനിൽ ശരിയായ നിലയിൽ നടക്കാനുള്ള വഴിപ്രാപിക്കാനും അതാവർത്തിക്കുക. ആവർത്തിക്കുക, ആവർത്തിക്കുക!'
(ഖുത്ബാത്തെ മഹ്മൂദ് വാല്യം 18 പേജ് 214-215)
(ഖുത്ബ ജുമുഅ 29-5-2015)

**ത്വാലിബെ ദുആ:**
**Ahmadiyya Muslim Jama'at Palluruthy, Ernakulam dist:**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

നമ്മുടെ ആരാധനകളുടെ പുരോഗതിതന്നെ നമുക്ക് വിജയങ്ങൾ പ്രദാനം ചെയ്യുന്നതാണ്. അതുകൊണ്ടുതന്നെ ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ജമാഅത്ത് മുഴുവൻ ഇതു സംബന്ധമായി വളരെ തീവ്രമായ ശ്രദ്ധ ചെലുത്തേണ്ട ആവശ്യമുണ്ട്. (ജുമുഅ ഖുത്ബ 27-1-2017)

**ത്വാലിബെ ദുആ:**
**Abdul Hameed Koya Ameer Ahmadiyya Jama'ath Kannur Town, Kerala**

പേജ് 19ൽ നിന്ന്

മാണ്. ഈ രീതിയിൽ പ്രവർത്തിച്ചുകൊണ്ടാണ് നമുക്ക് ലോകത്ത് സമാധാനം സ്ഥാപിക്കാൻ സാധിക്കുക. മനുഷ്യത്വത്തെ ഭയാനകമായ നാശത്തിൽനിന്ന് രക്ഷപ്പെടുത്താനുള്ള ഏകമാർഗവുമിതാണ്.

ഇതോടൊപ്പം എന്റെ പ്രാർഥന ഇപ്രകാരമാണ്. അല്ലാഹു ലോകത്ത് യഥാർഥ സമാധാനം സ്ഥാപിക്കട്ടെ. നമ്മുടെ തലയ്ക്കു മീതെ ചുറ്റിക്കറങ്ങുന്ന യുദ്ധത്തിന്റെ കാര്യങ്ങൾ അത് സമാധാനത്തിന്റെയും സന്തോഷത്തിന്റെയും വെളിച്ചത്താൽ മാറിമറിയട്ടെ. നിരാശയുടെയും നിഷേധത്തിന്റെയും കാരണമായി അനേകമാളുകൾ ബുദ്ധിമുട്ടിലാണ്. അത്തരത്തിലുള്ള നിരാശയും നിഷേധവും അവസാനിക്കുമാറാകട്ടെ. ഇതാണെന്റെ പ്രാർഥന. മറ്റുള്ളവരിൽ അധികാരം നിലനിറുത്തുന്നതിനു പകരം തങ്ങളുടെ അവകാശങ്ങളെ സംരക്ഷിക്കുന്ന രാഷ്ട്രങ്ങളും അവയുടെ നേതാക്കന്മാരും ലോകത്തുള്ള പ്രശ്നങ്ങളുടെ ഉത്തരവാദി ഒരു പ്രത്യേക മതത്തേയും സമൂഹത്തേയും ചിത്രീകരിക്കുന്നതിനു പകരം മറ്റുള്ളവരുടെ അവകാശങ്ങൾ വകവെച്ചുകൊടുക്കുമ്പോൾ ഉണ്ടാകുന്ന നേട്ടങ്ങളിലാണ് ദൃഷ്ടി പതിയേണ്ടത്. നമ്മൾ മറ്റുള്ളവരുടെ വിശ്വാസത്തെയും ആചാരത്തെയും കുറിച്ച് സഹനശീലം ഉണ്ടാക്കിയെടുക്കുകയും സമൂഹത്തിൽ നിലവിലുള്ള വിവിധ സംസ്കാരങ്ങളെ ആദരിക്കുകയും ചെയ്യുക. നമ്മൾ മനുഷ്യത്വത്തിന്റെ ആദരവിനെ സംരക്ഷിക്കുകയും തങ്ങളുടെ കുട്ടികൾക്കുവേണ്ടി നല്ല സമൂഹം നിർമിക്കുന്നതിലും അന്യോന്യമുള്ള സവിശേഷതകളിൽ നിന്നും മികവുകളിൽനിന്നും ഫലമെടുത്തുകൊണ്ട് ഇതിനെ സമാധാനത്തിന്റെ മടിത്തട്ടാക്കി മാറ്റുന്നവരായി തീരട്ടെ. ഇല്ലെങ്കിൽ ഇതിന് വിപരീതമായി ഉണ്ടാകുന്ന അവസ്ഥയെ ഊഹിക്കുക എന്നതുപോലും അങ്ങേയറ്റം ബുദ്ധിമുട്ടുള്ളതാണ്.

ഞാൻ ഇതിനുമുമ്പേ പല പരിചയസമ്പന്നരായിട്ടുള്ളവരുടെ അഭിപ്രായം പറഞ്ഞിരുന്നു. അവരൊക്കെ ആണവയുദ്ധത്തെക്കുറിച്ചും ലോകം ആയുധങ്ങൾ കോപ്പുകൂട്ടുന്നതിനെ കുറിച്ചും തങ്ങളുടെ ഭയപ്പാട് രേഖപ്പെടുത്തിയിരുന്നു. ഈ വിഷയങ്ങളിൽനിന്നും ഇതുപോലുള്ള മറ്റു പല കാര്യങ്ങളിൽനിന്നും ലോകം ഒരു വലിയ നാശത്തിലേക്ക് കുതിച്ചുകൊണ്ടിരിക്കുകയാണെന്നുള്ള അപഗ്രഥത്തിന് ദൃഢത കൈവരുന്നു. മനുഷ്യൻ ഇതിനു മുമ്പേ ഒരിക്കലും കണ്ടിട്ടില്ലാത്ത നാശമായിരിക്കുമത്. പിന്നെ അതിനെ തടയുക എന്നത് അസാധ്യമായിരിക്കും.

ഒരു കണക്കിന്റെയടിസ്ഥാനത്തിൽ ആണവായുദ്ധത്തിന്റെ പ്രതികരണം ലോകത്തിന്റെ 90% ഭാഗത്തും ഉണ്ടാകുമെന്നുള്ളതാണ്. ആണവയുദ്ധം നടക്കുകയാണെങ്കിൽ നമ്മൾ നിലവിലുള്ള ലോകത്തെ മാത്രമല്ല നശിപ്പിക്കുന്നതിന്റെ ഉത്തരവാദിത്വമുള്ളവരായി മാറുന്നത്. മറിച്ച് തങ്ങളുടെ പിന്നിൽ നാശത്തിന്റെ സ്ഥിരമായ കാര്യങ്ങളാണ് ഉപേക്ഷിച്ചുപോകുന്നത്. ചുരുക്കത്തിൽ നമ്മൾ ആലോചിച്ച് തങ്ങളുടെ തീരുമാനങ്ങളുടെയും പ്രവർത്തിയുടെയും ഭയാനകമായ ഫലത്തെക്കുറിച്ച് ചിന്തിക്കുക.

നമ്മൾ ഒരു കാര്യത്തേയും അത് ഒരു രാജ്യവുമായി ബന്ധപ്പെട്ടതാണെങ്കിലും അല്ലെങ്കിൽ അന്താരാഷ്ട്രതലത്തിലുള്ള കാര്യമായാലും ഒന്നിനേയും നിസ്സാരമായി മനസ്സിലാക്കരുത്. നമ്മൾ സാമ്പത്തികകാര്യങ്ങളെ പരിഹരിക്കുകയാണെങ്കിലും അതല്ലെങ്കിൽ അഭയാർഥികളുടെ പ്രശ്നപരിഹാരത്തിന് ശ്രമിക്കുകയാണെങ്കിലും അല്ലെങ്കിൽ പ്രതിസന്ധിയെ കുറിച്ച് ചിന്തിക്കുകയാണെങ്കിലും ശരി നമ്മൾ സഹനത്തോടുകൂടി പരിശ്രമിച്ചുകൊണ്ട് നമ്മുടെയിടയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഭിന്നതകളുടെ തടസ്സങ്ങളെ ഇല്ലാതാക്കേണ്ടതാണ്. നമ്മൾ നമ്മുടെ മുഴുവൻ കഴിവുകളും ശക്തികളും സമാധാനം സ്ഥാപിക്കുന്നതിനുവേണ്ടി ചെലവഴിക്കേണ്ടതാണ്. നമുക്ക് എല്ലാ കലഹങ്ങളും സമാധാനത്തോടുകൂടി അവസാനിപ്പിക്കേണ്ടതാണ്. പരസ്പരം ഇരുന്നുകൊണ്ട് ചർച്ച ചെയ്ത് പ്രശ്നങ്ങളുടെ പരിഹാരം അന്വേഷിക്കേണ്ടതാണ്. അന്യോന്യമുള്ള അവകാശങ്ങൾ നൽകിക്കൊണ്ടും സംരക്ഷിച്ചുകൊണ്ടും സമാധാനം സ്ഥാപിക്കുന്നതിന് ഉറപ്പുവരുത്തേണ്ടതാണ്.

അല്ലാഹു നമുക്ക് ഈ രീതിയിൽ പ്രവർത്തിക്കാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. അവസാനമായി ഞാൻ ഇവിടെ വന്നിട്ടുള്ള എല്ലാ അതിഥികൾക്കും നന്ദി പറയുകയാണ്.

പേജ് 7ൽ നിന്ന്

ദ്ധിയും ഇസ്ലാം ഇഷ്ടപ്പെടുന്നില്ല; ആരാധനാലയങ്ങൾ തകർക്കലും. മുസ്‌ലിമീങ്ങൾ 800 വർഷവും ആയിരം വർഷവും 1100 വർഷവും ഭരിച്ചിട്ടുള്ള സ്ഥലമുണ്ട്. ആ രാജ്യത്തിലെ ആരാധനാലയങ്ങൾ ഇന്നും നിലവിലുണ്ട്. അത് നശിപ്പിച്ചില്ല. എന്നാൽ, വലിയ തിളക്കമാർന്ന പഡ്ഡാമോളഇലെ അമ്പലം എവിടെയാണെന്ന്. ജനങ്ങളോടു ചോദിക്കുക. അവർക്ക് പറയാൻ കഴിയില്ല. അടയാളംപോലും മായ്ച്ചുകളഞ്ഞു. എന്നല്ല ബൈബിളിലും പരിശുദ്ധമെന്ന് മനസ്സിലാക്കിയിരുന്ന യരുശലേം പോലുള്ള സ്ഥലവും തുണ്ടം തുണ്ടമാക്കപ്പെട്ടു. അവിടെ പന്നിബലി നടത്തപ്പെട്ടു. പന്നി അശുദ്ധമല്ലെന്ന് ആരെങ്കിലും പറയുമായിരിക്കും. എന്നാൽ, ബൈബിൾ വായിച്ചാൽ അതിനെതിരായിരിക്കും അവർ കാണുക.

ഇതിന്നെതിൽ സ്പെയിനിലേയും ഫലസ്തീനിലേയും ഐശ്വര്യസമ്പൂർണമായ ഇസ്ലാമിക ഭരണം നോക്കുക. അതിപുരാതനമായ ആരാധനലായങ്ങൾപോലും തൊട്ടിട്ടില്ല. എന്നല്ല ഉമറിന്റെ കാലഘട്ടത്തിൽ അദ്ദേഹം യരുശലേമിൽ പോയപ്പോൾ അവിടത്തെ ബിഷപ്പ് പറഞ്ഞു: "ഇവിടെ നമസ്കരിക്കുക.' അദ്ദേഹം പറഞ്ഞു: "നിങ്ങൾ പര്യവസാനം ചിന്തിക്കുന്നില്ല. ഞാനിവിടെ നമസ്കരിക്കുകയാണെങ്കിൽ മുസ്‌ലിമീങ്ങൾ ഇതു മസ്ജിദാക്കും. നമ്മുടെ നേതാവായ നബി(സ) തിരുമേനിയുടെ സന്നിധിയിൽ നജ്റാനിലെ ക്രിസ്ത്യാനികൾ വന്നു. ഞായറാഴ്ചയായിരുന്നു. അവിടന്ന് പറഞ്ഞു: എന്റെ മസ്ജിദിൽ പ്രാർഥിച്ചുകൊള്ളുക. അവർ റോമൻ കത്തോലിക്കക്കാരായിരിക്കാം. എന്നാൽ, സഹിഷ്ണുതയോടെ അവർക്ക് അനുവാദം നല്കി. ഇതിൽനിന്ന് പ്രകടമായിരുന്നത് അവിടന്ന് പൊതുവെ നന്മ ചെയ്തിരുന്നുവെന്നാണ്. മതങ്ങളെ നിലനിറുത്തുക എന്നതും അദ്ദേഹത്തിന്റെ മതമായിരുന്നു; ഇന്ത്യയിൽ ഹിജ്റ ആദ്യ നൂറ്റാണ്ടിലാണ് അറബികൾ വന്നതെങ്കിലും കുറഞ്ഞത് പതിനൊന്നര നൂറ്റാണ്ടുവരെ ഇസ്ലാമിക ഭരണം ഇവിടെനിന്നു. ഈ ദീർഘകാലത്ത് ഇന്ത്യയിലെ ആരാധനാലയങ്ങളുടെമേൽ ഇസ്ലാമിക ഭരണം എന്തു സ്വാധീനമാണ് ചെലുത്തിയത്. അവയുടെ ഇന്നുള്ള അവസ്ഥ സ്വയം അത് വെളിപ്പെടുത്തുന്നു.' *(ഹഖാഇഖുൽഫുർഖാൻ, വാള്യം 3, പേജ് 154-157).*

❋ ❋ ❋

## ഹദീഥുന്നബ്‌വി (സ):

***സ്വന്തം കൈകൊണ്ടു സമ്പാദിച്ച ഭക്ഷണത്തെക്കാൾ ഉത്തമമായ ഒരു ഭക്ഷണവുമില്ല.***
***(സ്വഹീഹ് ബുഖാരി, കിതാബുൽബുയൂഅ്)***

ത്വാലിബെ ദുആ
**P.Abdul Ameer**
**Sadr, Ahmadiyya jama'ath Pathapiriyam (Kerala)**

## ഹദീഥുന്നബ്‌വി (സ):

***ആഇശ(റ)പറയുന്നു:'നബി(സ)തിരുമേനിക്ക് തുടക്കത്തിൽ ലഭിച്ച ദൈവികസന്ദേശങ്ങളുടെ ആരംഭം ഉറക്കത്തിൽ ദൃശ്യമാകുന്ന നല്ല സ്വപ്നങ്ങളായിരുന്നു. അവിടന്ന് കാണുന്ന എല്ലാ സ്വപ്നങ്ങളും പ്രഭാതോദയംപോലെ സ്പഷ്ടമായി പുലർന്നുകൊണ്ടിരുന്നു.'***
***(ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 3)***

ത്വാലിബെ ദുആ
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala.**

## അല്ലാഹുവിന്റെ കലാം:

**'നിങ്ങൾ മനഃപൂർവം സത്യത്തെ അസത്യവുമായി കലർത്തുകയും സത്യം മറച്ചു വെക്കുകയും ചെയ്യരുത്.'**
**(2:43)**

ത്വാലിബെ ദുആ:
**K.Muhammad Shareef & Family**
**Ahmadiyya Jama-ath Vaniyambalam, Kerala.**

## അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

**'ഭൗതികശക്തികൾ ഇസ്ലാം-അഹ്മദിയ്യത്തിനെ തെല്ലും ഭയപ്പെടേണ്ട ആവശ്യമില്ല. എല്ലാ രൂപത്തിലും ഞങ്ങൾ ഒരു ആത്മീയ ജമാഅത്താണ്.'**
**(ഡന്മാർക്ക് പര്യടനം, ചോദ്യോത്തരം 2016 മെയ് 18)**

ത്വാലിബെ ദുആ:
**P.P. Nasiruddin , Ahmadiyya Jama-ath Kannur Town, Kerala.**